सत्यमेव जयते

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്

## 2022 മാർച്ചിൽ അവസാനിച്ച വർഷത്തേത്

SUPREME AUDIT INSTITUTION OF INDIA

लोकहितार्थ सत्यनिष्ठा

Dedicated to Truth in Public Interest

## കേരള സർക്കാർ

2023 വർഷത്തെ റിപ്പോർട്ട് നമ്പർ 1

Presented to the Legislature
on 15 February 2024

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്

**2022 മാർച്ചിൽ അവസാനിച്ച വർഷത്തേത്**

## കേരള സർക്കാർ

**2023 വർഷത്തെ റിപ്പോർട്ട് നമ്പർ 1**

https://cag.gov.in

| ഉള്ളടക്കം | | പേജ് നമ്പർ |
|---|---|---|
| ആമുഖം | | ix |
| മുഖ്യസാരം | | xi |
| അദ്ധ്യായം I : ഉപരിവീക്ഷണം | | |
| 1.1 | കേരളത്തിന്റെ രൂപരേഖ | 1 |
| 1.2 | കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം | 1 |
| 1.2.1 | ജിഎസ്ഡിപിയിലേക്കുള്ള മേഖലാ സംഭാവന | 2 |
| 1.3 | സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനവും സമീപനവും | 4 |
| 1.4 | റിപ്പോർട്ട് ഘടന | 5 |
| 1.5 | സർക്കാർ കണക്കുകളുടെ ഘടനയെക്കുറിച്ചുള്ള ഉപരിവീക്ഷണം | 6 |
| 1.6 | സംസ്ഥാന സർക്കാരിന്റെ ധനകാര്യങ്ങളുടെ സ്നാപ്പ്ഷോട്ട് | 8 |
| 1.6.1 | 2021-22ലെ സാമ്പത്തിക ഫലങ്ങളുടെ സ്നാപ്പ് ഷോട്ട് | 8 |
| 1.6.2 | സാമ്പത്തികകാര്യങ്ങളുടെ യഥാർത്ഥ ചിത്രം | 10 |
| 1.6.3 | 2021-22 വരവുകളുടെയും ചെലവുകളുടെയും സംഗ്രഹം | 11 |
| 1.6.4 | ആസ്തികളുടെയും ബാധ്യതകളുടെയും 2022 മാർച്ച് 31ലെ സ്നാപ്പ് ഷോട്ട് | 12 |
| 1.7 | ധന നീക്കിയിരിപ്പ് : കമ്മിയുടെ നിർവ്വഹണവും മൊത്തം കടലക്ഷ്യവും | 13 |
| 1.7.1 | റവന്യൂ കമ്മി | 13 |
| 1.7.2 | ധനകമ്മി | 13 |
| 1.7.3 | പ്രാഥമിക കമ്മി | 14 |
| 1.7.4 | കമ്മി നികത്തുന്ന വിധം | 15 |
| 1.7.5 | സാമ്പത്തിക ലക്ഷ്യങ്ങളുടെ കൈവരിക്കൽ | 16 |
| 1.8 | ഓഡിറ്റ് പരിശോധനയ്ക്ക് ശേഷമുള്ള കമ്മികളും ആകെ കടവും | 19 |
| 1.8.1 | ഓഡിറ്റിനുശേഷം – കമ്മി | 19 |
| 1.8.2 | ഓഡിറ്റിനുശേഷം– ആകെ പൊതുകടം | 20 |
| 1.9 | നിഗമനങ്ങൾ | 20 |
| 1.10 | ശുപാർശകൾ | 21 |
| അദ്ധ്യായം II: സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ | | |
| 2.1 | 2020-21നെ അപേക്ഷിച്ച് മുഖ്യ സാമ്പത്തികസംഗ്രഹങ്ങളിലുണ്ടായ പ്രധാന വ്യതിയാനങ്ങൾ | 23 |
| 2.2 | ഫണ്ടുകളുടെ സ്രോതസ്സും പ്രയോഗവും | 25 |
| 2.3 | സംസ്ഥാനത്തിന്റെ വിഭവങ്ങൾ | 26 |
| 2.3.1 | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം | 27 |
| 2.3.1.1 | റവന്യൂ വരവുകളുടെ വളർച്ചയും പ്രവണതയും | 28 |
| 2.3.2 | സംസ്ഥാനത്തിന്റെ തനതുവരുമാനം | 29 |
| 2.3.2.1 | തനതു നികുതി വരുമാനം | 29 |
| 2.3.3 | വരുമാന കുടിശ്ശികകളുടെ വിശകലനവും നിർണ്ണയവും | 31 |
| 2.3.3.1 | വരുമാന കുടിശ്ശിക | 31 |
| 2.3.3.2 | വരുമാന നിർണ്ണയത്തിലെ കുടിശ്ശിക | 32 |
| 2.3.3.3 | വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിക്കൽ | 32 |

| ഉള്ളടക്കം | | പേജ് നമ്പർ |
|---|---|---|
| **2.3.4** | നികുതിയേതര വരുമാനം | 33 |
| **2.3.4.1** | സംസ്ഥാന ലോട്ടറി | 34 |
| **2.3.5** | വിഭവ സമാഹരണത്തിൽ സംസ്ഥാനത്തിന്റെ പ്രകടനം | 34 |
| **2.3.6** | മൂലധന വരവ് | 36 |
| **2.3.7** | കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റം | 37 |
| **2.3.7.1** | കേന്ദ്ര നികുതിയുടെ വിഹിതം | 38 |
| **2.3.7.2** | ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം | 40 |
| **2.3.7.3** | 2021-22- കാലയളവിലേയ്ക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതം അവാർഡ് തുക | 40 |
| **2.4** | വിഭവങ്ങളുടെ പ്രയോഗം | 42 |
| **2.4.1** | ചെലവിന്റെ പ്രവണത | 42 |
| **2.4.1.1** | ചെലവിന്റെ ഘടകങ്ങളുടെ വളർച്ചയുടെ പ്രവണത | 43 |
| **2.4.2** | റവന്യൂ ചെലവ് | 45 |
| **2.4.2.1** | ബാധ്യതപ്പെട്ട ചെലവുകൾ | 48 |
| **2.4.2.2** | ദേശീയ പെൻഷൻ പദ്ധതിയിലെ വിടുതലാകാത്ത ബാദ്ധ്യതകൾ | 51 |
| **2.4.2.3** | സബ്സിഡികൾ | 51 |
| **2.4.2.4** | തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റുള്ളവർക്കും നൽകിയ സാമ്പത്തികസഹായം | 52 |
| **2.4.2.5** | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ ബുക്ക് ചെയ്ത ചെലവിന്റെ വിന്യാസം | 53 |
| **2.4.2.6** | സംസ്ഥാന ധനകാര്യകമ്മീഷൻ | 53 |
| **2.4.3** | മൂലധന ചെലവ് | 54 |
| **2.4.3.1** | മൂലധനചെലവിലെ പ്രധാന വ്യത്യാസങ്ങൾ | 54 |
| **2.4.3.2** | മൂലധനചെലവിന്റെ ഗുണനിലവാരം | 55 |
| **2.4.3.3** | സർക്കാർ നൽകിയ വായ്പകളും മുൻകൂറുകളും | 56 |
| **2.4.3.4** | വായ്പ തിരിച്ചു പിടിക്കുന്നതിലെ കുടിശ്ശിക | 57 |
| **2.4.3.5** | ചെലവിന്റെ മുൻഗണനകൾ | 58 |
| **2.4.3.6** | ഒബ്ജക്ട് ശീർഷകം തിരിച്ചുള്ള ചെലവ് | 59 |
| **2.5** | പൊതു കണക്കുകൾ | 60 |
| **2.5.1** | പൊതു കണക്കിന്റെ തനി നീക്കിയിരിപ്പ് | 60 |
| **2.5.2** | കരുതൽ ഫണ്ടുകൾ | 61 |
| **2.5.2.1** | സംസ്ഥാന ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് ഫണ്ട് (എസ്ഡിആർഎംഎഫ്) | 61 |
| **2.5.2.2** | സംസ്ഥാന വനവൽക്കരണ നഷ്ടപരിഹാരനിധി | 62 |
| **2.5.2.3** | സംയോജിത ഋണമോചന ഫണ്ട് | 63 |
| **2.5.3** | മിച്ച പണത്തിന്റെ നിർവ്വഹണം | 63 |
| **2.6** | പൊതുകടത്തിന്റേയും പൊതു കണക്ക് ബാധ്യതകളുടെയും വിശദാംശങ്ങൾ | 64 |
| **2.6.1** | പൊതുകടത്തിന്റെ ബാക്കിയും പൊതു കണക്ക് ബാധ്യതകളും | 65 |
| **2.6.2** | 2021-22ലെ വരവും ചെലവും | 66 |
| **2.7** | സഞ്ചിതനിധിയിലെ ബാധ്യതകൾ | 66 |

| ഉള്ളടക്കം | | പേജ് നമ്പർ |
|---|---|---|
| 2.7.1 | പൊതുകടത്തിന്റെ പ്രവണത | 67 |
| 2.8 | പൊതുകണക്കിലെ ബാധ്യതകൾ | 68 |
| 2.9 | സംസ്ഥാനത്തിന്റെ മറ്റു ബാധ്യതകൾ | 69 |
| 2.9.1 | ബഡ്ജറ്റിനു പുറത്തുള്ള കടംവാങ്ങൽ | 70 |
| 2.9.1.1 | കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) | 70 |
| 2.9.1.2 | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് | 71 |
| 2.9.1.3 | ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിന് കീഴിലുള്ള വായ്പകൾ | 72 |
| 2.9.2 | ഗ്യാരന്റികൾ | 73 |
| 2.9.2.1 | ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാത്തത് | 73 |
| 2.10 | പൊതുകടത്തിന്റെയും മറ്റു ബാധ്യതകളുടേയും ചെലവ് | 74 |
| 2.11 | അറ്റവായ്പാ പരിധി | 75 |
| 2.12 | വായ്പാ തുകയുടെ വിനിയോഗം | 75 |
| 2.13 | വായ്പാ സുസ്ഥിര വിശകലനം (ഡിഎസ്എ) | 76 |
| 2.13.1 | വായ്പാ സ്ഥായിത്വം- വായ്പ സുസ്ഥിരത സൂചകങ്ങൾ | 76 |
| 2.13.1.1 | മിച്ചം നിൽക്കുന്ന പൊതുകടത്തിന്റെ വളർച്ചാനിരക്ക് | 77 |
| 2.13.1.2 | മിച്ചം നിൽക്കുന്ന കടവും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം | 78 |
| 2.13.1.3 | റവന്യൂ വരുമാനവും മൊത്തം മിച്ചം നിൽക്കുന്ന കടവും തമ്മിലുള്ള അനുപാതം | 79 |
| 2.13.1.4 | പൊതുവായ്പയുടെ ചെലവും ജിഎസ്ഡിപിയുടെ വളർച്ചയും തമ്മിലുള്ള അനുപാതവും പ്രാഥമിക മിച്ചവും | 79 |
| 2.13.1.5 | കടസ്ഥിരതയോടുള്ള ഡോമറിന്റെ സമീപനം | 80 |
| 2.14 | പൊതുകടത്തിന്റെ മെച്യൂരിറ്റിയും തിരിച്ചടവും | 81 |
| 2.14.1 | അടുത്ത വർഷങ്ങളിൽ മിച്ചം നിൽക്കുന്ന വായ്പയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന്റെ പ്രവണത | 82 |
| 2.15 | നിഗമനങ്ങൾ | 84 |
| 2.16 | ശുപാർശകൾ | 85 |
| അദ്ധ്യായം III: ബഡ്ജറ്റ് മുഖേനയുള്ള കാര്യനിർവ്വഹണം | | |
| 3.1 | ആമുഖം | 87 |
| 3.1.1 | ബഡ്ജറ്റ് പ്രക്രിയ | 87 |
| 3.1.2 | ബഡ്ജറ്റ് രേഖകൾ | 88 |
| 3.1.3 | വകയിരുത്തലിനും റീഅലോക്കേഷനുമുള്ള വിവിധ നടപടികൾ | 88 |
| 3.1.4 | ധനവിനിയോഗ കണക്കുകളിലൂടെയുള്ള ബഡ്ജറ്റ് കാര്യനിർവ്വഹണത്തിന്റെ ഓഡിറ്റ് | 89 |
| 3.2 | 2021 – 22 ലെ ധനവിനിയോഗ കണക്കുകളുടെ സംഗ്രഹം | 89 |
| 3.2.1 | സാമ്പത്തികകണക്കുകളും ധനവിനിയോഗകണക്കുകളും തമ്മിലുള്ള പൊരുത്തപ്പെടുത്തൽ | 90 |
| 3.2.2 | സാമ്പത്തിക വർഷത്തിലെ മൊത്തം ബഡ്ജറ്റ് വകയിരുത്തൽ, യഥാർത്ഥ വിതരണങ്ങൾ, മിച്ചം/അധികം എന്നിവയുടെ സംഗ്രഹം | 91 |
| 3.2.3 | ചാർജ്ജ് ചെയ്തതും വോട്ട് ചെയ്തതുമായ വിതരണങ്ങൾ | 92 |

| ഉള്ളടക്കം | | പേജ് നമ്പർ |
|---|---|---|
| 3.2.4 | ധനവിനിയോഗ കണക്കുകളുടെ ഓഡിറ്റ് | 93 |
| 3.3 | അക്കൗണ്ടിംഗ്, ബഡ്ജറ്റ് പ്രക്രിയകൾ | 93 |
| 3.3.1 | സർക്കാർ കണക്കുകളിലെ ചെലവുകളുടെ തെറ്റായ വർഗ്ഗീകരണം | 93 |
| 3.3.2 | സപ്ലിമെന്ററി ധനാഭ്യർത്ഥന | 95 |
| 3.3.3 | പുനർ ധനവിനിയോഗം | 97 |
| 3.3.4 | ഗ്രാന്റുകളിലെ ചെലവഴിക്കാത്ത തുക | 100 |
| 3.3.4.1 | 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ ബഡ്ജറ്റ് വിനിയോഗം | 100 |
| 3.3.4.2 | ഗ്രാന്റുകളിലേയും /വിനിയോഗങ്ങളിലേയും ആകെ മിച്ചം | 101 |
| 3.3.4.3 | വലിയ മിച്ചമുള്ള ഗ്രാന്റുകൾ | 104 |
| 3.3.4.4 | ഗ്രാന്റുകളിലെ നിരന്തരമായ മിച്ചം | 105 |
| 3.3.4.5 | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ദുർബല വിഭാഗങ്ങൾക്കായി ഉദ്ദേശിച്ചുള്ള ക്ഷേമപദ്ധതികൾക്കും കീഴിലുള്ള മിച്ചങ്ങൾ | 105 |
| 3.3.4.6 | മിച്ചങ്ങളുടെ സറണ്ടർ | 105 |
| 3.3.5 | അധികച്ചെലവും അതിന്റെ ക്രമവൽക്കരണവും | 106 |
| 3.3.5.1 | 2021-22 സാമ്പത്തിക വർഷത്തെ സംബന്ധിക്കുന്ന അധികചെലവ് | 106 |
| 3.3.5.2 | മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക ചെലവ് ക്രമപ്പെടുത്തൽ | 109 |
| 3.4 | ബഡ്ജറ്റ്, അക്കൗണ്ടിംഗ് പ്രക്രിയയുടെ സുതാര്യതയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ | 110 |
| 3.4.1 | ടോക്കൺ വകയിരുത്തലിന്റെ വ്യവസ്ഥയുടെ ക്രമരഹിതമായ ഉപയോഗം | 110 |
| 3.5 | ബഡ്ജറ്റ് അക്കൗണ്ടിംഗ് പ്രക്രിയകളുടെ ഫലപ്രാപ്തിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ | 111 |
| 3.5.1 | ബഡ്ജറ്റ് പ്രൊജക്ഷനും പ്രതീക്ഷയും യാഥാർത്ഥ്യവും തമ്മിലുള്ള വിടവും | 111 |
| 3.5.2 | ബഡ്ജറ്റിൽ നിന്നുള്ള വ്യതിയാനത്തിന് ലഭ്യമല്ലാത്ത/ അപൂർണ്ണമായ വിശദീകരണം | 112 |
| 3.5.3 | പെർഫോമൻസ് ബഡ്ജറ്റിംഗ് | 114 |
| 3.5.4 | റീ -അപ്രോപ്രിയേഷൻ വഴി സപ്ലിമെന്ററി പ്രൊവിഷൻ പിൻവലിക്കൽ | 114 |
| 3.5.5 | ചെലവിന്റെ തിടുക്കം | 115 |
| 3.6 | കേരളത്തിലെ ജെൻഡർ ബഡ്ജറ്റിംഗ് | 117 |
| 3.7 | ഗ്രാന്റ്. XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ - അവലോകനം | 121 |
| 3.7.1 | ബഡ്ജറ്റ് വകയിരുത്തലും ചെലവും മിച്ചവും | 121 |
| 3.7.1.1 | കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ | 122 |
| 3.7.1.2 | മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ '5475-00-115-99' | 126 |
| 3.7.1.3 | കിഫ്ബിയ്ക്കു നൽകുന്ന സാമ്പത്തികസഹായം | 127 |

| ഉള്ളടക്കം | | പേജ് നമ്പർ |
|---|---|---|
| 3.7.1.4 | ശ്രദ്ധയിൽപ്പെട്ട മറ്റു വിഷയങ്ങൾ | 128 |
| 3.7.2 | XXVI നമ്പർ ഗ്രാന്റ്- പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസ ത്തിന് | 130 |
| 3.7.2.1 | മിച്ചം | 130 |
| 3.7.2.2 | തുടർച്ചയായ മിച്ചം | 131 |
| 3.7.2.3 | ചെലവാകാത്ത വകയിരുത്തൽ സറണ്ടർ ചെയ്യാതിരുന്നത് | 132 |
| 3.7.2.4 | ബഡ്ജറ്റ് വകയിരുത്തൽ ഇല്ലാതെ ചെലവ് വരുത്തിയത് | 132 |
| 3.8 | നിഗമനങ്ങൾ | 133 |
| 3.9 | ശുപാർശകൾ | 133 |
| അദ്ധ്യായം IV: അക്കൗണ്ട്സിന്റെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗ് രീതികളും | | |
| 4.1 | കണക്കുകളുടെ പൂർണ്ണതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ | 135 |
| 4.1.1 | നികുതിപിരിവ് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കുന്നതിലെ വീഴ്ച | 135 |
| 4.1.2 | പൊതു കണക്കിൽ ഫണ്ടുകൾ നിക്ഷേപിക്കുന്ന കാര്യത്തിൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് വന്ന പരാ ജയം | 137 |
| 4.1.3 | ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം | 138 |
| 4.1.4 | പലിശ ബാധ്യതയുള്ള നിക്ഷേപങ്ങളുടെ പലിശ സംബന്ധമായ ബാധ്യത നിറവേറ്റാത്തത് | 140 |
| 4.2 | സുതാര്യത സംബന്ധിച്ച പ്രശ്നങ്ങൾ | 141 |
| 4.2.1 | വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിലെ കാലതാമസം | 141 |
| 4.2.2 | വ്യക്തിഗത നിക്ഷേപ അക്കൗണ്ടുകൾ | 142 |
| 4.2.2.1 | വ്യക്തിഗത നിക്ഷേപ അക്കൗണ്ടുകളുടെ പ്രവർത്തനം | 142 |
| 4.2.2.2 | പി.ഡി. അക്കൗണ്ടുകൾ ഒത്തുനോക്കി ക്രമപ്പെടുത്താത്തത് | 143 |
| 4.2.3 | പൊതു ശീർഷകങ്ങളിൽ ബന്ധമില്ലാത്ത ചെലവ് ചേർത്തത് | 144 |
| 4.2.3.1 | ക്യാപിറ്റൽ ശീർഷകത്തിൻ കീഴിൽ ലംപ്സം വകയിരുത്തൽ | 144 |
| 4.2.3.2 | മൈനർ ശീർഷകം 800- മറ്റു വരവുകളും മറ്റു ചിലവിന്റെ വിവേ ചനരഹിതമായ ഉപയോഗം | 144 |
| 4.2.3.3 | ഓമ്നി ബസ് ഒബ്ജക്ട് ഹെഡ് 34- മറ്റ് ചാർജ്ജുകളുടെ പ്രവർത്തനം | 146 |
| 4.2.4 | മുഖ്യ സസ്പെൻസിന്റെയും ഡി.ഡി.ആർ ശീർഷകങ്ങളുടെയും കീഴിലെ മിച്ചം | 147 |
| 4.2.4.1 | പി.എ.ഒ സസ്പെൻസ് | 148 |
| 4.2.4.2 | വകുപ്പിന്റെ കണക്കുകൾ ഒത്തുനോക്കി ക്രമപ്പെടുത്താത്തത് | 149 |
| 4.2.4.3 | നീക്കിയിരിപ്പ് പണത്തിന്റെ പൊരുത്തപ്പെടുത്തൽ | 150 |
| 4.3 | അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ പാലനം | 151 |
| 4.3.1 | സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട്സിന്റെയും/ പ്രത്യേക ഓഡിറ്റ് റിപ്പോർട്ടിന്റേയും സമർപ്പണം | 152 |
| 4.3.2 | വകുപ്പുകളുമായി ബന്ധപ്പെട്ട വാണിജ്യ സ്ഥാപനങ്ങൾ | 154 |
| 4.3.3 | സ്ഥാപനങ്ങൾക്കും അതോറിറ്റികൾക്കും നൽകിയ ധനസഹായം/ വായ്പയുടെ വിവരങ്ങൾ സമർപ്പിക്കാത്തത് | 155 |

| ഉള്ളടക്കം | | പേജ് നമ്പർ |
|---|---|---|
| **4.3.4** | **ധനദുർവിനിയോഗങ്ങൾ, നഷ്ടങ്ങൾ, പണാപഹരണങ്ങൾ തുടങ്ങിയവ** | 156 |
| **4.4** | **സംസ്ഥാന സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ** | 157 |
| **4.5** | **നിഗമനങ്ങൾ** | 158 |
| **4.6** | **ശുപാർശകൾ** | 158 |
| **അദ്ധ്യായം V: സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനം** | | |
| **5.1** | **ആമുഖം** | 161 |
| **5.2** | **കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്ക്** | 161 |
| **5.2.1** | **പി എസ് യുകളുടെ സ്ഥിതി** | 161 |
| **5.2.2** | **സംസ്ഥാനത്തിന്റെ ജിഎസ്ഡിപിയിലേയ്ക്ക് സംസ്ഥാന പി എസ് യുകളുടെ സംഭാവന** | 162 |
| **5.3** | **സംസ്ഥാന പി എസ് യുകളിലെ നിക്ഷേപം** | 162 |
| **5.4** | **അനുരഞ്ജനമില്ലായ്മ** | 165 |
| **5.5** | **സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വരവ്** | 165 |
| **5.5.1** | **സാമ്പത്തിക പ്രകടനത്തിന്റെ സംഗ്രഹം** | 165 |
| **5.5.2** | **സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതം** | 167 |
| **5.6** | **സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത** | 168 |
| **5.7** | **സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ മൂലധനശോഷണം** | 168 |
| **5.7.1** | **സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇക്വിറ്റിയിലെ റിട്ടേൺ** | 168 |
| **5.8** | **വായ്പാ ബാധ്യതകൾ നിറവേറ്റാൻ ആസ്തികളുടെ പര്യാപ്തത** | 170 |
| **5.9** | **പലിശ വീട്ടാനുള്ള കഴിവ്** | 171 |
| **5.10** | **സംസ്ഥാന സർക്കാർ വായ്പകളുടെ പലിശയും കുടിശ്ശികയുള്ള പലിശയുടെ കാലാവധി തിരിച്ചുള്ള വിശകലനം** | 172 |
| **5.11** | **നിഗമനങ്ങൾ** | 172 |
| **5.12** | **ശുപാർശകൾ** | 172 |

| അനുബന്ധം | | |
|---|---|---|
| നമ്പർ | | പേജ് നമ്പർ |
| 1.1 | കേരളത്തിന്റെ രൂപരേഖ | 175 |
| 1.2 | സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നിലയെ പറ്റിയുള്ള കാലാനുക്രമ വിവരം | 176 |
| 1.3 | ആസ്തികളും/ഫണ്ടുകളുടെ നടത്തിപ്പിന്റെ സംഗ്രഹിത സ്ഥിതി | 179 |
| 1.4 | കേരള സർക്കാരിന്റെ സംഗ്രഹിത സാമ്പത്തിക സ്ഥിതി 2022 മാർച്ച് 31 വരെ | 181 |
| 1.5 | മിതകാല സാമ്പത്തിക പദ്ധതി 2021-22 | 183 |
| 2.1 | മൂല്യനിർണ്ണയത്തിലെ കുടിശ്ശിക | 184 |
| 2.2 | 2020-21 നെ അപേക്ഷിച്ച് 2021-22-ലെ മൂലധനച്ചെലവ് | 185 |
| 2.3 | പാർട്ട് എ കിഫ്ബി ഉപയോഗിച്ച വായ്പകളുടെ 31 മാർച്ച് 2022 വരെയുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ | 186 |
| 2.4 | കെ.എസ്.എസ്.പി.എൽ. ഉപയോഗിച്ച വായ്പകളുടെയും വായ്പാകുടിശ്ശികയുടെയും 31 മാർച്ച് 2022 വരെയുള്ള സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ | 187 |
| 2.5 | ഗ്യാരന്റി കമ്മീഷൻ നൽകാൻ വീഴ്ച വരുത്തിയവർ | 188 |
| 3.1 | ബഡ്ജറ്റ് രേഖകളുടെ പട്ടിക | 189 |
| 3.2 | സപ്ലിമെന്ററി വിഹിതങ്ങൾ ആവശ്യമില്ലെന്ന് തെളിയിക്കപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ | 190 |
| 3.3 | സപ്ലിമെന്ററി വിഹിതങ്ങൾ അമിതമാണെന്ന് തെളിയിക്കപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ (ഓരോ കേസിലും ₹25 കോടിയോ അതിൽ കൂടുതലോ) | 192 |
| 3.4 | ഗണ്യമായ മിച്ചമുള്ള ഗ്രാന്റുകളുടെ (₹100 കോടിക്ക് മുകളിലുള്ള മിച്ചം) പട്ടികയും കൂടാതെ മിച്ചത്തിൽ നിന്നുള്ള തിരിച്ചടവും | 193 |
| 3.5 | ഗ്രാന്റുകൾ/വിനിയോഗങ്ങൾ (റവന്യൂ/മൂലധനം, വോട്ടു ചെയ്തത്/ ചാർജ്ജ് ചെയ്തത് എന്നിങ്ങനെ വിഭജിച്ചത്) ഓരോ വിഭാഗത്തിനും കീഴിലുള്ള ബഡ്ജറ്റ് വിനിയോഗം 50 ശതമാനത്തിൽ താഴെ) | 195 |
| 3.6 | 2017-18 മുതൽ 2021-22 വരെ സ്ഥിരമായ മിച്ചമുള്ള ഗ്രാന്റുകളുടെ പട്ടിക | 197 |
| 3.7 | ബഡ്ജറ്റ് വിനിയോഗത്തിന്റെ കുറഞ്ഞ ശതമാനം ഉള്ള സ്കീമുകൾ (50 ശതമാനത്തിൽ താഴെ) | 199 |
| 3.8 | 2021-22 കാലയളവിൽ അധികച്ചെലവുള്ള പദ്ധതികൾ (അഞ്ചു കോടിയും അതിനുമുകളിലും) | 203 |
| 3.9 | മുൻവർഷങ്ങളുമായി ബന്ധപ്പെട്ട ക്രമപ്പെടുത്തൽ ആവശ്യമായ അധിക ചെലവ് | 207 |
| 3.10 | 2021 മാർച്ചിൽ ഒരു കോടിക്കും അതിനുമുകളിലും ചെലവുകൾ വന്ന സബ് ഹെഡുകൾ (പദ്ധതികൾ) (ചെലവു തുകയുടെ അവരോഹണ ക്രമത്തിൽ) | 209 |

| അനുബന്ധം | | |
|---|---|---|
| നമ്പർ | | പേജ് നമ്പർ |
| 3.11 | റീബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാമിന് കീഴിലുള്ള ഘടകാടിസ്ഥാനത്തിലുള്ള ചെലവ് | 212 |
| 3.12 A | '5475-00-115-94-01 'ന് കീഴിലുള്ള ജോലിയുടെ സ്ഥിതി-തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ റോഡുകൾ (ആർ.കെ.ഐ) | 213 |
| 3.12 B | '5475-00-115-94-03' ന് കീഴിലുള്ള ജോലിയുടെ സ്ഥിതി-പൊതു മരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും (ആർ.കെ.ഐ) | 215 |
| 3.13 | '5475-00-115-93-03' ന് കീഴിലുള്ള ജോലിയുടെ സ്ഥിതി- കേരള പുനർനിർമ്മാണ സംരംഭത്തിന് കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ (കെഎഫ്ഡബ്ല്യൂ സഹായത്തോടെ)- റോഡുകളും പാലങ്ങളും (ആർ.കെ.ഐ) | 217 |
| 3.14 | ബഡ്ജറ്റ് വിഹിതത്തിന്റെ 50 ശതമാനത്തിൽ താഴെ വിനിയോഗമുള്ള പദ്ധതികൾ | 218 |
| 3.15 | സ്ഥിരമായ മിച്ചമുള്ള സ്കീമുകൾ | 220 |
| 4.1 | മൈനർ ഹെഡ് 800 പ്രകാരം ബുക്ക് ചെയ്ത ഗണ്യമായ ചെലവ് - 2021 - 22 വർഷത്തിലെ മറ്റ് ചെലവുകൾ | 221 |
| 4.2 | മൈനർ ഹെഡ് 800 പ്രകാരം ബുക്ക് ചെയ്യപ്പെട്ട ഗണ്യമായ വരവ് - 2021-22 സാമ്പത്തിക വർഷത്തിലെ മറ്റ് വരവുകൾ | 222 |
| 4.3 | സ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനം കാണിക്കുന്ന പ്രസ്താവന | 223 |
| 4.4 | 2021 - 22 സാമ്പത്തിക വർഷം വരെയുള്ള സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളുടെ കുടിശ്ശിക | 226 |
| 4.5 | ദുരുപയോഗം, പണം വകമാറ്റം തുടങ്ങിയ കേസുകളുടെ വകുപ്പുകൾ തിരിച്ചുള്ള വിഭജനം | 227 |
| 5.1 | ഓഹരി, വായ്പ, ഗ്യാരന്റി എന്നിവയുടെ ബാക്കി നിൽക്കുന്ന തുകയുമായി ബന്ധപ്പെട്ട് 2022 മാർച്ച് 31ലെ കേരള സർക്കാരിന്റെ സാമ്പത്തിക കണക്കുകളും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകളും തമ്മിലുള്ള വ്യത്യാസങ്ങൾ കാണിക്കുന്ന പ്രസ്താവന | 229 |

# ആമുഖം

1. ഭരണഘടനയുടെ ആർട്ടിക്കിൾ 151 പ്രകാരം സംസ്ഥാന നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണ്ണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

2. 2022 മാർച്ച് 31ന് അവസാനിച്ച വർഷത്തേയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക കണക്കുകളും ധനവിനിയോഗ കണക്കുകളും പരിശോധിച്ചതിൽ നിന്നും ഉയർന്നു വന്ന കാര്യങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിന്റെ I, II, III അദ്ധ്യായങ്ങളിൽ അടങ്ങിയിരിക്കുന്നു. ആവശ്യമുള്ളിടത്ത് കേരള സർക്കാരിൽ നിന്നും വിവരങ്ങൾ ലഭിച്ചിട്ടുണ്ട്.

3. അക്കൗണ്ടുകളുടെ ഗുണനിലവാരത്തെക്കുറിച്ചും അതിന്റെ പൂർണ്ണത, സുതാര്യത, മൂല്യനിർണ്ണയം, വെളിപ്പെടുത്തൽ എന്നിവയെ സംബന്ധിക്കുന്ന നിർദ്ദിഷ്ട സാമ്പത്തിക നിയമങ്ങൾ, നടപടിക്രമങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക റിപ്പോർട്ടിംഗ് നടപടികളെക്കുറിച്ചുമുള്ള ഒരു അവലോകനമാണ്. 'അക്കൗണ്ടുകളുടെ ഗുണനിലവാരവും റിപ്പോർട്ടിംഗ് രീതികളും' എന്ന അദ്ധ്യായം IVൽ നൽകിയിരിക്കുന്നത്.

4. അദ്ധ്യായം Vൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനം അവതരിപ്പിക്കുന്നു.

5. സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, ബോർഡുകൾ, സർക്കാർ കമ്പനികൾ, വകുപ്പുകൾ എന്നിവയിലെ ഇടപാടുകളെക്കുറിച്ചുള്ള ഓഡിറ്റിന്റെയും പെർഫോർമൻസ് ഓഡിറ്റിന്റെയും കണ്ടെത്തലുകളെക്കുറിച്ചും, റവന്യൂ വരവുകളെക്കുറിച്ചുമുള്ള റിപ്പോർട്ടുകൾ പ്രത്യേകമായാണ് സമർപ്പിക്കുന്നത്.

   റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്ന പക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

# മുഖ്യസാരം

# മുഖ്യസാരം

## പശ്ചാത്തലം

തമിഴ്നാടും കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന കേരള സംസ്ഥാനം രാജ്യത്തിന്റെ തെക്കേ അറ്റത്താണ് സ്ഥിതി ചെയ്യുന്നത്. ഭൂവിസ്തീർണ്ണത്തിന്റെ കാര്യത്തിൽ 38,863 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കേരളം രാജ്യത്ത് 22-ാം സ്ഥാനത്താണ്. ഒരു ചതുരശ്ര കിലോമീറ്ററിന് 917.15 ആളുകളെന്ന ജന സാന്ദ്രതാ നിരക്കിൽ 3.56 കോടി (രാജ്യത്തിൽ 14-ാം സ്ഥാനത്ത്) ജനസംഖ്യയുമായി കേരളം രാജ്യത്ത് ആറാം സ്ഥാനത്തു നിൽക്കുന്നു. ജനസംഖ്യയുടെ ദശാബ്ദ വളർച്ചാ നിരക്ക് 5.92 ശതമാനമാണ്. ഇത് ഇന്ത്യൻ സംസ്ഥാനങ്ങളിലെ രണ്ടാമത്തെ ഏറ്റവും താഴ്ന്ന നിരക്കാണ്. കേരളത്തിലെ സാക്ഷരതാ നിരക്ക് (94 ശതമാനം) ഇന്ത്യൻ സംസ്ഥാന ങ്ങളിൽ ഏറ്റവും ഉയർന്നതാണ്. സംസ്ഥാനത്തിന്റെ 2021-22 ലെ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (ജിഎസ്ഡിപി) നടപ്പു വിലയിൽ ₹9,01,997.83 കോടിയാണ്.

## റിപ്പോർട്ട്

2022 മാർച്ച് 31ന് അവസാനിച്ച വർഷത്തേയ്ക്കുള്ള കേരള ഗവൺമെന്റിന്റെ ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളെ അടിസ്ഥാനമാക്കിയിട്ടുള്ള ഈ റിപ്പോർട്ട്, സംസ്ഥാന സർക്കാരിന്റെ ധനകാര്യത്തിന്റെ ഒരു വിശകലന അവലോകനം നൽകുന്നു. അഞ്ച് അദ്ധ്യായങ്ങളിലായാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

**അദ്ധ്യായം I – ഉപരിവീക്ഷണം –** ഈ അദ്ധ്യായം സമ്പദ്വ്യവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനവും സമീപനവും വിവരിയ്ക്കുന്നതിനോടൊപ്പം സർക്കാർ കണക്കുകളുടെ ഘടന, ബഡ്ജറ്റ് പ്രക്രിയകൾ, പ്രധാന സൂചികകളുടെ മാക്രോ-ധനവിശകലനം, കമ്മി/മിച്ചം ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതി എന്നിവയുടെ ഉപരിവീക്ഷണം നൽകുന്നു.

**അദ്ധ്യായം II – സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥ –** ഈ അദ്ധ്യായം സംസ്ഥാന ത്തിന്റെ സാമ്പത്തിക കണക്കുകളെ അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ സമ്പദ്വ്യ വസ്ഥയുടെ വിശാലമായ കാഴ്ചപ്പാട് നൽകുകയും മുൻവർഷത്തെ അപേക്ഷിച്ച് മുഖ്യ സാമ്പത്തിക സംഗ്രഹത്തിന്റെ നിർണ്ണായക വ്യതിയാനങ്ങളെ വിശകലനം നടത്തുകയും, 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ മൊത്തത്തിലുള്ള പ്രവണതകൾ, സംസ്ഥാനത്തിന്റെ കടം രൂപരേഖയും മുഖ്യപൊതുകണക്ക് ഇടപാടു കളും വിശകലനം ചെയ്യുകയും ചെയ്യുന്നു.

**അദ്ധ്യായം III – ബഡ്ജറ്റ് മുഖേനയുള്ള കാര്യനിർവ്വഹണം –** ഈ അദ്ധ്യായം സംസ്ഥാനത്തിന്റെ ധനവിനിയോഗ കണക്കുകളെ അടിസ്ഥാനമാക്കിയുള്ളതാണ്. കൂടാതെ, സംസ്ഥാനത്തിന്റെ ധനവിനിയോഗവും ബഡ്ജറ്റ് വിഹിതം നൽകുന്നതിനുള്ള മുൻഗണനകളും അവലോകനം ചെയ്യുകയും ബഡ്ജറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളെ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു.

**അദ്ധ്യായം IV – അക്കൗണ്ട്സിന്റെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർ ട്ടിംഗ് രീതികളും –** സംസ്ഥാന സർക്കാരിന്റെ വിവിധ അധികാരികൾ നൽകിയ

കണക്കുകളുടെ ഗുണനിലവാരത്തെക്കുറിച്ചും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ നിർദ്ദിഷ്ട സാമ്പത്തിക നിയമങ്ങളും ചട്ടങ്ങളും പാലിക്കാത്ത പ്രശ്നങ്ങളെക്കുറിച്ചും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

**അദ്ധ്യായം V – സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ സാമ്പത്തിക നിർവ്വഹണം –** ഈ അദ്ധ്യായം പൊതുമേഖല സ്ഥാപനങ്ങളുടെ ഏറ്റവും പുതിയ അന്തിമ അക്കൗണ്ടുകളിൽ വെളിപ്പെടുത്തിയ സാമ്പത്തിക നിർവ്വഹണത്തിന്റെ സംഗ്രഹം അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ ജിഎസ്‌ഡിപിയിലേയ്ക്കുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ സംഭാവനയേയും അവയുടെ പ്രവർത്തന ക്ഷമതയേയും വിശകലനം ചെയ്യുന്നു.

ഈ കണ്ടെത്തലുകളെ സാധൂകരിയ്ക്കുന്നതിനായി നിരവധി ഉറവിടങ്ങളിൽ നിന്നും സമാഹരിച്ച് കൂട്ടിചേർക്കപ്പെട്ട അനുബന്ധങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഓഡിറ്റ് കണ്ടെത്തലുകൾ

## ധനസ്ഥിതി

റവന്യൂ കമ്മി, ധനകമ്മി, കുടിശ്ശികയുള്ള കടത്തിന്റെ ജിഎസ്‌ഡിപിയുമായുള്ള അനുപാതം എന്നിങ്ങനെ മൂന്ന് പ്രധാന ധനകാര്യ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ ധനസ്ഥിതി വിലയിരുത്തുന്നത്.

സംസ്ഥാന സർക്കാരിന്റെ കണക്കുകൾ പ്രകാരം, ധനക്കമ്മിയും ജിഎസ്‌ഡിപിയും തമ്മിലുള്ള അനുപാതം 2017-18ലെ 3.83 ശതമാനത്തിൽ നിന്നും 2021-22ൽ 5.10 ശതമാനമായി വർദ്ധിച്ചു. കൂടാതെ ഓഡിറ്റ് അനന്തര വിശകലനത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ധനകമ്മിയും യഥാക്രമം ₹468.08 കോടിയും ₹16,369.43 കോടിയും കുറച്ചു കാണിക്കുകയും തന്മൂലം ധനക്കമ്മിയുടെ ജിഎസ്‌ഡിപിയുമായുള്ള അനുപാതം 2021-22ൽ 6.92 ശതമാനത്തിലേയ്ക്ക് ഉയരുകയും ചെയ്തതായി കണ്ടെത്തി.

സംസ്ഥാനം 2021-22 വർഷത്തിൽ അതിന്റെ മിതകാല ധനകാര്യ പദ്ധതിയിലോ കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിലോ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങളൊന്നും നേടിയില്ല. പരിഷ്കരിച്ച കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമം 2022 പ്രകാരം, 2021-22 കാലയളവിലേയ്ക്ക് നിജപ്പെടുത്തിയ ധനകമ്മി ജിഎസ്‌ഡിപി അനുപാതം നാല് ശതമാനമായിരുന്നെങ്കിലും യഥാർത്ഥത്തിൽ രേഖപ്പെടുത്തിയ ധനകമ്മി ജിഎസ്‌ഡിപി അനുപാതം 5.10 ശതമാനമായിരുന്നു.

ബഡ്ജറ്റിന് പുറത്തുള്ള കടമെടുപ്പുകൾ (കിഫ്ബി, കെ.എസ്.എസ്.പി.എൽ എന്നിവയുടെ കുടിശ്ശികയുള്ള ബാധ്യതകളും ബിഡിഎസ് മുഖേനയുള്ള മാറ്റിവെച്ച ബാധ്യതകളും) ഉൾപ്പെടെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കടം ₹3,83,267.15 കോടിയാണ്. ജിഎസ്ടി നഷ്ടപരിഹാരമായി ലഭിച്ച ₹14,505.31 കോടി ബാക്ക് ടു ബാക്ക് ലോൺ ഒഴിവാക്കിയാൽ ഫലപ്രദമായ മൊത്തം ബാധ്യതകൾ ₹3,68,761.84 കോടിയാകും. സർക്കാർ വർഷാവർഷം വായ്പയെടുക്കുന്നത് തുടരുകയാണെങ്കിൽ, അത് കടം കുമിഞ്ഞുകൂടുന്നതിലേക്ക് നയിക്കുകയും സർക്കാർ കൂടുതൽ തുക

പലിശയിനത്തിൽ അടയ്ക്കേണ്ടി വരികയും ചെയ്യും. ഈ പലിശ അടവുകൾ തന്നെ കടം കൂടുന്നതിന് കാരണം ആകുന്നു. വർഷംതോറും കടബാധ്യത വർദ്ധിക്കുന്നത് മൂലധന രൂപീകരണവും വളർച്ചയും കുറയുന്നതിനു മാത്രമല്ല, ഭാവിതലമുറയ്ക്ക് ഭാരമായി തീരുകയും ചെയ്യുന്നു.

(അദ്ധ്യായം I)

## സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ

മുൻവർഷത്തെ അപേക്ഷിച്ച് 2021-22 കാലയളവിൽ സംസ്ഥാന സർക്കാർ അതിന്റെ റവന്യൂ വരുമാനത്തിൽ 19.49 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി.

**റവന്യൂ വിഭവങ്ങൾ**

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങൾ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ 40.50 ശതമാനം വളർച്ച രേഖപ്പെടുത്തികൊണ്ട് 2017-18ലെ ₹83,020.14 കോടിയിൽ നിന്നും 2021-22ൽ ₹1,16,640.24 കോടിയായി വർദ്ധിച്ചു. തൻകാലയളവിൽ റവന്യൂ വരുമാനത്തിന്റെ മുഖ്യ ഉറവിടമായ നികുതി വരുമാനം 25.57 ശതമാനം മാത്രം വർദ്ധിക്കുകയും റവന്യൂവരവിൽ അതിന്റെ വിഹിതം 2017-18ലെ 55.96 ശതമാനത്തിൽ നിന്നും 2021-22ൽ 50.02 ശതമാനമായി കുറയുകയും ചെയ്തു. ഇത് മഹാമാരി കാലഘട്ടത്തിലെ ശോചനീയമായ നികുതി പിരിവിനെയാണ് കാണിക്കുന്നത്.

## റവന്യൂ ചെലവ്

സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് 2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷകാലയളവിൽ 46.26 ശതമാനം വളർച്ച രേഖപ്പെടുത്തി, 2017-18ലെ ₹99,948.35 കോടിയിൽ നിന്ന് 2021-22ൽ ₹1,46,179.51 കോടിയായി വർദ്ധിച്ചു. 2021-22 കാലയളവിൽ പ്രതിബദ്ധതയുള്ള ചെലവിന്റെ വിഹിതം റവന്യൂ ചെലവിന്റെ 65.66 ശതമാനവും റവന്യൂ വരവിന്റെ 82.29 ശതമാനവുമായിരുന്നു. ആകെ ചെലവിന്റെ ശതമാന കണക്കിൽ റവന്യൂ ചെലവ് 88.88 മുതൽ 91.88 ശതമാനം വരെ മുന്നിട്ട് നിന്നു. ഇതേ കാലയളവിൽ റവന്യൂ വരുമാനത്തിന്റെ 19.98 ശതമാനം പലിശയ്ക്കായി വിനിയോഗിച്ചത് സംസ്ഥാന സർക്കാരിന് ആശങ്കയുണ്ടാക്കുന്ന കാര്യമാണ്.

## ചെലവിന്റെ ഗുണനിലവാരം

സംസ്ഥാനത്തിന്റെ മൂലധന ചെലവ് 2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷകാലയളവിൽ 62.21 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി, 2017-18 ലെ ₹8,748.87 കോടിയിൽ നിന്നും 2021-22ലെ ₹14,191.73 കോടിയായി വർദ്ധിച്ചു. സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ, സർക്കാർ കമ്പനികൾ, മറ്റു ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ സർക്കാർ നിക്ഷേപിച്ച ₹9,767.48 കോടിയിൽ നിന്നും 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ സർക്കാരിനു ലഭിച്ച ശരാശരി വരുമാനം 1.57 ശതമാനമായിരുന്നു. എന്നാൽ അതേ കാലയളവിൽ സർക്കാർ എടുത്ത കടങ്ങൾക്ക് കൊടുത്ത ശരാശരി പലിശനിരക്ക് 7.34 ശതമാനമായിരുന്നു. സർക്കാർ എടുത്ത മൊത്തം കടത്തിന്റെ ശരാശരി ചെലവായ 7.00 ശതമാനത്തിന്റെ സ്ഥാനത്ത് 2021-22ൽ സർക്കാർ കൊടുത്ത വായ്പകളിൽ നിന്നും മുൻകൂറുകളിൽ നിന്നും കിട്ടിയ പലിശ വരുമാനം 0.26 ശതമാനം മാത്രമായിരുന്നു.

## റിസർവ്വ് ഫണ്ടുകളും ബാധ്യതകളും

സർക്കാരിന്റെ നിലവിലുള്ള ബാധ്യകൾ തവണകളായി കടം വീട്ടാനുള്ള ലക്ഷ്യത്തോടെയാണ് കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ട് രൂപികരിച്ചതെങ്കിലും, 2021-22 കാലയളവിൽ ഫണ്ടിലേയ്ക്ക് സർക്കാർ സംഭാവന ചെയ്തില്ല. അതുപോലെ, സർക്കാർ കൊടുക്കുന്ന ഗ്യാരന്റികളിന്മേൽ വരുന്ന ഭാവി ബാധ്യതകൾ നേരിടാനായി ഈടാക്കുന്ന ഗ്യാരന്റി കമ്മീഷൻ ക്രഡിറ്റ് ചെയ്യാനായി സർക്കാർ ഒരു ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കേണ്ടതാണ്. ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് ഇതുവരെയായി രൂപീകരിക്കുകയോ 2003-04 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഈടാക്കിയ ₹1,697.92 കോടിയുടെ ഗ്യാരന്റി കമ്മീഷൻ ഫണ്ടിൽ വരവ് വയ്ക്കുകയോ ചെയ്തിട്ടില്ല. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്‌പോൺസ് ഫണ്ടിൽ (എസ്ഡിആർഎഫ്) 2022 മാർച്ച് അവസാനത്തോടെ ₹333.27 കോടിയുടെ ബാലൻസ് ഉണ്ടായിരുന്നു. ഭാരത സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, എസ്ഡിആർഎഫിൽ വരുന്ന വർദ്ധനവുകൾ ഫണ്ട് നിർവ്വഹണത്തിനായി രൂപീകരിക്കപ്പെട്ട സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരത സർക്കാർ സെക്യൂരിറ്റികൾ/ട്രഷറി ബില്ലുകൾ എന്നിവയിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തില്ല.

## ഓഫ് ബഡ്ജറ്റ് വായ്പകൾ

സംസ്ഥാന സർക്കാർ 2021-22 കാലയളവിൽ ₹15,914.50 കോടിയുടെ ഓഫ് ബഡ്ജറ്റ് കടമെടുപ്പു നടത്തി.

ഇത്തരം ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ സംസ്ഥാന സർക്കാരിന്റെ ബാധ്യതകൾ വർദ്ധിപ്പിക്കുകയും കാലക്രമേണ കടക്കെണിയിലേക്കു നയിക്കുകയും ചെയ്യും. ഈ കടമെടുപ്പുകൾ ബഡ്ജറ്റിൽ വെളിപ്പെടുത്താത്തതിനാൽ അത്തരം ബാധ്യതകളെക്കുറിച്ചു നിയമസഭയ്ക്ക് അറിവുണ്ടായിരിക്കുകയില്ല.

കിഫ്ബി (₹13,066.18 കോടി) കെ.എസ്.എസ്.പി.എൽ (₹11,206.49 കോടി) ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം (₹1,601.72 കോടി) എന്നിവയിലൂടെയുള്ള ബഡ്ജറ്റിന് പുറമെയുള്ള കടമെടുപ്പ് സംസ്ഥാന ബഡ്ജറ്റിൽ വെളിപ്പെടുത്താത്തത് സർക്കാരിന്റെ ബാധ്യതകൾ ₹25,874.39 കോടി കുറച്ചു കാണിക്കാൻ ഇടയാക്കി.

(അദ്ധ്യായം II)

## ബഡ്ജറ്റ് മാനേജ്മെന്റ്

മൊത്തം ഗ്രാന്റുകൾ/ധനവിനിയോഗവും ചെലവുകളും തമ്മിലുള്ള വ്യതിയാനങ്ങൾ കാരണമുണ്ടായ മിച്ചം സർക്കാരിന്റെ വിവിധ തലങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ സൂക്ഷ്മ പരിശോധനയുടെ അഭാവത്തേയും മോശം ബഡ്ജറ്റ് മാനേജ്മെന്റിനേയും സൂചിപ്പിക്കുന്നു. 2021-22ൽ ₹2,15,813.79 കോടിയുടെ അസ്സൽ ബഡ്ജറ്റ് വകയിരുത്തലിനെതിരെ യഥാർത്ഥ ചെലവ് ₹2,05,451.40 കോടി ആയിരുന്നു. തൻ വർഷത്തെ സപ്ലിമെന്ററി വകയിരുത്തൽ ₹21,202.33 കോടിയായിരുന്നു.

2021-22 വർഷത്തിൽ ₹31,833.19 കോടിയുടെ മൊത്തം മിച്ചവും ₹268.47 കോടിയുടെ അധികചെലവും ഉണ്ടെന്ന് കണക്കുകളിൽ കാണിച്ചിരിക്കുന്നു. ഇത് ₹31,564.72 കോടിയുടെ അറ്റ മിച്ചത്തിന് ഇടയാക്കി. ബഡ്ജറ്റ് ചെയ്ത ₹2,14,478.66 കോടിയുടെ വരവുകൾക്ക് എതിരായി ബഡ്ജറ്റ് ചെയ്ത ചെലവായ ₹2,37,016.12 കോടി നേരിടുന്നതിന് ലഭ്യമായ യഥാർത്ഥ വരവുകൾ ₹1,99,125.53 കോടി മാത്രമായിരുന്നു. ചെലവുകൾ നേരിടുന്നതിന് ഫണ്ടുകൾ യാഥാർത്ഥത്തിൽ ലഭ്യമല്ലായിരുന്നതിനാൽ മിച്ചവും

എസ്റ്റിമേറ്റ് ചെയ്ത ചെലവിലെ സറണ്ടറും സാങ്കല്പികമാണ് എന്ന് സൂചിപ്പിക്കുന്നു. ഇതു പെരുപ്പിച്ചു കാട്ടിയ ബഡ്ജറ്റിലേക്ക് നയിക്കുന്ന ദുർബലമായ ബഡ്ജറ്റ് രൂപീകരണത്തെ സൂചിപ്പിക്കുന്നു.

മൊത്തത്തിലുള്ള അറ്റമിച്ചം കണക്കിലെടുക്കുമ്പോൾ അസ്സൽ വകയിരുത്തലുകൾ മുഴുവനായും വിനിയോഗിച്ചിട്ടില്ലാത്തതിനാൽ 16 ഗ്രാന്റുകൾ/ ഒരു ധനവിനിയോഗം എന്നിവയിലെ 22 കേസുകളിലെ ₹1,948.99 കോടിയുടെ സപ്ലിമെന്ററി വകയിരുത്തൽ അനാവശ്യമായിരുന്നുവെന്ന് തെളിഞ്ഞു.

ബഡ്ജറ്റ് വിഹിതം തുടർച്ചയായി വിനിയോഗിക്കാത്തത് 2017-18ലെ 7.89 ശതമാനത്തിൽ നിന്ന് 2020-21ൽ 11.52 ശതമാനമായും 2021-22ൽ 13.32 ശതമാനമായും വർദ്ധിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ ഒമ്പത് ഗ്രാന്റുകൾക്ക് കീഴിൽ സംസ്ഥാന നിയമസഭ നൽകിയ അംഗീകാരത്തേക്കാൾ ₹268.47 കോടി അധികമായി ചെലവാക്കി. 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലെ ₹10,277.93 കോടിയുടെ അധിക ചെലവ് സംസ്ഥാന നിയമസഭ ഇതുവരെ ക്രമവൽക്കരിച്ചിട്ടില്ല. ഇത് ബഡ്ജറ്റിന്റെയും സാമ്പത്തിക നിയന്ത്രണങ്ങളുടെയും സംവിധാനത്തെ വികലമാക്കുകയും പൊതു വിഭവങ്ങളുടെ മാനേജ്മെന്റിൽ സാമ്പത്തിക അച്ചടക്കമില്ലായ്മയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

2021-22 വർഷത്തിൽ 55 സ്കീമുകളുടെ മുഴുവൻ ചെലവുകളും മാർച്ച് മാസത്തിൽ നടത്തിയതിനാൽ വർഷാന്ത്യത്തിൽ തിടുക്കപ്പെട്ടുള്ള ചെലവാക്കൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

**(അദ്ധ്യായം III)**

## അക്കൗണ്ട്സിന്റെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗ് രീതികളും

സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് സെസ്സ്/ റോയൽറ്റി/ ഫണ്ടുകൾ ക്രെഡിറ്റ് ചെയ്യപ്പെടാത്ത, തുടർച്ചയായ പ്രവണത ഉണ്ട്.

സംസ്ഥാനത്തിന്റെ പൊതു കണക്കിന് പുറത്തു റെഗുലേറ്റർമാർ ഫണ്ടുകൾ സൂക്ഷിക്കുന്നുണ്ട്. (കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ ഫണ്ടുകൾ.)

പിഡി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുത്താത്തത് പൊതു ഫണ്ടുകളിലെ ദുരുപയോഗത്തിനും ദുർവിനിയോഗത്തിനും ഇടയാക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ)യ്ക്ക് ₹1.19 കോടിയുടെ ആറ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടില്ല.

സ്വയംഭരണ സ്ഥാപനങ്ങൾ (23 എണ്ണം) സി ആന്റ് എജിയ്ക്ക് വാർഷിക കണക്കുകൾ നൽകേണ്ടതായിരുന്നു. കണക്കുകൾ സമർപ്പിക്കുന്നതിലെ കുടിശ്ശിക ഒരു വർഷം മുതൽ എട്ടു വർഷം വരെയുണ്ട്.

ഫണ്ടുകളുടെ ദൗർലഭ്യം മറികടക്കാനുള്ള നടപടിയായി സംസ്ഥാന സർക്കാർ അവലംബിക്കുന്ന ഹ്രസ്വകാല കടമെടുപ്പിന്റെ ഒരു രൂപമാണ് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം (ബിഡിഎസ്). ഇത് അനുസരിച്ച് ബിഡിഎസ് തെരഞ്ഞെടുക്കുന്ന കരാറു

കാർക്ക്, അവരുടെ കുടിശ്ശികയുള്ള ബില്ലുകൾക്കെതിരെ സംസ്ഥാന സർക്കാർ പ്രോമിസറി നോട്ടുകൾ നൽകുന്നു. കരാറുകാർക്ക് പ്രോമിസറി നോട്ടുകൾ തങ്ങളുടെ ബാങ്കുകളിൽ കൊടുത്തു ഡിസ്കൗണ്ട് ചെയ്യിപ്പിച്ച് ഉടൻ തന്നെ ബില്ലുകളുടെ തുക കൈപ്പറ്റാവുന്നതാണ്. ഈ വർഷം ഇഷ്യൂ ചെയ്ത ₹2,652.94 കോടിയുടെ പ്രോമിസറി നോട്ടുകൾക്കെതിരെ, ₹1,051.22 കോടിയുടെ പ്രോമിസറി നോട്ടുകൾ സെറ്റിൽ ചെയ്തു. തീർപ്പാക്കാത്ത പ്രോമിസറി നോട്ടുകൾ 31 മാർച്ച് 2022ൽ ₹1,601.72 കോടി യാണ്. ബിഡിഎസ് എന്നത് ഹ്രസ്വകാല കടമെടുപ്പിന്റെ മറ്റൊരു രൂപമാണ്. അതി ലൂടെ പേയ്മെന്റുകൾ ഭാവിയിലെ ഒരു തീയതിയിലേയ്ക്ക് മാറ്റി വെയ്ക്കുന്നു. അതിനായി സംസ്ഥാന സർക്കാർ ഡിസ്കൗണ്ട് ചാർജ്ജുകളുടെ രൂപത്തിൽ ഒരു നിശ്ചിത തുക സെറ്റിൽമെന്റ് ചാർജ്ജായി വഹിക്കുന്നു.

പൊതുപണത്തിന്റെ ദുർവിനിയോഗം/നഷ്ടം തുടങ്ങിയ കേസുകളിൽ വകുപ്പുതല നടപടി ആരംഭിക്കുന്നതിനും ബാധ്യത നിശ്ചയിക്കുന്നതിനും റിക്കവറി ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കാലതാമസമുണ്ടായി.

**(അദ്ധ്യായം IV)**

## സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക നിർവ്വഹണം

കേരളത്തിൽ 2022 മാർച്ച് 31 വരെ 150 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (പിഎസ്‌യു) ആണ് ഉള്ളത്. ഇതിൽ 146 സർക്കാർ കമ്പനികളും നാല് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും ഉൾപ്പെടുന്നു. ഇതിൽ 127 എണ്ണം പ്രവർത്തനക്ഷമവും ബാക്കി 19 എണ്ണം പ്രവർത്തനരഹിതവുമാണ്. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, 55 കമ്പനികൾ ₹654.99 കോടി ലാഭവും 63 കമ്പനികൾ ₹4,065.38 കോടിയുടെ അറ്റ നഷ്ടവുമുണ്ടാക്കി. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ 2021-22ലെ വിറ്റുവരവ് ₹35,767.90 കോടിയും മുൻ വർഷത്തെ വിറ്റുവരവ് ₹34,769.57 കോടിയും ആയിരുന്നു.

2022 മാർച്ച് 31ന് 131 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ സംസ്ഥാന ഗവൺമെന്റ് നടത്തിയ മൊത്തം ഇകിറ്റി നിക്ഷേപം ₹9,817.46 കോടി ആയിരുന്നു. അതിൽ മൂന്ന് കമ്പനികൾ മാത്രം 3.23 കോടി ഡിവിഡന്റ് പ്രഖ്യാപിച്ചു/അടച്ചു.

2022 സെപ്റ്റംബർ 30 വരെ സമർപ്പിച്ച ഏറ്റവും പുതിയ അന്തിമ അക്കൗണ്ടുകൾ പ്രകാരം, പ്രവർത്തനക്ഷമമായ 131 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ 75 എണ്ണത്തിനും ₹19,169.12 കോടിയുടെ മൊത്തം സഞ്ചിത നഷ്ടമുണ്ട്. ഈ 75 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ 63 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ ഏറ്റവും പുതിയ അന്തിമ കണക്കുകൾ പ്രകാരം ₹4,065.38 കോടിയുടെ നഷ്ടമുണ്ടായി.

ഈ 75 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ 46 പി എസ് യുകളുടെ അറ്റമൂല്യം സഞ്ചിത നഷ്ടം മൂലം പൂർണ്ണമായി ഇല്ലാതായി. ഈ 46 സംസ്ഥാന പിഎസ്‌യു കളിലെ ഇകിറ്റി നിക്ഷേപമായ ₹6,081.18 കോടിയ്ക്കെതിരെ അവയുടെ അറ്റമൂല്യം ₹(-)12,460.21 കോടിയാണ്.

**(അദ്ധ്യായം V)**

# അദ്ധ്യായം I

# ഉപരിവീക്ഷണം

## അദ്ധ്യായം I

## ഉപരിവീക്ഷണം

## 1.1 കേരളത്തിന്റെ രൂപരേഖ

രാജ്യത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കേരള സംസ്ഥാനം തമിഴ്നാടും കർണ്ണാടകയുമായി അതിർത്തി പങ്കുവെയ്ക്കുന്നു. ഭൂവിസ്തീർണ്ണത്തിന്റെ കാര്യത്തിൽ 38,863 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള കേരളം രാജ്യത്ത് 22-ാം സ്ഥാനത്താണ്. സംസ്ഥാനത്ത് ₹3.56 കോടി (രാജ്യത്തിൽ 14-ാമത്) ജനസംഖ്യയും, ഇത് ഒരു ചതുരശ്ര കിലോമീറ്ററിന് 917.15 ആളുകളെന്ന ജനസാന്ദ്രതാനിരക്കിൽ രാജ്യത്ത് 6-ാം സ്ഥാനത്തായി നിൽക്കുന്നു. ദശാബ്ദത്തിലെ ജനസംഖ്യാ വളർച്ചാ നിരക്ക് 5.92 ശതമാനമായിരുന്നു. ഇത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ രണ്ടാമത്തെ നിരക്കാണ്. സംസ്ഥാനത്തിന്റെ സാക്ഷരതാ നിരക്ക് (94 ശതമാനം) ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്നതാണ്. നിലവിലുള്ള വിലയിൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജിഎസ്ഡിപി) 2021-22ൽ ₹9,01,997.83 കോടിയായിരുന്നു. സംസ്ഥാനത്തെ സംബന്ധിക്കുന്ന പൊതുവിവരം **അനുബന്ധം 1.1**ൽ കൊടുത്തിരിക്കുന്നു.

## 1.2 കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം

ഒരു നിശ്ചിത കാലയളവിൽ ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ ഉൽപ്പാദിപ്പിക്കുന്ന എല്ലാ ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യമാണ് മൊത്ത ആഭ്യന്തര ഉത്പാദനം (ജിഡിപി); അതേസമയം മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (ജിഎസ്ഡിപി) ഒരു സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യമാണ്. ജിഎസ്ഡിപിയുടെ വളർച്ച സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന സൂചകമാണ്. കാരണം ഇത് ഒരു കാലയളവിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന്റെ നിലവാരത്തിലുള്ള മാറ്റങ്ങളുടെ വ്യാപ്തിയെ സൂചിപ്പിക്കുന്നു. ജിഎസ്ഡിപി 2020-21ലെ ₹7,99,571.11 കോടിയിൽ നിന്ന് 2021-22ൽ 12.81 ശതമാനം വളർച്ച രേഖപ്പെടുത്തി ₹9,01,997.83 കോടിയായി ഉയർന്നെങ്കിലും ജിഡിപിയുടെ വളർച്ചാനിരക്കുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കുറവാണ്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ ജിഡിപിയും അതിന്റെ വളർച്ചാനിരക്കും ദേശീയ ജിഡിപിയും അതിന്റെ വളർച്ചാ നിരക്കും **പട്ടിക 1.1**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1.1 : ജിഡിപിയുമായി താരതമ്യം ചെയ്യുമ്പോൾ ജിഎസ്ഡിപിയിലെ പ്രവണതകൾ (നിലവിലെ വിലയിൽ)**

| ക്രമ നമ്പർ | വർഷം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 (പി ഇ) |
|---|---|---|---|---|---|---|
| 1 | ദേശീയ ജിഡിപി (₹ കോടിയിൽ) (2011-12 സീരീസ്) | 1,70,90,042.36 | 1,88,99,668.44 | 2,00,74,855.79 | 1,98,00,913.82 | 2,36,64,636.99 |
| 2 | മുൻവർഷത്തെ അപേക്ഷിച്ച് ജിഡിപിയുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 11.03 | 10.59 | 6.22 | (-)1.36 | 19.51 |

| ക്രമ നമ്പർ | വർഷം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 (പി ഇ) |
|---|---|---|---|---|---|---|
| 3 | സംസ്ഥാനത്തിന്റെ ജിഡിപി (₹ കോടിയിൽ) (2011-12 സീരീസ്) | 7,01,588.26 | 7,88,285.58 | 8,24,374.20 | 7,99,571.11 | 9,01,997.83 |
| 4 | മുൻവർഷത്തെ അപേക്ഷിച്ച് ജിഎസ്ഡിപിയുടെ വളർച്ചാനിരക്ക് (ശതമാനത്തിൽ) | 10.51 | 12.36 | 4.58 | (-)3.01 | 12.81 |

*ഉറവിടം : 15 മാർച്ച് 2022ലെ സ്റ്റാറ്റിസ്റ്റിക്സും പ്രോഗ്രാം നിർവ്വഹണ മന്ത്രാലയത്തിന്റെ വെബ്സൈറ്റും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റും*

*പി ഇ - പ്രൊവിഷണൽ എസ്റ്റിമേറ്റ്.*

ദേശീയ ജിഡിപിയിലേക്കുള്ള സംഭാവനയിൽ കേരളം 11-ാം സ്ഥാനത്താണ്. 2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷത്തെ കാലയളവിൽ, ജിഎസ്ഡിപിയുടെ ഏറ്റവും ഉയർന്ന വളർച്ച 2021-22 വർഷത്തിലാണ് (12.81 ശതമാനം). 2021-22 വർഷത്തിലെ ഗണ്യമായ വളർച്ചയ്ക്ക് മുഖ്യമായ കാരണം കോവിഡ് 19 മഹാമാരി മൂലം മുൻവർഷത്തെ ജിഎസ്ഡിപിയിലെ ഇടിവാണ് (നെഗറ്റീവ് വളർച്ച).

### 1.2.1 ജിഎസ്ഡിപിയിലേക്കുള്ള മേഖലാ സംഭാവന

സാമ്പത്തിക പ്രവർത്തനങ്ങളെ പൊതുവേ കൃഷി, ഖനനം, വനം, മത്സ്യബന്ധനം മുതലായവ അടങ്ങുന്ന പ്രാഥമിക മേഖലയായും ഉൽപ്പാദനം, നിർമ്മാണം മുതലായവ അടങ്ങുന്ന ദ്വിതീയ മേഖലയായും സേവനങ്ങൾ അടങ്ങുന്ന തൃതീയ മേഖലയായും തിരിച്ചിരിക്കുന്നു. 2017-18ലെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ 2021-22ലെ ജിഎസ്ഡിപിയുടെ മേഖലാപങ്കിലെ മാറ്റത്തിന്റെ ഗ്രാഫിക്കൽ അവതരണം **ചാർട്ട് 1.1** ൽ ചുവടെ കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.1 : 2017-18, 2021-22 വർഷങ്ങളിലെ ജിഎസ്ഡിപി മേഖലാ സംഭാവന**




*ഉറവിടം : ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, കേരള നൽകിയ വിശദാംശങ്ങൾ*

*കുറിപ്പ് : 2017-18, 2021-22 വർഷങ്ങളിൽ യഥാക്രമം ജിഎസ്ഡിപിയുടെ 9.51 ശതമാനവും 11.29 ശതമാനവും വരുന്ന ഉൽപ്പന്നങ്ങളുടെ നികുതികളും സബ്സിഡികളും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.*

2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ ജിഎസ്ഡിപിയിലെ മേഖലാ സംഭാവനയുടെ താരതമ്യം ചുവടെയുള്ള **പട്ടിക 1.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.2 : ജിഎസ്ഡിപിയിലെ മേഖലാ സംഭാവന**

***(ശതമാനത്തിൽ)***

| ക്രമ നമ്പർ | മേഖലകൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | പ്രാഥമിക | 11.21 | 10.26 | 9.98 | 10.93 | 10.46 |
| 2 | ദ്വിതീയ | 22.67 | 21.58 | 20.09 | 19.95 | 20.25 |
| 3 | തൃതീയ | 56.61 | 56.48 | 58.84 | 58.46 | 58.00 |
| 4 | **ആകെ*** | 90.49 | 88.32 | 88.91 | 89.34 | 88.71 |

** നികുതിയും സബ്സിഡിയും ഉൾപ്പെടുത്തിയിട്ടില്ല.*
*ഉറവിടം : ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, കേരള നൽകിയ വിശദാംശങ്ങൾ*

തൃതീയ മേഖല കേരള സമ്പദ് വ്യവസ്ഥയുടെ പ്രധാന മുന്നേറ്റമായി തുടരുന്നു. കൂടാതെ ജിഎസ്ഡിപിയിലേയ്ക്കുള്ള അതിന്റെ സംഭാവന അഞ്ച് വർഷത്തെ കാലയളവിൽ ജിഎസ്ഡിപിയുടെ 56.61 ശതമാനത്തിൽ നിന്ന് 58 ശതമാനമായി വർദ്ധിച്ചു. ജിഎസ്ഡിപിയിൽ പ്രാഥമിക, ദ്വിതീയ മേഖലകളുടെ സംഭാവന 2017-18ൽ 11.21 ശതമാനവും 22.67 ശതമാനവും ആയിരുന്നത് 2021-22ൽ യഥാക്രമം 10.46 ശതമാനമായും 20.25 ശതമാനമായും കുറഞ്ഞു. 2020-21 നെ അപേക്ഷിച്ച് 2021-22ലെ ജിഎസ്ഡിപി യുടെ മേഖല തിരിച്ചുള്ള വളർച്ചയും ജിഎസ്ഡിപി യിലേക്കുള്ള ചില പ്രധാന സാമ്പത്തിക പ്രവർത്തനങ്ങളുടെ സംഭാവനയും ചുവടെയുള്ള **പട്ടിക 1.3**ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.3 : ചില പ്രധാന സാമ്പത്തിക പ്രവർത്തനങ്ങളും ജിഎസ്ഡിപിയിൽ അവയുടെ സംഭാവനകളും**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | മേഖലകൾ | ഘടകങ്ങൾ | 2020-21 (ക്യു ആർ ഇ) | 2021-22 (പി ഇ) | വർദ്ധന/കുറവ് (ശതമാനത്തിൽ) | ജിഎസ്ഡിപി യിലേയ്ക്കുള്ള സംഭാവന ശതമാന ത്തിൽ |
|---|---|---|---|---|---|---|
| എ | പ്രാഥമിക | കൃഷി, വനം, മത്സ്യബന്ധനം | 84,700.00 | 91,024.99 | 7.47 | 10.09 |
| | | ഖനനവും ക്വാറിയും | 2,709.79 | 3,314.51 | 22.32 | 0.37 |
| ബി | ദ്വിതീയ | വ്യവസായങ്ങൾ, ഉൽപ്പാദനം | 61,765.61 | 71,916.51 | 16.43 | 7.97 |
| | | നിർമ്മാണം | 87,418.34 | 99,489.38 | 13.81 | 11.03 |
| | | വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ | 10,300.27 | 11,207.88 | 8.81 | 1.24 |

| ക്രമ നമ്പർ | മേഖലകൾ | ഘടകങ്ങൾ | 2020-21 (ക്യു ആർ ഇ) | 2021-22 (പി ഇ) | വർദ്ധന/കുറവ് (ശതമാനത്തിൽ) | ജിഎസ്ഡിപി യിലേയ്ക്കുള്ള സംഭാവന ശതമാന ത്തിൽ |
|---|---|---|---|---|---|---|
| സി | തൃതീയ | വ്യാപാരം, റിപ്പയർ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ | 1,49,346.46 | 1,69,930.94 | 13.78 | 18.84 |
| | | റിയൽ എസ്റ്റേറ്റ്, വാസസ്ഥലത്തിന്റെ ഉടമസ്ഥാവകാശം, പ്രൊഫ ഷണൽ സേവനങ്ങൾ | 1,21,417.44 | 1,35,983.85 | 12.00 | 15.08 |
| | | മറ്റുള്ളവ + ഉൽപ്പന്നങ്ങളുടെ നികുതി - സബ്സിഡികൾ | 2,81,913.20 | 3,19,129.77 | 13.20 | 35.38 |
| ഡി | | ജിഎസ്ഡിപി | 7,99,571.11 | 9,01,997.83 | 12.81 | 100.00 |

*ഉറവിടം : ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, കേരള നൽകിയ വിശദാംശങ്ങൾ*

പ്രൈമറി മേഖലയിൽ, മുൻവർഷത്തെ അപേക്ഷിച്ച്, ഖനനവും ക്വാറിയും (22.32 ശതമാനം) ഗണ്യമായ വളർച്ച രേഖപ്പെടുത്തി. വികസനം നിർണ്ണയിക്കുന്നതിൽ നിർണായകമായ കൃഷി, വ്യവസായ മേഖലകൾ പോലുള്ള ജിഎസ്ഡിപിയിലെ ഘടകങ്ങൾ സെക്ടറുകൾക്കിടയിൽ വളരെ പിന്നിലായി തുടരുന്നു. സെക്കന്ററി മേഖലയിലെ എല്ലാ ഘടകങ്ങളിലും ഉണ്ടായ വർദ്ധനമൂലം [ഉൽപ്പാദനം (16.43 ശതമാനം), നിർമ്മാണം (13.81 ശതമാനം), വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ (8.81 ശതമാനം);], ഈ മേഖല 2021-22ൽ നല്ല വളർച്ച രേഖപ്പെടുത്തി.

## 1.3 സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനവും സമീപനവും

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151(2) അനുസരിച്ച് ഒരു സംസ്ഥാനത്തിന്റെ കണക്കുകളുമായി ബന്ധപ്പെട്ട കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ടുകൾ ഗവർണർക്ക് സമർപ്പിക്കേണ്ടതാണ്. ആയത്, ഗവർണർ മുഖേനയാണ് സംസ്ഥാന നിയമസഭയിൽ സമർപ്പിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 151(2) പ്രകാരമാണ് സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട് (എസ്എഫ്എആർ) തയ്യാറാക്കി സമർപ്പിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും പ്രാരംഭ, സബ്സിഡിയറി കണക്കുകൾ സൂക്ഷിക്കുന്നതിന് ഉത്തരവാദിത്തമുള്ളതുമായ ട്രഷറികൾ, ഓഫീസുകൾ, വകുപ്പുകൾ എന്നിവ നൽകിയ വൗച്ചറുകൾ, ചലാനുകൾ, പ്രാരംഭ, സബ്സിഡിയറി കണക്കുകളിൽ നിന്നും, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകളിൽ നിന്നുമാണ് വർഷംതോറും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ) സാമ്പത്തിക കണക്കുകളും ധനവിനിയോഗ കണക്കുകളും തയ്യാറാക്കുന്നത്. ഈ കണക്കുകൾ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) സ്വതന്ത്രമായി ഓഡിറ്റ് ചെയ്യുന്നു. കൂടാതെ സിഎജി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തിക കണക്കുകളും ധനവിനിയോഗ കണക്കുകളും ഈ റിപ്പോർട്ടിന്റെ പ്രധാന ഡാറ്റയാണ്. മറ്റ് ഉറവിടങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.

- സംസ്ഥാനത്തിന്റെ ബഡ്ജറ്റ് : ധനപരമായ ഘടകങ്ങളും വിനിയോഗ മുൻഗണനകളും അതനുസരിച്ചുള്ള ആസൂത്രണങ്ങളും അതോടൊപ്പം അതിന്റെ നടപ്പിലാക്കലുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനും പ്രസക്തമായ നിയമങ്ങളും നിർദ്ദിഷ്ട നടപടിക്രമങ്ങളും പാലിക്കുന്നത് വിലയിരുത്തു ന്നതിനും.

- അക്കൗണ്ടന്റ് ജനറൽ ഓഫീസുകൾ (ഓഡിറ്റ് I ഉം II ഉം) നടത്തിയ ഓഡിറ്റിന്റെ ഫലങ്ങൾ ;

- ഡിപ്പാർട്ട്മെന്റൽ അതോറിറ്റികളിലും ട്രഷറികളിലുമായുള്ള മറ്റ് ഡാറ്റ (അക്കൗണ്ടിംഗും എംഐഎസും);

- ജിഎസ്ഡിപി ഡാറ്റയും സംസ്ഥാനവുമായി ബന്ധപ്പെട്ട മറ്റ് സ്ഥിതി വിവര കണക്കുകളും; ഒപ്പം,

- സിഎജി ഓഫ് ഇന്ത്യയുടെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സർക്കാരിന്റെ ധനകാര്യ വകുപ്പ് സെക്രട്ടറിയുമായി എൻട്രി മീറ്റിംഗ് നടത്തി, ഓഡിറ്റ് സമീപനം വിശദീകരിക്കുകയും കരട് റിപ്പോർട്ട് അഭിപ്രായങ്ങൾക്കായി സംസ്ഥാന സർക്കാരിന് കൈമാറുകയും ചെയ്തു. എക്സിറ്റ് കോൺഫറൻസ് നടത്തുകയും സർക്കാരിന്റെ മറുപടികൾ ഈ റിപ്പോർട്ടിൽ ഉചിതമായ സ്ഥലങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1.4 റിപ്പോർട്ട് ഘടന

സംസ്ഥാന സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട് ഇനിപ്പറയുന്ന അഞ്ച് അദ്ധ്യായങ്ങളായി ക്രമീകരിച്ചിരിക്കുന്നു.

| | |
|---|---|
| **അദ്ധ്യായം I** | **ഉപരിവീക്ഷണം**<br><br>ഈ അദ്ധ്യായം, പ്രധാന സൂചികകളുടെ മാക്രോ-ഫിസ്കൽ വിശകലനവും കമ്മി ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെയും സംസ്ഥാനത്തിന്റെ ധനകാര്യത്തിന്റെയും ഒരു അവലോകനം നൽകുന്നു. |
| **അദ്ധ്യായം II** | **സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥ**<br><br>ഈ അദ്ധ്യായം സംസ്ഥാനത്തിന്റെ വരവും ചെലവും സംബന്ധിച്ച വിശദമായ വിശകലനം നൽകുന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക കണക്കുകളെ അടിസ്ഥാനമാക്കിയുള്ളതാണ്. |
| **അദ്ധ്യായം III** | **ബഡ്ജറ്റ് മുഖേനയുള്ള കാര്യനിർവ്വഹണം**<br><br>ഈ അദ്ധ്യായം സംസ്ഥാനത്തിന്റെ ധനവിനിയോഗവും വകയിരുത്തലു കളുടെ മുൻഗണനകളും അവലോകനം ചെയ്യുകയും, ബഡ്ജറ്റ് നിർവ്വഹണ വുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളെ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ഇത് ധനവിനിയോഗ കണക്കുകളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. |

| | |
|---|---|
| **അദ്ധ്യായം IV** | **അക്കൗണ്ട്സിന്റെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗ് രീതികളും**<br><br>സംസ്ഥാന സർക്കാരിന്റെ വിവിധ അധികാരികൾ നൽകിയ കണക്കുകളുടെ പൂർണ്ണത, ഗുണനിലവാരം, ബാധ്യതകൾ തീർപ്പാക്കാതിരിക്കൽ എന്നിവ യെക്കുറിച്ച് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു. |
| **അദ്ധ്യായം V** | **പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനം**<br><br>ഈ അദ്ധ്യായം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകളിൽ നിന്ന് വെളിപ്പെട്ട സാമ്പത്തിക പ്രകടന ങ്ങളുടെ സംഗ്രഹം അവതരിപ്പിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സംസ്ഥാന ജിഎസ്ഡിപി യിലേക്കുള്ള സംഭാവനയും അവയുടെ പ്രവർത്തനക്ഷമതയുടെ വിശകലനവും ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു. |

## 1.5 സർക്കാർ കണക്കുകളുടെ ഘടനയെക്കുറിച്ചുള്ള ഉപരിവീക്ഷണം

സംസ്ഥാന സർക്കാരിന്റെ കണക്കുകൾ മൂന്ന് ഭാഗങ്ങളായി സൂക്ഷിക്കപ്പെടുന്നു.

1. **സംസ്ഥാനത്തിന്റെ സഞ്ചിതനിധി (ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 266(1))**

   സംസ്ഥാന സർക്കാരിന് ലഭിച്ച എല്ലാ വരുമാനങ്ങളും, സംസ്ഥാന സർക്കാർ സമാഹരിച്ച എല്ലാ വായ്പകളും (മാർക്കറ്റ് വായ്പകൾ, ബോണ്ടുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകൾ, ദേശീയ ചെറുകിട സമ്പാദ്യ നിധിയിലേയ്ക്ക് നൽകിയ പ്രത്യേക സെക്യൂരിറ്റികൾ മുതലായവ), റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് ലഭിച്ച വേയ്സ് ആന്റ് മീൻസ് മുൻകൂറുകൾ, വായ്പ തിരിച്ചടവ് പ്രകാരം സംസ്ഥാന സർക്കാരിന് ലഭിച്ച പണം എന്നിവ ചേർന്നതാണ് ഈ നിധി. ഇന്ത്യൻ ഭരണഘടന നൽകുന്ന നിയമമനുസരിച്ചും ഉദ്ദേശങ്ങൾക്കും അല്ലാതെ ഈ ഫണ്ടിൽ നിന്ന് ഒരു പണവും വിനിയോഗിക്കാനാവില്ല. ചില വിഭാഗത്തിന്റെ ചെലവുകൾ (ഉദാ: ഭരണഘടനാ അധികാരികളുടെ ശമ്പളം, വായ്പ തിരിച്ചടവ് മുതലായവ) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് (ചാർജ്ജ് ചെയ്ത ചെലവുകൾ) ചുമത്തപ്പെട്ടിരിക്കുന്നു. ഇത് നിയമസഭയുടെ വോട്ടിന് വിധേയമല്ലാത്തത് ആണ്. മറ്റ് എല്ലാ ചെലവുകളും (വോട്ട് ചെയ്ത ചെലവുകൾ)നിയമസഭയുടെ വോട്ടിന് വിധേയമാണ്.

2. **സംസ്ഥാനത്തിന്റെ ആകസ്മിക നിധി (ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 267 (2))**

   സംസ്ഥാന നിയമസഭയുടെ അധികാരപ്പെടുത്തൽ പ്രതീക്ഷിച്ചുകൊണ്ട് അപ്രതീക്ഷിത അടിയന്തിര ചെലവുകളെ നേരിടാൻ മുൻകൂർ നൽകുന്നതിന് ഗവർണറുടെ നിയന്ത്രണത്തിൻ കീഴിൽ സമർപ്പിക്കപ്പെടുന്ന ഒരു മുൻകൂർ തുകയാണ് ആകസ്മിക നിധി. സംസ്ഥാനത്തിന്റെ സഞ്ചിതനിധി യുമായി ബന്ധപ്പെട്ട മുഖ്യശീർഷകത്തിൽ നിന്ന് ചെലവ് കുറവ് ചെയ്താണ് ഫണ്ടിൽ നിന്നുണ്ടായ കുറവ് നികത്തുന്നത്.

**3. സംസ്ഥാനത്തിന്റെ പൊതുകണക്കുകൾ (ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 266(2))**

മുകളിൽ പറഞ്ഞവ കൂടാതെ സർക്കാർ ഒരു ബാങ്കർ അല്ലെങ്കിൽ ട്രസ്റ്റി ആയി പ്രവർത്തിക്കുന്നു. സർക്കാരിന് അല്ലെങ്കിൽ സർക്കാരിന് വേണ്ടി ലഭിച്ച മറ്റെല്ലാ പൊതുപണവും പൊതുകണക്കിലേക്ക് നിക്ഷേപിക്കപ്പെടുന്നു. പൊതുകണക്കിൽ, തിരിച്ചു കൊടുക്കേണ്ടതായ ലഘു നിക്ഷേപങ്ങളും പ്രൊവിഡന്റ് ഫണ്ടുകളും കൂടാതെ നിക്ഷേപങ്ങൾ (പലിശയുള്ളതും പലിശരഹിതവും), മുൻകൂറുകൾ, കരുതൽ ഫണ്ടുകൾ (പലിശയുള്ളതും പലിശരഹിതവും), സസ്പെൻസുകൾ, ഒടുക്കൽ ഹെഡുകൾ (ഇവ രണ്ടും താത്ക്കാലികമാണ്, അന്തിമ ബുക്കിംഗ് തീർപ്പുകൽപ്പിച്ചിട്ടില്ല) എന്നിവയും ഉൾപ്പെടുന്നു. സർക്കാരിന്റെ നെറ്റ് ക്യാഷ് ബാലൻസ് പൊതുകണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. പൊതുകണക്കുകൾ നിയമസഭയുടെ വോട്ടിന് വിധേയമല്ല.

പ്രധാന ബഡ്ജറ്റ് രേഖയായ വാർഷിക സാമ്പത്തിക പത്രിക, ഓരോ സാമ്പത്തിക വർഷത്തിലും സർക്കാർ ഉദ്ദേശിക്കുന്ന വരവുകളുടെയും ചെലവുകളുടെയും പത്രികയാണ്. ബഡ്ജറ്റിൽ, റവന്യൂ കണക്കിലെ ചെലവുകളെ മറ്റ് ചെലവുകളിൽ നിന്ന് വേർതിരിക്കേണ്ടതാണ്.

**റവന്യൂ വരവുകളിൽ** നികുതി വരുമാനം, നികുതിയേതര വരുമാനം, കേന്ദ്രനികുതി വിഹിതത്തിന്റെ കൈമാറ്റം, ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള ധനസഹായം എന്നിവ ഉൾപ്പെടുന്നു.

**റവന്യൂചെലവിൽ** ഭൗതികം അല്ലെങ്കിൽ സാമ്പത്തിക ആസ്തികൾ സൃഷ്ടിക്കുന്നതിന് കാരണമാകാത്ത സർക്കാരിന്റെ എല്ലാ ചെലവുകളും ഉൾപ്പെടുന്നു. സർക്കാർ വകുപ്പുകളുടെയും വിവിധ സേവനങ്ങളുടെയും സാധാരണ പ്രവർത്തനത്തിനായുള്ള ചെലവുകൾ, സർക്കാർ കടത്തിന് പലിശ അടയ്ക്കൽ, വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റുകൾ എന്നിവയുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു (ചില ഗ്രാന്റുകൾ ആസ്തികൾ സൃഷ്ടിക്കുന്നതിന് വേണ്ടിയാണെങ്കിലും).

മൂലധന വരവുകളിൽ ഉൾപ്പെട്ടിട്ടുള്ളത് :

- **കടം വരവുകൾ** : മാർക്കറ്റ് വായ്പകൾ, ബോണ്ടുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, വേയ്സ് ആന്റ് മീൻസ് അഡ്വാൻസുകളുടെ താഴെയുള്ള അറ്റഇടപാടുകൾ, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകൾ തുടങ്ങിയവ.

- **കടമിതര വരവുകൾ** : ഓഹരി വിറ്റഴിക്കൽ, വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചുപിടിക്കൽ;

**മൂലധന ചെലവിൽ** ഭൂമി, കെട്ടിടം, യന്ത്രങ്ങൾ, ഉപകരണങ്ങൾ ഏറ്റെടുക്കുന്നതിനുള്ള/നിർമ്മിക്കുന്നതിനുള്ള ചെലവ്, ഓഹരികളിലെ മുതൽമുടക്ക്, പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റു കക്ഷികൾക്കും സർക്കാർ നൽകുന്ന വായ്പകളും മുൻകൂറുകളും തുടങ്ങിയവ ഉൾപ്പെടുന്നു.

ഗവൺമെന്റ് അക്കൗണ്ടുകളുടെ ഘടന ചുവടെയുള്ള **ചാർട്ട് 1.2**ൽ അവതരിപ്പിച്ചിരിക്കുന്നു.

**ചാർട്ട് 1.2 : സർക്കാർ കണക്കുകളുടെ ഘടന**




## 1.6 സംസ്ഥാന സർക്കാരിന്റെ ധനകാര്യങ്ങളുടെ സ്നാപ്പ്ഷോട്ട്

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ വിവിധ വശങ്ങളുടെ ഒരു സ്നാപ്പ് ഷോട്ട് താഴെ കൊടുത്തിരിക്കുന്നു.

### 1.6.1 2021-22ലെ സാമ്പത്തിക ഫലങ്ങളുടെ സ്നാപ്പ് ഷോട്ട്

2021-22 വർഷത്തെ യഥാർത്ഥ സാമ്പത്തിക ഫലങ്ങളുടെ വിശദാംശങ്ങളുടെ ഒരു സ്നാപ്പ് ഷോട്ട് ചുവടെയുള്ള **ചാർട്ട് 1.3**ൽ നൽകിയിരിക്കുന്നു.

## ചാർട്ട് 1.3 : സാമ്പത്തിക ഫലങ്ങളുടെ സ്നാപ്പ് ഷോട്ട്

**(₹കോടിയിൽ)**




**31 മാർച്ച് 2022ലെ മൊത്തം ബാധ്യതകൾ = 2,34,479.86 + 1,22,912.90 + 25,874.39 = 3,83,267.15 കോടി**

**ഫലത്തിൽ ജിഎസ്ടി നഷ്ടപരിഹാരം ഒഴികെയുള്ള ആകെ ബാധ്യതകൾ = 3,68,761.84 കോടി**

**റവന്യൂ കമ്മി = റവന്യൂ ചെലവുകൾ – റവന്യൂ വരവുകൾ = 29,539.27 കോടി**

**ധനകമ്മി = മൊത്തം റവന്യൂ – മൊത്തം ചെലവുകൾ = 46,045.78 കോടി**

**പ്രാഥമിക കമ്മി = ധനകമ്മി – പലിശ അടവ് = 22,742.96 കോടി**

*ഈ അദ്ധ്യായത്തിലെ ഖണ്ഡിക 1.8.1ൽ വിവരിച്ചിരിക്കുന്നതുപോലെ ഓഡിറ്റ് വിശകലനത്തിന് ശേഷം ധനകമ്മിയും റവന്യൂ കമ്മിയും യഥാക്രമം ₹62,415.21 കോടി, ₹30,007.35 കോടി എന്നിങ്ങനെ വർദ്ധിച്ചു. ജിഎസ്ടി നഷ്ടപരിഹാരത്തിന് പകരമായി ബാക്ക് ടു ബാക്ക് ലോണായി ലഭിച്ച ₹8,739.31 കോടിയുമായി ഇത് ചേർത്തു വായിക്കാം.*

*ഖണ്ഡിക 1.8.2 ൽ വിവരിച്ചിരിക്കുന്ന പ്രകാരം കിഫ്ബിയും കെ എസ് എസ് പി എല്ലും എടുത്ത ബഡ്ജറ്റിനു പുറത്തുള്ള കടം, ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം എന്നിവ വഴി കുടിശ്ശികയുള്ള ബാധ്യതകൾ ₹3,83,267.15 കോടിയായി വർദ്ധിച്ചു. ബാക്ക് ടു ബാക്ക് ലോണായി ലഭിച്ച ₹14,505.31 കോടി ജിഎസ്ടി നഷ്ട പരിഹാരം ഒഴിവാക്കിയാൽ ഫലപ്രദമായ കുടിശ്ശിക ബാധ്യതകൾ ₹3,68,761.84 കോടി ആയിരിക്കും.*

### 1.6.2 സാമ്പത്തികകാര്യങ്ങളുടെ യഥാർത്ഥ ചിത്രം

2020-21ലെ യഥാർത്ഥ ചെലവുകളുമായി താരതമ്യപ്പെടുത്തിയ 2021-22ന്റെ എസ്റ്റിമേറ്റുകൾക്കെതിരെയുള്ള ഫലങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 1.4** നൽകുന്നു. അഞ്ച് വർഷത്തെ വിശദാംശങ്ങൾ **അനുബന്ധം 1.2**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1.4 : സാമ്പത്തിക കാര്യങ്ങളുടെ സ്നാപ്പ് ഷോട്ട്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഘടകങ്ങൾ | 2020-21 (യഥാർത്ഥത്തിലുള്ളത്) | 2021-22 (ബഡ്ജറ്റ് എസ്റ്റിമേറ്റ്) | 2021-22 (യഥാർത്ഥത്തിലുള്ളത്) | ബഡ്ജറ്റ് എസ്റ്റിമേറ്റിൽ യഥാർത്ഥ കണക്ക് ശതമാനത്തിൽ | ജിഎസ്ഡിപിയിൽ 2021-22ലെ യഥാർത്ഥ കണക്ക് ശതമാനത്തിൽ |
|---|---|---|---|---|---|---|
| **1.** | **നികുതി വരുമാനം** | **59,221.24** | **84,645.36** | **76,160.61** | **89.98** | **8.44** |
| i | തനതു നികുതി വരുമാനം | 47,660.84 | 71,833.28 | 58,340.52 | 81.22 | 6.47 |
| ii | കേന്ദ്ര നികുതികളുടെ/ ചുങ്കങ്ങളുടെ വിഹിതം | 11,560.40 | 12,812.08 | 17,820.09 | 139.09 | 1.98 |
| 2 | നികുതിയേതര വരുമാനം | 7,327.31 | 14,335.79 | 10,462.51 | 72.98 | 1.16 |
| 3. | ധനസഹായങ്ങളും സംഭാവനകളും | 31,068.28 | 31,999.91 | 30,017.12 | 93.80 | 3.33 |
| **4.** | **റവന്യൂവരവുകൾ (1+2+3)** | **97,616.83** | **1,30,981.06** | **1,16,640.24** | **89.05** | **12.93** |
| 5. | വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചു പിടിക്കൽ | 263.82 | 303.64 | 479.24 | 157.83 | 0.05 |
| 6. | മറ്റു വരവുകൾ | 34.15 | 50.10 | 60.27 | 120.30 | 0.01 |
| 7. | കടങ്ങളും മറ്റു ബാധ്യതകളും | 40,969.69 | 30,697.59 | 46,045.78 | 150.00 | 5.10 |
| 8. | **മൂലധന വരവുകൾ (5+6+7)** | **41,267.66** | **31,051.33** | **46,585.29** | **150.03** | **5.16** |
| **9** | **ആകെ വരവുകൾ (4+8)** | **1,38,884.49** | **1,62,032.39** | **1,63,225.53** | **100.74** | **18.10** |
| **10.** | **റവന്യൂ ചെലവുകൾ** | **1,23,446.33** | **1,47,891.18** | **1,46,179.51** | **98.84** | **16.21** |
| 11. | പലിശ നൽകൽ (ക്രമ നമ്പർ 10ൽ ഉൾപ്പെടുത്തിയത്) | 20,975.36 | 21,940.20 | 23,302.82 | 106.21 | 2.58 |
| **12.** | **മൂലധന ചെലവുകൾ** | **15,438.16** | **14,141.21** | **17,046.02** | **120.54** | **1.89** |
| 13 | മൂലധന വിഹിതം | 12,889.65 | 12,596.27 | 14,191.73 | 112.67 | 1.57 |
| 14 | വായ്പകളും മുൻകൂറുകളും | 2,548.51 | 1,544.94 | 2,854.29 | 184.75 | 0.32 |
| 15 | ആകെ ചെലവുകൾ (10+12) | 138,884.49 | 1,62,032.39 | 1,63,225.53 | 100.74 | 18.10 |
| 16 | റവന്യൂ കമ്മി (4-10) | 25,829.50 | 16,910.12 | 29,539.27 | 174.68 | 3.27 |
| 17 | ധന കമ്മി {15-(4+5+6)} | 40,969.69 | 30,697.59 | 46,045.78 | 150.00 | 5.10 |
| 18 | പ്രാഥമിക കമ്മി (17-11) | 19,994.33 | 8,757.39 | 22,742.96 | 259.70 | 2.52 |

*ഉറവിടം : 2020-21, 2021-22 സാമ്പത്തിക കണക്കുകൾ പത്രിക 2.*

ജിഎസ്ടി നടപ്പാക്കിയതുമൂലമുണ്ടായ വരുമാനനഷ്ടത്തിനുള്ള നഷ്ടപരിഹാരമായി സംസ്ഥാനത്തിന് 2021-22 കാലയളവിൽ മൊത്തം ₹12,594.86 കോടി ലഭിച്ചു. ഇതിൽ, ₹3,855.55 കോടി റവന്യൂ വരവുകൾക്ക് കീഴീൽ ഗ്രാന്റായി സംസ്ഥാനത്തിന് ലഭിച്ചു. എന്നിരുന്നാലും, 2021-22 വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ കടം വരവുകൾക്ക് കീഴിൽ സംസ്ഥാനത്തിന് ₹8,739.31 കോടിയുടെ ബാക്ക്-ടു-ബാക്ക് ലോൺ ലഭിച്ചു. ഇതിന്റെ തിരിച്ചടവ് ബാധ്യത ജി എസ് ടി കോമ്പൻസേഷൻ ഫണ്ടിൽ പിരിച്ചെടുത്ത സെസ്സിൽ നിന്നാണ് നിറവേറ്റേണ്ടത്, അല്ലാതെ സംസ്ഥാനത്തിന്റെ മറ്റ് ഉറവിടങ്ങളിൽ നിന്നല്ല. ഈ ക്രമീകരണങ്ങൾ കാരണം, 2021-22 വർഷത്തിലെ ₹29,539.27 കോടിയുടെ റവന്യൂകമ്മിയേയും ₹46,045.78 കോടിയുടെ ധനകമ്മിയേയും ജി എസ് ടി നഷ്ട പരിഹാരത്തിന് പകരമായി ലഭിച്ച ₹8,739.31 കോടിയുടെ കടംവരവുകളോട് ചേർത്ത് വായിക്കേണ്ടതാണ്.

മുൻവർഷത്തെ അപേക്ഷിച്ച് 2021-22ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ₹19,023.41 കോടി (19.49 ശതമാനം) വർദ്ധിച്ചെങ്കിലും റവന്യൂചെലവിൽ ₹22,733.18 കോടിയുടെ (18.42 ശതമാനം) ഗണ്യമായ വർദ്ധനയുണ്ടായി. ഇത് കാരണം ഈ വർഷം റവന്യൂ കമ്മി ₹3,709.77 കോടിയും ധനകമ്മി ₹5,076.09 കോടിയും വർദ്ധിച്ചു.

### 1.6.3 2021-22 വരവുകളുടെയും ചെലവുകളുടെയും സംഗ്രഹം

ചുവടെയുള്ള പട്ടിക 1.5 2021-22 വർഷത്തിലെ വരവുകളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ നൽകുന്നു.

**പട്ടിക 1.5 : 2021-22 കാലയളവിലെ വരവുകളുടെയും ചെലവുകളുടെയും സംഗ്രഹം**

***(₹കോടിയിൽ)***

| ക്രമ നമ്പർ | വരവുകൾ | തുക | ചെലവ് | തുക |
|---|---|---|---|---|
| | **ഭാഗം എ** | | | |
| 1 | റവന്യൂ വരവുകൾ | 1,16,640.24 | റവന്യൂ ചെലവുകൾ | 1,46,179.51 |
| 2 | റവന്യൂ കമ്മി | 29,539.27 | | |
| **3** | **ആകെ** | **1,46,179.51** | **ആകെ** | **1,46,179.51** |
| | **ഭാഗം ബി** | | | |
| 4 | മുന്നിരിപ്പ് പണം | 4,967.98 | റവന്യൂകമ്മി | 29,539.27 |
| 5 | പലവക മൂലധന വരവുകൾ | 60.27 | മൂലധന വിഹിതം | 14,191.73 |
| 6 | വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചടവ് | 479.24 | വായ്പകളും മുൻകൂറുകളും നൽകിയത് | 2,854.29 |
| 7 | പൊതുകടം വരവുകൾ | 64,932.14 | പൊതുകടം തിരിച്ചടവ് | 35,900.00 |
| 8 | പൊതുകണക്ക് വരവുകൾ | 3,55,961.24 | പൊതുകണക്കിൽ നിന്നുള്ള ചെലവുകൾ | 3,36,440.12 |
| 9 | | | പണത്തിന്റെ അന്തിമ നീക്കിയിരിപ്പ് | 7,475.46 |
| **10** | **ആകെ** | **4,26,400.87** | **ആകെ** | **4,26,400.87** |

*ഉറവിടം : 2021-22ലെ സാമ്പത്തിക കണക്കുകൾ പത്രിക 2.*

### 1.6.4 ആസ്തികളുടെയും ബാധ്യതകളുടെയും 2022 മാർച്ച് 31ലെ സ്നാപ്പ് ഷോട്ട്

നിലവിലുള്ള സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ, സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും ഭൂമിയും പോലെയുള്ള സ്ഥിര ആസ്തികളുടെ സമഗ്രമായ അക്കൗണ്ടിംഗ് നടക്കുന്നില്ല. എന്നിരുന്നാലും, സർക്കാരിന്റെ സാമ്പത്തിക ബാധ്യതകളും ചെലവഴിച്ച തുകയിൽ നിന്നും നിർമ്മിച്ച ആസ്തികളും സർക്കാർ കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2022 മാർച്ച് 31ലെ ബാധ്യതകളുടെയും ആസ്തികളുടെയും സാരാംശം **പട്ടിക 1.6**ലും **ചാർട്ട് 1.4**ലും നൽകിയിരിക്കുന്നു. ബാധ്യതകൾ പ്രധാനമായും ആഭ്യന്തര വായ്പകളും, ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, പൊതുകണക്കിൽ നിന്നുള്ള വരവുകൾ എന്നിവ ഉൾക്കൊള്ളുമ്പോൾ, ആസ്തികളിൽ പ്രധാനമായും മൂലധന വിഹിതവും സംസ്ഥാന സർക്കാർ നൽകുന്ന വായ്പകളും മുൻകൂറുകളും അതുകൂടാതെ സർക്കാരിന്റെ മിച്ചം പണവും ഉൾപ്പെട്ടിരിക്കുന്നു.

**ചാർട്ട് 1.4 ആസ്തികളുടെയും ബാധ്യതകളുടെയും സ്ഥിതി**

***(₹കോടിയിൽ)***




2022 മാർച്ച് 31 വരെ സംസ്ഥാന സർക്കാരിന് അതിന്റെ പ്രവർത്തനങ്ങൾക്കായി ₹3,60,360.30[1] കോടിയുടെ സഞ്ചിത ബാധ്യതകൾ ഉണ്ട്. ഇതിനെതിരെ മൂലധനം സൃഷ്ടിക്കുന്നതിനായി ₹1,07,707.11 കോടി (29.89 ശതമാനം) മാത്രമാണ് ഉപയോഗിച്ചത്. സംസ്ഥാനത്തിന്റെ സഞ്ചിത റവന്യൂ കമ്മി നികത്താൻ ₹2,21,543.69 കോടി (61.48 ശതമാനം) ഉപയോഗിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഓരോ സാമ്പത്തിക വർഷത്തിലും 61 ശതമാനത്തിലധികം അധിക ബാധ്യതകൾ അതിന്റെ റവന്യൂ ചെലവുകൾ നിറവേറ്റുന്നതിനായി സൃഷ്ടിക്കപ്പെടുന്നു. 2021-22ലും ഇതേ രീതി ആവർത്തിക്കുന്നു. അതിൽ സൃഷ്ടിച്ച അധിക ബാധ്യതകളുടെ 61.48 ശതമാനവും സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിനാണ്.

[1] ആകസ്മിക നിധി (₹100 കോടി), നീക്കി വെച്ച ഫണ്ടുകളുടെ നിക്ഷേപങ്ങൾ (₹2,545.51 കോടി), സസ്പെൻസും പലവകകളും (₹322.03 കോടി) എന്നിവ ഉൾപ്പെടുത്തിയതിനാൽ ഖണ്ഡിക 1.7-ൽ പരാമർശിച്ചിരിക്കുന്ന മൊത്തം ബാധ്യതകളിൽ നിന്നും (₹3,57,392.76 കോടി) ഇത് വ്യത്യാസപ്പെട്ടിരിക്കുന്നു.

**പട്ടിക 1.6: 2022 മാർച്ച് 31ലെ ആസ്തികളുടെയും ബാധ്യതകളുടെയും പത്രിക**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ബാധ്യതകൾ | തുക | ആസ്തികൾ | | തുക |
|---|---|---|---|---|---|
| 1 | സഞ്ചിതനിധി ബാധ്യതകൾ | 2,34,479.86 | സഞ്ചിതനിധി ആസ്തികൾ | | 1,29,807.55 |
| 2 | ആകസ്മിക നിധി | 100.00 | പൊതുകണക്ക്, നീക്കിയിരിപ്പ് തുക, നിക്ഷേപങ്ങൾ തുടങ്ങിയവ | | 9,009.06 |
| 3 | പൊതുകണക്ക് ബാധ്യതകൾ | 1,25,780.44 | കഴിഞ്ഞ വർഷം വരെയുള്ള സഞ്ചിത കമ്മി | 1,92,003.62 | |
| 4 | | | തൻ വർഷത്തേയ്ക്കുള്ള കമ്മി | 29,540.07 | 2,21,543.69 |
| 5 | **ആകെ ബാധ്യതകൾ** | 3,60,360.30 | **ആകെ ആസ്തികൾ** | | 3,60,360.30 |

ആസ്തികളുടെയും ബാധ്യതകളുടെയും സംഗ്രഹിച്ച സ്ഥിതി **അനുബന്ധം 1.3**ൽ നൽകിയിരിക്കുന്നു. 2021-22ൽ മൂലധന ആസ്തികൾ 15.10 ശതമാനം വർദ്ധിച്ചു. ഈ വർഷം മൊത്തം ബാധ്യതകളിൽ 15.73 ശതമാനം വർദ്ധനവുണ്ടായി. വർഷാവസാനം സംസ്ഥാനത്തിന്റെ നീക്കിയിരുപ്പ് തുക 50.47 ശതമാനം വർദ്ധിച്ച് ₹7,475.46 കോടിയായി.

## 1.7 ധന നീക്കിയിരിപ്പ് : കമ്മിയുടെ നിർവ്വഹണവും മൊത്തം കടലക്ഷ്യവും

ഒരു സർക്കാർ വരുമാനമാർഗ്ഗത്തിലൂടെ ശേഖരിക്കുന്നതിനേക്കാൾ കൂടുതൽ ചെലവഴിക്കുമ്പോൾ, അത് ഒരു കമ്മി ഉണ്ടാക്കുന്നു. സർക്കാരിന്റെ കമ്മി കണക്കാക്കാൻ വിവിധ അളവുകോലുകളുണ്ട്.

സാമ്പത്തിക ഉത്തരവാദിത്വ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള റവന്യൂകമ്മിയുടെയും ധനകമ്മിയുടെയും ലക്ഷ്യവും 2021-22-ൽ അതിന്റെ പ്രാപ്തിയും കൂടാതെ കമ്മിയുടെ വ്യാപ്തി, പ്രവണതകൾ, അത് നികത്തുന്ന വിധം എന്നിവയും താഴെ വിശദീകരിച്ചിരിക്കുന്നു.

### 1.7.1 റവന്യൂ കമ്മി

റവന്യൂ കമ്മി സഞ്ചിതനിധിയിലെ റവന്യൂ ചെലവുകളും റവന്യൂ വരവുകളും തമ്മിലുള്ള വ്യത്യാസത്തെ സൂചിപ്പിക്കുന്നു. സർക്കാർ റവന്യൂ കമ്മി നേരിടുമ്പോൾ ആയത് സൂചിപ്പിക്കുന്നത് സർക്കാർ മിച്ചം വയ്ക്കാതിരിക്കുകയും അതിന്റെ ദൈനംദിന ചെലവുകളുടെ ഒരു ഭാഗം നേരിടാൻ സമ്പദ്വ്യവസ്ഥയുടെ മറ്റ് മേഖലകളിൽ നിന്നുള്ള മിച്ചത്തെ ഇതിലേക്ക് ഉപയോഗിക്കുന്നു എന്നതുമാണ്. 2020-21ൽ ₹25,829.50 കോടിയായിരുന്ന റവന്യൂകമ്മി 2021-22ൽ ₹29,539.27 കോടിയായി. 2020-21നെ അപേക്ഷിച്ച് 2021-22 വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ₹3,709.77 കോടി (14.36 ശതമാനം) വർദ്ധിച്ചു. ദൈനംദിന കാര്യങ്ങൾക്ക് സർക്കാർ കടമെടുക്കേണ്ടിവരുമെന്ന് ഇത് സൂചിപ്പിക്കുന്നു.

### 1.7.2 ധനകമ്മി

ധനകമ്മി എന്നത് സഞ്ചിതനിധിയിലെ മൊത്തം വരവും (വായ്പകൾ ഒഴികെ) മൊത്തം ചെലവും തമ്മിലുള്ള അന്തരമാണ്. അതിനാൽ, ഈ അന്തരം, എത്രത്തോളം വായ്പകൾ എടുത്താണ് ചെലവുകൾ നടത്തുന്നത് എന്നതിനെ സൂചിപ്പിക്കുന്നു. 2020-21ലെ ₹40,969.69 കോടിയുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർഷത്തെ ധനകമ്മി ₹46,045.78 കോടിയാണ്. 2021-22 വർഷത്തിൽ, സർക്കാരിന്റെ മൊത്തം വായ്പ കളെ പ്രതിനിധീകരിക്കുന്ന ധനകമ്മി മുൻവർഷത്തെ അപേക്ഷിച്ച് ₹5,076.09 കോടി (12.39 ശതമാനം) വർദ്ധിച്ചു, മുൻവർഷത്തെ 5.12 ശതമാനത്തിൽ നിന്ന് നടപ്പുവർഷം ധനകമ്മി/ ജിഎസ്ഡിപി അനുപാതം 5.10 ശതമാനമായി. 2021-22 വർഷത്തിൽ സംസ്ഥാനത്തിന് ₹46,045.78 കോടിയുടെ ധനകമ്മി ഉണ്ടായി. 2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷത്തെ കാലയളവിൽ ഇത് ഏറ്റവും ഉയർന്നതാണ്. ധനകമ്മിയിലെ വർദ്ധനവ് കടം എടുക്കുന്നതിലേക്കും സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതകളുടെ വർദ്ധനവിലേക്കും നയിച്ചു.

### 1.7.3 പ്രാഥമിക കമ്മി

ധനകമ്മിയിൽ നിന്ന് പലിശ നൽകൽ കുറച്ച് കിട്ടുന്നതാണ് പ്രാഥമിക കമ്മി. 2021-22 വർഷത്തെ പ്രാഥമിക കമ്മി ₹22,742.96 കോടിയായിരുന്നു. ധനകമ്മിയായ ₹46,045.78 കോടിയിൽ ₹22,742.96 കോടി മാത്രമാണ് വളർച്ചയ്ക്കും വികസന പ്രവർത്തന ങ്ങൾക്കുമായി ലഭ്യമായത്. പ്രാഥമിക കമ്മി 2020-21ൽ ₹19,994.33 കോടിയിൽ നിന്ന് 2021-22ൽ ₹22,742.96 കോടിയായി വർദ്ധിച്ചു. വർദ്ധനവ് ₹2,748.63 കോടി (13.75 ശതമാനം) ആയിരുന്നു. സംസ്ഥാന സർക്കാരിന്റെ കടമെടുക്കൽ ആവശ്യകത വർഷങ്ങളായി വർദ്ധിച്ചുവെന്ന് ഇത് സൂചിപ്പിക്കുന്നു.

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ കമ്മികളുടെ പ്രവണത **അനുബന്ധം 1.4**ൽ നൽകിയിരിക്കുന്നു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ കമ്മി സൂചകങ്ങളിലെ പ്രവണതകൾ **ചാർട്ട് 1.5**ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.5 കമ്മി സൂചകങ്ങളിലെ പ്രവണതകൾ**




| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| റവന്യൂ കമ്മി | -16,928.21 | -17,461.92 | -14,495.25 | -25,829.50 | -29,539.27 |
| ധന കമ്മി | -26,837.41 | -26,958.31 | -23,837.47 | -40,969.69 | -46,045.78 |
| പ്രാഥമിക കമ്മി | -11,717.48 | -10,210.39 | -4,622.77 | -19,994.33 | -22,742.96 |

*ഉറവിടം : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ.*

### 1.7.4 കമ്മി നികത്തുന്ന വിധം

കമ്മി നികത്താൻ എടുക്കുന്ന വായ്പകൾ സർക്കാരിനെ കടബാധ്യതയിലേക്ക് നയിക്കുന്നു. കമ്മി, കടം എന്നീ ആശയങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കടബാധ്യത വർദ്ധിപ്പിക്കുന്ന ഒരു ഒഴുക്കാണ് കമ്മി എന്നു കരുതാം. സർക്കാർ വർഷംതോറും കടം വാങ്ങുന്നത് തുടരുകയാണെങ്കിൽ, അത് കടം കൂടുന്നതിലേക്ക് നയിക്കുകയും കൂടാതെ സർക്കാരിന് കൂടുതൽ പലിശ നൽകേണ്ടതായും വരുന്നു. ഈ പലിശയടവുകൾ തന്നെ കടത്തിന് കാരണമാകുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകളിൽ സഞ്ചിതനിധി ബാധ്യതകളും പൊതുകണക്കിലെ ബാധ്യതകളും ഉൾപ്പെടുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 2021-22 വർഷത്തെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 1.7**ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.7 സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ**

| | സാമ്പത്തിക ബാധ്യതകൾ | തുക കോടിയിൽ | | |
|---|---|---|---|---|
| | | 2020-21 | 2021-22 | വ്യത്യാസം വർദ്ധനവ് (+) കുറവ് (-) |
| എ | ആകെ സഞ്ചിതനിധി ബാധ്യതകൾ | 2,05,447.73 | 2,34,479.86 | 29,032.13 |
| i | വിപണി വായ്പകൾ | 1,65,402.04 | 1,83,522.04 | 18,120.00 |
| ii | ഇന്ത്യ ഗവൺമെന്റിൽ നിന്നുള്ള വായ്പകൾ | 1,4973.64* | 23,688.27* | 8,714.63 |
| iii | മറ്റ് വായ്പകൾ | 25,072.05 | 27,269.55 | 2,197.50 |
| ബി | ഓഫ് ബഡ്ജറ്റ് വായ്പകൾ | 16,459.43 | 25,874.39 | 9,414.96 |
| സി | ആകെ പൊതുകണക്ക് ബാധ്യതകൾ | 1,02,938.28 | 1,22,912.90 | 19,974.62 |
| i | ചെറുകിട നിക്ഷേപങ്ങൾ, പി. എഫ്. തുടങ്ങിയവ | 97,219.13 | 1,15,666.60 | 18,447.47 |
| ii | പലിശ വഹിക്കുന്ന ബാധ്യതകൾ | 719.89 | 472.25 | (-)247.64 |
| iii | നിക്ഷേപങ്ങളും മറ്റ് നീക്കിവച്ച ഫണ്ടുകളും പോലുള്ള പലിശയില്ലാത്ത ബാധ്യതകൾ | 4,999.26 | 6,774.05 | 1,774.79 |
| | ആകെ (എ+ബി+സി) | 3,24,845.44 | 3,83,267.15 | 58,421.71 |

* ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഏതൊരു മാനദണ്ഡം കണക്കാക്കുന്നതിനും ജി എസ് ടി നഷ്ട പരിഹാരമായി ഭാരതസർക്കാരിൽ നിന്നും സംസ്ഥാനത്തിന് കടംവരവുകളുടെ കീഴിൽ നൽകിയിട്ടുള്ള ₹14,505.31 കോടി ബാക്ക്-ടു-ബാക്ക് ലോൺ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ചെലവ് വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ, ഫലത്തിൽ 2021-22 വർഷത്തിൽ ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും ₹9,182.96 കോടി (₹23,688.27 കോടി – ₹5,766 കോടി – ₹8,739.31 കോടി) ആകുന്നതാണ്.

2020-21നെ അപേക്ഷിച്ച് സഞ്ചിതനിധി ബാധ്യതകൾ 14.13 ശതമാനവും പൊതു കണക്ക് ബാധ്യതകൾ 19.40 ശതമാനവും വർദ്ധിച്ചു.

### 1.7.5 സാമ്പത്തിക ലക്ഷ്യങ്ങളുടെ കൈവരിക്കൽ

റവന്യൂകമ്മിയുടെ പുരോഗമനപരമായ നിർമ്മാർജ്ജനവും സുസ്ഥിരമായ വായ്പാ മാനേജ്മെന്റും, ധനകാര്യസ്ഥിരത, സർക്കാരിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത, ഒരു മിതകാല ചട്ടക്കൂടും അതിനോട് ബന്ധപ്പെട്ട മറ്റ് കൂടുതൽ ഉറപ്പുള്ള സാമ്പത്തിക നയത്തിന്റെ നടപ്പിലാക്കൽ എന്നിവയിലൂടെ ധനകാര്യ മാനേജ് മെന്റിൽ വിവേകവും ധനകാര്യസ്ഥിരതയും ഉറപ്പാക്കാൻ വേണ്ടിയാണ് സംസ്ഥാന സർക്കാർ സാമ്പത്തിക ഉത്തരവാദിത്ത നിയമം, 2003 നടപ്പിലാക്കിയത്. തുടർച്ചയായി വന്ന ധനകാര്യകമ്മീഷനുകൾ നിർദ്ദേശിക്കുന്ന ധനപരമായ മാനദണ്ഡങ്ങൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ അതിന്റെ സാമ്പത്തിക ഉത്തരവാദിത്ത നിയമം കാലാകാലങ്ങളിൽ ഭേദഗതി ചെയ്തിട്ടുണ്ട്.

കേരള സാമ്പത്തിക ഉത്തരവാദിത്ത (ഭേദഗതി) നിയമം 2022 അനുസരിച്ച് 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ സർക്കാർ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുകയും, അതാത് വർഷങ്ങളിലെ ജിഎസ്ഡിപിയുടെ 0.50 ശതമാനം, 0.80 ശതമാനം, 1.20 ശതമാനം, 1.70 ശതമാനം, 2.50 ശതമാനം എന്ന ക്രമത്തിൽ റവന്യൂമിച്ചം ഉണ്ടാക്കുകയും ചെയ്യണം. എന്നിരുന്നാലും 2021-22 കാലഘട്ടത്തിലെ റവന്യൂകമ്മി/ ജിഎസ്ഡിപി അനുപാതം (-)3.27 ശതമാനമായിരുന്നു. ഇത് കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സംസ്ഥാനം വളരെ പിന്നിൽ ആണെന്നതിന്റെ സൂചനയാണ്.

കെഎഫ്ആർ (ഭേദഗതി) നിയമം, 2022ൽ ലക്ഷ്യമിടുന്ന പ്രധാന സാമ്പത്തിക പാരമീറ്ററുകളും അവയുടെ യഥാർത്ഥ വിവരങ്ങളും പട്ടിക 1.8ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.8 കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളുടെ പാലനം**

| ക്രമ നമ്പർ | ധനപരമായ മാനദണ്ഡങ്ങൾ | ധനപരമായ ലക്ഷ്യങ്ങൾ | യഥാർത്ഥത്തിലുള്ളത് | | | | |
|---|---|---|---|---|---|---|---|
| | | | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 1 | റവന്യൂ കമ്മി | പൂജ്യം | (-)16,928.21 | (-)17,461.92 | (-)14,495.25 | (-)25,829.50 | (-)29,539.27 |
| 2 | ധനകമ്മി (ജിഎസ്ഡിപിയുടെ ശതമാനത്തിൽ) | 3 ശതമാനം (2019-20 വരെ) | 3.83 | 3.42 | 2.89 | - | - |
| 3 | | 5 ശതമാനം (2020-21ൽ) 4 ശതമാനം 2021-22ൽ | - | - | - | 5.12 | 5.10 |
| 4 | ജിഎസ്ഡിപിയുമായുള്ള ആകെ വായ്പ കുടിശ്ശികയുടെ അനുപാതം (ശതമാനത്തിൽ) | 34.70 ശതമാനം 2021-22ൽ[2] | 30.58 | 30.65 | 32.19 | 37.85 | 38.01 |

*ഉറവിടം : സാമ്പത്തിക കണക്കുകൾ പത്രിക 2, കെഎഫ്ആർ ആക്റ്റ്.*

ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഏതൊരു മാനദണ്ഡം കണക്കാക്കുന്നതിനും ജിഎസ്ടി നഷ്ടപരിഹാരമായി ഭാരതസർക്കാരിൽ നിന്നും സംസ്ഥാനത്തിന്

[2] 30.40 ശതമാനം 2017-18ൽ, 30.01 ശതമാനം 2018-19ൽ, 29.67 ശതമാനം 2019-20 ലും 2020-21ലും

കടംവരവുകൾക്ക് കീഴിൽ 2021-22ൽ നൽകിയിട്ടുള്ള ₹14,505.31 കോടിയുടെ ബാക്ക് ടു ബാക്ക് ലോൺ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരതസർക്കാരിന്റെ ചെലവ് വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ, ഇത് ഒഴിവാക്കിയിട്ടാണ് മൊത്തം കടത്തിന്റെ ജിഎസ്ഡിപിയുമായിട്ടുള്ള അനുപാതം (38.01 ശതമാനം) കണക്കാക്കിയിരിക്കുന്നത്.

സംസ്ഥാന സർക്കാർ, ബഡ്ജറ്റിൽ കിഫ്ബി (₹13,066.18 കോടി), കെ.എസ്.എസ്.പി.എൽ (₹11,206.49 കോടി) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം (₹1,601.72 കോടി) എന്നിവ വഴി എടുത്ത ഓഫ് ബഡ്ജറ്റ് വായ്പകളെക്കുറിച്ച് ഒരു വെളിപ്പെടുത്തലുകളും നടത്തിയിട്ടില്ല. ഇത് സർക്കാരിന്റെ മൊത്തം വായ്പകളിൽ ₹25,874.39 കോടിയുടെ ബാധ്യത കുറച്ചു കാണിക്കാൻ ഇടയാക്കി. സംസ്ഥാനത്തിന്റെ ഓഫ് ബഡ്ജറ്റ് കടമെടുക്കൽ (ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റത്തിൽ മാറ്റി വെച്ച ബാധ്യതകൾ ഉൾപ്പെടെ) കണക്കിലെടുക്കുമ്പോൾ ഈ വർഷത്തെ കടം/ജിഎസ്ഡിപി അനുപാതം 40.88 ശതമാനം ആണ് (ബാക്ക് ടു ബാക്ക് ലോൺ ₹14,505.31 കോടി ഒഴികെ).

വർഷങ്ങളായി കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിൽ നിർദ്ദേശിച്ചുവരുന്ന ലക്ഷ്യം റവന്യൂകമ്മി പൂർണ്ണമായും ഇല്ലാതാക്കുകയും റവന്യൂമിച്ചം നേടുകയും ചെയ്യുക എന്നതാണ്. എന്നിരുന്നാലും, 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ സംസ്ഥാനം റവന്യൂകമ്മി ആയി തുടർന്നു. 2019-20 ഒഴികെ, 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ സംസ്ഥാനം ഈ നിയമത്തിലെ ധനലക്ഷ്യം നേടിയില്ല. ഈ കാലയളവിൽ ജിഎസ്ഡിപിയുമായുള്ള ആകെ കടം കുടിശ്ശികയുടെ അനുപാതം, നിയമത്തിൽ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യത്തേക്കാൾ കൂടുതലായിരുന്നു.

2021-22 വർഷത്തിൽ കേരള സാമ്പത്തിക ഉത്തരവാദിത്ത (ഭേദഗതി) നിയമം 2022ൽ നിശ്ചയിച്ചിട്ടുള്ള സാമ്പത്തിക ലക്ഷ്യങ്ങളൊന്നും തന്നെ സംസ്ഥാനത്തിന് കൈവരിക്കാനായില്ല.

ജിഎസ്ഡിപിയുമായി താരതമ്യപ്പെടുത്തുമ്പോഴുള്ള 2017-18 മുതൽ 2021-22 വരെയുള്ള കമ്മി സൂചകങ്ങളിലെ പ്രവണതകൾ **ചാർട്ട് 1.6**ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 1.6 ജിഎസ്ഡിപിയുമായി ബന്ധപ്പെട്ട കമ്മി സൂചകങ്ങളിലെ പ്രവണതകൾ**




| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| പ്രാഥമികകമ്മി/ജിഎസ്ഡിപി | -1.67 | -1.30 | -0.56 | -2.50 | -2.52 |
| ധനകമ്മി/ജിഎസ്ഡിപി | -3.83 | -3.42 | -2.89 | -5.12 | -5.10 |
| റവന്യൂകമ്മി/ജിഎസ്ഡിപി | -2.41 | -2.22 | -1.76 | -3.23 | -3.27 |

*ഉറവിടം : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളിൽ നിന്നും സമാഹരിച്ചത്.*

റവന്യൂകമ്മി, പ്രാഥമിക കമ്മി എന്നിവയുടെ ജിഎസ്‌ഡിപിയുമായുള്ള അനുപാതം മുൻവർഷത്തെ അപേക്ഷിച്ച് 2021-22ൽ വർദ്ധിച്ചതായി മുകളിൽ പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാം. എന്നിരുന്നാലും, **ഖണ്ഡിക 1.8**ൽ വിശദീകരിച്ചിരിക്കുന്നതുപോലെ, ഓഡിറ്റിനു ശേഷമുള്ള കമ്മികണക്കുകൾ ഇതിലും കൂടുതലാണ്.

2021-22 കാലയളവിൽ രേഖപ്പെടുത്തിയ ധനകമ്മി ജിഎസ്‌ഡിപി അനുപാതമായ 5.10 ശതമാനം, ലക്ഷ്യമിട്ടിരുന്ന നാലു ശതമാനത്തെക്കാൾ കൂടുതലാണ്. തനതുവർഷം റവന്യൂ ചെലവ് റവന്യൂ വരവിനേക്കാൾ 25 ശതമാനം കവിഞ്ഞതാണ് ഇതിന് പ്രധാന കാരണം. കൂടാതെ, ജിഎസ്‌ഡിപിയിലെ വർദ്ധനവും ചെലവിലെ വർദ്ധനവിന് ആനുപാതികമായിരുന്നില്ല. ദേശീയ ജിഡിപി വളർച്ചാനിരക്കായ 19.51 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജിഎസ്‌ഡിപി വളർച്ചാനിരക്ക് 12.81 ശതമാനം മാത്രമായിരുന്നു.

കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമം, 2003 പ്രകാരം മിതകാല സാമ്പത്തിക നയവും സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും (**അനുബന്ധം 1.5** ആയി ഉൾപ്പെടുത്തിയിരിക്കുന്നു) എല്ലാവർഷവും നിയമസഭയിൽ അവതരിപ്പിക്കാറുണ്ട്.

സംസ്ഥാന നിയമസഭയിൽ അവതരിപ്പിച്ച മിതകാല സാമ്പത്തിക പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്ന സാമ്പത്തിക മാനദണ്ഡങ്ങളുടെ ലക്ഷ്യങ്ങളും നടപ്പുവർഷത്തെ യഥാർത്ഥകാര്യങ്ങളുമായുള്ള താരതമ്യം **പട്ടിക 1.9**ൽ ചുവടെ നൽകിയിരിക്കുന്നു.

**പട്ടിക 1.9: 2021-22ലെ എംടിഎഫ്പിയിലെ പ്രൊജക്ഷനും യാഥാർത്ഥ്യവും**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ധനപരമായുള്ള ഘടകങ്ങൾ | എംടിഎഫ്പിയിൽ ലക്ഷ്യമിട്ടത് | യഥാർത്ഥ കണക്ക് (2021-22) | എംടിഎഫ്പിയിലെ പ്രൊജക്ഷനുമായുള്ള വ്യത്യാസം (ശതമാനത്തിൽ) |
|---|---|---|---|---|
| 1 | തനതു നികുതി വരുമാനം | 71,833.28 | 58,340.52 | (-)18.78 |
| 2 | നികുതിയേതര വരുമാനം | 14,335.79 | 10,462.51 | (-)27.02 |
| 3 | കേന്ദ്രത്തിൽ നിന്നുള്ള സഹായം (കേന്ദ്ര നികുതികളുടെ വിഹിതവും ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള ധനസഹായവും) | 44,811.99 | 47,837.21 | 6.75 |
| 4 | റവന്യൂ വരവുകൾ (1+2+3) | 1,30,981.06 | 1,16,640.24 | (-)10.95 |
| 5 | റവന്യൂ ചെലവുകൾ | 1,47,891.18 | 1,46,179.51 | (-)1.16 |
| 6 | റവന്യൂ കമ്മി (-) (4-5) | (-)16,910.12 | (-)29,539.27 | 74.68 |
| 7 | ധനകമ്മി (-) / മിച്ചം (+) | (-)30,697.59 | (-)46,045.78 | 50.00 |
| 8 | കടം ജിഎസ്‌ഡിപി അനുപാതം (ശതമാനത്തിൽ) | 37.39 | 38.01* | |
| 9 | നിലവിലെ വിലയിൽ ജിഎസ്‌ഡിപി വളർച്ചാ നിരക്ക് (ശതമാനം) | 6.60 | 12.81 | |

*ഉറവിടം : സാമ്പത്തിക കണക്കുകളുടെ പത്രിക 2ഉം മിതകാല സാമ്പത്തിക നയവും.*

** ഭാരത സർക്കാരിൽ നിന്നും ജിഎസ്ടി നഷ്ടപരിഹാരത്തിന് പകരമായി കിട്ടിയിട്ടുള്ള ബാക്ക്-ടു-ബാക്ക് ലോൺ (₹14,505.31 കോടി) സൂചകം കണക്കാക്കുന്നതിനുവേണ്ടി ഒരു കടമായി പരിഗണിച്ചിട്ടില്ല.*

മിതകാല സാമ്പത്തികനയത്തിൽ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങളൊന്നും സംസ്ഥാനത്തിന് 2021-22ൽ കൈവരിക്കാനായിട്ടില്ലെന്ന് മുകളിലെ പട്ടിക കാണിക്കുന്നു.

2021-22 കാലഘട്ടത്തിൽ സംസ്ഥാനം കൈവരിച്ച സാമ്പത്തിക മാനദണ്ഡങ്ങൾ മിത കാല സാമ്പത്തികനയത്തിൽ പറഞ്ഞിരിക്കുന്ന ധനനയങ്ങൾക്കും സൂചകങ്ങൾക്കും പുറത്താണെന്ന് സൂചിപ്പിക്കുന്നു.

## 1.8 ഓഡിറ്റ് പരിശോധനയ്ക്ക് ശേഷമുള്ള കമ്മികളും ആകെ കടവും

കണക്കുകളിലെ തെറ്റായ തരംതിരിക്കലും ബഡ്ജറ്റിനു പുറത്തുള്ള സാമ്പത്തിക പ്രവർത്തനങ്ങളും മൊത്തം കമ്മി, കടം എന്നിവയെ ബാധിക്കുന്നുവെന്ന് ഓഡിറ്റ് പരിശോധനയിൽ തെളിഞ്ഞു. ഓഡിറ്റ് പരിശോധനയ്ക്ക് ശേഷമുള്ള കമ്മിയും കടത്തിന്റെ കണക്കുകളും ചുവടെ വിശദീകരിക്കുന്നു.

### 1.8.1 ഓഡിറ്റിനുശേഷം - കമ്മി

റവന്യൂ ചെലവിനെ മൂലധന ചെലവായി തരംതിരിച്ചതും ബഡ്ജറ്റിനു പുറത്തുള്ള സാമ്പത്തിക പ്രവർത്തനങ്ങളും കമ്മി കണക്കുകളെ ബാധിക്കുന്നു. സഞ്ചിതനിധി യിലേയ്ക്ക് സെസ് / റോയൽറ്റി നിക്ഷേപിക്കാതിരിക്കുക, പുതിയ പെൻഷൻ പദ്ധതിയിലേക്കുള്ള സംഭാവനയിലെ കുറവ്, ഋണമോചന ഫണ്ടിലേക്കും റിഡംപ്ഷൻ ഫണ്ടിലേക്കുമുള്ള വിഹിതം അടയ്ക്കാതിരിക്കൽ മുതലായവ റവന്യൂ കമ്മി, ധനകമ്മി കണക്കുകളെ ബാധിക്കുന്നു. യഥാർത്ഥ കമ്മി കണക്കുകളിൽ എത്തിച്ചേരുന്നതിന് അത്തരം ക്രമക്കേടുകളുടെ അനന്തര ഫലങ്ങളെ പുനഃക്രമീകരിക്കേണ്ടതുണ്ട്.

**പട്ടിക 1.10 : റവന്യൂ കമ്മിയും ധനകമ്മിയും ഓഡിറ്റ് പരിശോധനയ്ക്ക് ശേഷം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിവരണങ്ങൾ | | റവന്യൂ കമ്മി | ധന കമ്മി | ഖണ്ഡിക സൂചിക |
|---|---|---|---|---|---|
| 1 | ഓഡിറ്റിനു മുമ്പുള്ള കമ്മികൾ | | 29,539.27 | 46,045.78 | |
| 2 | കമ്മിയിൽ സ്വാധീനം ചെലുത്തുന്ന ഓഡിറ്റ് കണ്ടെത്തലുകൾ | | | | |
| എ | ഓഫ് ബഡ്ജറ്റ് കടമെടുപ്പ്<br>കിഫ്ബി 7,762.78<br>കെ.എസ്.എസ്.പി.എൽ 6,550<br>ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം 1,601.72 | | | (+)15,914.50 | 2.9.1 |
| ബി | ഗ്യാരന്റി റിഡംപ്ഷൻ ഫണ്ടിലേക്ക് സംഭാവന നൽകാത്തത് | സംഭാവന 183.00<br>കമ്മീഷൻ 230.76 | (+)413.76 | (+)413.76 | 2.9.2<br>2.9.2.1 |
| സി | റവന്യൂവിനു പകരം മൂലധനവിഭാഗത്തിൽ ഗ്രാന്റ് ഇൻ എയ്ഡ് ബുക്ക് ചെയ്തത് | | (+)20 | | 3.3.1(a) |
| ഡി | മൂലധനത്തിനുപകരം റവന്യൂവിൽ ഗ്രാന്റ് ഇൻ എയ്ഡ് ബുക്ക് ചെയ്തത് | | (-)6.85 | | 3.3.1(b) |
| ഇ | പലിശ ബാധ്യതകൾ നിറവേറ്റാത്തത്<br>• എൻ.പി.എസ്സിന്റെ പലിശ - 0.01<br>• സംസ്ഥാന നഷ്ടപരിഹാര വനവൽക്കരണ ഫണ്ട് 2.37<br>• എസ്ഡിആർഎഫിലെ പലിശ 38.79 | | (+)41.17 | (+)41.17 | 2.4.2.1<br>2.5.2.1<br>2.5.2.2 |

| ക്രമ നമ്പർ | വിവരണങ്ങൾ | റവന്യൂ കമ്മി | ധന കമ്മി | ധണ്ഡിക സൂചിക |
|---|---|---|---|---|
| 3 | **പോസ്റ്റ് ഓഡിറ്റ് കണ്ടെത്തലുകളുടെ ആകെ തുക** | 468.08 | 16,369.43 | |
| 4 | **പോസ്റ്റ് ഓഡിറ്റ് കമ്മി* (1+3)** | 30,007.35 | 62,415.21 | |

*ഉറവിടം : സാമ്പത്തിക കണക്കുകളിലും ഓഡിറ്റ് വിശകലനങ്ങളിൽ നിന്നും സമാഹരിച്ചത്.*

*$ കുറച്ചു കാണിച്ചത് (+) കൂട്ടി കാണിച്ചത് (-).*

** ഈ വർഷം ജിഎസ്ടി നഷ്ടപരിഹാരത്തിന് പകരം ബാക്ക് ടു ബാക്ക് ലോണായി ലഭിച്ച ₹8,739.31 കോടിയുമായി ഇത് ചേർത്തു വായിക്കുക.*

സംസ്ഥാനത്തിന്റെ റവന്യൂ, ധനകമ്മികൾ യഥാക്രമം ₹468.08 കോടിയും ₹16,369.43 കോടിയുമാണ് കുറച്ചു കാണിച്ചിട്ടുള്ളത്. ഓഡിറ്റിനു ശേഷമുള്ള വിശകലനത്തിൽ, ധനകമ്മി ജിഎസ്ഡിപിയുടെ 6.92 ശതമാനമാണ്.

### 1.8.2 ഓഡിറ്റിനുശേഷം- ആകെ പൊതുകടം

സംസ്ഥാന സർക്കാർ 2021-22ൽ കിഫ്ബി, കെ.എസ്.എസ്.പി.എൽ, ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം (₹1,601.72 കോടി) എന്നിവ വഴി ₹15,914.50 കോടി ബഡ്ജറ്റിനു പുറമേ നിന്നും കടമെടുത്തു. 2021-22ലെ സാമ്പത്തിക കണക്കുകളിൽ സൂചിപ്പിച്ചിരിക്കുന്ന ₹3,57,392.76 കോടിയുടെ ബാധ്യതകൾക്ക് പുറമേയാണിത്. 2022 മാർച്ച് 31ലെ കണക്കനുസരിച്ച്, കിഫ്ബി, കെ.എസ്.എസ്.പി.എൽ എന്നിവയ്ക്ക് ₹24,272.67 കോടിയുടെ കുടിശ്ശിക ബാധ്യതയുണ്ട്. (അദ്ധ്യായം II). അങ്ങനെ, 2022 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കടം ₹25,874.39 കോടി (ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റത്തിലൂടെ മാറ്റി വെച്ച ബാധ്യതകൾ ഉൾപ്പെടെ) വർദ്ധിച്ച് ₹3,57,392.76 കോടിയിൽ നിന്നും ₹3,83,267.15 കോടിയായി. സംസ്ഥാനത്തിന്റെ ഓഫ്-ബഡ്ജറ്റ് കടമെടുക്കൽ കണക്കിലെടുക്കുമ്പോൾ, കടം/ജിഎസ്ഡിപി അനുപാതം 40.88 ശതമാനമാണ് (ബാക്ക് ടു ബാക്ക് ലോൺ ₹14,505.31 കോടി ഒഴികെ).

## 1.9 നിഗമനങ്ങൾ

1. സമ്പദ്‌വ്യവസ്ഥയുടെ പ്രധാന നിലനിൽപ്പായ കൃഷി, ഉൽപ്പാദന മേഖലകളിൽ നിന്നുള്ള സംഭാവനകൾ 2017-18ൽ 11.21 ശതമാനവും, 22.67 ശതമാനവും ആയിരുന്നത് 2021-22ൽ യഥാക്രമം 10.46 ശതമാനമായും 20.25 ശതമാനമായും കുറഞ്ഞു. സംസ്ഥാനം കൂടുതൽ ആശ്രയിക്കുന്നത് സേവന മേഖലയെയാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

2. കഴിഞ്ഞ അഞ്ച് വർഷമായി റവന്യൂ കമ്മി വർദ്ധിച്ചു വരുന്ന പ്രവണതയിലാണ്, 2020-21 നെ അപേക്ഷിച്ച് ഇത് 14 ശതമാനം വർദ്ധിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ധനക്കമ്മി ജിഎസ്ഡിപിയുമായുള്ള അനുപാതവും ഗണ്യമായി വർദ്ധിച്ചു. ധനകമ്മി/ജിഎസ്ഡിപി ലക്ഷ്യമായ നാലു ശതമാനം പോലും കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞില്ല. അത് 5.10 ശതമാനമായി. കടം-ജിഎസ്ഡിപി അനുപാതം 38.01 ശതമാനമായി ഉയർന്നു, ഇത് ലക്ഷ്യം വച്ച 34.70 ശതമാനത്തിൽ നിന്നും വളരെ കൂടുതലായിരുന്നു. കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിൽ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങളൊന്നും തന്നെ സംസ്ഥാനത്തിന് കൈവരിക്കാനായില്ല.

## 1.10 ശുപാർശകൾ

1. കാർഷിക, ഉൽപ്പാദന മേഖലകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സന്തുലിത വളർച്ചയ്ക്ക് ശ്രമിക്കേണ്ടതുണ്ട്.

2. കേരള ധന ഉത്തരവാദിത്ത നിയമത്തിൽ റവന്യൂ, ധനകമ്മി എന്നിവയ്ക്കായി നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുന്ന തരത്തിൽ സർക്കാർ ഒരു ധന ഏകീകരണ പാത സ്വീകരിക്കണം.

# അദ്ധ്യായം II
# സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ

# അദ്ധ്യായം II
# സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ

ഈ അദ്ധ്യായം സംസ്ഥാനത്തിന്റെ 2021-22 വർഷത്തെ സാമ്പത്തിക കണക്കുകളെ വിശകലനം ചെയ്യുകയും കമ്മിയുടെയും മറ്റു സാമ്പത്തികപ്രശ്നങ്ങളുടെയും അടിസ്ഥാനപരമായ കാരണങ്ങളെയും ഗുണപരമായ പ്രവണതകളെയും വെളിപ്പെടുത്തുകയും ചെയ്യുന്നു.

## 2.1 2020-21നെ അപേക്ഷിച്ച് മുഖ്യ സാമ്പത്തികസംഗ്രഹങ്ങളിലുണ്ടായ പ്രധാന വ്യതിയാനങ്ങൾ

മുൻവർഷത്തെ അപേക്ഷിച്ച് 2021-22ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സംഗ്രഹങ്ങളിലുണ്ടായ പ്രധാന വ്യതിയാനങ്ങൾ **പട്ടിക 2.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.1 : 2020-21നെ അപേക്ഷിച്ച് 2021-22ൽ മുഖ്യ സാമ്പത്തിക സംഗ്രഹങ്ങളിൽ ഉണ്ടായ വ്യതിയാനങ്ങൾ**

***(₹ കോടിയിൽ)***

| | വിശദാംശങ്ങൾ | | 2020-21 | 2021-22 | വർദ്ധനവ് (+)/ കുറവ് (-) |
|---|---|---|---|---|---|
| എ | റവന്യൂ വരവുകൾ | റവന്യൂ വരവുകൾ | 97,616.83 | 1,16,640.24 | 19.49 |
| | | തനതു നികുതി വരവ് | 47,660.84 | 58,340.52 | 22.41 |
| | | നികുതിയേതര വരവ് | 7,327.31 | 10,462.51 | 42.79 |
| | | കേന്ദ്ര നികുതികളുടെയും ചുങ്കങ്ങളുടെയും സംസ്ഥാന വിഹിതം | 11,560.40 | 17,820.09 | 54.15 |
| | | ഭാരത സർക്കാരിൽ നിന്നുമുള്ള ധനസഹായം | 31,068.28 | 30,017.12 | (-) 3.38 |
| | | തനതു നികുതി വരുമാനം ₹10,679.68 കോടിയും കേന്ദ്ര നികുതിയുടെയും ചുങ്കങ്ങളുടെയും സംസ്ഥാന വിഹിതം ₹6,259.69 കോടിയും വർദ്ധിച്ചതിന്റെ ഫലമായി സംസ്ഥാനത്തിന്റെ റവന്യൂ വരവ് ₹19,023.41 കോടി വർദ്ധിച്ചു. | | | |
| ബി | റവന്യൂ ചെലവുകൾ | റവന്യൂ ചെലവുകൾ | 1,23,446.33 | 1,46,179.51 | 18.42 |
| | | സാമൂഹ്യ സേവനങ്ങൾ | 44,832.44 | 50,695.61 | 13.08 |
| | | സാമ്പത്തിക സേവനങ്ങൾ | 18,760.72 | 15,713.81 | (-) 16.24 |
| | | പൊതു സേവനങ്ങൾ | 50,360.72 | 70,110.00 | 39.22 |
| | | ധനസഹായം | 9,492.45 | 9,660.09 | 1.77 |
| | | പൊതുസേവനങ്ങൾക്കായുള്ള റവന്യൂ ചെലവ് ₹19,749.28 കോടി വർദ്ധിച്ചതാണ് സംസ്ഥാനത്തെ മൊത്തം റവന്യൂ ചെലവ് ₹22,733.18 കോടി വർദ്ധിച്ചതിന്റെ മുഖ്യകാരണം | | | |

| | വിശദാംശങ്ങൾ | | 2020-21 | 2021-22 | വർദ്ധനവ് (+)/ കുറവ് (-) |
|---|---|---|---|---|---|
| സി | മൂലധന ചെലവുകൾ | മൂലധന ചെലവ് | 12,889.65 | 14,191.73 | 10.10 |
| | | സാമൂഹ്യ സേവനങ്ങൾ | 2,277.90 | 3,342.63 | 46.74 |
| | | സാമ്പത്തിക സേവനങ്ങൾ | 10,351.91 | 10,580.84 | 2.21 |
| | | പൊതു സേവനങ്ങൾ | 259.84 | 268.26 | 3.24 |
| | | സാമൂഹ്യ സേവന മേഖലയിലുണ്ടായ ₹1,064.73 കോടിയുടെ വർദ്ധനവാണ് സംസ്ഥാനത്തിന്റെ മൊത്തം മൂലധനചെലവ് ₹1,302.08 കോടി വർദ്ധിക്കാനുണ്ടായ കാരണം | | | |
| ഡി | വായ്പകളും മുൻകൂറുകളും | വായ്പകളുടെയും മുൻകൂറുകളുടെയും വിതരണം | 2,548.51 | 2,854.29 | 12.00 |
| | | വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചു പിടിക്കൽ | 263.82 | 479.24 | 81.65 |
| | | വായ്പകളും മുൻകൂറുകളും തിരിച്ചു പിടിക്കുന്നതിൽ വർദ്ധനവുണ്ടായെങ്കിലും തിരിച്ചു പിടിച്ച തുക മൊത്തം കുടിശ്ശിക വായ്പാ തുകയുടെ 2.17 ശതമാനം മാത്രമാണ്. | | | |
| ഇ | പൊതു കടം | പൊതുകടം വരവുകൾ* | 69,735.36 | 64,932.14 | (-) 6.89 |
| | | പൊതുകടം ചെലവഴിക്കൽ | 38,927.85 | 35,900.00 | (-) 7.78 |
| എഫ് | പൊതു കണക്ക് | പൊതു കണക്ക് വരവുകൾ | 3,50,861.94 | 3,55,961.24 | 1.45 |
| | | പൊതു കണക്ക് ചെലവഴിക്കൽ | 3,37,817.00 | 3,36,440.12 | (-) 0.41 |
| | | പൊതുകണക്കിലെ അറ്റശേഖരണം ₹13,044.94 കോടിയിൽ നിന്നും ₹19,521.12 കോടിയായി വർദ്ധിച്ചു. | | | |
| ജി | നീക്കിയിരിപ്പ് | അന്തിമ നീക്കിയിരിപ്പ് | 4,967.98 | 7,475.46 | 50.47 |

**കടം വരവുകൾക്ക് കീഴിൽ സംസ്ഥാനത്തിന് ബാക്ക് ടു ബാക്ക് ലോണായി നൽകിയ ₹8,739.31 കോടിയുടെ ജിഎസ്ടി നഷ്ടപരിഹാരം ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഒരു മാനദണ്ഡത്തിനു കീഴിലും സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ചെലവു വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ 2021-22-ലെ ഫലത്തിലുള്ള പൊതുകടം വരവുകൾ ₹56,192.83 കോടിയാവുന്നതാണ്. 2020-21ലെ പൊതുകടം വരവുകൾ ₹63,969.36 കോടിയും ബാക്ക് ടു ബാക്ക് ലോണായി ലഭിച്ച ജിഎസ്ടി നഷ്ടപരിഹാരം ₹5,766.00 കോടിയുമാണ്.*

ഈ സംഗ്രഹങ്ങളിൽ നിന്നും ഉരുത്തിരിയുന്ന പ്രധാന പാറ്റേൺ താഴെ പറയുന്നവയാണ്.

1. ഭാരത സർക്കാരിന്റെ പണം കൈമാറ്റമുൾപ്പെടെ സംസ്ഥാനത്തിന്റെ റവന്യൂ വരവുകൾക്ക് റവന്യൂ ചെലവിന്റെ 80 ശതമാനത്തിനു മാത്രമേ പണം നൽകാനാവുന്നുള്ളൂ. അങ്ങനെ, വർദ്ധിച്ച റവന്യൂ ചെലവിനു പണം കണ്ടെത്താൻ സംസ്ഥാനത്തിന് കടം വാങ്ങലിനെ ആശ്രയിക്കേണ്ടി വരുന്നു.

മൊത്തം ചെലവിന്റെ 10 ശതമാനം മാത്രമേ മൂലധന ആസ്തികൾ സൃഷ്ടിക്കാൻ വിനിയോഗിക്കുന്നുള്ളൂ. റവന്യൂ ചെലവിനു വേണ്ട പണം കണ്ടെത്താൻ റവന്യൂ വരവ് അപര്യാപ്തമായതാണ് ഇതിനു കാരണം.

## 2.2 ഫണ്ടുകളുടെ സ്രോതസ്സുകളും പ്രയോഗവും

മുൻ വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ ഫണ്ടുകളുടെയും സ്രോതസ്സുകളുടെയും പ്രയോഗത്തിന്റെയും ഘടകങ്ങൾ **പട്ടിക 2.2**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.2 : 2020-21ലെയും 2021-22ലെയും ഫണ്ടുകളുടെ സ്രോതസ്സുകളുടെയും പ്രയോഗത്തിന്റെയും വിവരങ്ങൾ**

*(₹ കോടിയിൽ)*

| വിശദാംശങ്ങൾ | | 2020-21 | 2021-22 | വർദ്ധനവ് (+)/ കുറവ് (-) (ശതമാനത്തിൽ) |
|---|---|---|---|---|
| സ്രോതസ്സുകൾ | മുന്നിരിപ്പ് പണം | 2,010.22 | 4,967.98 | 147.14 |
| | റവന്യൂ വരവുകൾ | 97,616.83 | 1,16,640.24 | 19.49 |
| | മൂലധന വരവുകൾ | 34.15 | 60.27 | 76.49 |
| | വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചു പിടിക്കൽ | 263.82 | 479.24 | 81.65 |
| | പൊതുകട വരവുകൾ (തനി)* | 30,807.51 | 29,032.14 | (-)5.76 |
| | പൊതുഅക്കൗണ്ടിലെ വരവുകൾ (തനി) | 13,044.94 | 19,521.12 | 49.65 |
| | ആകസ്മിക നിധി | 75.00 | 0.00 | |
| | ആകെ | 1,43,852.47 | 1,70,700.99 | |
| പ്രയോഗം | റവന്യൂ ചെലവ് | 1,23,446.33 | 1,46,179.51 | 18.42 |
| | മൂലധന ചെലവ് | 12,889.65 | 14,191.73 | 10.10 |
| | വായ്പകളുടെയും മുൻകൂറുകളുടെയും വിതരണം | 2,548.51 | 2,854.29 | 12.00 |
| | പണത്തിന്റെ അന്തിമ നീക്കിയിരിപ്പ് | 4,967.98 | 7,475.46 | 50.47 |
| | ആകസ്മിക നിധി | 0.00 | 0.00 | |
| | ആകെ | 1,43,852.47 | 1,70,700.99 | |

*ഉറവിടം : 2020-21ലെയും 2021-22ലെയും സാമ്പത്തിക കണക്കുകൾ*

** കടം വരവുകൾക്ക് കീഴിൽ സംസ്ഥാനത്തിന് ബാക്ക് ടു ബാക്ക് ലോണായി നൽകിയ ₹8,739.31 കോടിയുടെ ജിഎസ്ടി നഷ്ടപരിഹാരം ധനകാര്യ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഒരു മാനദണ്ഡത്തിനു കീഴിലും സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ചെലവു വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ 2021-22ലെ ഫലത്തിലുള്ള പൊതുകടം വരവുകൾ (തനി) ₹20,292.83 കോടിയാവുന്നതാണ്. 2020-21ലെ പൊതുകടം വരവുകൾ (തനി) ₹25,041.51 കോടിയും ബാക്ക് ടു ബാക്ക് ലോണായി ലഭിച്ച ജിഎസ്ടി നഷ്ടപരിഹാരം ₹5,766 കോടിയുമാണ്.*

2021-22ൽ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ഫണ്ടുകളുടെ സ്രോതസ്സുകളുടെയും പ്രയോഗത്തിന്റെയും വിശദാംശങ്ങൾ **ചാർട്ടുകൾ 2.1ലും 2.2**ലും 'രൂപ എവിടെ നിന്നു വരുന്നു' എന്നും 'രൂപ എവിടേയ്ക്ക് പോകുന്നു' എന്ന വിധത്തിൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 2.1 സാമ്പത്തിക വിഭവങ്ങളുടെ ഘടന (ശതമാനത്തിൽ)**




**ചാർട്ട് 2.2 സാമ്പത്തിക വിഭവങ്ങളുടെ പ്രയോഗം (ശതമാനത്തിൽ)**




## 2.3 സംസ്ഥാനത്തിന്റെ വിഭവങ്ങൾ

റവന്യൂ വരവുകൾ, മൂലധന വരവുകൾ, പൊതുകണക്കിലെ തനിവരവുകൾ എന്നിവയിൽ നിന്നാണ് പ്രധാനമായും സംസ്ഥാനത്തിന്റെ വിഭവങ്ങൾ വരുന്നത്. സംസ്ഥാനത്തിന്റെ തനതു നികുതിവരുമാനം, നികുതിയേതരവരുമാനം, കേന്ദ്ര നികുതിയിൽ നിന്നും സംസ്ഥാനത്തിനു ലഭിക്കുന്ന വിഹിതം, ഭാരതസർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം എന്നിവ ഉൾപ്പെടുന്നതാണ് റവന്യൂ വരവുകൾ. മൂലധന വരവുകൾ (കടവും വായ്പയും) ഇതിനെ പരിപോഷിപ്പിക്കുന്നു. മൂലധന, റവന്യൂ വരവുകൾ കൂടാതെ പൊതു അക്കൗണ്ടിലെ ഫണ്ടുകളും സർക്കാരിന്റെ കമ്മി നികത്താൻ വിനിയോഗിക്കുന്നു. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് (എഫ്ആർബിഎം) ആക്ട് അനുസരിച്ച് ഒരു സാമ്പത്തിക വർഷത്തിൽ റവന്യൂ വരവിനെക്കാൾ കൂടി നിൽക്കുന്ന റവന്യൂ ചെലവിനെയാണ് റവന്യൂ കമ്മി എന്നു പറയുന്നത്. സംസ്ഥാനത്തിന്റെ വരവുകളുടെ ഘടകങ്ങൾ **ചാർട്ട് 2.3**ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 2.3: 2021–22 ലെ സംസ്ഥാനത്തെ വരവിന്റെ ഘടകങ്ങൾ**

*(₹ കോടിയിൽ)*




** കടം വരവുകൾക്ക് കീഴിൽ സംസ്ഥാനത്തിന് ബാക്ക് ടു ബാക്ക് ലോണായി നൽകിയിട്ടുള്ള ₹8,739.31 കോടിയുടെ ജിഎസ്ടി നഷ്ടപരിഹാരം ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഒരു മാനദണ്ഡത്തിനു കീഴിലും സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരതസർക്കാരിന്റെ ചെലവു വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ ഫലത്തിലുള്ള പൊതുകടം വരവുകൾ (തനി) ₹20,292.83 കോടിയാവുന്നതാണ്.*

*** ജിഎസ്ടി നഷ്ടപരിഹാരമായി ഭാരതസർക്കാരിൽ നിന്നും കടം വരവുകളുടെ കീഴിൽ സംസ്ഥാനത്തിന് നൽകിയിട്ടുള്ള ₹8,739.31 കോടിയുടെ ബാക്ക് ടു ബാക്ക് ലോൺ (6004- ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും) ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഒരു മാനദണ്ഡത്തിനു കീഴിലും സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ചെലവു വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ, ഭാരത സർക്കാരിൽ നിന്നുള്ള ഫലത്തിലുള്ള വായ്പകളും മുൻകൂറുകളും (-) ₹24.67 കോടിയാവുന്നതാണ്.*

### 2.3.1 സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം

ഈ ഖണ്ഡികയിൽ അഞ്ചു വർഷക്കാലയളവിലെ (2017-2022) റവന്യൂ വരുമാനത്തിന്റെ ഘടകങ്ങൾ, അതിനു ജിഎസ്ഡിപിയുമായുള്ള ബന്ധം എന്നിവ **ചാർട്ട് 2.4**ൽ വിശദമാക്കിയിരിക്കുന്നു.

**ചാർട്ട് 2.4 : റവന്യൂ വരവുകളുടെ പ്രവണത**




### *2.3.1.1 റവന്യൂ വരവുകളുടെ പ്രവണതകളും വളർച്ചയും*

2021-22ലെ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരവ് ₹1,16,640.24 കോടിയാണ്. 2020-21ലെ ₹97,616.83 കോടിയെ അപേക്ഷിച്ച് ₹19,023.41 കോടി (19.49 ശതമാനം) വർദ്ധനവുണ്ടായി. 2018-19നെ (കോവിഡിനു മുമ്പുള്ള കാലയളവ്) അപേക്ഷിച്ച് മൊത്തം റവന്യൂ വരുമാനം 25.62 ശതമാനം വർദ്ധിച്ചു.

2021-22 കാലയളവിലെ റവന്യൂ വരുമാനത്തിന്റെ പ്രധാന ഭാഗവും (59 ശതമാനം) സംസ്ഥാനത്തിന്റെ തനതു വരുമാനത്തിൽ നിന്നാണ്. റവന്യൂ വരുമാനത്തിന്റെ ഘടകങ്ങളുടെ പ്രവണത ചുവടെയുള്ള **പട്ടിക 2.3**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.3: റവന്യൂ വരവുകളുടെ പ്രവണത**

| ഘടകങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| റവന്യൂ വരുമാനങ്ങൾ (ആർ.ആർ) (₹കോടിയിൽ) | 83,020.14 | 92,854.47 | 90,224.67 | 97,616.83 | 1,16,640.24 |
| ആർആർന്റെ വളർച്ചാനിരക്ക് (ശതമാനത്തിൽ) | 9.80 | 11.85 | (-) 2.83 | 8.19 | 19.49 |
| തനതു നികുതി വരുമാനം | 46,459.61 | 50,644.10 | 50,323.14 | 47,660.84 | 58,340.52 |
| നികുതിയേതര വരുമാനം | 11,199.61 | 11,783.24 | 12,265.22 | 7,327.31 | 10,462.51 |
| തനതു വരവിന്റെ വളർച്ചാ നിരക്ക് (തനതു നികുതിയും നികുതിയേതര വരുമാനവും) (ശതമാനത്തിൽ) | 11.15 | 8.27 | 0.26 | (-) 12.14 | 25.12 |
| സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജിഎസ്‌ഡിപി) (₹കോടിയിൽ) | 7,01,588.26 | 7,88,285.58 | 8,24,374.20 | 7,99,571.11 | 9,01,997.83 |

| ഘടകങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| ജിഎസ്‌ഡിപിയുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 10.51 | 12.36 | 4.58 | (-) 3.01 | 12.81 |
| ആർആർ/ ജിഎസ്‌ഡിപി (ശതമാനത്തിൽ) | 11.83 | 11.78 | 10.94 | 12.21 | 12.93 |
| ഉയർച്ചാ അനുപാതങ്ങൾ[3] | | | | | |
| ജിഎസ്‌ഡിപിയെ അപേക്ഷിച്ച് റവന്യൂവരവിന്റെ വളർച്ച | 0.93 | 0.96 | (-) 0.62 | (-) 2.72 | 1.52 |
| ജിഎസ്‌ഡിപിയെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ വളർച്ച | 1.06 | 0.67 | 0.06 | 4.04 | 1.96 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ; ജിഎസ്‌ഡിപിയ്ക്ക് സ്റ്റാറ്റിസ്റ്റിക്സും പദ്ധതി നിർവ്വഹണം മന്ത്രാലയത്തിന്റെ വെബ് സൈറ്റിന്റെ 15/03/2022ലെ സ്ഥിതി.*

- മുൻ വർഷത്തെ അപേക്ഷിച്ച് 2021-22ൽ സംസ്ഥാനത്തിന്റെ തനതു വരുമാനം (നികുതിയും നികുതിയേതരവും ചേർത്ത്) ₹13,814.88 കോടി വർദ്ധിച്ച് 25.12 ശതമാനത്തിന്റെ വർദ്ധന നിരക്ക് രേഖപ്പെടുത്തി.

- ജിഎസ്‌ഡിപിയുടെ ശതമാനമെന്ന നിലയിൽ റവന്യൂ വരവുകൾ 2020-21ലെ 12.21 ശതമാനത്തിൽ നിന്ന് 2021-22ൽ 12.93 ശതമാനമായി നാമമാത്രമായ വർദ്ധനവ് കാണിച്ചു.

### 2.3.2 സംസ്ഥാനത്തിന്റെ തനതുവരുമാനം

സംസ്ഥാനത്തിന്റെ വരുമാനം തനതു നികുതിവരുമാനവും നികുതിയേതര വരുമാനവുമുൾപ്പെട്ടതാണ്.

#### *2.3.2.1 തനതു നികുതി വരുമാനം*

സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക നികുതികളായ സംസ്ഥാന ജിഎസ്ടി, എക്സൈസ് തുടങ്ങിയവ ഉൾപ്പെടുന്നു. തനതു നികുതി വരുമാനത്തിന്റെ പ്രവണതകളും അതിന്റെ ഘടകങ്ങളുടെ വിശകലനവും **പട്ടിക 2.4**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക2.4: സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ ഘടകങ്ങൾ**

***(₹കോടിയിൽ)***

| ക്രമ നമ്പർ | വരുമാന ശീർഷകം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2021-22-ൽ തനതു നികുതി വരുമാനത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | സംസ്ഥാന ചരക്ക് സേവന നികുതി | 12,007.69 | 21,014.71 | 20,446.95 | 20,028.31 | 24,169.81 | 41.43 |

[3] അടിസ്ഥാന സൂചകങ്ങൾക്കുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് ഒരു സാമ്പത്തിക സൂചകത്തിനുണ്ടാകുന്ന ഇലാസ്തികത അല്ലെങ്കിൽ പ്രതികരണത്തിന്റെ അളവിനെയാണ് ഉയർച്ചാ അനുപാതം സൂചിപ്പിക്കുന്നത്.

| ക്രമ നമ്പർ | വരുമാന ശീർഷകം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2021-22-ൽ തനതു നികുതി വരുമാനത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| 2 | വിൽപ്പന, വ്യാപാരം തുടങ്ങിയവയുടെ നികുതികൾ | 24,577.82 | 19,225.75 | 19,649.64 | 17,689.17 | 22,487.42 | 38.55 |
| 3 | മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 3,452.56 | 3,693.17 | 3,615.01 | 3,489.59 | 4,857.33 | 8.33 |
| 4 | സംസ്ഥാന എക്സൈസ് | 2,240.42 | 2,521.40 | 2,255.28 | 2,329.22 | 2,032.23 | 3.48 |
| 5 | വാഹന നികുതികൾ | 3,662.85 | 3,708.61 | 3,721.14 | 3,386.28 | 4,037.10 | 6.92 |
| 6 | ഭൂനികുതി | 162.17 | 202.78 | 332.42 | 493.35 | 470.84 | 0.81 |
| 7 | ചരക്കുകൾ, സേവനങ്ങൾ തുടങ്ങിയവയുടെ മറ്റു നികുതികളും ചുങ്കങ്ങളും | 99.58 | 37.57 | 39.31 | 48.80 | 56.04 | 0.10 |
| 8 | മറ്റുള്ളവ | 256.52 | 240.11 | 263.39 | 196.12 | 229.75 | 0.39 |
| 9 | **ആകെ** | **46,459.61** | **50,644.10** | **50,323.14** | **47,660.84** | **58,340.52** | **100.00** |
| 10 | വളർച്ചാനിരക്ക് (ശതമാനത്തിൽ) | 10.16 | 9.01 | (-)0.63 | (-)5.29 | 22.41 | |

*ഉറവിടം : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളിലെ പത്രിക 3..*

- സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2020-21 ലെ ₹47,660.84 കോടിയിൽ നിന്ന് ₹10,679.68 കോടി വർദ്ധിച്ച് 2021-22 ൽ ₹58,340.52 കോടിയായി 22.41 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 2018-19ലെ കോവിഡിന് മുമ്പുള്ള കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാ നിരക്ക് 15 ശതമാനമായിരുന്നു. കഴിഞ്ഞ രണ്ട് മഹാമാരി വർഷങ്ങളിലെ നെഗറ്റീവ് വളർച്ചാ നിരക്കാണ് ഗണ്യമായ വർദ്ധനവിന് കാരണം. എന്നാൽ റവന്യൂ വരുമാനത്തിന്റെ ശതമാനമെന്ന നിലയിൽ, 2017-18 കാലയളവിൽ ഇത് 56 ശതമാനമായിരുന്നു, 2021-22ൽ ഇത് 50 ശതമാനം ആയി. അതിനാൽ യഥാർത്ഥത്തിൽ തനതു നികുതി വരുമാനം കോവിഡിന് മുമ്പുള്ള കാലഘട്ടത്തിലെ വളർച്ചയെപ്പോലെ വളരെയധികം വളർച്ച നേടിയിട്ടില്ലെന്ന് ഇത് സൂചിപ്പിക്കുന്നു.

- സംസ്ഥാന എക്സൈസിന് കീഴിലുള്ള റവന്യൂ വരുമാനം 2018-19ലെ (കോവിഡിന് മുമ്പുള്ള കാലയളവ്) ₹2,521.40 കോടിയിൽ നിന്ന് ₹489.17 കോടി കുറഞ്ഞ് 2021-22-ൽ ₹2,032.23 കോടിയായി (19.40 ശതമാനം).

- ഭൂനികുതിയുടെ കീഴിലുള്ള റവന്യൂ വരുമാനത്തിന്റെ വളർച്ചാനിരക്ക് 2020-21ലെ 48.41 ശതമാനത്തിൽ നിന്നും കുറഞ്ഞ് 2021-22ൽ (-)4.56 ശതമാനമായി. 2021-22ലെ മൊത്തം വരുമാനമായ ₹470.84 കോടിയിൽ ₹239.48 കോടിയും (51 ശതമാനം) കേരള നെൽ വയൽ തണ്ണീർത്തട ഭേദഗതി ആക്ട് 2018 നു കീഴിൽ ഈടാക്കിയ റവന്യൂ വരുമാനമായിരുന്നു.

### 2.3.3 വരുമാന കുടിശ്ശികകളുടെ വിശകലനവും നിർണ്ണയവും

വരുമാന കുടിശ്ശിക കാണിക്കുന്നത് സർക്കാർ വരുമാന പിരിവിൽ വരുത്തുന്ന കാല താമസമാണ്. അതുപോലെ വരുമാന നിർണ്ണയത്തിലെ കുടിശ്ശിക കാണിക്കുന്നത് വരുമാന നിർണ്ണയത്തിലെ കാലതാമസം കാരണം സർക്കാരിന് ലഭിക്കേണ്ട വരുമാനം മുടങ്ങിക്കിടക്കുന്നതാണ്. രണ്ടും സംസ്ഥാനത്തിന്റെ സാധ്യമായ റവന്യൂ വരുമാനം നഷ്ടപ്പെടാനിടയാക്കുകയും അത്യന്തികമായി വരുമാന കമ്മിയെ ബാധിക്കുകയും ചെയ്യുന്നു.

#### *2.3.3.1 വരുമാന കുടിശ്ശിക*

പത്ത് വകുപ്പുകളിലായി 16 കേസുകളിൽ വൻ കുടിശ്ശികയാണ് ഓഡിറ്റ് നിരീക്ഷിച്ചത്. ഇത് **പട്ടിക 2.5**ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 2.5 : 2022 മാർച്ച് 31 പ്രകാരം വരുമാന കുടിശ്ശിക**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | വകുപ്പിന്റെ പേര്/ അക്കൗണ്ട് ശീർഷകം | തുക |
|---|---|---|
| 1 | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് | 13,410.12 |
| 2 | മോട്ടോർ വാഹന വകുപ്പ് (മുഖ്യ ശീർഷകം 0041) | 2,868.47 |
| 3 | വൈദ്യുതിയുടെ നികുതികളും ചുങ്കങ്ങളും (മുഖ്യ ശീർഷകം 0043) | 3,118.50 |
| 4 | രജിസ്ട്രേഷൻ വകുപ്പ് (മുഖ്യ ശീർഷകം 0030) | 590.86 |
| 5 | വനം വകുപ്പ് (മുഖ്യ ശീർഷകം 0406) | 377.07 |
| 6 | പോലീസ് വകുപ്പ് (മുഖ്യ ശീർഷകം 0055) | 346.64 |
| 7 | എക്സൈസ് വകുപ്പ് (മുഖ്യ ശീർഷകം 0039) | 281.63 |
| 8 | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്* | 133.23 |
| 9 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (മുഖ്യ ശീർഷകം 0070) | 85.72 |
| 10 | അച്ചടി | 58.32 |
| 11 | സ്റ്റേഷനറി (മുഖ്യ ശീർഷകം 0058) | 29.95 |
| 12 | ഫാക്ടറികളും ബോയിലറുകളും (മുഖ്യ ശീർഷകം 0230) | 2.58 |
| 13 | ലേബർ വകുപ്പ് | 1.98 |
| 14 | കേരള മാരിടൈം ബോർഡ് (മുൻപത്തെ തുറമുഖ വകുപ്പ്) | 1.42 |
| 15 | ധനകാര്യ വകുപ്പ് - പലിശ വരുമാനത്തിലെ കുടിശ്ശിക (മുഖ്യ ശീർഷകം 0049) | 5,979.91 |
| 16 | ധനകാര്യ വകുപ്പ് - ഗ്യാരന്റി കമ്മീഷനിലെ കുടിശ്ശിക (മുഖ്യ ശീർഷകം 0075) | 306.22 |
| | **മൊത്തം കുടിശ്ശിക** | 27,592.62 |

*ഉറവിടം : വകുപ്പുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.*

** ഏഴ് ജില്ലകളിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.*

മേൽപറഞ്ഞവ കൂടാതെ 2022 മാർച്ച് 31 വരെ പിരിച്ചെടുക്കാതെ മുടങ്ങിക്കിടക്കുന്ന റവന്യൂ കുടിശ്ശികയുടെ വിശദാംശങ്ങൾ ലാന്റ് റവന്യൂ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. 2021 മാർച്ച് 31 ന് ഈ വകുപ്പിന്റെ വരുമാന കുടിശ്ശിക ₹397.59 കോടി ആയിരുന്നു.

### *2.3.3.2 വരുമാന നിർണ്ണയത്തിലെ കുടിശ്ശിക*

വരുമാന നിർണ്ണയത്തിലെ കുടിശ്ശികയുമായി ബന്ധപ്പെട്ട വർഷാരംഭത്തിലെ കുടിശ്ശികയായ കേസുകൾ, വരുമാന നിർണ്ണയത്തിനുപാകമായ കേസുകൾ, തൻവർഷം തീർപ്പാക്കിയ കേസുകൾ 2020-21ന്റെ അവസാനം അന്തിമമാക്കാൻ ബാക്കിയുള്ള കേസുകൾ തുടങ്ങിയവയെ സംബന്ധിച്ച് വകുപ്പുകൾ നൽകിയ (2022 ഏപ്രിൽ) വിവരങ്ങൾ **അനുബന്ധം 2.1**ൽ കൊടുത്തിരിക്കുന്നു.

ബന്ധപ്പെട്ട വകുപ്പുകൾ കുടിശ്ശിക അറിയിക്കാത്തതും റവന്യൂ വകുപ്പുകൾ ഉചിതമായ തുടർ നടപടികൾ എടുക്കാത്തതും വരുമാന കുടിശ്ശിക വർദ്ധിക്കാനിടയാക്കി.

### *2.3.3.3 വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിക്കൽ*

വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിക്കൽ കേസുകൾ, തീർപ്പാക്കിയ കേസുകൾ, അധിക നികുതി ചുമത്തിയത് തുടങ്ങിയവ സംസ്ഥാന സർക്കാരിന്റെ വരുമാന സമാഹരണ ശ്രമങ്ങളുടെ സൂചകങ്ങളാണ്. ഇത്തരം കേസുകളുടെ യഥാസമയത്തുള്ള തീർപ്പാക്കൽ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനക്ഷമതയുടെ ഒരു പ്രധാന സൂചകമാണ്.

നാല് വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകളുടെ വിശദാംശങ്ങൾ, തീർപ്പാക്കിയ കേസുകൾ, ഡിപ്പാർട്ട്മെന്റുകൾ റിപ്പോർട്ട് ചെയ്ത പ്രകാരം അധിക നികുതി ഡിമാന്റുകൾ എന്നിവ ചുവടെയുള്ള **പട്ടിക 2.6**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.6: നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ**

| ക്രമ നമ്പർ | വിശദാംശങ്ങൾ | | 0030 മുദ്രപത്രങ്ങളും രജിസ്ട്രേഷനും | 0041 വാഹന നികുതി | 0406 വനവൽക്കര ണവും വന്യജീവി സംരക്ഷ ണവും | എസ്ജി എസ്ടി |
|---|---|---|---|---|---|---|
| 1 | 2021 മാർച്ച് 31ന് തീർപ്പാക്കാത്ത കേസുകൾ | | 1,47,699 | 48 | 3 | 3,080 |
| 2 | 2021-22ൽ കണ്ടെത്തിയ കേസുകൾ | | 9,188 | 6 | 0 | 21,078 |
| 3 | **ആകെ** | | **1,56,887** | **54** | **3** | **24,158** |
| 4 | നികുതി നിർണ്ണയം/ പരിശോധന പൂർത്തിയാക്കി യതും അധിക നികുതിയും പിഴയും ചുമ ത്തിയത് | കേസുകൾ | 9,493 | 16 | 0 | 11,803 |
| | | ചുമത്തിയ തുക (₹കോടിയിൽ) | 14.57 | 0.50 | 0 | 3,272.03 |
| 5 | 2022 മാർച്ച് 31ന് തീർപ്പാക്കാത്ത കേസുകളുടെ എണ്ണം | | 1,47,394 | 38 | 3 | 12,355 |

*ഉറവിടം : വകുപ്പുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ*

വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പു കേസുകളുടെ വിശദാംശങ്ങൾ 16 വകുപ്പുകളിൽ നിന്നും ഓഡിറ്റ് ആവശ്യപ്പെട്ടതിൽ, ആറു[4] വകുപ്പുകളിൽ നികുതി വെട്ടിപ്പ് കേസുകളൊന്നും കണ്ടെത്തിയില്ല. ഗതാഗതം, ആരോഗ്യം, കൃഷി, ഭൂനികുതി, ഇലക്ട്രിക്കൽ, ഇൻസ്പക്ടറേറ്റ്, അച്ചടി വകുപ്പ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ആരാഞ്ഞിട്ടുണ്ടെങ്കിലും (2022 സെപ്തംബർ) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

### 2.3.4 നികുതിയേതര വരുമാനം

**പട്ടിക 2.7**ൽ കാണിച്ചിരിക്കുന്നതിൻ പ്രകാരം, സംസ്ഥാന ലോട്ടറി, ഡിവിഡന്റുകളും ലാഭവും, വനവും വന്യജീവികളും, പലിശവരുമാനം തുടങ്ങിയവയാണ് നികുതി യേതര വരുമാനത്തിൽ ഉൾപ്പെടുന്നത്. നികുതിയേതര വരുമാനത്തിൽ ഏറ്റവും പ്രധാനപ്പെട്ട വരവായ സംസ്ഥാന ലോട്ടറിയുടെ കീഴിലുള്ള വരവ് തൻവർഷത്തെ നികുതിയേതര വരുമാനത്തിന്റെ 68.20 ശതമാനമാണ്.

**പട്ടിക 2.7 : സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ പ്രധാന ഘടകങ്ങൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | വരവ് ശീർഷകം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | സംസ്ഥാന ലോട്ടറി | 9,034.17 | 9,264.66 | 9,973.67 | 4,873.01 | 7,134.93 |
| 2 | ഡിവിഡന്റുകളും ലാഭവും | 126.48 | 132.12 | 100.33 | 110.19 | 227.98 |
| 3 | വനവും വന്യജീവിയും | 245.42 | 287.21 | 255.85 | 236.61 | 200.57 |
| 4 | പലിശ വരുമാനം | 144.50 | 132.38 | 84.95 | 246.64 | 177.05 |
| 5 | മറ്റു നികുതിയേതര വരുമാനം | 1,649.04 | 1,966.87 | 1,850.42 | 1,860.86 | 2,721.98 |
| 6 | നികുതിയേതര വരുമാനം | 11,199.61 | 11,783.24 | 12,265.22 | 7,327.31 | 10,462.51 |
| 7 | മൊത്തം റവന്യൂ വരുമാനം | 83,020.14 | 92,854.47 | 90,224.67 | 97,616.83 | 1,16,640.24 |
| 8 | നികുതിയേതര വരുമാനം റവന്യൂ വരവുകളുടെ ശതമാനത്തിൽ | 13.49 | 12.69 | 13.59 | 7.51 | 8.97 |
| 9 | ജിഎസ്ഡിപി | 7,01,588.26 | 7,88,285.58 | 8,24,374.20 | 7,99,571.11 | 9,01,997.83 |
| 10 | ജിഎസ്ഡിപിയുടെ ശതമാനമായി നികുതിയേതര വരുമാനം | 1.60 | 1.49 | 1.49 | 0.92 | 1.16 |
| 11 | **നികുതിയേതര വരുമാനത്തിന്റെ വിഹിതം (ശതമാനത്തിൽ)** | | | | | |
| 12 | ലോട്ടറിയുടെ വിഹിതം | 80.67 | 78.63 | 81.32 | 66.50 | 68.20 |
| 13 | ഡിവിഡന്റ്/ ലാഭത്തിന്റെ വിഹിതം | 1.13 | 1.12 | 0.82 | 1.50 | 2.18 |
| 14 | വനവും വന്യജീവിയുടെ വിഹിതം | 2.19 | 2.44 | 2.09 | 3.23 | 1.92 |
| 15 | പലിശ വരുമാനത്തിന്റെ വിഹിതം | 1.29 | 1.12 | 0.69 | 3.37 | 1.69 |
| 16 | മറ്റ് നികുതിയേതര വരുമാനത്തിന്റെ വിഹിതം | 14.72 | 16.69 | 15.08 | 25.40 | 26.01 |

*ഉറവിടം : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളിലെ പത്രിക 14*

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിലെ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ 7.51 ശതമാനം മുതൽ 13.59 ശതമാനം വരെയുണ്ടായിരുന്ന നികുതിയേതര

[4] എക്സൈസ് വകുപ്പ്, സ്റ്റേഷനറി വകുപ്പ്, പിഡബ്ല്യൂഡി റോഡുകൾ, പിഡബ്ല്യൂഡി പാലങ്ങൾ, മൃഗ സംരക്ഷണ വകുപ്പ്, ലോട്ടറി വകുപ്പ്

വരുമാനം 2021-22-ൽ മുൻ വർഷത്തെ അപേക്ഷിച്ച് ₹3,135.20 കോടി (42.79 ശതമാനം) വർദ്ധിച്ചു. നികുതിയേതര വരുമാനത്തിന്റെ 2021-22ലെ വർദ്ധനവിന് പ്രധാനപ്പെട്ട കാരണം സംസ്ഥാന ലോട്ടറി എന്ന ശീർഷകത്തിന് കീഴിലെ വരവിന്റെ വർദ്ധനവാണ് (₹2,261.92 കോടി).

സേവനങ്ങളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന നികുതിയേതരവരുമാനം കഴിഞ്ഞ വർഷങ്ങളിലായി കുറഞ്ഞു വരുന്ന ഒരു പ്രവണതയാണ് കാണിക്കുന്നത്. അങ്ങനെ പ്രധാന വരുമാന സ്രോതസ്സുകളായ വനവല്ക്കരണവും വന്യജീവി സംരക്ഷണവും ഖനനം തുടങ്ങിയവയെ സംസ്ഥാനം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.

### *2.3.4.1 സംസ്ഥാന ലോട്ടറി*

ലോട്ടറിയിൽ നിന്നും ലഭിക്കുന്ന വിൽപ്പനവിലയുടെ ജിഎസ്ടി, ടിക്കറ്റിന്റെ വിൽപ്പന വിലയിൽ നിന്നും ലഭിക്കുന്ന നികുതിയേതര വരുമാനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 2.8**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.8 : 2017-22 കാലയളവിലെ സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാനം**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | വിൽപ്പന വരുമാനം | 9,034.17 | 9,264.66 | 9,973.67 | 4,873.01 | 7,134.93 |
| 2 | ജിഎസ്ടി | 841.69 | 1,111.52 | 1,273.56 | 1,375.03 | 2,000.47 |
| 3 | മൊത്തം വരുമാനം | 9,875.86 | 10,376.18 | 11,247.23 | 6,248.04 | 9,135.40 |

ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ സംഘടിപ്പിക്കുന്ന ലോട്ടറികൾ കേന്ദ്ര വിഷയമാണെങ്കിലും ലോട്ടറിയുടെ വിൽപ്പന നികുതി ഒരു സംസ്ഥാന വിഷയമാണ്. ലോട്ടറി നിയന്ത്രണ ആക്ട് 1998-ഉം അതിനു കീഴിലുണ്ടാക്കിയ നിയമങ്ങളിലേയും വ്യവസ്ഥകളനുസരിച്ച് സംസ്ഥാനങ്ങൾക്ക് ലോട്ടറികൾ സംഘടിപ്പിക്കാവുന്നതാണ്. 2021-22ലെ യഥാർത്ഥ വിൽപ്പന മൂല്യമായ ₹7,134.93 കോടി വിൽപ്പന വിലയിൽ ലഭിച്ച ജിഎസ്ടി ₹2,000.47 കോടിയാണ്. അങ്ങനെ, സംസ്ഥാന ലോട്ടറിയിൽ നിന്നും ലഭിച്ച ₹9,135.40 കോടിയുടെ വരുമാനം സർക്കാരിന്റെ തനതു വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ്.

### 2.3.5 വിഭവ സമാഹരണത്തിൽ സംസ്ഥാനത്തിന്റെ പ്രകടനം

സംസ്ഥാനത്തിന്റെ 2021-22ലെ യഥാർത്ഥ നികുതി, നികുതിയേതര വരുമാനവും പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ പ്രതീക്ഷിച്ച തുകയും ബഡ്ജറ്റ് എസ്റ്റിമേറ്റും ചുവടെയുള്ള **പട്ടിക 2.9**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.9: 2021–22ലെ പ്രതീക്ഷിച്ചതിനെതിരെയുള്ള നികുതി, നികുതിയേതര വരവുകൾ**

***(₹ കോടിയിൽ)***

| വിശദാംശങ്ങൾ | പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രതീക്ഷിച്ച തുക | ബഡ്ജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരവ് | യഥാർത്ഥ വരവിന്റെ വ്യതിയാനം ശതമാനത്തിൽ | |
|---|---|---|---|---|---|
| | | | | ധനകാര്യ കമ്മീഷൻ പ്രതീക്ഷിച്ച തുക | ബഡ്ജറ്റ് എസ്റ്റിമേറ്റ് |
| തനത് നികുതി വരുമാനം | 64,233.00 | 71,833.28 | 58,340.52 | (-)9.17 | (-)18.78 |
| നികുതിയേതര വരുമാനം | 3,529.00 | 14,335.79 | 10,462.51 | 196.47 | (-)27.02 |
| **ആകെ** | **67,762.00** | **86,169.07** | **68,803.03** | **1.53** | **(-) 20.15** |

*ഉറവിടം : പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്, 2021–22ലെ സാമ്പത്തിക കണക്കുകളിലെ പത്രിക 2, വാർഷിക സാമ്പത്തിക പത്രികയും*

സംസ്ഥാനത്തിന്റെ 2021–22ലെ യഥാർത്ഥ നികുതി വരുമാനം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബഡ്ജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ പ്രതീക്ഷിച്ചതിനേക്കാളും കുറവായിരുന്നു. യഥാർത്ഥ നികുതിയേതര വരുമാനം ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാളും കുറവാണെങ്കിലും പതിനഞ്ചാം ധനനകാര്യ കമ്മീഷൻ പ്രതീക്ഷിച്ച തുകയെക്കാളും കൂടുതലായിരുന്നു.

മുകളിലെ പട്ടികയിൽ കാണുന്നതുപോലെ തനതു നികുതിവരുമാനത്തെ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രതീക്ഷിച്ച തുക നേടാനായില്ല. അവ ധനകാര്യ കമ്മീഷൻ പ്രതീക്ഷിച്ച തുകയിൽ നിന്നും 9.17 ശതമാനവും ബഡ്ജറ്റ് എസ്റ്റിമേറ്റിൽ നിന്നും 18.78 ശതമാനവും വ്യതിയാനങ്ങൾ കാണിച്ചു. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനത്തിന്റെ വലിയൊരു ഭാഗം പെട്രോളിയം, മദ്യം, ലോട്ടറി തുടങ്ങിയവയിൽ നിന്നാണ് ശേഖരിക്കുന്നത്.

സംസ്ഥാനത്തിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ച്, സംസ്ഥാനത്തിന്റെ മൊത്തം തനതു വരുമാനം ₹86,169.07 കോടിയായിരുന്നു. എന്നാൽ തൻവർഷത്തെ യഥാർത്ഥ തനതുവരുമാനം ₹68,803.03 കോടി ആയിരുന്നു. ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ 20.15 ശതമാനം കുറവായിരുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ തനതുനികുതി വരുമാനത്തിലുണ്ടായ ഗണ്യമായ കുറവ് സംസ്ഥാന ചരക്കുസേവന നികുതിയിലും (34.54 ശതമാനം), സംസ്ഥാന എക്സൈസിലും (24.75 ശതമാനം) ആയിരുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ നികുതിയേതര വരുമാനത്തിലെ വരുമാന കുറവ് പ്രധാനമായും സംസ്ഥാന ലോട്ടറിയിലുണ്ടായ 38.90 ശതമാനത്തിന്റെതാണ്. 2021–22ൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 22 ശതമാനം (₹12,706.95 കോടി) സംഭാവന ചെയ്ത ഏറ്റവും വലിയ വരുമാന സ്രോതസ്സ് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ (കെഎസ്ബിസി) ആയിരുന്നു.

**പട്ടിക 2.10 : സംസ്ഥാനത്തിന്റെ തനതു വരുമാനവും ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ താരതമ്യ വിശകലനവും**

| ക്രമ നമ്പർ | ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് | അസ്സൽ | വ്യത്യാസം | |
|---|---|---|---|---|---|
| എ | തനതു നികുതിവരുമാനം | *(₹കോടിയിൽ)* | | | *(ശതമാനത്തിൽ)* |
| 1 | സംസ്ഥാന ചരക്ക് സേവന നികുതി | 36,922.45 | 24,169.81 | (-)12,752.64 | (-)34.54 |
| 2 | ഭൂനികുതി | 440.00 | 470.84 | 30.84 | 7.01 |
| 3 | മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 4,156.24 | 4,857.33 | 701.09 | 16.87 |
| 4 | സംസ്ഥാന എക്സൈസ് | 2,700.67 | 2,032.23 | (-)668.44 | (-)24.75 |
| 5 | വാണിജ്യ വ്യാപാര നികുതികൾ | 23,101.38 | 22,487.42 | (-)613.96 | (-)2.66 |
| 6 | വാഹന നികുതി | 4,179.32 | 4,037.10 | (-)142.22 | (-)3.40 |
| 7 | സാധനങ്ങളുടെയും സേവനങ്ങളും | 45.00 | 56.04 | 11.04 | 24.53 |
| 8 | മറ്റുള്ളവ | 288.22 | 229.75 | (-)58.47 | (-)20.29 |
| 9 | ആകെ (ഒന്നു മുതൽ 8 വരെ) | 71,833.28 | 58,340.52 | (-)13,492.76 | (-)18.78 |
| ബി | നികുതിയേതര വരുമാനം | | | | |
| 10 | സംസ്ഥാന ലോട്ടറി | 11,677.00 | 7,134.93 | (-)4,542.07 | (-)38.90 |
| 11 | ഡിവിഡന്റും ലാഭവും | 109.49 | 227.98 | 118.49 | 108.22 |
| 12 | വനവും വന്യജീവിയും | 343.06 | 200.57 | (-)142.52 | (-)41.54 |
| 13 | പലിശ വരുമാനം | 214.42 | 177.05 | (-)37.37 | (-)17.43 |
| 14 | മറ്റു നികുതിയേതര വരുമാനം | 1,991.72 | 2,721.98 | 730.19 | 36.66 |
| 15 | ആകെ (10 മുതൽ 14 വരെ) | 14,335.79 | 10,462.51 | (-)3,873.28 | (-)27.02 |
| 16 | ആകെ (9 + 15) | 86,169.07 | 68,803.03 | (-)17,366.04 | (-)20.15 |

*ഉറവിടം : വാർഷിക സാമ്പത്തിക പത്രിക, 2021-22ലെ സാമ്പത്തിക കണക്കിലെ പത്രിക 2.*

### 2.3.6 മൂലധന വരവ്

പൊതുകടം വരവും കടം ഇതര വരവും ചേർന്നതാണ് മൂലധനവരവ്. **പട്ടിക 2.11**ൽ കാണിച്ചിരിക്കുന്നതിൻ പ്രകാരം മൂലധനവരവിന്റെ 98.73 ശതമാനമാണ് പൊതുകടം വരവിന്റെ വിഹിതം.

**പട്ടിക2.11: മൂലധന വരവിന്റെ ഘടനയും വളർച്ചാ പ്രവണതയും**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | സംസ്ഥാന വരവിന്റെ സ്രോതസ്സ് | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | **മൂലധന വരവ്** | 24,278.53 | 24,004.84 | 24,984.68 | 40,810.58 | 42597.17 |
| 2 | **കടം ഇതര വരവ്** | 380.26 | 257.04 | 322.80 | 297.97 | 539.51 |
| 3 | *പലവക മൂലധന വരവ്* | 29.28 | 46.50 | 27.48 | 34.15 | 60.27 |
| 4 | *വായ്പകളും മുൻകൂറുകളും തിരിച്ചു പിടിച്ചത്* | 350.98 | 210.54 | 295.32 | 263.82 | 479.24 |
| 5 | **പൊതുകടം വരവുകൾ*** | 23,898.27 | 23,747.80 | 24,661.88 | 40,512.61 | 42,057.66 |
| 6 | *ആന്തരിക കടം* | 23,453.50 | 23,295.63 | 22,511.19 | 33,493.87 | 32,592.64 |
| 7 | *ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും* | 444.77 | 452.17 | 2,150.69 | 7,018.74 | 9,465.02 |

| ക്രമ നമ്പർ | സംസ്ഥാന വരവിന്റെ സ്രോതസ്സ് | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 8 | കടം മൂലധന വരവുകളുടെ വളർച്ചാ നിരക്ക്(ശതമാനത്തിൽ) | 14.20 | (-) 0.63 | 3.85 | 64.27 | 3.81 |
| 9 | കടം ഇതര മൂലധന വരവുകളുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 17.92 | (-) 32.40 | 25.58 | (-) 7.69 | 81.06 |
| 10 | ജിഎസ്ഡിപി | 7,01,588.26 | 7,88,285.58 | 8,24,374.20 | 7,99,571.11 | 9,01,997.83 |
| 11 | ജിഎസ്ഡിപിയുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 10.51 | 12.36 | 4.58 | (-) 3.01 | 12.81 |
| 12 | കടം വരുമാനം/ മൂലധന വരുമാനം (ശതമാനത്തിൽ) | 98.43 | 98.93 | 98.71 | 99.27 | 98.73 |
| 13 | മൂലധനവരവിന്റെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 14.26 | (-) 1.13 | 4.08 | 63.34 | 4.38 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 2ഉം 6ഉം; ജിഎസ്ഡിപിയ്ക്ക് സ്റ്റാറ്റിസ്റ്റിക്സും പദ്ധതി നിർവ്വഹണ മന്ത്രാലയത്തിന്റെ 15/03/2022ൽ നിലവിലിരുന്ന വെബ്സൈറ്റ്.*

**വെയ്സ് ആന്റ് മീൻസ് മുൻകൂർ ഒഴിവാക്കി*

മൂലധനവരവ് 2017-18ലെ ₹24,278.53 കോടിയിൽ നിന്നും 75.45 ശതമാനം വർദ്ധിച്ച് 2021-22ൽ ₹42,597.17 കോടിയായി. 2021-22ൽ മൂലധനവരവിന്റെ 76.51 ശതമാനവും തനി ആന്തരിക കടത്തിൽ നിന്നായിരുന്നു.

### 2.3.7 കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റം

2017-18 മുതൽ 2021-22 വരെയുള്ള കേന്ദ്ര നികുതികളുടെ വിഹിതങ്ങളും ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായവുമുൾപ്പെടെയുള്ള ഭാരത സർക്കാരിൽ നിന്നുള്ള കൈമാറ്റം **ചാർട്ട് 2.5**ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 2.5 : കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റം**

**(₹കോടിയിൽ)**




| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| കേന്ദ്ര നികുതിയിൽ നിന്നുള്ള വിഹിതം | 16,833.08 | 19,038.17 | 16,401.05 | 11,560.40 | 17,820.09 |
| കേന്ദ്രത്തിൽ നിന്നുള്ള ധനസഹായം | 8,527.84 | 11,388.96 | 11,235.26 | 31,068.28 | 30,017.12 |
| ആകെ | 25,360.92 | 30,427.13 | 27,636.31 | 42,628.68 | 47,837.21 |

*ഉറവിടം : അതാത് വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 2.*

2021-22 കാലയളവിൽ കേന്ദ്രത്തിൽ നിന്നും കൈമാറ്റം ചെയ്ത ഫണ്ടിന്റെ ഘടകങ്ങൾ **ചാർട്ട് 2.6**ൽ കൊടുത്തിരിക്കുന്നു.

**ചാർട്ട് 2.6: കേന്ദ്രത്തിൽ നിന്നും കൈമാറ്റം ചെയ്ത ഫണ്ടിന്റെ ഘടകങ്ങൾ**

***(₹ കോടിയിൽ)***




കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റം 2017-18ലെ ₹25,360.92 കോടിയിൽ നിന്നും 88.63 ശതമാനം വർദ്ധിച്ച് 2021-22ൽ ₹47,837.21 കോടിയായി. സംസ്ഥാനത്തിന്റെ റവന്യൂവിൽ കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റത്തിന്റെ പങ്ക് 2017-18ലെ 30.55 ശതമാനത്തിൽ നിന്നും 2020-21ൽ 43.67 ശതമാനമായി ഏറ്റവും ഉയർന്ന നിരക്കിൽ എത്തിയശേഷം 2021-22ൽ ചെറിയതോതിൽ 41.01 ശതമാനമായി കുറഞ്ഞു.

### *2.3.7.1 കേന്ദ്ര നികുതിയുടെ വിഹിതം*

പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 വർഷത്തിൽ കേന്ദ്ര നികുതികളുടെ ഡിവിസിബിൾ പൂൾ അറ്റ വരുമാനത്തിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്ക് വിഭജിച്ചു കൊടുക്കാൻ ശുപാർശ ചെയ്തു. നികുതിയുടെ ഡിവിസിബിൾ പൂൾ അറ്റ വരുമാനത്തിൽ കേരളത്തിന്റെ സംസ്ഥാന വിഹിതം കമ്മീഷൻ ശുപാർശ ചെയ്തത് കേന്ദ്ര നികുതികളുടെ മൊത്തം വരുമാനത്തിന്റെ 41 ശതമാനത്തിൽ 1.925 ശതമാനമായിരുന്നു. 2015-20 അവാർഡ് കാലയളവിൽ കേന്ദ്രനികുതിയുടെയും സേവന നികുതിയുടെയും

ആകെ വരവിന്റെ കേരളത്തിന്റെ വിഹിതം യഥാക്രമം 2.500 ശതമാനവും 2.526 ശതമാനവുമായിരുന്നു പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത്. 2017-18 മുതൽ 2021-22 കാലയളവിലെ കേന്ദ്ര നികുതി കൈമാറ്റത്തിന്റെ കൂടുതൽ വിവരങ്ങൾ **പട്ടിക 2.12**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.12: സംസ്ഥാനത്തിനായുള്ള കേന്ദ്ര നികുതിയുടെ വിഭജിക്കാവുന്ന വിഹിതത്തിന്റെ വിശദാംശങ്ങൾ**

*(₹കോടിയിൽ)*

| ക്രമ നമ്പർ | ശീർഷകം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | **പ്രത്യക്ഷ നികുതികൾ** | | | | | |
| 2 | കോർപ്പറേഷൻ നികുതി | 5,156.64 | 6,621.02 | 5,592.06 | 3,546.02 | 5,238.12 |
| 3 | കോർപ്പറേഷൻ നികുതി ഒഴികെയുള്ള വരുമാന നികുതികൾ | 4,354.40 | 4,876.10 | 4,381.76 | 3,642.70 | 5,104.81 |
| 4 | സമ്പത്തിനുമേലുള്ള നികുതികൾ | (-) 0.15 | 2.44 | 0.25 | 0.00 | 1.48 |
| 5 | **ആകെ പ്രത്യക്ഷ നികുതികൾ (എ)** | 9,510.89 | 11,499.56 | 9,974.07 | 7,188.72 | 10,344.41 |
| 6 | **പരോക്ഷ നികുതികൾ** | | | | | |
| 7 | കേന്ദ്ര ചരക്ക് സേവന നികുതി (സിജിഎസ്ടി) | 239.98 | 4,699.14 | 4,654.19 | 3,325.63 | 4,832.67 |
| 8 | സംയോജിത ചരക്ക് സേവന നികുതി (ഐജിഎസ്ടി) | 1,699.96 | 375.00 | 0.00 | 0.00 | 0.00 |
| 9 | കസ്റ്റംസ് | 1,699.40 | 1,349.57 | 1,039.60 | 591.59 | 1,431.33 |
| 10 | കേന്ദ്രഎക്സൈസ് നികുതി | 1,776.40 | 897.00 | 722.80 | 380.78 | 898.09 |
| 11 | സേവന നികുതി | 1,906.55 | 174.00 | 0.00 | 62.54 | 294.96 |
| 12 | മറ്റ് നികുതികൾ[5] | 0.00 | 44.31 | 10.39 | 11.14 | 18.63 |
| 13 | **ആകെ പരോക്ഷ നികുതികൾ (ബി)** | 7,322.19 | 7,538.61 | 6,426.98 | 4,371.68 | 7,475.68 |
| 14 | **കേന്ദ്ര നികുതി കൈമാറ്റങ്ങൾ (എ + ബി)** | 16,833.08 | 19,038.17 | 16,401.05 | 11,560.40 | 17,820.09 |
| 15 | മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവിന്റെ ശതമാനം | 10.56 | 13.10 | (-) 13.85 | (-) 29.51 | 54.15 |
| 16 | റവന്യൂ വരവുകളിലെ കേന്ദ്രനികുതി കൈമാറ്റത്തിന്റെ ശതമാനം | 20.28 | 20.50 | 18.18 | 11.84 | 15.28 |

*ഉറവിടം : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളിലെ പത്രിക 3.*

2021-22 വർഷത്തിൽ കേന്ദ്രനികുതി കൈമാറ്റം ₹17,820.09 കോടിയായിരുന്നു. ഇത് മുൻവർഷത്തെ അപേക്ഷിച്ച് (54.15 ശതമാനം) ₹6,259.69 കോടി വർദ്ധിച്ചതിന് കാരണം പ്രത്യക്ഷ നികുതിയിലും പരോക്ഷ നികുതിയിലും യഥാക്രമമുണ്ടായ ₹3,155.69 കോടിയുടെയും (43.90 ശതമാനം) ₹3,104.00 കോടിയുടെയും (71 ശതമാനം) വർദ്ധനവാണ്. മൊത്തം കേന്ദ്ര നികുതി കൈമാറ്റത്തിൽ പ്രത്യക്ഷ നികുതി കൈമാറ്റം ₹10,344.41 കോടിയും പരോക്ഷ നികുതി കൈമാറ്റം ₹7,475.68 കോടിയുമായിരുന്നു. പരോക്ഷ നികുതി കൈമാറ്റത്തിൽ കേന്ദ്ര ചരക്കു സേവന നികുതിയായ ₹4,832.67 കോടി ഉൾപ്പെട്ടിരിക്കുന്നു. ജിഎസ്ടി നിയമത്തിന്റെ കീഴിലുള്ള ഘടകങ്ങളിലൂടെ ലഭിച്ച വരുമാനം മുൻ വർഷത്തെ അപേക്ഷിച്ച് 45.32 ശതമാനം വർദ്ധിച്ചു.

[5] *വരുമാനത്തിനും ചെലവിനും മുകളിലുള്ള മറ്റ് നികുതികളും ചരക്കുകളുടെയും സേവനങ്ങളുടെയും മുകളിലുള്ള മറ്റ് നികുതികളും ചുങ്കങ്ങളും ഉൾപ്പെടുന്നു.*

### 2.3.7.2 ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം

2021-22 കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂ വരവിന്റെ 25.73 ശതമാനം ഭാരത സർക്കാരിൽ നിന്നും ലഭിച്ച ധനസഹായമായിരുന്നു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഭാരത സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.13**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.13: ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | പ്ലാൻ സ്കീമുകൾക്കായുള്ള ഗ്രാന്റുകൾ | (-)0.47 | (-)0.97 | -- | -- | (-) 0.74 |
| 2 | കേന്ദ്രാവിഷ്കൃത സ്കീമുകൾക്കായുള്ള ഗ്രാന്റുകൾ | 3,213.58 | 3,771.07 | 3,262.65 | 5,141.92 | 3,801.74 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ | 3,182.04 | 1,646.22 | 2,343.01 | 18,048.80 | 22,171.13 |
| 4 | മറ്റ് കൈമാറ്റങ്ങൾ/ സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകൾ/ നിയമസഭയുള്ള കേന്ദ്രഭരണ പ്രദേശങ്ങൾക്കുള്ള ഗ്രാന്റുകൾ | 2,132.69 | 5,972.64 | 5,629.60 | 7,877.56 | 4,044.99 |
| 5 | ആകെ | 8,527.84 | 11,388.96 | 11,235.26 | 31,068.28 | 30,017.12 |
| 6 | മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടായ വർദ്ധനവിന്റെ ശതമാനം | 0.21 | 33.55 | (-) 1.35 | 176.52 | (-) 3.38 |
| 7 | റവന്യൂ വരവുകളിലെ ഭാരതസർക്കാർ ധനസഹായത്തിന്റെ ശതമാനം | 10.27 | 12.27 | 12.45 | 31.83 | 25.73 |

*ഉറവിടം : അതാത് വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 3.*

2021-22-വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഭാരത സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം ₹1,051.16 കോടി (3.38 ശതമാനം) കുറവാണ്. ധനകാര്യ കമ്മീഷൻ ധനസഹായം ₹4,122.33 കോടി വർദ്ധിക്കുകയും കേന്ദ്രാവിഷ്കൃത ധനസഹായവും മറ്റു കൈമാറ്റങ്ങൾ/ സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകൾ / നിയമസഭയുള്ള കേന്ദ്ര ഭരണ പ്രദേശങ്ങൾക്കുമുള്ള ധനസഹായം യഥാക്രമം ₹1,340.18 കോടിയും ₹3,832.57 കോടിയും കുറയുകയും ചെയ്തു.

### 2.3.7.3 2021-22 കാലയളവിലേയ്ക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതം അവാർഡ് തുക

ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരം ഇന്ത്യൻ പ്രസിഡന്റ് രൂപീകരിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷൻ (XV-എഫ്.സി.) (i) കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നികുതികളുടെ അറ്റവരുമാനത്തിന്റെ വിതരണം (ii) സംസ്ഥാനങ്ങളുടെ വരുമാനമായ ധനസഹായത്തെ നിയന്ത്രിക്കേണ്ട തത്വങ്ങൾ (iii) തദ്ദേശ സ്ഥാപനങ്ങളുടെ വിഭവങ്ങൾക്ക് അനുബന്ധമായി സംസ്ഥാനത്തിന്റെ സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ, എന്നിവയിൽ ശുപാർശകൾ നൽകേണ്ടതാണ്.

പിന്നീട്, പതിനഞ്ചാം ധനകാര്യ കമ്മീഷനെ രണ്ടു റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ചുമതലപ്പെടുത്തി, ഒന്ന് 2020-21 വർഷത്തേക്കുള്ളതും, 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിലെ അന്തിമ റിപ്പോർട്ടും. പതിനഞ്ചാം ധനകാര്യകമ്മീഷൻ 2020-21

സാമ്പത്തിക വർഷം ഉൾക്കൊള്ളുന്ന ആദ്യ റിപ്പോർട്ട് 2019 ഡിസംബർ 5ന് രാഷ്ട്രപതിയ്ക്ക് സമർപ്പിച്ചു.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരം 2021-22 പതിനഞ്ചാം ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്ത കേരള സംസ്ഥാനത്തിനുള്ള ധനസഹായം ₹22,559 കോടിയാണ്.

കേന്ദ്ര നികുതികളിലും ചുങ്കങ്ങളിലും സംസ്ഥാനത്തിന്റെ വിഹിതം : ധനകാര്യ കമ്മീഷൻ അനുമാനങ്ങളും യഥാർത്ഥ വിതരണവും **പട്ടിക 2.14**ൽ നൽകിയിരിക്കുന്നു. കോവിഡിനുമുമ്പുള്ള കാലയളവുമായി (2018-19) താരതമ്യം ചെയ്യുമ്പോൾ 2021-22ലെ കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റം 57.22 ശതമാനം വർദ്ധിച്ചു. മൊത്തം റവന്യൂ വരുമാനത്തിന്റെ 41.01 ശതമാനം കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റമായിരുന്നു.

**പട്ടിക 2.14: കേന്ദ്ര നികുതികളിലും ചുങ്കങ്ങളിലും സംസ്ഥാന വിഹിതം : യഥാർത്ഥ നികുതി വിഭജനവും ധനകാര്യ കമ്മീഷന്റെ കണക്ക് കൂട്ടലും തമ്മിലുള്ള താരതമ്യം**

***(₹കോടിയിൽ)***

| ക്രമ നമ്പർ | വർഷം | ധനകാര്യ കമ്മീഷൻ പ്രൊജക്ഷൻസ് | പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രൊജക്ഷൻസ് | യഥാർത്ഥ നികുതി വിഭജനം | വ്യത്യാസം | |
|---|---|---|---|---|---|---|
| | | | | | തുക | ശതമാനത്തിൽ |
| 1 | 2015-16 | സേവന നികുതി ഒഴികെയുള്ള പങ്ക് വയ്ക്കാവുന്ന എല്ലാ നികുതികളുടെയും ആകെ വരവിന്റെ 42 ശതമാനവും പങ്ക് വയ്ക്കാവുന്ന സേവനനികുതിയുടെ ആകെ വരവിന്റെ 2.526 ശതമാനവും (പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം) | 14,482 | 12,691 | (-)1,791 | (-) 12.37 |
| 2 | 2016-17 | | 16,711 | 15,225 | (-)1,486 | (-) 8.89 |
| 3 | 2017-18 | | 19,308 | 16,833 | (-)2,475 | (-)12.82 |
| 4 | 2018-19 | | 22,336 | 19,038 | (-)3,298 | (-)14.77 |
| 5 | 2019-20 | | 25,869 | 16,401 | (-)9,468 | (-)36.60 |
| 6 | 2020-21 | കേന്ദ്ര നികുതികളുടെ അറ്റ വരുമാനത്തിന്റെ 41 ശതമാനം (പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശകളനുസരിച്ച്) | 16,616 | 11,560 | (-)5,056 | (-)30.43 |
| 7 | 2021-22 | | | 17,820 | 5,142 | 40.56 |

*ഉറവിടം : പതിനാലാം ധനകാര്യ കമ്മീഷന്റെയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെയും റിപ്പോർട്ടുകളും സാമ്പത്തിക കണക്കുകളിലെ പത്രിക 2ഉം*

2021-22 ഒഴികെ 2015-16 മുതലുള്ള വർഷങ്ങളിൽ ഒന്നിലും ധനകാര്യ കമ്മീഷൻ തയ്യാറാക്കിയ പ്രൊജക്ഷൻസ് കൈവരിക്കാനായില്ല. വരവിലുണ്ടായ കുറവ് ഒൻപത് മുതൽ 37 ശതമാനം വരെയായിരുന്നു. ഇത് ആസൂത്രണത്തിലേയും, റവന്യൂ സമാപഹരണത്തിലുമുള്ള വീഴ്ചയെയും സൂചിപ്പിക്കുന്നു. ധനകാര്യ കമ്മീഷന്റെ പ്രൊജക്ഷൻസ് സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്താൻ സഹായിക്കുന്നു.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ നാലുതരം ഗ്രാന്റുകളിലേയ്ക്ക് പണം കൈമാറ്റം ചെയ്യാൻ ശുപാർശ ചെയ്യുന്നു; റവന്യൂ കമ്മി ധനസഹായം, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ധനസഹായം, ദുരന്ത നിവാരണ ധനസഹായം, ആരോഗ്യമേഖലയ്ക്കുള്ള ധനസഹായം. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ധനസഹായവും സംസ്ഥാനത്തിന് വിതരണം ചെയ്ത ധനസഹായവും **പട്ടിക 2.15**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.15: കേരള സംസ്ഥാനത്തിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ധനസഹായം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2021-22-ലേയ്ക്കുള്ള അവാർഡ് തുക | നൽകിയ പണം |
|---|---|---|---|
| 1 | റവന്യൂ കമ്മി ധനസഹായം | 19,891.00 | 19,891.00 |
| 2 | തദ്ദേശസ്ഥാപനങ്ങൾക്കുള്ള ധനസഹായം | 1,795.00 | 1,539.00 |
| 3 | ദുരന്തനിവാരണ ധനസഹായം | 314.00 | 314.00 |
| 4 | ആരോഗ്യ മേഖലയ്ക്കുള്ള ധനസഹായം | 559.00 | 427.13 |
| | **ആകെ** | 22,559.00 | 22,171.13 |

*ഉറവിടം : അതാത് വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 2.*

2021-22 അവാർഡ് കാലയളവിൽ സംസ്ഥാനത്തിന് ₹22,171.13 കോടി ലഭിച്ചു. അനുവദിച്ച തുകയിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശയേക്കാൾ ₹387.87 കോടി കുറവുണ്ടായി. (തദ്ദേശ സ്ഥാപനങ്ങൾ ₹256 കോടിയും ആരോഗ്യമേഖല ₹131.87 കോടി). 2022-23 കാലയളവിൽ കേന്ദ്ര സർക്കാർ ₹350.30 കോടി നൽകിയെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2023).

## 2.4 വിഭവങ്ങളുടെ പ്രയോഗം

ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വ്യവസായം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ തങ്ങളുടെ വിഭവങ്ങൾ വിനിയോഗിച്ച് പൗരന്മാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ചെലവുകളുടെ വളർച്ചയുടെയും ഘടനയുടെയും വിശകലനം തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

### 2.4.1 ചെലവിന്റെ പ്രവണത

സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പകളുടെയും മുൻകൂറുകളുടെയും വിതരണം എന്നിവ ഉൾപ്പെടുന്നു. ഇത് **പട്ടിക 2.16**ൽ നൽകിയിരിക്കുന്നു.

2019-20 ലൊഴികെ മൊത്തം ചെലവ് 2017-18ലെ ₹1,10,237.81 കോടിയിൽ നിന്നും 2021-22ൽ ₹1,63,225.53 കോടിയായി, സ്ഥിരമായ വർദ്ധനവ് കാണിച്ചു. ഈ കാലയളവിൽ വാർഷിക വളർച്ചാനിരക്ക് 7.67 ശതമാനത്തിൽ നിന്നും 17.53 ശതമാനമായി വർദ്ധിച്ചു. 2019-20ലെ കുറവിനു കാരണം കോവിഡ്-19ന്റെ പശ്ചാത്തലത്തിലുണ്ടായ ലീവ്-എൻക്യാഷ്മെന്റ് നിർത്തലാക്കൽ തുടങ്ങിയ വിവിധ ചെലവു ചുരുക്കൽ നടപടികളാണ്. 2019-20ലെ മൂലധന ചെലവിന്റെ വർദ്ധനവിനു (13.78 ശതമാനം) കാരണം ജൽജീവൻ മിഷൻ, റീബിൽഡ് കേരള തുടങ്ങിയവയ്ക്കു വേണ്ടിവന്ന അധിക ചെലവാണ്.

**പട്ടിക 2.16: മൊത്തം ചെലവും അതിന്റെ ഘടനയും**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | സൂചികകൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | **മൊത്തം ചെലവ് (റ്റി.ഇ)** | 1,10,237.81 | 1,20,069.82 | 1,14,384.94 | 1,38,884.49 | 1,63,225.53 |
| 2 | **വ്യത്യാസം (ശതമാനത്തിൽ)** | 7.67 | 8.92 | (-)4.73 | 21.42 | 17.53 |
| 3 | **റവന്യൂ ചെലവ് (ആർ.ഇ)** | 99,948.35 | 1,10,316.39 | 1,04,719.92 | 1,23,446.33 | 1,46,179.51 |
| 4 | **വ്യത്യാസം (ശതമാനത്തിൽ)** | 9.72 | 10.37 | (-)5.07 | 17.88 | 18.42 |
| 5 | **മൂലധന ചെലവ് (സിഇ)** | 8,748.87 | 7,430.54 | 8,454.80 | 12,889.65 | 14,191.73 |
| 6 | **വ്യത്യാസം (ശതമാനത്തിൽ)** | ( -)13.60 | (-)15.07 | 13.78 | 52.45 | 10.10 |
| 7 | **വായ്പയും മുൻകൂറുകളും** | 1,540.59 | 2,322.89 | 1,210.22 | 2,548.51 | 2,854.29 |
| 8 | **വ്യത്യാസം (ശതമാനത്തിൽ)** | 32.78 | 50.78 | (-)47.90 | 110.58 | 12.00 |

*ഉറവിടം : അതാത് വർഷത്തിലെ സാമ്പത്തിക കണക്കുകളിലെ പത്രിക 2.*

2021-22ൽ റവന്യൂ ചെലവിന്റെയും മൂലധന ചെലവിന്റെയും വളർച്ചാനിരക്ക് യഥാക്രമം 18.42 ശതമാനവും 10.10 ശതമാനവുമായിരുന്നു.

### *2.4.1.1 ചെലവിന്റെ ഘടകങ്ങളുടെ വളർച്ചയുടെ പ്രവണത*

വികസന പ്രവർത്തനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള വായ്പകളും മുൻകൂറുകളും വിതരണം ചെയ്യുന്നതിനേക്കാളും റവന്യൂ ചെലവുകളിലായിരുന്നു വർഷങ്ങളായി ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ റവന്യൂ ചെലവ്, മൂലധന ചെലവ് വായ്പകളും മുൻകൂറുകളും എന്നിവയുടെ വിഹിതം **ചാർട്ട് 2.7**ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 2.7 : മൊത്തം ചെലവ് : അതിന്റെ ഘടകങ്ങളുടെ വിഹിതത്തിലെ പ്രവണത**




| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| വായ്പകളും മുൻകൂറുകളും | 1.40 | 1.93 | 1.06 | 1.84 | 1.75 |
| മൂലധന ചെലവ് | 7.94 | 6.19 | 7.39 | 9.28 | 8.69 |
| റവന്യൂ ചെലവ് | 90.66 | 91.88 | 91.55 | 88.88 | 89.56 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 2.*

**പട്ടിക 2.17 : ജിഎസ്ഡിപിയുമായി ബന്ധപ്പെട്ട ചെലവ്**

| ക്രമ നമ്പർ | സൂചികകൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | ജിഎസ്ഡിപി (₹കോടിയിൽ) | 7,01,588.26 | 7,88,285.58 | 8,24,374.20 | 7,99,571.11 | 9,01,997.83 |
| 2 | റ്റിഇ/ ജിഎസ്ഡിപി | 15.71 | 15.23 | 13.88 | 17.37 | 18.10 |
| 3 | ആർഇ/ ജിഎസ്ഡിപി | 14.25 | 13.99 | 12.70 | 15.44 | 16.21 |
| 4 | സിഇ/ ജിഎസ്ഡിപി | 1.25 | 0.94 | 1.03 | 1.61 | 1.57 |
| 5 | വായ്പകളും മുൻകൂറുകളും/ ജിഎസ്ഡിപി | 0.22 | 0.29 | 0.15 | 0.32 | 0.32 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകളിൽ നിന്നും സമാഹരിച്ചത്; ജിഎസ്ഡിപി 15/03/2022ലെ സ്റ്റാറ്റിസ്റ്റിക്സും പദ്ധതി നിർവ്വഹണ മന്ത്രാലയത്തിന്റെ വെബ്സൈറ്റ്.*

2021-22ൽ സംസ്ഥാനത്തിന്റെ മൊത്തം ചെലവും ജിഎസ്ഡിപിയുമായുള്ള അനുപാതം 18.10 ശതമാനം വർദ്ധിച്ചെങ്കിലും മൂലധനച്ചെലവും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം ഈ കാലയളവിൽ കുറഞ്ഞു.

### 2.4.2 റവന്യൂ ചെലവ്

സേവനങ്ങളുടെ നിലവിലെ സ്ഥിതി നിലനിർത്താനും മുൻകാല ബാധ്യതകൾ തീർക്കാനുമായാണ് റവന്യൂ ചെലവ് ഉണ്ടാവുന്നത്. അതിനാൽ ഇത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെയും സേവനശൃംഖലയുടെയും വർദ്ധനവിന് കാരണമാകില്ല.

ആകെയുള്ള റവന്യൂചെലവ് അതിന്റെ വളർച്ചാനിരക്ക്, മൊത്തം ചെലവുമായുള്ള റവന്യൂ ചെലവിന്റെ അനുപാതം, ജിഎസ്ഡിപിയും, റവന്യൂ വരവുമായി താരതമ്യം ചെയ്യുമ്പോൾ റവന്യൂ ചെലവിലെ ഉയർച്ച എന്നിവ **പട്ടിക 2.18**ൽ കൊടുത്തിരിക്കുന്നു. 2021-22ലെ റവന്യൂ ചെലവിന്റെ മേഖലാവിതരണം **ചാർട്ട് 2.8**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.18: റവന്യൂ ചെലവുകൾ- അടിസ്ഥാന സൂചികകൾ**

***(₹ കോടിയിൽ)***

| സൂചികകൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| **മൊത്തം ചെലവ് (റ്റിഇ)** | 1,10,237.81 | 1,20,069.82 | 1,14,384.94 | 1,38,884.49 | 1,63,225.53 |
| **റവന്യൂ ചെലവ് (ആർഇ)** | 99,948.35 | 1,10,316.39 | 1,04,719.92 | 1,23,446.33 | 1,46,179.51 |
| റവന്യൂ ചെലവിന്റെ വളർച്ചാനിരക്ക് (ശതമാനത്തിൽ) | 9.72 | 10.37 | (-)5.07 | 17.88 | 18.42 |
| റവന്യൂ വരവുകൾ (ആർആർ) | 83,020.14 | 92,854.47 | 90,224.67 | 97,616.83 | 1,16,640.24 |
| റവന്യൂ വരവിന്റെ വളർച്ചാനിരക്ക് | 9.80 | 11.85 | (-)2.83 | 8.19 | 19.49 |
| ജിഎസ്ഡിപി | 7,01,588.26 | 7,88,285.58 | 8,24,374.20 | 7,99,571.11 | 9,01,997.83 |
| ജിഎസ്ഡിപിയുടെ വളർച്ചാനിരക്ക് | 10.51 | 12.36 | 4.58 | (-)3.01 | 12.81 |
| **മൊത്തം ചെലവിന്റെ ശതമാനമായി റവന്യൂ ചെലവ്** | 90.67 | 91.88 | 91.55 | 88.88 | 89.56 |
| റവന്യൂ വരവിന്റെ ശതമാനമായി റവന്യൂ ചെലവ് | 120.39 | 118.81 | 116.07 | 126.46 | 125.33 |
| ആർഇ/ജിഎസ്ഡിപി (ശതമാനത്തിൽ) | 14.25 | 13.99 | 12.70 | 15.44 | 16.21 |
| റവന്യൂചെലവിന്റെ ഉയർച്ച | | | | | |
| ജിഎസ്ഡിപി (അനുപാതം) | 0.92 | 0.84 | (-)1.11 | (-) 5.94 | 1.44 |
| റവന്യൂ വരുമാനം (അനുപാതം) | 0.99 | 0.88 | 1.79 | 2.18 | 0.94 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ ; ജിഎസ്ഡിപിയ്ക്ക് സ്റ്റാറ്റിസ്റ്റിക്സും പദ്ധതി നിർവ്വഹണ മന്ത്രാലയത്തിന്റെ 15/03/2022ലെ വെബ്സൈറ്റ്.*

**ചാർട്ട് 2.8: റവന്യൂ ചെലവിന്റെ മേഖല അടിസ്ഥാനത്തിലുള്ള വിതരണം (ശതമാനത്തിൽ)**




*ഉറവിടം : സാമ്പത്തിക കണക്കുകൾ*

- 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ റവന്യൂ ചെലവ് 89 മുതൽ 92 ശതമാനം എന്ന രീതിയിൽ ആയിരുന്നതിനാൽ ആസ്തികൾ സൃഷ്ടിക്കുന്നതിൽ മതിയായ വിഭവങ്ങളുടെ കുറവുണ്ടായി എന്ന് സംസ്ഥാനത്തിന്റെ ചെലവ് രീതി വെളിപ്പെടുത്തി.

- 2021-22ലെ മൊത്തം ചെലവിൽ റവന്യൂചെലവിന്റെ വിഹിതം 2020-21ലെ 88.88 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 89.56 ശതമാനമായിരുന്നു എന്നത് കാണിക്കുന്നത് തൻവർഷം മൂലധനചെലവിന് മുൻഗണന നൽകുന്നതിൽ ഒരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നതാണ്.

- തൻവർഷത്തെ റവന്യൂചെലവ് വഹിക്കാൻ റവന്യൂവരവ് പര്യാപ്തമായിരുന്നില്ല. റവന്യൂചെലവ് വഹിക്കാൻ സംസ്ഥാനത്തിന് കടമെടുത്ത ഫണ്ടുകൾ അവലംബിക്കേണ്ടി വന്നത് കരുതലുള്ള സാമ്പത്തിക പാതയുടെ ഒരു നല്ല സൂചകം അല്ല.

- 2020-21നെ അപേക്ഷിച്ച് 2021-22ൽ റവന്യൂചെലവ് ₹22,733.18 കോടി (18.42 ശതമാനം) വർദ്ധിച്ചു.

- 2020-21നെ അപേക്ഷിച്ച് 2021-22 വർഷത്തിൽ സാമൂഹ്യസേവനങ്ങൾ (റവന്യൂ മേഖല), ₹5,863.17 കോടി (13.08 ശതമാനം) വർദ്ധിച്ചു. ഇത് പ്രധാനമായും 'വിദ്യാഭ്യാസം, കായികം, കലയും സംസ്കാരവും' (50.34 ശതമാനം), 'ആരോഗ്യവും കുടുംബക്ഷേമവും' (37.03 ശതമാനം), 'തൊഴിലും തൊഴിൽക്ഷേമവും' (11.25 ശതമാനം) എന്നീ ഘടകങ്ങളിലുണ്ടായ വർദ്ധനവ് മൂലമാണ്. 'ജലവിതരണം', 'ശുചീകരണം', 'പാർപ്പിടവും നഗരവികസനവും' (30.22 ശതമാനം), 'വിവരസാങ്കേതികവും സംപ്രേഷണവും' (12.45 ശതമാനം), 'പട്ടികജാതി/ പട്ടികവർഗക്ഷേമം' (2.45 ശതമാനം), 'സാമൂഹ്യക്ഷേമവും പോഷകാഹാരവും' (34.97 ശതമാനം), മറ്റുള്ളവ (35.62 ശതമാനം) എന്നീ ഘടകങ്ങളിലുണ്ടായ കുറവ് മൂലം ഇത് ഭാഗികമായി തട്ടിക്കിഴിക്കപ്പെട്ടു.

- 2020-21നെ അപേക്ഷിച്ച് 2021-22 വർഷത്തിൽ പൊതുസേവനങ്ങളിൽ (റവന്യൂ മേഖല) 39.22 ശതമാനം (₹19,749.28 കോടി) വർദ്ധനവുണ്ടായി. പൊതു സേവനങ്ങൾക്കു കീഴിലുള്ള എല്ലാ ഘടകങ്ങളിലേയും ചെലവ് തൻവർഷം വർദ്ധിച്ചിട്ടുണ്ട്. പെൻഷനും മറ്റു പലവിധ പൊതുസേവനങ്ങളും (64.19 ശതമാനം), ഭരണപരമായ സേവനങ്ങൾ (51.80 ശതമാനം), സംസ്ഥാനത്തിന്റെ ഘടകങ്ങൾ (34.22 ശതമാനം), ധനസേവനങ്ങൾ (40.56 ശതമാനം) പലിശ കൊടുക്കലും കടത്തിന്റെ പരിപാലനവും (11.10 ശതമാനം) മുതലായവ.

- 2021-22 വർഷത്തിൽ സാമ്പത്തികസേവനങ്ങൾ (റവന്യൂമേഖല) ₹3,046.91 കോടി (16.24 ശതമാനം) കുറഞ്ഞു.

- ജിഎസ്ഡിപിയെ അപേക്ഷിച്ച് റവന്യൂചെലവിന്റെ ഉയർച്ച 1.44 ശതമാനവും റവന്യൂവരവുകളെ അപേക്ഷിച്ച് റവന്യൂചെലവിന്റെ ഉയർച്ച 0.94 ശതമാനവുമാണ്.

തൻവർഷത്തിലേയും മുൻവർഷത്തിലേയും സംസ്ഥാനത്തെ റവന്യൂചെലവിലെ വ്യതിയാനം (₹1,000 കോടിയും അതിനു മുകളിലും) എട്ട് മുഖ്യഅക്കൗണ്ട് ശീർഷകങ്ങളിലുള്ള സാരമായ വ്യതിയാനം പട്ടിക 2.19ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.19 : 2020-21 നെ അപേക്ഷിച്ച് 2021-22ൽ റവന്യൂ ചെലവിന്റെ വ്യതിയാനങ്ങൾ**

**(₹കോടിയിൽ)**

| ക്രമ നമ്പർ | പ്രധാന അക്കൗണ്ട് ശീർഷകം | 2020-21 | 2021-22 | വർദ്ധനവ് (+)/ കുറവ് (-) | വ്യതിയാനം (ശതമാനത്തിൽ) |
|---|---|---|---|---|---|
| 1 | 2049 - പലിശ കൊടുക്കൽ | 20,975.36 | 23,302.82 | 2,327.46 | 11.10 |
| 2 | 2055 - പോലീസ് | 3,245.58 | 4,962.07 | 1,716.49 | 52.89 |
| 3 | 2071 - പെൻഷനും മറ്റ് സേവന വിരാമ ആനുകൂല്യങ്ങളും | 18,942.85 | 26,898.69 | 7,955.85 | 42.00 |
| 4 | 2202 - പൊതു വിദ്യാഭ്യാസം | 15,199.63 | 23,258.38 | 8,058.74 | 53.02 |
| 5 | 2075 - പലവക പൊതു സർവ്വീസുകൾ | 2,257.44 | 7,910.31 | 5,652.87 | 250.41 |
| 6 | 2210 - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 8,013.18 | 10,910.66 | 2,897.48 | 36.16 |
| 7 | 2235 - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 13,572.74 | 8,661.04 | (-) 4,911.70 | (-)36.19 |
| 8 | 2408 - ഭക്ഷ്യം, സംഭരണം വെയർഹൗസിങ്ങ് | 5,955.04 | 3,656.16 | (-) 2,298.87 | (-)38.60 |

*ഉറവിടം : സാമ്പത്തിക കണക്കുകളിലെ പത്രിക 15*

മുകളിൽ പറഞ്ഞ അക്കൗണ്ട് ശീർഷകങ്ങളിലെ റവന്യൂചെലവിന്റെ വർദ്ധനവ് പ്രധാനമായും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളവും ബത്തകളും പുതുക്കിയതനുസരിച്ച് ശമ്പളത്തിലും പെൻഷനിലുമുണ്ടായ വർദ്ധനവ് മൂലമാണ്. 2075 - മുഖ്യശീർഷകത്തിലെ വർദ്ധനവിന് കാരണം ലോട്ടറികൾക്ക് കീഴിൽ ചെലവ് ₹2,037.34 കോടി വർദ്ധിച്ചതാണ്.

### 2.4.2.1 ബാധ്യതപ്പെട്ട ചെലവുകൾ

സംസ്ഥാന സർക്കാരിന്റെ വിഭവങ്ങളിൽ ആദ്യം ചുമത്തേണ്ട ബാധ്യതപ്പെട്ട ചെലവുകൾ പ്രധാനമായും പലിശ നൽകൽ, ശമ്പളം, വേതനം, പെൻഷൻ എന്നിവയാണ്. ഉയർന്ന ബാധ്യതപ്പെട്ട ചെലവ് വികസനമേഖലയിൽ വിഭവങ്ങളുടെ കുറഞ്ഞ ലഭ്യതയ്ക്ക് കാരണമാകുന്നു.

2017-18 മുതൽ 2021–22 വരെയുള്ള ബാധ്യതപ്പെട്ട ചെലവിന്റെ ഘടകങ്ങളുടെ പ്രവണത പട്ടിക 2.20ൽ കൊടുത്തിരിക്കുന്നു. 2017–18 മുതൽ 2021–22 വരെയുള്ള റവന്യൂ ചെലവിലെ ബാധ്യതാചെലവിന്റെ ഘടകം തിരിച്ചുള്ള ശതമാനവും **ചാർട്ട് 2.9**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.20 : ബാധ്യത ചെലവിന്റെ ഘടകങ്ങൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ബാധ്യതാ ചെലവിന്റെ ഘടകങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | ശമ്പളവും വേതനവും | 32,242.99 (13.64) | 32,520.66 (0.86) | 32,942.28 (1.30) | 28,767.46 (-12.67)* | 45,780.08 (59.14) |
| 2 | പെൻഷൻ ചെലവ് | 19,938.41 (30.51) | 19,011.94 (-4.65) | 19,064.29 (0.28) | 18,942.85 (-0.64) | 26,898.69 (42.00) |
| 3 | പലിശ നൽകൽ | 15,119.93 (24.79) | 16,747.92 (10.77) | 19,214.70 (14.73) | 20,975.36 (9.16) | 23,302.82 (11.10) |
| 4 | **ആകെ** | 67,301.33 (20.68) | 68,280.52 (1.45) | 71,221.27 (4.31) | 68,685.67 (-3.56) | 95,981.59 (39.74) |
| | **റവന്യൂ വരവിന്റെ ശതമാനത്തിൽ** | | | | | |
| 5 | റവന്യൂ വരവുകൾ (ആർആർ) | 83,020.14 (9.80) | 92,854.47 (11.85) | 90,224.67 (-2.83) | 97,616.83 (8.19) | 1,16,640.24 (19.49) |
| (a) | സംസ്ഥാനത്തിന്റെ തനതു വരുമാനം | 57,659.22 (11.15) | 62,427.34 (8.27) | 62,588.36 (0.26) | 54,988.15 (-12.14) | 68,803.03 (25.12) |
| (b) | കേന്ദ്രത്തിൽ നിന്നുള്ള വരുമാനം | 25,360.92 (6.85) | 30,427.13 (19.98) | 27,636.31 (-9.17) | 42,628.68 (54.25) | 47,837.21 (12.22) |
| 6 | ശമ്പളവും വേതനവും | 38.84 | 35.02 | 36.51 | 29.47 | 39.25 |
| 7 | പെൻഷൻ ചെലവ് | 24.02 | 20.47 | 21.13 | 19.40 | 23.06 |
| 8 | പലിശ നൽകൽ | 18.21 | 18.04 | 21.30 | 21.49 | 19.98 |
| 9 | **ആകെ** | 81.07 | 73.53 | 78.94 | 70.36 | 82.29 |
| | **റവന്യൂ ചെലവിന്റെ ശതമാനത്തിൽ** | | | | | |
| 10 | **റവന്യൂ ചെലവ് (ആർഇ)** | 99,948.35 (9.72) | 1,10,316.39 (10.37) | 1,04,719.92 (-5.07) | 1,23,446.33 (17.88) | 1,46,179.51 (18.42) |
| 11 | ശമ്പളവും വേതനവും | 32.26 | 29.48 | 31.46 | 23.30 | 31.32 |
| 12 | പെൻഷൻ ചെലവ് | 19.95 | 17.23 | 18.21 | 15.35 | 18.40 |
| 13 | പലിശ നൽകൽ | 15.13 | 15.18 | 18.35 | 16.99 | 15.94 |
| 14 | **ആകെ** | 67.34 | 61.90 | 68.01 | 55.64 | 65.66 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ പത്രിക 2ഉം 4ഉം*
*(ചെലവുകളിൽ വന്ന അതാത് വർഷത്തെ വ്യതിയാനം ശതമാന കണക്ക് ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ളത്.)*
** 2020–21ൽ ശമ്പളത്തിലും പെൻഷനിലും ഉണ്ടായ കുറവ് കോവിഡ് മൂലം ശമ്പളവും ബത്തകളും മാറ്റി വച്ചതും ലീവ് സറണ്ടർ നിർത്തിവച്ചതു മൂലവുമാണ്.*

**ചാർട്ട് 2.9 : റവന്യൂ ചെലവിൽ ശമ്പളം, പെൻഷൻ, പലിശ എന്നിവയുടെ വിഹിതം**

*(ശതമാനത്തിൽ)*




*ഉറവിടം : അതാത് വർഷത്തെ സാമ്പത്തിക കണക്കുകളിൽ നിന്ന് സമാഹരിച്ചത്.*

2021-22ലെ സംസ്ഥാനത്തിന്റെ റവന്യൂചെലവിന്റെ 65.66 ശതമാനവും ശമ്പളം, പെൻഷൻ, പലിശ ചെലവ് എന്നിവയായിരുന്നു. അത് തൻവർഷത്തെ റവന്യൂ വരുമാനത്തിന്റെ 82.29 ശതമാനത്തിനുമേൽ ആയിരുന്നു. റവന്യൂ ചെലവിന്റെ ശതമാന കണക്കിൽ ബാധ്യതപ്പെട്ട ചെലവുകൾ 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഏറ്റക്കുറച്ചിലുകളുള്ള ഒരു പ്രവണത കാണിച്ചു. ബാധ്യതാ ചെലവുകൾ 2021-22ൽ മുൻവർഷത്തെ അപേക്ഷിച്ച് ₹27,295.92 കോടി (39.74 ശതമാനം) വർദ്ധിച്ചു.

ബാധ്യതപ്പെട്ട ചെലവുകളുടെ ഘടകങ്ങൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു.

**ശമ്പളവും വേതനവും**

2021-22ലെ ശമ്പളത്തിലും വേതനത്തിലുമുള്ള ചെലവ് 2020-21നെ അപേക്ഷിച്ച് ₹17,012.62 കോടി (59.14 ശതമാനം) വർദ്ധിച്ചു. ഇത് മൊത്തം റവന്യൂ ചെലവിന്റെ 31.32 ശതമാനമാണ്. റവന്യൂ വരുമാനത്തിന്റെ ശതമാനമെന്ന നിലയിൽ ശമ്പളവും വേതനവും 2020-21ലെ 29.47 ശതമാനത്തിൽ നിന്നും 2021-22ൽ 39.25 ശതമാനമായി വർദ്ധിച്ചു.

11-ാം സംസ്ഥാന ശമ്പള പരിഷ്ക്കരണ കമ്മീഷൻ ശുപാർശകളനുസരിച്ച് ശമ്പളത്തിലും ബത്തകളിലും പെൻഷനിലും വലിയ വർദ്ധനവ് ഉണ്ട്. ഈ ശുപാർശ കളാണ് ശമ്പളത്തിലും വേതനത്തിലും (59.14 ശതമാനം) പെൻഷനിലും (42 ശതമാനം) ഉണ്ടായ കുത്തനെയുള്ള വർദ്ധനവിനു കാരണം (ഏപ്രിൽ 2021 മുതൽ നൽകിയത്). സംസ്ഥാന ജീവനക്കാരുടെ ശമ്പളവും വേതനങ്ങളും ഓരോ അഞ്ചു വർഷവും പുതുക്കുന്നു. അടുത്ത പുതുക്കൽ നടത്തേണ്ടത് 2024ലാണ്. 2021-22ലെ ശമ്പളവും പെൻഷനും കാരണമുണ്ടായ അധിക സാമ്പത്തിക ബാധ്യത ₹24,968.46 കോടിയാണ്. ശമ്പള പരിഷ്ക്കരണം കാരണം ബാധ്യതപ്പെട്ട ചെലവ് ₹47,710.31 കോടിയിൽ നിന്നും ₹72,678.77

കോടിയായി വർദ്ധിച്ചപ്പോൾ സംസ്ഥാനത്തിന്റെ തനതുവരുമാനമായ ₹68,803.03 കോടി ശമ്പളം, വേതനം, പെൻഷൻ എന്നിവയുടെ ബാധ്യതപ്പെട്ട ചെലവായ ₹72,678.77 കോടി നൽകാൻ പര്യാപ്തമായിരുന്നില്ല. അതിനാൽ ഈ ബാധ്യതപ്പെട്ട ചെലവ് ചെയ്യുന്നതിനുവേണ്ടി സർക്കാരിന് കടമെടുക്കലിനെ ആശ്രയിക്കേണ്ടി വന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ സംസ്ഥാനത്തിന്റെ പലിശഅടവ് 54 ശതമാനമായി വർദ്ധിച്ചു. അങ്ങനെ ശമ്പളം, വേതനം, പെൻഷൻ, പലിശ എന്നിവയിലെ മൊത്തം ബാധ്യതപ്പെട്ട ചെലവ് 68,685.67 കോടിയിൽ നിന്നും ₹95,981.59 കോടിയായി വർദ്ധിച്ചു.

**പെൻഷൻ**

സംസ്ഥാന സർക്കാർ ജീവനക്കാർ, എയിഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർ, മന്ത്രി മാരുടെ പേഴ്സണൽ ജീവനക്കാർ തുടങ്ങിയവർക്ക് പെൻഷനും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും നൽകാൻ 2021-22ലുണ്ടായ ചെലവ് 26,898.69 കോടിയായിരുന്നു. (റവന്യൂ വരവിന്റെ 23.06 ശതമാനം) ഇത് 2020-21ലെ ചെലവ് ₹18,942.85 കോടിയുമായി താരതമ്യം ചെയ്യുമ്പോൾ ₹7,955.84 കോടിയുടെ വർദ്ധനവ് ഉണ്ടായി. ഈ വർദ്ധന വിന്റെ കാരണം ഓരോ അഞ്ചു വർഷത്തിലും വരുന്ന ശമ്പളം പരിഷ്കരണം മൂലം പെൻഷനിലുണ്ടാകുന്ന വർദ്ധനവ് ആണ്.

2021-22ലെ പെൻഷനിലുണ്ടായ ചെലവിൽ 3,25,697 സംസ്ഥാന സർക്കാർ പെൻഷൻകാർക്കുള്ള ₹11,966.12 കോടി, സംസ്ഥാന എയിഡഡ് സ്ഥാപനങ്ങളിലെ 1,07,690 പെൻഷൻകാർക്കുള്ള ₹4,785.35 കോടി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, സർക്കാർ ചീഫ് വീപ്പ് തുടങ്ങിയവരുടെ 1,386 പേഴ്സണൽ ജീവനക്കാർക്കു നൽകിയ ₹8.22 കോടി എന്നിവ ഉൾപ്പെടുന്നു.

**പലിശ കൊടുക്കൽ**

വിപണിയിൽ നിന്നുള്ള വായ്പകൾ, ദേശീയ ലഘുസമ്പാദ്യനിധി തുടങ്ങിയവയുൾപ്പെട്ട ആന്തരിക വായ്പകളുടെ പലിശ, ലഘുസമ്പാദ്യം, ട്രഷറി സേവിംഗ്സ് അക്കൗണ്ട്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയുടെ പലിശ, ഭാരത സർക്കാരിൽ നിന്നുള്ള വായ്പ കളുടെയും മുൻകൂറുകളുടെയും പലിശ, കരുതൽ ഫണ്ടുകളിലുള്ള പലിശ എന്നിവ സംസ്ഥാനത്തിന്റെ പലിശ കൊടുക്കലിൽ ഉൾപ്പെടുന്നു.

പലിശ കൊടുക്കൽ 2020-21ലെ ₹20,975.36 കോടിയിൽ നിന്നും 2021-22ൽ ₹23,302.82 കോടിയായി വർദ്ധിച്ചു. മൊത്തം പലിശയിൽ വന്ന വർദ്ധനവിൽ വിപണിയിൽ നിന്നുള്ള വായ്പയുടെ പലിശ വർദ്ധനവ് 5.75 ശതമാനം (₹1,340.52 കോടിയും), ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് മുതലായവയിൽ 4.50 ശതമാനം (₹1,049.78 കോടി) ആണ്.

2021-22ൽ വിപണി വായ്പകളുടെ പലിശ മൊത്തം പലിശ കൊടുക്കലിന്റെ 57.60 ശതമാനവും ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയുടെ പലിശ മൊത്തം പലിശയുടെ 31.80 ശതമാനവുമായിരുന്നു. റവന്യൂവരവിന്റെ ശതമാനമായി പലിശ കൊടുക്കലിന്റെ ചെലവ് 2020-21ൽ 21.49 ശതമാനമായിരുന്നത് 2021-22ൽ 19.98 ശതമാന മായി കുറഞ്ഞതിനു കാരണം 2021-22ൽ റവന്യൂ വരുമാനത്തിലുണ്ടായ ₹19.023.41 കോടിയുടെ വർദ്ധനവായിരുന്നു.

### *2.4.2.2 ദേശീയ പെൻഷൻ പദ്ധതിയിലെ വിടുതലാകാത്ത ബാദ്ധ്യതകൾ*

2013 ഏപ്രിൽ ഒന്നിനോ അതിനുശേഷമോ സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ച എല്ലാ പുതിയ പ്രവേശകർക്കും ബാധകമായി സംസ്ഥാന സർക്കാർ ഡിഫൈൻഡ് പെൻഷൻ പദ്ധതി കോൺട്രിബ്യൂഷൻ (എൻ.പി.എസ്.) ആരംഭിച്ചു.

പദ്ധതിയുടെ മാർഗനിർദ്ദേശങ്ങളനുസരിച്ച് എല്ലാ മാസവും ജീവനക്കാർ അവരുടെ അടിസ്ഥാന ശമ്പളത്തിന്റേയും ക്ഷാമബത്തയുടെയും 10 ശതമാനവും തത്തുല്യമായ സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്ത് നിയുക്തഫണ്ട് മാനേജർ മുഖാന്തിരം നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡ് (എൻ.എസ്.ഡി.എൽ.)/ ട്രസ്റ്റി ബാങ്കിലേക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു. ജീവനക്കാരുടെയും തൊഴിൽ ദാതാവിന്റെയും സംഭാവന ആദ്യം പബ്ലിക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തശേഷം നിയുക്ത ഫണ്ട് മാനേജർ മുഖേന നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡ് (എൻ.എസ്.ഡി.എൽ)/ട്രസ്റ്റി ബാങ്കിലേയ്ക്ക് മാറ്റുകയും ചെയ്യും.

2021-22ൽ സംസ്ഥാന സർക്കാർ 1,69,636 ജീവനക്കാരുടെ എൻ.പി.എസ്.ആയി സർക്കാർ വിഹിതവും ജീവനക്കാരുടെ വിഹിതവുമുൾപ്പെടെ (₹833.42 കോടി) ₹1,668.41 കോടി സമാഹരിച്ചു. 2022 മാർച്ച് 31ന് അക്കൗണ്ട് ശീർഷകത്തിൽ ₹0.35 കോടി ബാക്കി നിർത്തികൊണ്ട് സംസ്ഥാന സർക്കാർ ₹1,668.23 കോടി എൻ.എസ്.ഡി.എൽ.ലേക്ക് മാറ്റി/ ഒടുക്കി.

2021-22ൽ 2071-00-117 എന്ന റവന്യൂ ചെലവ് ശീർഷകത്തിൽ നിന്നും എൻ.പി.എസിലേക്കുള്ള സർക്കാർ വിഹിതമായി ₹830.85 കോടി കുറവു ചെയ്തെങ്കിലും 8342-00-117 എന്ന പൊതുഅക്കൗണ്ട് ശീർഷകത്തിനു കീഴിൽ ഒടുക്കിയത് ₹834.99 കോടിയായിരുന്നു. പൊതു അക്കൗണ്ടിൽ അധികമായി ഒടുക്കിയ ₹4.14 കോടി ഒത്തുനോക്കി പരിശോധന നടത്തി ക്രമപ്പെടുത്തേണ്ടതാണ്.

ഫിനാൻസ് അക്കൗണ്ടുകൾ പ്രകാരം ₹0.01 കോടിയാണ് ബാക്കി തുകയുടെ പലിശ നൽകേണ്ടിയിരുന്നത്. പലിശ നൽകാത്തതിന്റെ ഫലമായി റവന്യൂ കമ്മിയും ധനകമ്മിയും ₹0.01 കോടി കുറച്ചു കാണിക്കാനിടയായി. ശേഖരിക്കപ്പെടാത്തതും പൊരുത്തപ്പെടാത്തതും കൈമാറ്റം ചെയ്യപ്പെടാത്തതുമായ തുകകൾ, അടയ്ക്കേണ്ട പലിശ ഇവയെല്ലാം പുതിയ പെൻഷൻ സ്കീമിന്റെ കീഴിലുള്ള കുടിശ്ശിക ബാധ്യതകളെ പ്രതിനിധീകരിക്കുന്നു.

### *2.4.2.3 സബ്സിഡികൾ*

സർക്കാർ ജനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളെയാണ് സബ്സിഡി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് സബ്സിഡി ലഭിക്കുന്ന ഉൽപ്പന്നത്തിന്റെ മൂല്യം കുറയ്ക്കുന്നു. മൂല്യത്തിലുണ്ടാവുന്ന കുറവ് സംസ്ഥാന അക്കൗണ്ടിൽ റവന്യൂ ചെലവായി കാണിക്കുന്നു. 2020-21 ഒഴികെ 2017-18 മുതൽ 2021-22 വരെ റവന്യൂ വരവുകളുടെയും ചെലവുകളുടെയും ശതമാനമായി സബ്സിഡികൾ കുറയുന്ന പ്രവണത കാണിച്ചു. സബ്സിഡിയിലുണ്ടായ ചെലവ് 2020-21ലെ ₹6,547.48 കോടിയിൽ നിന്ന് ₹2,393.51 കോടി കുറഞ്ഞ് 2021-22ൽ ₹4,153.97 കോടിയായി. ഇത് **പട്ടിക 2.21**ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 2.21: 2017-2022 കാലയളവിലെ സബ്സിഡി ചെലവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | സബ്സിഡികൾ | 1,583.84 | 1,663.01 | 1,429.01 | 6,547.48 | 4,153.97 |
| 2 | റവന്യൂ വരവുകൾ | 83,020.14 | 92,854.47 | 90,224.67 | 97,616.83 | 1,16,640.24 |
| 3 | റവന്യൂ ചെലവ് | 99,948.35 | 1,10,316.39 | 1,04,719.92 | 1,23,446.33 | 1,46,179.51 |
| 4 | സബ്സിഡികൾ റവന്യൂ വരവിന്റെ ശതമാനത്തിൽ | 1.91 | 1.79 | 1.58 | 6.71 | 3.56 |
| 5 | സബ്സിഡികൾ റവന്യൂ ചെലവിന്റെ ശതമാനത്തിൽ | 1.58 | 1.51 | 1.36 | 5.30 | 2.84 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ പത്രിക 2.*

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് ഗ്രാന്റായി നൽകിയത് (₹1,825.19 കോടി), റേഷൻ സബ്സിഡി (₹1,068.16 കോടി), കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റു ഏജൻസികളും വഴിയുള്ള നെൽസംഭരണം (₹759.86 കോടി) ലൈഫ് പാർപ്പിട മിഷൻ നടപ്പാക്കാൻ ഹൗസിങ് & അർബൻ ഡവലപ്മെന്റ് കോർപ്പറേഷനിൽ (ഹഡ്കോ) നിന്നെടുത്ത ലോണിന്റെ കേരള അർബൻ ആൻഡ് റൂറൽ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനുള്ള (കെയൂആർഡിഎഫ്സി) പലിശ സബ്സിഡി (₹184.01 കോടി) എന്നിവയായിരുന്നു 2021-22 വർഷത്തിൽ നൽകിയ സബ്സിഡികളിലെ പ്രധാന ഇനങ്ങൾ.

### *2.4.2.4 തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റുള്ളവർക്കും നൽകിയ സാമ്പത്തികസഹായം*

ശമ്പളവും ബത്തകളും നൽകാനും, മറ്റ് പലവക ചെലവുകൾക്കും, മൂലധന ആസ്തികൾ സ്ഥാപിക്കാനും വേണ്ടി തദ്ദേശസ്ഥാപനങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും ധനസഹായമായും വായ്പയായും സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ തദ്ദേശ സ്ഥാനങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും ഗ്രാന്റുകളായും വായ്പകളായും നൽകിയ സഹായത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.22**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.22: തദ്ദേശസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കുള്ള സാമ്പത്തികസഹായം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | **(എ) തദ്ദേശ സ്ഥാപനങ്ങൾ** | | | | | |
| 2 | മുൻസിപ്പൽ കോർപ്പറേഷനും മുനിസിപ്പാലിറ്റികളും | 3,178.62 | 3,287.46 | 2,296.24 | 3,653.02 | 2,584.33 |
| 3 | പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ | 11,335.87 | 10,426.56 | 5,711.11 | 8,692.14 | 7,601.76 |
| 4 | **ആകെ (എ)** | 14,514.49 | 13,714.02 | 8,007.35 | 12,345.16 | 10,186.09 |
| 5 | **(ബി) മറ്റുള്ളവ** | | | | | |
| 6 | പൊതുമേഖലാ സ്ഥാപനങ്ങൾ (സർക്കാർ കമ്പനികളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും) | 1,862.03 | 1,879.81 | 1,489.07 | 2,966.98 | 3,584.48 |
| 7 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സർവ്വകലാശാലകൾ) | 1,483.81 | 1,524.64 | 1,564.63 | 1,569.61 | 1,713.01 |
| 8 | സഹകരണ സ്ഥാപനങ്ങൾ | 76.56 | 64.70 | 50.50 | 193.97 | 139.56 |

| ക്രമ നമ്പർ | സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 9 | മറ്റു സ്ഥാപനങ്ങൾ | 1,616.71 | 2,199.45 | 1,020.49 | 3,429.13 | 3,489.70 |
| 10 | **ആകെ (ബി)** | 5,039.11 | 5,668.60 | 4,124.69 | 8,159.69 | 8,926.75 |
| 11 | **ആകെ (എ + ബി)** | 19,553.60 | 19,382.62 | 12,132.04 | 20,504.85 | 19,112.84 |
| 12 | റവന്യൂ ചെലവ് | 99,948.35 | 1,10,316.39 | 1,04,719.92 | 1,23,446.33 | 1,46,179.51 |
| 13 | സഹായതുക റവന്യൂ ചെലവിന്റെ ശതമാനത്തിൽ | 19.56 | 17.57 | 11.59 | 16.61 | 13.07 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 7ഉം 10ഉം.*

മുകളിലുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നതിൻപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും നൽകുന്ന സാമ്പത്തികസഹായം കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വർദ്ധിച്ച് 2017-18ൽ യഥാക്രമം ₹1,862.03 കോടിയും ₹1,616.71 കോടിയും ആയിരുന്നത് 2021-22ൽ ₹3,584.48 കോടിയും ₹3,489.70 കോടിയുമായി.

തദ്ദേശസ്ഥാപനങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും നൽകുന്ന സാമ്പത്തികസഹായം 2020-21ലെ ₹20,504.85 കോടിയിൽ നിന്നും 2021-22ൽ ₹19,112.84 കോടിയായി കുറഞ്ഞു. 2020-21ലെ 16.61 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2021-22 കാലയളവിൽ സാമ്പത്തിക സഹായം റവന്യൂ ചെലവിന്റെ 13.07 ശതമാനമാണെന്ന് മുകളിലുള്ള പട്ടിക കാണിക്കുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 2021-22ൽ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് കുറഞ്ഞു.

### *2.4.2.5 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ ബുക്ക് ചെയ്ത ചെലവിന്റെ വിന്യാസം*

2022 മാർച്ച് 31ന് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ ബുക്ക് ചെയ്ത മൊത്തം ചെലവായ ₹3,859.50 കോടിയിൽ (റവന്യൂ ചെലവ് ₹2,632.03 കോടിയും മൂലധന ചെലവ് ₹1,227.47 കോടിയും) കേന്ദ്രസഹായത്തിനു കീഴിലുള്ള ചെലവും കേന്ദ്രാവിഷ്കൃതപദ്ധതിയിലെ സംസ്ഥാനവിഹിതവുമുൾപ്പെടുന്നു.

### *2.4.2.6 സംസ്ഥാന ധനകാര്യകമ്മീഷൻ*

പഞ്ചായത്തുകളുടെയും നഗരതദ്ദേശസ്ഥാപനങ്ങളുടെയും സാമ്പത്തികസ്ഥിതി പഠിച്ച് ഗവർണർക്ക് ശുപാർശകൾ സമർപ്പിക്കാൻ വേണ്ടി കേരള സർക്കാർ[6] സംസ്ഥാന ധനകാര്യകമ്മീഷൻ രൂപീകരിച്ചു.

1994ൽ രൂപീകരിച്ച ഒന്നാം സംസ്ഥാന ധനകാര്യകമ്മീഷനിൽ നിന്നും സംസ്ഥാനം 2019 നവംബറിൽ പ്രവർത്തനമാരംഭിച്ച ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ (ഏറ്റവും പുതിയ) മധ്യത്തിലാണ്. സർക്കാർ ഉത്തരവ് അനുസരിച്ച്, പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സാമ്പത്തികസ്ഥിതി അവലോകനം ചെയ്യുന്ന ധനകാര്യ കമ്മീഷൻ ഡെവല്യൂഷനേയും നോൺ ഡെവല്യൂഷനേയും കുറിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ യഥാക്രമം 2020 ഡിസംബറിലും 2021 ഓഗസ്റ്റിലും നൽകേണ്ടതാണ്.

മുകളിൽ പറഞ്ഞതിൻ പ്രകാരം 2020 ഡിസംബറിലെ ഒന്നാം റിപ്പോർട്ടിലും 2021 സെപ്റ്റംബറിലെ രണ്ടാം റിപ്പോർട്ടിലുമായി ആറാം ധനകാര്യകമ്മീഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി.

---

[6] ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243(ഐ)(വൈ) ഉപവാക്യം 1, 1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 186ഉം 1994ലെ കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് സെക്ഷൻ 205ഉം ചേർത്ത് വായിക്കുക.

സംസ്ഥാന സർക്കാർ 2022 ജൂൺ 22ന് ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ ശുപാർശകൾ ഭേദഗതികളോടെ അംഗീകരിച്ചു.

### 2.4.3 മൂലധന ചെലവ്

സ്ഥിര അടിസ്ഥാനസൗകര്യ ആസ്തികളായ കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കാനാവശ്യമായ ചെലവിനെയാണ് മൂലധനചെലവ് എന്നു പറയുന്നത്. മൊത്തം മൂലധനചെലവ്, മുൻവർഷങ്ങളെ അപേക്ഷിച്ച് അതിന്റെ വളർച്ച, കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി (2017-2022) ജിഎസ്ഡിപിയുമായി അതിന്റെ ശതമാനം എന്നിവ **പട്ടിക 2.23**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.23: കഴിഞ്ഞ അഞ്ചു വർഷങ്ങളിലായുള്ള മൂലധന ചെലവിന്റെ പ്രവണത (2017-2022)**

*(₹കോടിയിൽ)*

| ഇനം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| മൂലധന ചെലവ് (സിഇ) | 8,748.87 | 7,430.54 | 8,454.80 | 12,889.65 | 14,191.73 |
| മൂലധനചെലവിന്റെ വർദ്ധന (ശതമാനത്തിൽ) | (-)13.60 | (-)15.07 | 13.78 | 52.45 | 10.10 |
| മൊത്തം ചെലവ് (റ്റിഇ) | 1,10,237.81 | 1,20,069.82 | 1,14,384.94 | 1,38,884.49 | 1,63,225.53 |
| സിഇ/ റ്റിഇ ശതമാനത്തിൽ | 7.94 | 6.19 | 7.39 | 9.28 | 8.69 |
| ജിഎസ്ഡിപി | 7,01,588.26 | 7,88,285.58 | 8,24,374.20 | 7,99,571.11 | 9,01,997.83 |
| സിഇ/ ജിഎസ്ഡിപി | 1.25 | 0.94 | 1.03 | 1.61 | 1.57 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകളിലെ പത്രിക 2.*

മൂലധനചെലവ് 2018-19ൽ കുറഞ്ഞത് ഒഴിവാക്കിയാൽ 2017-18ലെ ₹8,748.87 കോടിയിൽ നിന്നും 2021-22ൽ ₹14,191.73 കോടിയായി വർദ്ധിച്ചു. 2021-22ലെ മൊത്തം മൂലധന ചെലവായ ₹14,191.73 കോടിയിൽ ₹3,373.66 കോടി (23.77 ശതമാനം) മറ്റു പൊതു സാമ്പത്തിക സേവനങ്ങൾക്കും ₹3,270.99 കോടി (23 ശതമാനം) റോഡുകൾക്കും പാലങ്ങൾക്കുമായിരുന്നു. ഈ അഞ്ചുവർഷക്കാലയളവിൽ മൂലധനചെലവ് ജിഎസ്ഡിപിയുടെ 0.94 മുതൽ 1.61 ശതമാനം വരെയായിരുന്നു.

തൻവർഷത്തെ മൂലധനചെലവ് (₹14,191.73 കോടി) മുൻവർഷത്തെ അപേക്ഷിച്ച് (₹12,889.65 കോടി), ₹1,302.08 കോടി (10.10 ശതമാനം) വർദ്ധിച്ചു.

#### *2.4.3.1 മൂലധനചെലവിലെ പ്രധാന വ്യത്യാസങ്ങൾ*

മൂലധനചെലവിനെ സംബന്ധിച്ച് തൻവർഷവും കഴിഞ്ഞ വർഷവും വിവിധ അക്കൗണ്ട് ശീർഷകങ്ങളിലായുണ്ടായ കാര്യമായ വ്യതിയാനങ്ങൾ **അനുബന്ധം 2.2**ൽ കൊടുത്തിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല സംസ്കാരവുമായി ബന്ധപ്പെട്ട മൂലധനചെലവ് മുൻവർഷത്തെ അപേക്ഷിച്ച് ₹102.02 കോടി വ്യതിയാനം കാണിച്ചതിന് പ്രധാന കാരണം വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ എന്നിവയ്ക്കു മേലുള്ള അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള ചെലവ് വർദ്ധിച്ചതാണ്.

മുൻവർഷത്തെ അപേക്ഷിച്ച് 2021-22ൽ ജലവിതരണവും ശുചിയാക്കലും എന്ന ഘടകത്തിന് കീഴിലുള്ള മൂലധനചെലവിൽ വർദ്ധനവുണ്ടായി. ഇതിനു പ്രധാന

കാരണം ജലജീവൻമിഷൻ (എൻആർഡിഡബ്ല്യൂപി- 50% കേന്ദ്രാവിഷ്കൃത പദ്ധതി) എന്ന പദ്ധതിക്കു കീഴിൽ ചെലവിലുണ്ടായ ₹1,045.65 കോടിയുടെ വർദ്ധനവാണ്.

മറ്റു പൊതു സാമ്പത്തികസേവനങ്ങളുടെ ചെലവിലുണ്ടായ പ്രധാന വർദ്ധനവ് 2021-22 കാലയളവിൽ ബാധ്യത തിരിച്ചടവിന് കിഫ്ബിയ്ക്ക് നൽകിയ ₹322.07 കോടിയുടെ സഹായം കാരണമാണ്. കൂടാതെ സർക്കാരിന് റീബിൽഡ് കേരള ഇനിഷിയേറ്റീവ് പദ്ധതിയുടെ കീഴിലുള്ള വെള്ളപ്പൊക്കാനന്തരപദ്ധതികൾക്കായി ₹286.70 കോടിയുടെ അധികചെലവുണ്ടായി. റീബിൽഡ് കേരള ഇനിഷിയേറ്റീവിനെ കുറിച്ചുള്ള ഒരു വിശദമായ വിശകലനം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം IIIൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### *2.4.3.2 മൂലധനചെലവിന്റെ ഗുണനിലവാരം*

സർക്കാർ ഏറ്റെടുത്ത നിക്ഷേപങ്ങളുടെയും മറ്റ് മൂലധനചെലവിന്റെയും ഒരു വിശകലനം ഈ വിഭാഗത്തിൽ നൽകിയിരിക്കുന്നു.

ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ് ഫ്രെയിം വർക്ക് നിലവിൽ വന്നതിന് ശേഷം സംസ്ഥാനം അതിന്റെ ധനകമ്മി (കടമെടുപ്പും) താഴ്ന്ന നില നിലനിർത്തുന്നതിനോടൊപ്പം അതിന്റെ മൂലധനചെലവും/ നിക്ഷേപവും (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) സ്വന്തം റവന്യൂ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുകയും ചെയ്യേണ്ടതാണ്. ഇതു കൂടാതെ വിപണിയടിസ്ഥാനത്തിലുള്ള വിഭവങ്ങളെ പൂർണ്ണമായി ആശ്രയിക്കുന്നതിലേയ്ക്കുള്ള പരിവർത്തനത്തിൽ, സംസ്ഥാനം അതിന്റെ മുതൽ മുടക്കിൽ നിന്നും ആദായം കണ്ടെത്തുന്നതിനും, കടമെടുപ്പ് പണത്തിന്റെ ചെലവ് ബഡ്ജറ്റിൽ കൂടി അന്തർലീനമായ സഹായ ധനത്തിന്റെ രൂപത്തിൽ വഹിക്കാതെ അവ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടത് ആവശ്യമാണ്. മുൻവർഷങ്ങളുമായി താരതമ്യം ചെയ്ത് തന്നാണ്ടിൽ സർക്കാർ നടത്തിയ മുതൽ മുടക്കിന്റെയും മറ്റു മൂലധന ചെലവിന്റെയും സാമ്പത്തിക വിശകലനമാണ് ഈ വിഭാഗത്തിൽ നൽകിയിരിക്കുന്നത്. 2017-18 മുതൽ 2021-22 വരെ നിക്ഷേപത്തിൽ നിന്നുള്ള ആദായം **പട്ടിക 2.24**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.24: നിക്ഷേപത്തിൽ നിന്നുള്ള ആദായം**

*(₹ കോടിയിൽ)*

| നിക്ഷേപം/ ആദായം/ കടമെടുപ്പുകളുടെ ചെലവ് | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| വർഷാവസാന നിക്ഷേപം (₹കോടിയിൽ) | 7,981.81 | 8,246.22 | 8,775.35 | 9,354.02 | 9,767.48 |
| ആദായം (₹കോടിയിൽ) | 126.48 | 132.12 | 100.33 | 110.19 | 227.98 |
| ആദായം (ശതമാനത്തിൽ) | 1.58 | 1.60 | 1.14 | 1.18 | 2.33 |
| സർക്കാർ കടമെടുപ്പുകളുടെ ശരാശരി പലിശനിരക്ക് (ശതമാനത്തിൽ)[7] | 7.48 | 7.34 | 7.58 | 7.31 | 7.00 |
| പലിശ നിരക്കും ആദായവും തമ്മിലുള്ള വ്യത്യാസം (ശതമാനത്തിൽ) | 5.90 | 5.74 | 6.44 | 6.13 | 4.67 |
| സർക്കാർ വായ്പയുടെ പലിശയും നിക്ഷേപങ്ങളിൽ നിന്നുള്ള ആദായവും തമ്മിലുള്ള വ്യത്യാസം (₹കോടിയിൽ)[8] | 470.93 | 473.33 | 565.13 | 573.40 | 456.14 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ*

2021-22 കാലയളവിൽ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളിൽ ₹37.46 കോടിയും സർക്കാർ കമ്പനികളിൽ ₹278.28 കോടിയും ജോയിന്റ് സ്റ്റോക്ക് കമ്പനികളിൽ ₹105.11 കോടിയും സഹകരണ ബാങ്കുകളിലും സൊസൈറ്റികളിലും ₹34.49 കോടിയും സർക്കാർ

[7] പലിശ കൊടുക്കൽ/[(മുൻവർഷത്തെ സാമ്പത്തിക ബാധ്യതാ തുക + തന്നാണ്ടിലെ സാമ്പത്തിക ബാധ്യത)/2] *100.
[8] വർഷാവസാന നിക്ഷേപം * ആദായവും പലിശ നിരക്കും തമ്മിലുള്ള വ്യത്യാസം.

നിക്ഷേപിച്ചു. സർക്കാർ നിക്ഷേപങ്ങളുടെ പ്രോഗ്രസ്സീവ് ചെലവ് സർക്കാർ കമ്പനികളിൽ ₹76.02 കോടിയും സഹകരണ ബാങ്കുകളിലും സൊസൈറ്റികളിലും ₹60.27 കോടിയും കുറഞ്ഞു.

സർക്കാർ നിക്ഷേപങ്ങൾ 2017-18ൽ ₹7,981.81 കോടിയിൽ നിന്നും ₹1,785.67 കോടി വർദ്ധിച്ച് 2021-22ൽ ₹9,767.48 കോടിയായി.

2017-22 കാലയളവിൽ കമ്പനികൾ / കോർപ്പറേഷനുകൾ / സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ നിക്ഷേപങ്ങളുടെ ശരാശരി ആദായം 1.57 ശതമാനമായിരുന്നു. അതേസമയം ഇതേകാലയളവിൽ സർക്കാർ ശരാശരി 7.34 ശതമാനം നൽകി.

### *2.4.3.3 സർക്കാർ നൽകിയ വായ്പകളും മുൻകൂറുകളും*

സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, സഹകരണ സൊസൈറ്റികൾ എന്നിവയിൽ നടത്തുന്ന നിക്ഷേപങ്ങൾക്കു പുറമേ സർക്കാർ ഈ സ്ഥാപനങ്ങൾക്ക് വായ്പകളും മുൻകൂറുകളും നൽകുന്നു. വിതരണം ചെയ്ത വായ്പകളുടെയും മുൻകൂറുകളുടെയും സ്ഥിതി, തിരിച്ചടവും പലിശയും ലഭിച്ചത്, 2017-18 മുതൽ 2021-22വരെ സംസ്ഥാന സർക്കാർ കടംവാങ്ങലിനുവേണ്ടി കൊടുത്ത പലിശ തുടങ്ങിയവ **പട്ടിക 2.25**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.25 : അഞ്ചു വർഷക്കാലയളവിൽ വിതരണം ചെയ്തതും തിരിച്ചു പിടിച്ചതുമായ വായ്പകളുടെ അളവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | ബാക്കിയുള്ള വായ്പയുടെ മുൻ ബാക്കി | 13,877.23[9] | 15,163.04[10] | 16,557.18[11] | 17,472.08 | 19,725.39[12] |
| 2 | ഈ വർഷം കൊടുത്ത മുൻകൂറുകളുടെ തുക | 1,540.59 | 2,322.89 | 1,210.22 | 2,548.51 | 2,854.29 |
| 3 | ഈ വർഷം തിരിച്ചു പിടിച്ച തുക | 350.98[13] | 210.54[14] | 295.32[15] | 263.82[16] | 479.24[17] |

*[9] സാമ്പത്തിക കണക്കുകൾ 2017-18 ലെ സ്റ്റേറ്റ്മെന്റ് നമ്പർ 18ലെ അടിക്കുറിപ്പ് (ഒ)ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ മുൻ വർഷത്തെ അവസാന നീക്കിയിരിപ്പുമായുള്ള ₹0.71 കോടിയുടെ വ്യത്യാസം പ്രൊഫോർമ അഡ്ജസ്റ്റുമെന്റ് മൂലമാണ്.*

*[10] സാമ്പത്തിക കണക്കുകൾ 2018-19 ലെ സ്റ്റേറ്റ്മെന്റ് നമ്പർ 18ലെ അടിക്കുറിപ്പ് (പി)ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ മുൻ വർഷത്തെ അവസാന നീക്കിയിരിപ്പുമായുള്ള ₹96 കോടിയുടെ വ്യത്യാസം പ്രൊഫോർമ അഡ്ജസ്റ്റുമെന്റ് മൂലമാണ്.*

*[11] സാമ്പത്തിക കണക്കുകൾ 2019-20 ലെ സ്റ്റേറ്റ്മെന്റ് നമ്പർ 18ലെ അടിക്കുറിപ്പ് (ക്യൂ)ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ മുൻ വർഷത്തെ അവസാന നീക്കിയിരിപ്പുമായുള്ള ₹718 കോടിയുടെ വ്യത്യാസം പ്രൊഫോർമ അഡ്ജസ്റ്റുമെന്റ് മൂലമാണ്.*

*[12] കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡിന്റെ വായ്പ ഇക്വിറ്റി ആയി മാറ്റി റീ ക്ലാസ്സിഫൈ ചെയ്തത് മൂലം പ്രൊഫോർമ അഡ്ജസ്റ്റ്മെന്റ് വഴി കുറവ് വരുത്തി (₹31.38 കോടി).*

*[13] തിരിച്ചു പിടിക്കാനാവാത്ത വായ്പകൾ എഴുതി തള്ളിയ ₹0.30 കോടി ഉൾപ്പെടുന്നു.*

*[14] തിരിച്ചു പിടിക്കാനാവാത്ത വായ്പകൾ എഴുതി തള്ളിയ ₹0.40 കോടി ഉൾപ്പെടുന്നു.*

*[15] തിരിച്ചു പിടിക്കാനാവാത്ത വായ്പകൾ എഴുതി തള്ളിയ ₹0.30 കോടി ഉൾപ്പെടുന്നു.*

*[16] തിരിച്ചു പിടിക്കാനാവാത്ത വായ്പകൾ എഴുതി തള്ളിയ ₹0.23 കോടി ഉൾപ്പെടുന്നു.*

*[17] തിരിച്ചു പിടിക്കാനാവാത്ത വായ്പകൾ എഴുതി തള്ളിയ ₹0.15 കോടി ഉൾപ്പെടുന്നു.*

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 4 | ബാക്കിയുള്ള വായ്പയുടെ അന്തിമ നീക്കിയിരിപ്പ് | 15,066.84 | 17,275.39 | 17,472.08 | 19,756.77 | 22,100.44 |
| 5 | അറ്റ വർദ്ധനവ് | 1,189.61 | 2,112.35 | 914.90 | 2,284.69 | 2,375.05 |
| 6 | ലഭിച്ച പലിശ | 37.53 | 40.81 | 50.59 | 42.83 | 53.36 |
| 7 | സർക്കാർ നൽകിയ വായ്പകളുടെയും മുൻ കൂറുകളുടെയും പലിശ നിരക്ക്[18] (ശതമാനത്തിൽ) | 0.26 | 0.25 | 0.30 | 0.23 | 0.26 |
| 8 | സർക്കാരിന്റെ ബാക്കിയുള്ള കടമെടുപ്പു കൾക്ക് കൊടുത്ത പലിശ നിരക്ക് (ശതമാനത്തിൽ) | 7.48 | 7.34 | 7.58 | 7.31 | 7.00 |
| 9 | കൊടുത്ത പലിശയുടെയും കിട്ടിയ പലിശയുടെയും നിരക്കിന്റെ വ്യത്യാസം (ശതമാനത്തിൽ) | 7.22 | 7.09 | 7.28 | 7.08 | 6.74 |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ പത്രിക 7*

### *2.4.3.4* വായ്പ തിരിച്ചു പിടിക്കുന്നതിലെ കുടിശ്ശിക

വിപണി വായ്പ ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നും വായ്പകളെടുത്താണ് സർക്കാർ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വായ്പകളും മുൻകൂറുകളും നൽകുന്നത്. വായ്പകളും മുൻകൂറുകളും തിരിച്ചുപിടിക്കുന്നതിൽ വൻകുടിശ്ശികയുണ്ട്. തൻവർഷത്തിൽ സംസ്ഥാന സർക്കാർ വിവിധ സ്ഥാപനങ്ങൾക്കായി ₹2,854.29 കോടി വായ്പകളും മുൻകൂറുകളുമായി നൽകി. 2022 മാർച്ച് അവസാനം വായ്പ തിരിച്ചടവായി ലഭിച്ചത് ₹22,100.44 കോടിയാണ്. തൻവർഷം ലഭിച്ച ₹479.24 കോടി വായ്പ തിരിച്ചടവ് ബാക്കി നിൽക്കുന്ന മൊത്തം വായ്പയുടെ 2.43 ശതമാനം മാത്രമാണ്. 2021-22ൽ വായ്പയ്ക്കു ലഭിച്ച പലിശ ₹53.36 കോടിയാണ്.

സ്ഥാപനങ്ങൾ വായ്പയും പലിശയും നിശ്ചിത തവണകളായി തിരിച്ചടയ്ക്കേണ്ടതായിരുന്നെങ്കിലും അവർ ഇതിൽ വീഴ്ച വരുത്തുകയും മാർച്ച് 2022 അവസാനം അത്തരം 64 സ്ഥാപനങ്ങളിൽ നിന്നും തിരിച്ചടവിന്റെ കുടിശ്ശിക ₹18,171.99 കോടിയാവുകയും ചെയ്തു. (മുതൽ ₹12,198.21 കോടിയും പലിശ ₹5,973.78 കോടിയും). കുടിശ്ശികയിൽ 72 ശതമാനം പട്ടിക 2.26ൽ കാണിച്ചിരിക്കുന്നവിധം താഴെ പറയുന്ന നാല് സ്ഥാപനങ്ങളിൽ നിന്നാണ്.

[18] *കിട്ടിയ പലിശ/ (തുടക്കത്തിലെ നീക്കിയിരിപ്പ് + വായ്പകളുടെയും മുൻകൂറുകളുടെയും അവസാന നീക്കിയിരിപ്പ്)/2* 100*

**പട്ടിക 2.26: വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തിയതിൽ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ**

| ക്രമ നമ്പർ | വായ്പയെടുത്ത സ്ഥാപനം | 2022 മാർച്ച് 31നുള്ള കുടിശ്ശിക തുക (₹കോടിയിൽ) | | | കുടിശ്ശികയുമായി ബന്ധപ്പെട്ട ആദ്യ കാലയളവ് |
|---|---|---|---|---|---|
| | | മുതൽ | പലിശ | ആകെ | |
| 1 | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 1,137.34 | 657.36 | 1,794.70 | 1970-71 |
| 2 | കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ | 4,293.52 | 1,301.90 | 5,595.42 | 1983-84 |
| 3 | കേരള വാട്ടർ അതോറിറ്റി | 2,332.63 | 1,597.19 | 3,929.82 | 2007-08 |
| 4 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 1,165.21 | 590.31 | 1,755.52 | 1980-81 |
| **ആകെ** | | 8,928.70 | 4,146.76 | 13,075.46 | |

*ഉറവിടം : അതാതുവർഷത്തെ സാമ്പത്തിക കണക്കുകൾ പത്രിക 8*

### *2.4.3.5 ചെലവിന്റെ മുൻഗണനകൾ*

മാനുഷിക വികസന നിലവാരം ഉയർത്തുന്നതിന് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പ്രധാന സാമൂഹ്യ സേവനങ്ങൾക്കായുള്ള ചെലവ് സംസ്ഥാനങ്ങൾ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. പ്രത്യേക മേഖലയിലെ വകയിരുത്തൽ ദേശീയ ശരാശരിയെക്കാൾ കുറവാണെങ്കിൽ (മൊത്തം ചെലവുമായി പ്രത്യേക മേഖലയിലെ ചെലവിന്റെ അനുപാതം) ആ മേഖലയിൽ കുറഞ്ഞ ഫിസ്ക്കൽ മുൻഗണനയാണ് നൽകിയിരിക്കുന്നതെന്ന് കണക്കാക്കാം. ഇത്തരം പ്രധാന സാമൂഹ്യ സേവനങ്ങൾക്കായുള്ള ചെലവിന്റെ അനുപാതം വർദ്ധിക്കുന്നതനുസരിച്ച് ചെലവിന്റെ ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുമെന്ന് കണക്കാക്കാം.

2017-18 വർഷത്തിലും 2021-22 വർഷത്തിലും ആരോഗ്യം, വിദ്യാഭ്യാസം, മൂലധന ചെലവ് എന്നിവ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക മുൻഗണന **പട്ടിക 2.27**ൽ വിശകലനം ചെയ്യുന്നു.

**പട്ടിക 2.27: ആരോഗ്യം, വിദ്യാഭ്യാസം, മൂലധനചെലവ് തുടങ്ങിയവയിലെ സംസ്ഥാനത്തിന്റെ ചെലവിന്റെ മുൻഗണന**

***(ശതമാനത്തിൽ)***

| | ടിഇ/ ജിഎസ് ഡിപി | സിഇ/ ടിഇ | വിദ്യാഭ്യാസം/ ടിഇ | ആരോഗ്യവും കുടുംബക്ഷേമവും/ ടിഇ |
|---|---|---|---|---|
| വടക്കുകിഴക്കൻ, ഹിമാലയൻ സംസ്ഥാനങ്ങളൊഴികെയുള്ള മറ്റു സംസ്ഥാനങ്ങൾ | 16.13 | 15.56 | 15.17 | 4.76 |
| കേരളം | 15.71 | 9.33 | 16.96 | 5.98 |
| തമിഴ്നാട് | 13.28 | 13.73 | 15.03 | 5.36 |
| കർണാടകം | 13.37 | 20.06 | 12.17 | 4.55 |

| | ടിഇ/ ജിഎസ് ഡിപി | സിഇ/ ടിഇ | വിദ്യാഭ്യാസം/ ടിഇ | ആരോഗ്യ വും കുടുംബ ക്ഷേമവും/ ടിഇ |
|---|---|---|---|---|
| വടക്കുകിഴക്കൻ, ഹിമാലയൻ സംസ്ഥാന ങ്ങളൊഴികെയുള്ള മറ്റു സംസ്ഥാനങ്ങൾ (2021-22) | 15.84 | 14.41 | 14.66 | 6.20 |
| കേരളം | 18.10 | 10.44 | 15.27 | 7.32 |
| തമിഴ്നാട് | 14.27 | 13.80 | 13.02 | 6.45 |
| കർണാടകം | 12.76 | 19.92 | 11.53 | 5.87 |
| ടിഇ - മൊത്തം ചെലവ്, സിഇ - മൂലധന ചെലവ് | | | | |

*ഉറവിടം : സാമ്പത്തിക കണക്കുകളും, ധനകാര്യ ഉപദേഷ്ടാവ് നൽകിയ വിവരങ്ങളും*

2021-22ൽ വടക്കുകിഴക്കൻ, ഹിമാലയൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യു മ്പോൾ കേരളത്തിന്റെ മൊത്തം ചെലവും ജിഎസ്ഡിപിയുമായുള്ള ശതമാനം കൂടുത ലായിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ മൂലധന ചെലവും മൊത്തത്തിലുള്ള ചെലവിന്റെ ശതമാനവും കുറവായിരുന്നു. സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലുമുള്ള ചെലവിന്റെ വിഹിതം വടക്കുകിഴക്കൻ, ഹിമാലയൻ സംസ്ഥാനങ്ങളൊഴികെയുള്ള സംസ്ഥാനങ്ങളുടേതിനേക്കാൾ കൂടുതലായിരുന്നു.

### *2.4.3.6 ഒബ്ജക്ട് ശീർഷകം തിരിച്ചുള്ള ചെലവ്*

2021-22ലെ മൊത്തം ചെലവ് ₹1,63,225.53 കോടിയായിരുന്നു. ചുവടെയുള്ള **ചാർട്ട് 2.10**ൽ ചെലവിന്റെ ലക്ഷ്യം / ഉദ്ദേശ്യം സംബന്ധിച്ച വിവരങ്ങൾ നൽകിയിരിക്കുന്നു.

**ചാർട്ട് 2.10 : ഒബ്ജക്ട് ശീർഷകം തിരിച്ചുള്ള ചെലവ്**

***(₹ കോടിയിൽ)***




മുകളിൽ കാണുന്നതിൻ പ്രകാരം, മൊത്തം ചെലവിൽ ശമ്പളത്തിന്റെയും വേതനത്തി ന്റെയും ചെലവ് ഏറ്റവും കൂടുതലായിരുന്നു. പെൻഷനും പലിശ നൽകുന്നതിന്റെ ചെലവുമാണ് ബാക്കിയുള്ള ചെലവുകളിൽ കൂടുതലായിരുന്നത്.

## 2.5 പൊതു കണക്കുകൾ

ഭരണഘടനയുടെ ആർട്ടിക്കിൾ 266(2) പ്രകാരം സംസ്ഥാന നിയമസഭയുടെ വോട്ടിനു വിധേയമാക്കാത്തതും സഞ്ചിതനിധിയിൽ ഉൾപ്പെടാത്തതുമായ ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ, കരുതൽ ഫണ്ടുകൾ, നിക്ഷേപങ്ങൾ, സസ്പെൻസ്, പണമൊടുക്കലുകൾ എന്നിവയെ സംബന്ധിച്ച് വരവും ചെലവും പൊതു കണക്കിൽ സൂക്ഷിച്ചിരിക്കുന്നു. ഇവയെ സംബന്ധിച്ച് സർക്കാർ ഒരു ബാങ്കർ ആയി പ്രവർത്തിക്കുന്നു. ഫണ്ടിൽ തൻവർഷത്തെ ചെലവുകൾക്കുശേഷമുള്ള മിച്ചംതുക വിവിധ ആവശ്യങ്ങൾക്ക് സർക്കാരിന് വിനിയോഗിക്കാവുന്നതാണ്.

### 2.5.1 പൊതുകണക്കിലെ തനി നീക്കിയിരിപ്പ്

2022 മാർച്ച് 31ന് സംസ്ഥാനത്തിന്റെ പൊതു കണക്കിന്റെ ഘടകങ്ങളുടെ അടിസ്ഥാനത്തിലുള്ള നീക്കിയിരിപ്പ് **പട്ടിക 2.28**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.28 : ഘടകങ്ങളുടെ അടിസ്ഥാനത്തിലുള്ള നീക്കിയിരിപ്പ് തുകകൾ**

***(₹ കോടിയിൽ)***

| മേഖല | ഉപമേഖല | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| (ഐ) ലഘുസമ്പാദ്യം പ്രൊവിഡന്റ് ഫണ്ടുകൾ മുതലായവ | ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ | 7,206.84 | 9,619.21 | 8,274.11 | 11,547.96 | 18,447.47 |
| (ജെ) കരുതൽ ഫണ്ട് | (എ) പലിശയുള്ള കരുതൽ ഫണ്ടുകൾ | 171.22 | 1,826.90 | (-)1,478.41 | 83.97 | (-)247.82 |
| | (ബി) പലിശ രഹിത കരുതൽ ഫണ്ടുകൾ | 137.76 | 154.12 | 127.99 | 260.08 | 162.38 |
| (കെ) നിക്ഷേപങ്ങളും മുൻകൂറുകളും | (എ) പലിശയുള്ള നിക്ഷേപങ്ങൾ | (-)1.32 | (-)0.30 | 0.23 | (-)0.15 | 0.17 |
| | (ബി) പലിശ രഹിത നിക്ഷേപങ്ങൾ | 267.23 | 392.70 | 584.93 | 497.22 | 1,786.29 |
| | (സി) മുൻകൂറുകൾ | 0 | (-)0.23 | (-)59.42 | (-)2.19 | 1.98 |
| (എൽ) സസ്പെൻസും പലവകയും | (ബി) സസ്പെൻസ് | 691.76 | (-)534.98 | 17.05 | (-)328.46 | 814.09 |
| | (സി) മറ്റു കണക്കുകൾ | 510.92 | (-)226.68 | (-)270.19 | 967.49 | (-)1,011.51 |
| | (ഡി) വിദേശരാജ്യങ്ങളിലെ ഗവൺമെന്റുകളുമായുള്ള കണക്കുകൾ | 0 | 0 | 0 | 0 | 0 |
| | (ഇ) പലവക | (-)0.15 | (-)0.57 | (-)0.06 | (-)20.39 | (-)0.81 |
| (എം) പണം ഒടുക്കലുകൾ | (എ) മണി ഓർഡറുകളും മറ്റു പണമൊടുക്കലുകളും | (-)61.62 | (-)90.82 | 35.18 | 86.49 | (-)460.35 |
| | (ബി) ഗവൺമെന്റുകൾ തമ്മിലുള്ള കണക്കൊപ്പിക്കൽ | (-)104.35 | 39.30 | 82.36 | (-)47.08 | 29.23 |
| **ആകെ** | | **8,818.29** | **11,178.65** | **7,313.77** | **13,044.94** | **19,521.12** |

*ഉറവിടം : അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ പത്രിക 21.*

പൊതുകണക്കിൽ നിന്നുള്ള തനിവരവുകൾ 2020-21ലെ ₹13,044.94 കോടിയിൽ നിന്നും ₹6,476.18 കോടി (49.65 ശതമാനം) വർദ്ധിച്ച് 2021-22ൽ ₹19,521.12 കോടിയായതിനു പ്രധാനകാരണം ലഘുസമ്പാദ്യം, പ്രൊവിഡന്റ് ഫണ്ട് തുടങ്ങിയവയിലുണ്ടായ വർദ്ധനവാണ് (₹6,899.51 കോടി).

### 2.5.2 കരുതൽഫണ്ടുകൾ

സംസ്ഥാനസർക്കാരിന്റെ പൊതു കണക്കിനു കീഴിൽ പ്രത്യേക ആവശ്യങ്ങൾക്കായി തുടങ്ങുന്നതാണ് കരുതൽഫണ്ടുകൾ. സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും നൽകുന്ന ധനസഹായം കൊണ്ടാണ് ഈ ഫണ്ടുകൾ പ്രവർത്തിക്കുന്നത്.

പ്രധാനപ്പെട്ട കരുതൽഫണ്ടുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

**പലിശയുള്ള കരുതൽ ഫണ്ടുകൾ**

#### *2.5.2.1 സംസ്ഥാന ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് ഫണ്ട് (എസ്ഡിആർഎംഎഫ്)*

ദുരന്തനിവാരണത്തിന്റെ ഘടകങ്ങളായ - പ്രതികരണവും ആശ്വാസവും, പുനരുദ്ധാരണവും പുനർനിർമ്മിതിയും, തയ്യാറെടുപ്പ്, ശേഷിവികസനവും ലഘൂകരണവും എന്നിവ നടപ്പിലാക്കാൻ പതിനഞ്ചാം ധനകാര്യകമ്മീഷന്റെ ശുപാർശയനുസരിച്ച് എസ്ഡിആർഎംഎഫിനെ സംസ്ഥാന ദുരന്ത പ്രതികരണ നിധി (എസ്ഡിആർഎഫ്) എന്നും സംസ്ഥാന ദുരന്ത ലഘൂകരണ നിധി (എസ്ഡിഎംഎഫ്) എന്നും വിഭജിച്ചു. എസ്ഡിആർഎംഎഫിന്റെ മൊത്തം വിഹിതത്തിന്റെ 80 ശതമാനം എസ്ഡിആർഎഫിനും 20 ശതമാനം സംസ്ഥാന ദുരന്ത ലഘൂകരണ നിധി (എസ്ഡിഎംഎഫ്)ക്കുമായാണ് വകയിരുത്തിയിരിക്കുന്നത്.

**സംസ്ഥാന ദുരന്തപ്രതികരണനിധി (എസ്ഡിആർഎഫ്)**

ആർബിഐയുടെ ഓവർഡ്രാഫ്റ്റ് നിയന്ത്രണമാർഗനിർദ്ദേശങ്ങൾ പ്രകാരം ഓവർഡ്രാഫ്റ്റുകൾക്ക് അധികമായ നിരക്കിൽ സംസ്ഥാന സർക്കാരുകൾ എസ്ഡിആർഎഫിന് പലിശ നൽകേണ്ടതാണ്. എസ്ഡിആർഎഫിന്റെ നിക്ഷേപങ്ങൾക്ക് ലഭിച്ച വരവും എസ്ഡിആർഎഫിൽ മിച്ചം നിൽക്കുന്ന തുകയും കേന്ദ്ര സർക്കാർ സെക്യൂരിറ്റികളിലും ലേലം ചെയ്ത ട്രഷറി ബില്ലുകളിലും ഷെഡ്യൂൾഡ് വാണിജ്യബാങ്കുകളിലെ പലിശ ലഭിക്കുന്ന നിക്ഷേപങ്ങളിലും നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഇതുവരെയും ഇത് ചെയ്തിട്ടില്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22ലേക്ക് കേരളത്തിന് നിശ്ചയിച്ച നിധിയുടെ വലിപ്പം ₹335.20 കോടിയും, അതിൽ 75 ശതമാനം കേന്ദ്രസർക്കാരും 25 ശതമാനം സംസ്ഥാനസർക്കാരും സംഭാവന ചെയ്യേണ്ടതുമാണ്.

തൻവർഷം, ₹436.29 കോടി ഫണ്ടിലേക്ക് ലഭിച്ചതിൽ കേന്ദ്രസർക്കാർ വിഹിതം ₹251.20 കോടിയും സംസ്ഥാനവിഹിതം ₹84 കോടിയും 2020-21 വർഷങ്ങളിൽ നിക്ഷേപിക്കാത്ത തുകയുടെ പലിശ ₹101.09 കോടിയുമായിരുന്നു. 2021-22ന്റെ ആരംഭത്തിൽ ഫണ്ടിൽ ₹646.47 കോടി ബാക്കിയുണ്ടായിരുന്നു. ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ചെലവായ ₹749.49 കോടി കിഴിച്ചതിനുശേഷം എസ്ഡിആർഎഫിൽ 2022 മാർച്ച് 31ന് ബാക്കിയുണ്ടായിരുന്നത് ₹333.27 കോടിയാണ്.

സാമ്പത്തിക കണക്കുകൾ പ്രകാരം വർഷാദ്യത്തിലെ മിച്ചം തുകയുടെ (₹646.47 കോടി) പലിശയായി ₹38.79 കോടി ഫണ്ടിന് ലഭിക്കേണ്ടതായിരുന്നു. പലിശ നൽകാത്തതുകാരണം റവന്യൂകമ്മിയും ധനകമ്മിയും ₹38.79 കോടി കുറച്ചുകാണിക്കാനിടയാക്കി.

**സംസ്ഥാന ദുരന്തലഘൂകരണ നിധി (എസ്ഡിഎംഎഫ്)**

സംസ്ഥാനത്തിന്റെ പൊതുകണക്കിൽ പലിശയുള്ള കരുതൽ ഫണ്ടിനുകീഴിൽ മുഖ്യശീർഷകം 8121-പൊതുവായുള്ളതും മറ്റു കരുതൽ ശേഖര നിധി -130-സംസ്ഥാന ദുരന്തലഘൂകരണ നിധി എന്ന ശീർഷകത്തിൽ സംസ്ഥാന ദുരന്തലഘൂകരണ നിധി രൂപീകരിച്ചു (2021-22). മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് സംസ്ഥാന സർക്കാർ എസ്ഡിഎംഎഫിൽ നിക്ഷേപം നടത്തേണ്ടതും നിക്ഷേപിക്കാത്ത തുകയ്ക്ക് ആർബിഐയുടെ ഓവർഡ്രാഫ്റ്റ് നിയന്ത്രണ മാർഗനിർദ്ദേശങ്ങളിൽ ഓവർഡ്രാഫ്റ്റിന് ലഭിക്കുന്ന നിരക്കിൽ പലിശ നൽകേണ്ടതുമാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22ൽ നിശ്ചയിച്ച കേരള സംസ്ഥാനത്തിന്റെ ഫണ്ട് ₹83.80 കോടിയായിരുന്നു അതിൽ 75 ശതമാനം കേന്ദ്ര സർക്കാർ ധനസഹായത്തിന്റെ രൂപത്തിലും മിച്ചം 25 ശതമാനം സംസ്ഥാന സർക്കാരിന്റെ സംഭാവനയുടെ രൂപത്തിലുമാണ്.

2021-22ലെ ₹83.80 കോടിയിൽ, ₹62.80 കോടി ഭാരതസർക്കാർ വിഹിതവും ₹21.00 കോടി സംസ്ഥാന സർക്കാർ വിഹിതവുമായി എസ്ഡിഎംഎഫിൽ നൽകിയിട്ടുണ്ട്. 2022 മാർച്ച് 31ന് എസ്ഡിഎംഎഫിന്റെ അക്കൗണ്ടിൽ മിച്ചം നിൽക്കുന്ന തുക ₹83.80 കോടിയായിരുന്നു.

### *2.5.2.2 സംസ്ഥാന വനവൽക്കരണ നഷ്ടപരിഹാരനിധി*

2016ലെ വനവൽക്കരണ നഷ്ടപരിഹാര ഫണ്ട് നിയമം, ഇന്ത്യയുടെയും ഓരോ സംസ്ഥാനത്തിന്റെയും പൊതുകണക്കുകൾക്കു കീഴിൽ വനവൽക്കരണ നഷ്ട പരിഹാര നിധി രൂപീകരിക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നു. ഇതിലേക്ക് 1980ലെ വന (സംരക്ഷണ) നിയമപ്രകാരം ഉപഭോക്തൃ ഏജൻസികളിൽ നിന്നും ഈടാക്കുന്ന വന വൽക്കരണ നഷ്ടപരിഹാര തുകകളും, പിഴകളും മറ്റു തുകകളും വരവു വയ്ക്കുന്നു. ഈ ഫണ്ടുകളുടെ നിർവ്വഹണത്തിനായി ദേശീയ തലത്തിലും സംസ്ഥാന തല ത്തിലും കേന്ദ്ര ഭരണപ്രദേശതലത്തിലും ഒരു അതോറിറ്റി രൂപീകരിക്കുന്നതിനും തോട്ടങ്ങളുടെ കൃത്രിമ പുനരുജ്ജീവനം, വനസംരക്ഷണം, വനാധിഷ്ഠിതമായ അടി സ്ഥാന സൗകര്യവികസനം ഹരിതഭാരത പദ്ധതി, വന്യജീവി സംരക്ഷണം, മറ്റു അനു ബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി സമാഹരിച്ച തുകകൾ വിനിയോഗിക്കണ മെന്നും പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു.

സംസ്ഥാന സർക്കാരിന് ഉപയോക്തൃ ഏജൻസികളിൽ നിന്നും ലഭിക്കുന്ന പണം പൊതുകണക്കിലെ പലിശ ലഭിക്കുന്ന വിഭാഗത്തിനു കീഴിലുള്ള മുഖ്യശീർഷകം 8336-സിവിൽ നിക്ഷേപങ്ങൾക്കു കീഴിലുള്ള 'സംസ്ഥാന വനവൽക്കരണ നഷ്ട പരിഹാരം' എന്ന ശീർഷകത്തിൽ നിക്ഷേപിക്കുന്നു. കൂടാതെ ആക്ടിന്റെ അനുഛേദം 3(4) അനുസരിച്ച് ഫണ്ടിന്റെ 90 ശതമാനം പൊതുഅക്കൗണ്ടിലെ മുഖ്യശീർഷകം 8121 - ജനറലും മറ്റു കരുതൽ നിധികളിലും ബാക്കി 10 ശതമാനം വാർഷികാടിസ്ഥാന ത്തിൽ ദേശീയ നിധിയിലേയ്ക്കും ക്രഡിറ്റ് ചെയ്യുകയും വേണം.

2021-22ൽ കേന്ദ്രഫണ്ടിൽ നിന്നും പണമൊന്നും ലഭിച്ചില്ല. സംസ്ഥാന വനവൽക്കരണ നഷ്ട പരിഹാരഫണ്ടിൽ 2022 മാർച്ച് 31ന് ₹54.67 കോടിയാണ് നീക്കിയിരിപ്പ്. സാമ്പത്തിക കണക്കുകൾ അനുസരിച്ച് ഫണ്ടിന്റെ വർഷാദ്യമിച്ചത്തിന് പലിശയായി ₹2.37കോടി ലഭിക്കേണ്ടതായിരുന്നു. പലിശ നൽകാതിരുന്നതുകാരണം റവന്യൂ, സാമ്പത്തിക കമ്മി ₹2.37 കോടി കുറച്ചു കാണിക്കാനിടയാക്കി.

**പലിശ ലഭിക്കാത്ത കരുതൽഫണ്ട് :**

### *2.5.2.3 സംയോജിത ഋണമോചന ഫണ്ട്*

പന്ത്രണ്ടാം ധനകാര്യകമ്മീഷൻ ശുപാർശയനുസരിച്ച് സംസ്ഥാന സർക്കാർ സംയോജിത ഋണമോചന ഫണ്ട് 2007-2008 മുതൽ ആരംഭിച്ചു. 2012-13 മുതൽ സർക്കാരിന്റെ ബാക്കി നിൽക്കുന്ന ബാധ്യതകൾ തീർക്കാൻ ഒരു കടം തിരിച്ചടയ്ക്കൽ ഫണ്ടായി വിനിയോഗിക്കുവാനുള്ളതാണ്. സംസ്ഥാന സർക്കാർ മുൻവർഷത്തെ വാർഷാന്ത്യത്തിലെ ബാധ്യതകളുടെ 0.5 ശതമാനമെങ്കിലും ഈ ഫണ്ടിലേക്ക് സംഭാവന ചെയ്യേണ്ടതാണ്.

### 2.5.3 മിച്ച പണത്തിന്റെ നിർവ്വഹണം

ഭാരതീയ റിസർവ്വ് ബാങ്കുമായുള്ള ഉടമ്പടി അനുസരിച്ച് സംസ്ഥാന സർക്കാർ പ്രതിദിന മിനിമം തുകയായി ₹1.66 കോടിയെങ്കിലും ബാങ്കിൽ സൂക്ഷിക്കേണ്ടതാണ്. മിനിമം തുകയിൽ കൂടുതലുള്ള പണം ഹ്രസ്വകാല ട്രഷറി ബില്ലുകളിൽ റിസർവ്വ് ബാങ്ക് നിക്ഷേപിക്കുന്നു. അത്തരം നിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന പലിശ 0049- പലിശ വരുമാനങ്ങൾ എന്ന ശീർഷകത്തിൽ വരവു വയ്ക്കുന്നു. 2021-22 വർഷത്തിൽ ഹ്രസ്വകാല നിക്ഷേപങ്ങളിൽ നിന്ന് നേടിയ പലിശ ₹14.80 കോടിയും 14 ദിവസ ട്രഷറി ബില്ലുകളിലെ വർഷാന്ത്യമിച്ചം ₹5,230.30 കോടിയുമായിരുന്നു.

ഏതെങ്കിലും ദിവസത്തെ ദൈനംദിന മിച്ചം, മിനിമം തുകയേക്കാൾ കുറഞ്ഞാൽ കാലകാലങ്ങളിലുള്ള അത്തരം കുറവ് സാധാരണ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസുകൾ (ഡബ്ള്യൂഎംഎ) / സ്പെഷ്യൽ ഡ്രായിങ്ങ് ഫെസിലിറ്റി (എസ്ഡിഎഫ്)/ ഓവർഡ്രാഫ്റ്റ് (ഒ.ഡി) എന്നിവയിലൂടെ പരിഹരിക്കും. സാധാരണ ഡബ്ള്യൂഎംഎ യുടെ 2021-22ലെ സംസ്ഥാന സർക്കാരിന്റെ പരിധി ₹1,944 കോടിയാണ്.

- തൻവർഷത്തിൽ, സംസ്ഥാന സർക്കാർ ₹22,874.48 കോടി ഡബ്ള്യൂഎംഎ എടുക്കുകയും പലിശയായി ₹13.90 കോടി നൽകുകയും ചെയ്തു. 2021-22ൽ മറ്റു മുൻകൂറുകളൊന്നും എടുക്കാതെതന്നെ 255 ദിവസം പ്രതിദിന മിനിമം തുകയായ ₹1.66 കോടി നിലനിർത്താൻ സർക്കാരിനു കഴിഞ്ഞു. എന്നാൽ സംസ്ഥാന സർക്കാരിന് പ്രതിദിന മിനിമം തുക നിലനിർത്താൻ വേണ്ടി 106 ദിവസത്തേക്ക് വെയ്സ് ആൻഡ് മീൻസ് മുൻകൂറും (₹18,099.25 കോടി), നാലു ദിവസത്തേക്ക് സ്പെഷ്യൽ ഡ്രായിങ്ങ് ഫെസിലിറ്റി (₹1,513.90 കോടി)യും ഉപയോഗിക്കേണ്ടി വന്നു. നിശ്ചയിച്ച ക്യാഷ് മിച്ചത്തിൽ നിന്നും ₹9.96 കോടിയുടെ കുറവുണ്ടായി.

- 14 ദിവസത്തേക്ക് ഓവർഡ്രാഫ്റ്റ് (₹3,251.37 കോടി) എടുത്തു.

- സ്പെഷ്യൽ ഡ്രായിങ്ങ് ഫെസിലിറ്റി വെയ്സ് ആൻഡ് മീൻസ് മുൻകൂർ തുടങ്ങിയവയ്ക്കു വേണ്ടി എടുത്ത ₹22,874.48 കോടി സംസ്ഥാന സർക്കാർ തിരിച്ചടച്ചതിനാൽ തിരച്ചടയ്ക്കാൻ തുകകളൊന്നും ബാക്കിയില്ല

തൻവർഷത്തിൽ സംസ്ഥാന സർക്കാർ നടത്തിയ നിക്ഷേപങ്ങളും അവയിലെ ബാക്കി തുകയും **പട്ടിക 2.29**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.29: ബാക്കി പണവും അതിന്റെ നിക്ഷേപവും**

*(₹ കോടിയിൽ)*

| ക്രമ നം. | ഇനം | 2021 ഏപ്രിൽ 01 ലെ വർഷാദ്യ മിച്ചം | 2022 മാർച്ച് 31ലെ വർഷാന്ത്യ മിച്ചം |
|---|---|---|---|
| | **എ. പൊതുവായ പണം നീക്കിയിരിപ്പ്** | | |
| 1 | ട്രഷറിയിലെ പണം | 37.06 | 35.92 |
| 2 | ഭാരതീയ റിസർവ് ബാങ്കിലെ നിക്ഷേപം | (-)244.42 | (-)330.31[19] |
| 3 | മറ്റു ബാങ്കുകളിലെ നിക്ഷേപം[20] | | |
| 4 | റെമിറ്റൻസ് ഇൻ ട്രാൻസിറ്റ് -ലോക്കൽ | 0.94 | 0.54 |
| | ആകെ | (-)206.42 | (-)293.85 |
| | ക്യാഷ് മിച്ചം നിക്ഷേപിക്കുന്ന അക്കൗണ്ടിലെ നിക്ഷേപം (14 ദിവസ ട്രഷറി ബില്ലുകൾ) | 2,809.86 | 5,230.30 |
| | **ആകെ (എ)** | 2,603.44 | 4,936.45 |
| | **ബി. മറ്റു പണം നീക്കിയിരിപ്പും നിക്ഷേപവും** | | |
| 1 | വകുപ്പ് ഉദ്യോഗസ്ഥരായ പൊതുമരാമത്ത്, വനം ഉദ്യോഗസ്ഥർ എന്നിവരുടെ പക്കലുള്ള ക്യാഷ് | (-)7.63 | (-)7.63 |
| 2 | വകുപ്പ് ഉദ്യോഗസ്ഥരുടെ ആകസ്മിക ചെലവുകൾക്കായുള്ള സ്ഥിരം മുൻകൂറുകൾ | 0.53 | 1.13 |
| 3 | നിശ്ചിത ഫണ്ടുകളിലേയ്ക്കുള്ള നിക്ഷേപം | 2,371.64 | 2,545.51 |
| | **ആകെ (ബി)** | 2,364.54 | 2,539.01 |
| | **ആകെ (എ+ബി)** | **4,967.98** | **7,475.46** |
| | **ലഭിച്ച പലിശ** | 4.05 | 14.80 |

*ഉറവിടം : സാമ്പത്തിക കണക്കുകൾ പത്രിക 2.*

** ഒരു റവന്യൂകമ്മി സംസ്ഥാനമായതിനാൽ സംസ്ഥാന സർക്കാർ ഭാരതസർക്കാരിന്റെ ദീർഘകാല സെക്യൂരിറ്റി കളിലൊന്നും നിക്ഷേപം നടത്തിയിട്ടില്ല.*

## 2.6 പൊതുകടത്തിന്റേയും പൊതു കണക്ക് ബാധ്യതകളുടെയും വിശദാംശങ്ങൾ

സംസ്ഥാന സർക്കാരിന്റെ മൊത്തം കടത്തിൽ സംസ്ഥാനത്തിന്റെ ആന്തരിക കടം (വിപണിവായ്പ, ആർബിഐയിൽ നിന്നുള്ള വെയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ, ദേശീയ ലഘുസമ്പാദ്യഫണ്ട് പുറത്തിറക്കിയ പ്രത്യേക സെക്യൂരിറ്റികൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ തുടങ്ങിയവ) കേന്ദ്രസർക്കാരിൽ നിന്നുമുള്ള വായ്പകളും മുൻകൂറുകളും, പൊതു കണക്ക് ബാധ്യതകൾ എന്നിവ ഉൾപ്പെടുന്നു.

19 2022 മാർച്ച് 31ലെ അക്കൗണ്ട്സിൽ കാണിച്ചിരിക്കുന്ന തുകയും (₹330.31 കോടി ക്രെഡിറ്റ് ഇനം) ഭാരതീയ റിസർവ്വ് ബാങ്ക് അറിയിച്ച തുകയും (₹1.79 കോടി ക്രെഡിറ്റ് ഇനം) തമ്മിലുള്ള വ്യത്യാസം ₹332.10 കോടി (ഡെബിറ്റ്) ആയിരുന്നു. ഈ വ്യത്യാസത്തിൽ നിന്നും ₹192.24 (നെറ്റ് ക്രെഡിറ്റ്) തീർപ്പാക്കിയിരിക്കുന്നു, ₹139.87 കോടി (നെറ്റ് ഡെബിറ്റ്)യുടെ ബാക്കി വ്യത്യാസം പൊരുത്തപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്,

20 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉള്ള പണത്തെ പ്രതിനിധീകരിക്കുന്നു (തുച്ഛമായ തുക).

**ചാർട്ട് 2.11 : പൊതുകടത്തിന്റെയും പൊതുകണക്ക് ബാധ്യതകളുടെയും വിശദാംശങ്ങൾ**

*(₹ കോടിയിൽ)*




### 2.6.1 പൊതുകടത്തിന്റെ ബാക്കിയും പൊതു കണക്ക് ബാധ്യതകളും

2022 മാർച്ച് 31ലെ സംസ്ഥാനത്തിന്റെ മൊത്തം പൊതുകടവും പൊതു കണക്കിലെ ബാധ്യതകളും പട്ടിക 2.30ൽ കാണിച്ചിരിക്കുന്നതിൻ പ്രകാരം ₹3,57,392.76 കോടിയാണ്.

**പട്ടിക 2.30 : 2017-18 മുതൽ 2021-22 വരെയുള്ള പൊതുകടവും പൊതു കണക്ക് ബാധ്യതകളും**

*(₹കോടിയിൽ)*

| ക്രമ നം. | ഇനം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | ബാധ്യതകളും പൊതു കടവും ആകെ | 1,42,984.52 | 1,58,234.45 | 1,74,640.22 | 2,05,447.73 | 2,34,479.86 |
| എ | വർദ്ധനവ് | 17,101.67 | 15,249.93 | 16,405.77 | 30,807.51 | 29,032.13 |
| ബി | ശതമാനം | 13.59 | 10.67 | 10.37 | 17.64 | 14.13 |
| 2 | പൊതുകണക്കിലെ ബാധ്യതകൾ | 71,533.70 | 83,380.06 | 90,722.14 | 1,02,938.28 | 1,22,912.90 |
| എ | വർദ്ധനവ് | 7,648.30 | 11,846.06 | 7,342.08 | 12,216.14 | 19,974.62 |
| ബി | ശതമാനം | 11.97 | 16.56 | 8.81 | 13.47 | 19.40 |

| ക്രമ നം. | ഇനം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 3 | മൊത്തം ബാധ്യതകൾ | 2,14,518.22 | 2,41,614.51 | 2,65,362.36 | 3,08,386.01 | 3,57,392.76 |
| എ | വർദ്ധനവ് | 24,749.67 | 27,096.29 | 23,747.85 | 43,023.65 | 49,006.75 |
| ബി | ശതമാനം | 13.04 | 12.63 | 9.83 | 16.21 | 15.89 |
| 4 | ജനസംഖ്യ | 3.60 | 3.63 | 3.54 | 3.56 | 3.56 |
| 5 | പ്രതിശീർഷകടം (₹) | 59,588.48 | 66,560.47 | 74,961.12 | 86,625.28 | 1,00,391.22 |
| 6 | ജിഎസ്ഡിപി | 7,01,588.26 | 7,88,285.58 | 8,24,374.20 | 7,99,571.11 | 9,01,997.83 |
| 7 | പ്രതിശീർഷ ജിഎസ്ഡിപി (₹) | 1,94,885.63 | 2,17,158.56 | 2,32,874.07 | 2,24,598.63 | 2,53,135.53 |

2017-2022 വരെയുള്ള അഞ്ചുവർഷക്കാലയളവിൽ സംസ്ഥാനത്തിന്റെ മൊത്തം പൊതു കടവും പൊതു കണക്ക് ബാധ്യതകളും 9.83 ശതമാനത്തിൽ നിന്നും 16.21 ശതമാന മായി വർദ്ധിച്ചു.

### 2.6.2 **2021-22ലെ വരവും ചെലവും**

തൻവർഷം മൊത്തം വരവ് ₹2,40,321.38 കോടിയും ചെലവ് ₹1,91,341.62 കോടിയും തനി വർദ്ധന ₹49,006.76 കോടിയുമാണ്. ധനക്കമ്മി പരിഹരിക്കാൻ ഇത് ഉപയോഗിച്ചു. പൊതുകടത്തിലും പൊതു കണക്കിലും 2022 മാർച്ച് 31ന് മിച്ചം നിൽക്കുന്ന ബാധ്യത **പട്ടിക 2.31**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.31 2022 മാർച്ച് 31ന് പൊതുകടത്തിലും പൊതു കണക്കിനു കീഴിലും മിച്ചം നിൽക്കുന്ന ബാധ്യതകൾ**

***(₹ കോടിയിൽ)***

| ഇനം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | | | |
|---|---|---|---|---|---|---|---|---|
| | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് | വരവ് | കൊടുക്കൽ | തനി | മിച്ചം |
| പൊതുകടം | 1,42,984.52 | 1,58,234.45 | 1,74,640.22 | 2,05,447.73 | 64,932.13 | 35,900.00 | 29,032.13 | 2,34,479.86 |
| പൊതു കണക്ക് | 71,533.70 | 83,380.06 | 90,722.14 | 1,02,938.28 | 1,75,389.25 | 1,55,414.63 | 19,974.62 | 1,22,912.90 |
| മൊത്തം ബാധ്യത | 2,14,518.22 | 2,41,614.51 | 2,65,362.36 | 3,08,386.01 | 2,40,321.38 | 1,91,314.63 | 49,006.75 | 3,57,392.76 |

## 2.7 സഞ്ചിതനിധിയിലെ ബാധ്യതകൾ

പൊതുകടത്തിൽ, ആന്തരികകടവും കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും ഉൾപ്പെടുന്നു. ആന്തരിക കടത്തിൽ, വിപണികടങ്ങൾ, കേന്ദ്ര സർക്കാരിന്റെ ദേശീയ ലഘുസമ്പാദ്യനിധിയിലേയ്ക്ക് നൽകിയ സ്പെഷ്യൽ സെക്യൂരിറ്റികളിൽ നിന്നുള്ള വായ്പകൾ, ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, ആർബിഐയിൽ നിന്നുമുള്ള വെയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ എന്നിവ ഉൾപ്പെടുന്നു. പൊതുകടത്തിന്റെ വിവിധ ഘടകങ്ങളിലായി കുടിശ്ശികയായ തുകയും 2021-22ലെ വരവും പണം കൊടുക്കലും **പട്ടിക 2.32**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.32: പൊതുകടത്തിന്റെ വിവിധ ഘടകങ്ങളിലായി കുടിശ്ശികയായ വായ്പകൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഇനം | 2021-22 | | | | |
|---|---|---|---|---|---|---|
| | | മുന്നിരിപ്പ് | വരവ് | കൊടുക്കൽ | തനി | നീക്കിയിരിപ്പ് |
| 1 | **എ . ആന്തരികകടം** | | | | | |
| 2 | വിപണിവായ്പകൾ | 1,65,402.03 | 27,000.00 | 8,880.00 | 18,120.00 | 1,83,522.03 |
| 3 | കേന്ദ്രസർക്കാരിന്റെ ദേശീയ ലഘുസമ്പാദ്യ ഫണ്ടിലേക്ക് നൽകിയ സ്പെഷ്യൽ സെക്യൂരിറ്റികൾ | 19,833.71 | 4,996.03 | 2,263.20 | 2,732.83 | 22,566.54 |
| 4 | ദേശീയ സഹകരണ വികസന കോർപ്പറേഷൻ | 523.60 | 76.77 | 104.40 | (-)27.63 | 495.97 |
| 5 | നബാർഡ് വായ്പകൾ | 3,103.71 | 519.84 | 650.09 | (-)130.25 | 2,973.46 |
| 6 | പാർപ്പിട മുൻകൂറിന്റെ സെക്യൂരിറ്റൈസേഷൻ ബാങ്കിൽ നിന്നുള്ള വായ്പ | 736.07 | 0.00 | 148.22 | (-)148.22 | 587.85 |
| 7 | ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ | 874.97 | 0.00 | 229.23 | (-)229.23 | 645.74 |
| 8 | ആർബിഐയിൽ നിന്നുള്ള വെയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ | 0.00 | 22,874.48 | 22,874.48 | 0.00 | 0.00 |
| 9 | ആകെ (എ) | 1,90,474.09 | 55,467.12 | 35,149.62 | 20,317.50 | 21,0791.59 |
| 10 | **കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും** | | | | | |
| 11 | വിദേശസഹായമുള്ള പദ്ധതികൾക്കുള്ള വായ്പകൾ | 8,151.61 | 487.21 | 504.25 | (-)17.04 | 8,134.56 |
| 12 | മൂലധന പദ്ധതികൾക്കുള്ള വായ്പകൾ | 83.03 | 238.50 | 0.00 | 238.50 | 321.53 |
| 13 | ജിഎസ്ടി നഷ്ട പരിഹാര ത്തിലെ കുറവിനുവേണ്ടി നൽകിയ വായ്പ | 5,766.00 | 8,739.31 | 0.00 | 8,739.31 | 14,505.31 |
| 14 | മറ്റുള്ളവ | 973.00 | 0.00 | 246.13 | -246.13 | 726.87 |
| 15 | ആകെ (ബി) | 14,973.64 | 9,465.02 | 750.38 | 8,714.64 | 23,688.27 |
| 16 | ആകെ ( എ+ബി) | 2,05,447.73 | 64,932.14 | 35,900.00 | 29,032.14 | 2,34,479.86 |

### 2.7.1 പൊതുകടത്തിന്റെ പ്രവണത

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ മൊത്ത കുടിശ്ശികയായിരിക്കുന്ന വായ്പ, വായ്പയുടെ തിരിച്ചടവ്, സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ള കടത്തിന്റെ ശരിയായ അളവ് എന്നിവ **പട്ടിക 2.33**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.33 : പൊതുകടത്തിന്റെ പ്രവണത**

*(₹ കോടിയിൽ)*

| ക്രമ നം. | ഇനം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | പൊതുകടം കുടിശ്ശിക | 1,42,984.52 | 1,58,234.45 | 1,74,640.22 | 2,05,447.73 | 2,34,479.86[21] |
| 2 | വായ്പാ കുടിശ്ശികയുടെ വളർച്ചാ നിരക്ക് (ശതമാനം) | 13.59 | 10.67 | 10.37 | 17.64 | 14.13 |
| 3 | മൊത്തം പൊതുകടം വരവ് | 30,233.76 | 33,445.92 | 60,407.05 | 69,735.36 | 64,932.13 |
| 4 | മൊത്തം പൊതുകടം തിരിച്ചടവ് | 13,132.10 | 18,196.00 | 44,001.28 | 38,927.85 | 35,900.00 |
| 5 | പൊതുകടത്തിന്റെ പലിശ | 10,937.67 | 12,086.29 | 13,273.79 | 14,409.57 | 15,774.79 |
| 6 | ലഭ്യമായിട്ടുള്ള തനി പൊതുകടം | 6,163.99 | 3,163.63 | 3,131.98 | 16,397.94 | 13,257.34 |
| 7 | കടം തിരിച്ചടവ് (പലിശയുൾപ്പെടെ) / കടം വരവ് (ശതമാനം) | 79.61 | 90.54 | 94.82 | 76.49 | 79.58 |

2017-2022ലെ അഞ്ചു വർഷകാലയളവിൽ സംസ്ഥാനത്തിന്റെ ബാക്കി നിൽക്കുന്ന മൊത്തം പൊതുകടം ₹1,42,984.52 കോടിയിൽ നിന്നും ₹2,34,479.86 കോടിയായി വർദ്ധിച്ചു. 2022 മാർച്ച് 31ലെ ബാക്കി നിൽക്കുന്ന കടം മുൻ വർഷത്തെ അപേക്ഷിച്ച് 15.89 ശതമാനം വർദ്ധിച്ചു. എങ്കിലും നടപ്പു വർഷത്തിൽ എടുത്ത മൊത്തം പൊതു കടം ₹4,803.23 കോടി (6.89 ശതമാനം) കുറഞ്ഞു. 2020-21ലെ ₹1,38,884.49ൽ നിന്നും 2021-22ൽ ₹1,63,225.53 കോടിയായി വർദ്ധിച്ച മൊത്തം ചെലവിനെ നേരിടുന്നതിനായി സർക്കാർ തൻവർഷത്തിൽ കടമെടുപ്പിനെ ആശ്രയിക്കുന്നതിൽ വന്ന കുറവ് ഒരു ശുഭ സൂചകമാണ്. എന്നിരുന്നാലും പട്ടിക 2.32ൽ കാണിച്ചിരിക്കുന്നതുപോലെ കടം വരവിന്റെ 76.49 ശതമാനം മുതൽ 94.82 ശതമാനം വരെ ബാക്കി നിൽക്കുന്ന കടത്തിന്റെ തിരിച്ചടവിനാണ് വിനിയോഗിച്ചതെന്ന് മനസ്സിലാക്കാം. ഇത് സംസ്ഥാന സർക്കാരിന്റെ കടനിർവ്വഹണത്തിലെ പോരായ്മയെ സൂചിപ്പിക്കുന്നു.

## 2.8 പൊതുകണക്കിലെ ബാധ്യതകൾ

ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ തുടങ്ങിയവയിലെയും നിക്ഷേപങ്ങൾ, കരുതൽ ഫണ്ടുകൾ എന്നിവയിലെയും ബാധ്യതകൾ ചേർന്നതാണ് പൊതുകണക്കിലെ ബാധ്യതകൾ. 2022 മാർച്ച് 31ലെ പൊതുകണക്കിലെ വിവിധ ഘടകങ്ങളിലെ ബാധ്യതകൾ **പട്ടിക 2.34**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.34.: 2022 മാർച്ച് 31ലെ പൊതു കണക്കിലെ ബാധ്യതകൾ**

*(₹കോടിയിൽ)*

| മേഖലകൾ | മുന്നിരിപ്പ് | അധികം | കുറവ് | നെറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലഘു സമ്പാദ്യം പ്രോവിഡന്റ് ഫണ്ടുകൾ | 97,219.13 | 1,67,886.07 | 1,49,438.60 | 18,447.47 | 1,15,666.60 |
| കരുതൽ ഫണ്ടുകൾ | 1,086.27 | 1,505.69 | 1,765.00 | (-) 259.31 | 826.96 |
| നിക്ഷേപങ്ങൾ | 4,632.88 | 5,997.49 | 4,211.03 | 1,786.46 | 6,419.34 |
| ആകെ | 1,02,938.28 | 1,75,389.25 | 1,55,414.63 | 19,974.62 | 1,22,912.90 |

*ഉറവിടം : 2021-22 സാമ്പത്തിക കണക്കുകൾ പത്രിക 6.*

[21] ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഏതൊരു മാനദണ്ഡം കണക്കാക്കുന്നതിനും ജിഎസ്ടി നഷ്ടപരിഹാരമായി കടംവരവുകൾക്ക് കീഴിൽ സംസ്ഥാനത്തിനു നൽകിയിട്ടുള്ള ₹8,739.31 കോടിയുടെ ബാക് ടു ബാക് ലോൺ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ചെലവ് വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ ഫലത്തിലുള്ള ബാക്കിയുള്ള പൊതുകടം ₹2,19,974.55 കോടിയാവുന്നതാണ്.

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ മുകളിൽ പറഞ്ഞ മേഖലകളിലെ പൊതുകണക്കിലെ ബാധ്യതകളുടെ പ്രവണത **പട്ടിക 2.35**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.35 2017-18 മുതൽ 2021-22 വരെയുള്ള പൊതു അക്കൗണ്ട് ബാധ്യതകൾ**

*(₹കോടിയിൽ)*

| ക്രമ നമ്പർ | ഇനം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ | 67,777.85 | 77,397.06 | 85,671.17 | 97,219.13 | 1,15,666.60 |
| 2 | കരുതൽ ഫണ്ടുകൾ | 597.60 | 2,432.35 | 915.16 | 1,086.27 | 826.96 |
| 3 | നിക്ഷേപങ്ങൾ | 3,158.25 | 3,550.65 | 4,135.81 | 4,632.88 | 6,419.34 |
| 4 | **ആകെ** | **71,533.70** | **83,380.06** | **90,722.14** | **1,02,938.28** | **1,22,912.90** |
| 5 | കൂട്ടിചേർക്കൽ | 89,994.00 | 1,13,053.44 | 1,23,102.16 | 1,76,045.51 | 1,75,389.25 |
| 6 | തിരിച്ചടവ് | 82,346.00 | 1,01,207.08 | 1,15,760.08 | 1,63,829.37 | 1,55,414.63 |
| 7 | തനിവർദ്ധനവ് | 7,648.00 | 11,846.36 | 7,342.08 | 12,216.14 | 19,974.62 |
| 8 | ശതമാന വർദ്ധനവ് | 11.97 | 16.56 | 8.81 | 13.47 | 19.40 |
| 9 | നൽകിയ പലിശ | 4,158.08 | 4,812.35 | 5,911.47 | 6,531.40 | 7,510.29 |

സംസ്ഥാനത്തിന്റെ മൊത്തം പൊതു കണക്ക് ബാധ്യതകൾ 2017-2022ലെ അഞ്ചുവർഷക്കാലയളവിൽ ₹71,533.70 കോടിയിൽ നിന്ന് ₹1,22,912.90 കോടിയായി വർദ്ധിച്ചു. 2022 മാർച്ചിലെ പൊതു കണക്ക് കുടിശ്ശിക മുൻവർഷത്തെ അപേക്ഷിച്ച് 19.40 ശതമാനം വർദ്ധിച്ചു.

## 2.9 സംസ്ഥാനത്തിന്റെ മറ്റു ബാധ്യതകൾ

സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ/ സർക്കാർ കമ്പനികൾ, തദ്ദേശ സ്ഥാപനങ്ങൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവ എടുക്കുന്ന വായ്പകളുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് സർക്കാർ നൽകുന്ന ഗ്യാരന്റി, ബഡ്ജറ്റിനുപുറത്തെ കടംവാങ്ങൽ തുടങ്ങിയ ബാധ്യതകളും സംസ്ഥാന സർക്കാരിനുണ്ട്. 2020-21 മുതൽ 2021-22വരെയുള്ള മറ്റു ബാധ്യതകൾ **പട്ടിക 2.36**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.36 മറ്റു ബാധ്യതകളുടെ വിവരങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഇനം | 2020-21 | 2021-22 |
|---|---|---|---|
| 1 | ബഡ്ജറ്റിനുപുറത്തുള്ള കടംവാങ്ങൽ | 16,459.44 | 25,874.39 |
| 2 | ഗ്യാരന്റികൾ | 36,600.99 | 44,369.85 |
| 3 | ബാക്കി നിൽക്കുന്ന / പൂർത്തി യാകാത്ത പ്രവൃത്തികൾ | 1,362.35 | 1,199.78 |
| | **ആകെ** | **54,422.78** | **71,444.02** |

സംസ്ഥാനത്തിന്റെ മറ്റു ബാധ്യതകൾ 2020-21ലെ ₹54,422.78 കോടിയിൽ നിന്നും ₹17,021.24 കോടി (31.28 ശതമാനം) വർദ്ധിച്ച് 2021-22ൽ ₹71,444.02 കോടിയായി.

### 2.9.1 ബഡ്ജറ്റിനു പുറത്തുള്ള കടംവാങ്ങൽ

സംസ്ഥാനത്തിന്റെ ബഡ്ജറ്റിൽ നിന്നോ നികുതി/സെസ്സിൽ നിന്നോ മറ്റ് ഏതെങ്കിലും സംസ്ഥാന വരവുകളിൽ നിന്നോ മുതലും പലിശയും തിരിച്ച് അടയ്ക്കേണ്ട സംസ്ഥാനത്തെ പൊതുമേഖലാ കമ്പനികൾ/ കോർപ്പറേഷനുകൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ (എസ്.പി.വി) എന്നിവയെടുക്കുന്ന കടമെടുപ്പുകൾ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 293 (3) നു കീഴിലുള്ള അനുമതി ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ സ്വന്തം കടമെടുപ്പായി കണക്കാക്കുന്നതാണ്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ച്, എല്ലാ പ്രതിബദ്ധതയുള്ള ചെലവുകൾക്കും വികസനചെലവുകൾക്കും ആവശ്യമുള്ള പണം, ബഡ്ജറ്റിനു പുറത്തുള്ളതോ സുതാര്യമല്ലാത്ത സാമ്പത്തിക സ്രോതസ്സിൽ നിന്നോ കണ്ടെത്തുന്നതിനു പകരം സംസ്ഥാനത്തിന്റെ വർദ്ധിപ്പിച്ച വായ്പാ വിന്യാസത്തിനുള്ളിൽ നിന്നും കണ്ടെത്തേണ്ടതാണ്.

സംസ്ഥാന സർക്കാർ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് കിഫ്ബിയിലൂടെയും സാമൂഹ്യ സുരക്ഷാ ക്ഷേമപെൻഷനുകൾക്ക് കെ.എസ്.എസ്.പി.എല്ലിലൂടെയും ബഡ്ജറ്റിനുപുറത്തുള്ള വായ്പയെടുത്തു. കിഫ്ബി കടം വാങ്ങിയ തുകയുടെ കുടിശ്ശിക 2022 മാർച്ച് 31ൽ ₹13,066.18 കോടിയും (**അനുബന്ധം 2.3** പാർട്ട് എ) കെ.എസ്.എസ്.പി.എല്ലിന്റേത് (**അനുബന്ധം 2.4** പാർട്ട് എ) ₹11,206.49 കോടിയുമാണ്. ഈ രണ്ട് സ്ഥാപനങ്ങളുടെയും ബഡ്ജറ്റിനു പുറത്തുള്ള കടംവാങ്ങൽ ₹ 24,272.62 കോടിയാണ്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിനു പുറത്തുള്ള കടംവാങ്ങൽ സംസ്ഥാന ബഡ്ജറ്റിൽ വെളിവാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ ബഡ്ജറ്റിനു പുറത്തുള്ള കടംവാങ്ങൽ **പട്ടിക 2.37**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.37 : സ്ഥാപനങ്ങളുടെ ബഡ്ജറ്റിനു പുറത്തുള്ള കടംവാങ്ങൽ**

*(₹ കോടിയിൽ)*

| സ്ഥാപനത്തിന്റെ പേര് | 2021 മാർച്ച് 31 വരെയുള്ള ബഡ്ജറ്റിനുപുറത്തെ കടം വാങ്ങിയതിന്റെ കുടിശ്ശിക | 2021-22ലെ ബഡ്ജറ്റിനു പുറത്തെ കടംവാങ്ങൽ | 2021-22ലെ തിരിച്ചടച്ച | | വർഷാന്ത്യ മിച്ചം |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് | 5,610.82 | 7,762.78 | 307.42 | 739.66 | 13,066.18 |
| കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് | 10,848.61 | 6,550.00 | 6,192.12 | 743.94 | 11,206.49 |
| ആകെ | 16,459.43 | 14,312.78 | 6,499.54 | 1,483.60 | 24,272.67 |

*ഉറവിടം : കിഫ്ബിയും കെ.എസ്.എസ്.പി.എല്ലും നൽകിയ വിവരങ്ങൾ*

കിഫ്ബിയിലും കെ.എസ്.എസ്.പി.എല്ലിലും കൂടിയുള്ള ബഡ്ജറ്റിനു പുറത്തെ കടംവാങ്ങൽ തുടർന്നുവരുന്ന ഖണ്ഡികകളിൽ വിശദമാക്കിയിരിക്കുന്നു.

#### *2.9.1.1 കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)*

കേരളത്തിലെ തന്ത്രപ്രധാനവും ബൃഹത്തുമായ അടിസ്ഥാനസൗകര്യ പദ്ധതികൾക്ക് മുതൽമുടക്ക് നടത്തുന്നതിനുവേണ്ടി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ടിനു കീഴിൽ കേരള സർക്കാർ സ്ഥാപിച്ച (നവംബർ 1999) സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (അമെൻഡ്മെന്റ്) ആക്ട് 2016ലെ

സെക്ഷൻ 9(1) അനുസരിച്ച്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എടുക്കുന്ന വായ്പകളുടെ മുതലും പലിശയും തിരിച്ചടയ്ക്കാനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നു. കിഫ്ബി എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതകളായതിനാൽ, അവ സംസ്ഥാനത്തിന്റെ ബഡ്ജറ്റിനു പുറത്തുള്ള വായ്പകളാണ്. സംസ്ഥാന സർക്കാർ പെട്രോളിയം സെസ്സും 50 ശതമാനം മോട്ടോർ വാഹനനികുതിയും കിഫ്ബിയുടെ വായ്പ തിരിച്ചടവിനായി നീക്കിവച്ചിരിക്കുന്നു.

2021-22ൽ വിവിധ സ്രോതസ്സുകളിൽ നിന്നായി കിഫ്ബി എടുത്ത ₹7762.78 കോടി യുടെ ബഡ്ജറ്റിനു പുറത്തെ വായ്പകളുടെ വിവരങ്ങൾ **അനുബന്ധം 2.3** (പാർട്ട് ബി)ൽ വിശദമാക്കിയിരിക്കുന്നു.

കിഫ്ബിയുടെ വായ്പകൾ കേരള ഗവൺമെന്റിന്റെ ബഡ്ജറ്റ് അല്ലെങ്കിൽ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളല്ലെന്നും കേരള സർക്കാരിന് വേണ്ടിയുള്ള ഇൻഫ്രാസ്ട്ര ക്ചർ പ്രോജക്ടുകൾ നിർമ്മിക്കുന്നതിനുള്ള ഏജൻസി പ്രവർത്തനത്തിന്റെ ഭാഗമാ യാണ് കിഫ്ബി കടമെടുപ്പ് നടത്തുന്നതെന്നും സർക്കാർ മറുപടി നൽകി. സംസ്ഥാന സർക്കാരിന് കിഫ്ബിയുടെ കടമെടുക്കൽ ബാധ്യതകളുമായി ബന്ധപ്പെട്ട ബാധ്യതയോ ആകസ്മികതയോ ഇല്ലെന്നും സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2023).

കിഫ്ബിയ്ക്ക് സ്വന്തമായി വരുമാനമില്ലാത്തതിനാലും സംസ്ഥാന സർക്കാർ എല്ലാ വർഷവും ബഡ്ജറ്റിലൂടെ സ്വന്തം വരുമാനം മാറ്റി കിഫ്ബിയുടെ കടബാധ്യതകൾ തീർക്കുന്നതിനാലും സർക്കാരിന്റെ വാദം സ്വീകാര്യമല്ല.

### *2.9.1.2 കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്*

കമ്പനീസ് ആക്ട് 2013നു കീഴിൽ 2018 ആഗസ്റ്റിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് സ്ഥാപിച്ചു. കമ്പനി പൂർണമായും കേരള സർക്കാർ ഉടമസ്ഥതയിലും ധനകാര്യ വകുപ്പിനു കീഴിലുമാണ്. വിവിധ സാമൂഹ്യ സുരക്ഷാപെൻഷനുകളും ക്ഷേമപെൻഷനുകളും കേരളത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത് മെച്ചപ്പെടുത്താൻ വേണ്ടിയാണ് കമ്പനി സ്ഥാപിച്ചത്.

26 ജൂൺ 2018ലെ സർക്കാർ ഉത്തരവ് സ.ഉ. (കൈ) നം. 232/2018/ധനകാര്യം അനുസരിച്ച് സാമൂഹ്യസുരക്ഷാ പെൻഷനിൽ പ്രതീക്ഷിക്കുന്ന ചെലവ് ഓരോ വർഷവും ബഡ്ജറ്റിൽ നൽകുകയും ഭാരതസർക്കാരിന്റെ ദേശീയ സാമൂഹ്യസഹായ പദ്ധതി (എൻഎസ്എപി) യുടെ കീഴിൽ ലഭിക്കുന്ന തുകയും കമ്പനിയ്ക്കു നൽകും. പെൻഷൻ വിതരണത്തിനായി കമ്പനിയ്ക്കുണ്ടാവുന്ന ബാധ്യതകൾ സർക്കാർ വഹിക്കും. കമ്പനിക്ക് പൊതുജനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും അനുയോജ്യമായ രീതിയിലുള്ള നിക്ഷേപങ്ങളും വായ്പകളുമുൾപ്പെടെയുള്ള സാമ്പത്തിക മാദ്ധ്യമങ്ങളുപയോഗിച്ച് പണം കണ്ടെത്താവുന്നതും സർക്കാർ ബഡ്ജറ്റിലൂടെ നൽകുന്ന പണമുപയോഗിച്ച് തിരിച്ചടയ്ക്കാവുന്നതുമാണ്. വായ്പകൾ തിരിച്ചടയ്ക്കുന്നതിനാവശ്യമായ പണം ഹ്രസ്വകാല സാമ്പത്തിക മാധ്യമങ്ങളും സർക്കാർ ധനസഹായവുമുപയോഗിച്ച് നിർവ്വഹിക്കുന്നു.

കെ.എസ്.എസ്.പി.എൽ എടുക്കുന്ന വായ്പകൾ സർക്കാരിന്റെ ബാധ്യതകൾ തീർക്കാനായിട്ടുള്ളതിനാലും വായ്പയുടെ തിരിച്ചടവും പലിശയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുമായതിനാലും കെ.എസ്.എസ്.പി.എൽ എടുക്കുന്ന വായ്പകളെ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിനു പുറത്തുള്ള വായ്പകളായി കണക്കാക്കാം.

**അനുബന്ധം 2.4** പാർട്ട് ബിയിൽ വിവരിച്ചിരിക്കുന്ന പ്രകാരം 2021-22ൽ കെ.എസ്.എസ്.പി.എൽ. ₹6,550.00 കോടിയുടെ ബഡ്ജറ്റിനു പുറത്തുള്ള വായ്പ യെടുത്തു. കഴിഞ്ഞ നാലുവർഷങ്ങളിലായി കെ.എസ്.എസ്.പി.എല്ലിനു നൽകിയ സർക്കാർ ധനസഹായം വാർഷിക അടിസ്ഥാനത്തിൽ **പട്ടിക 2.38**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.38: 2018-19 മുതൽ 2021-22 വരെ കെ.എസ്.എസ്.പി.എല്ലിനു നൽകിയ ധനസഹായത്തിന്റെ വാർഷിക വിവരങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നം. | വർഷം | സർക്കാർ ധനസഹായം |
|---|---|---|
| 1 | 2018-19 | 5,579.28 |
| 2 | 2019-20 | 2,100.00 |
| 3 | 2020-21 | 11,924.14 |
| 4 | 2021-22 | 6,939.00 |
| **ആകെ** | | 26,542.42 |

*ഉറവിടം : കെ.എസ്.എസ്.പി.എല്ലിൽ നിന്നും ലഭിച്ച വിവരങ്ങളനുസരിച്ച്,*

**അനുബന്ധം 2.4** (പാർട്ട് ബി)ൽ കാണിച്ചിരിക്കുന്നതിൻ പ്രകാരം 2022 മാർച്ച് 31ന് ₹11,206.49 കോടി കുടിശ്ശികയുണ്ട്. കെ.എസ്.എസ്.പി.എൽ ഒരു സർക്കാർ കമ്പനി ആയതിനാൽ വായ്പാ കുടിശ്ശികയായ ₹11.206.49 കോടി സർക്കാരിന്റെ ഒരു അധികബാധ്യതയാണ്.

ബഡ്ജറ്റിനു പുറത്തെ കടംവാങ്ങൽ വെളിപ്പെടുത്താത്തത് മൂലം, നിയമസഭയുടെ പൊതുസാമ്പത്തിക മാനേജ്മെന്റ്, മേൽനോട്ടം എന്നീ ഉത്തരവാദിത്തങ്ങളിൽ വെള്ളം ചേർക്കുന്ന ഫലമുണ്ടാകുകയും സർക്കാരിന്റെ തന്ത്രപ്രധാനമായ അടിസ്ഥാന സൗകര്യ പദ്ധതികൾക്കു വേണ്ട പ്രധാന സാമ്പത്തികസ്രോതസ്സിനെ നിയമസഭയുടെ നിയന്ത്രണത്തിന് അതീതമാക്കുകയും ചെയ്തു.

### *2.9.1.3 ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിന് കീഴിലുള്ള വായ്പകൾ*

ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിലൂടെ കരാറുകാരുടെ കെട്ടിക്കിടക്കുന്ന ബില്ലുകൾ തീർപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ ഹ്രസ്വകാല കടമെടുപ്പ് നടത്തി. ഈ വർഷത്തിൽ ഇഷ്യൂചെയ്ത ₹1,601.72 കോടിയുടെ പ്രോമിസറി നോട്ടുകൾ തീർപ്പാക്കാതെ തുടർന്നു. ഇത് നടപ്പുവർഷത്തെ വ്യക്തമായ ബാധ്യതകൾ അടുത്ത സാമ്പത്തിക വർഷത്തിലേക്കു മാറ്റി വയ്ക്കപ്പെടുന്നതിനും ഒഴിവാക്കാമായിരുന്ന പലിശ ബാധ്യതകൾക്കും ഇടയാക്കി.

ഈ ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ മൂലം 2022 മാർച്ച് 31 വരെയുള്ള സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ബാധ്യതകൾ ₹3,57,392.76 കോടി[22]യിൽ നിന്ന് ₹3,83,267.15 കോടിയായി ഉയർന്നു.

[22] ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഏതൊരു മാനദണ്ഡം കണക്കാക്കുന്നതിനും ജിഎസ്ടി നഷ്ടപരിഹാരമായി കടം വരവുകൾക്ക് കീഴിൽ സംസ്ഥാനത്തിനു നൽകിയിട്ടുള്ള 2021-22ലെ ₹8,739.31 കോടിയും 2020-21ലെ ₹5,766 കോടിയും ബാക് ടു ബാക് ലോൺ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ചെലവ് വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ ഫലത്തിൽ ബാക്കിയുള്ള പൊതുകടം ₹2,19,974.55 കോടിയാവുന്നതാണ്.

2021-22 വർഷത്തെ കടം ജിഎസ്ഡിപി അനുപാതം ലക്ഷ്യമിട്ട 34.70 ശതമാനത്തിന് പകരം 38.01[23] ശതമാനമായി. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിനു പുറത്തുള്ള വായ്പകൾ കണക്കിലെടുക്കുമ്പോൾ, കടം ജിഎസ്ഡിപി അനുപാതം 40.88 ശതമാനമാണ്.

### 2.9.2 ഗ്യാരന്റികൾ

ഏതെങ്കിലും സ്ഥാപനത്തിന് സംസ്ഥാന സർക്കാർ ഗ്യാരന്റി നിൽക്കുകയും അവർ പണമടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലുണ്ടാവുന്ന ആകസ്മിക ബാധ്യതകളെയാണ് ഗ്യാരന്റി എന്നതു കൊണ്ടുദ്ദേശിക്കുന്നത്.

സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ, സർക്കാർ കമ്പനികൾ, സഹകരണ ബാങ്കുകൾ സൊസൈറ്റികൾ തുടങ്ങിയവ എടുക്കുന്ന വായ്പകളുടെ തിരിച്ചടവിന് സർക്കാർ ഗ്യാരന്റി നിൽക്കുന്നു. 2018-ലെ കേരള ധനകാര്യ (നം. 2) ആക്ട് 2018 മുഖേന ഭേദഗതി വരുത്തിയ സർക്കാർ ഗ്യാരന്റി ആക്ട് 2003ലെ അനുഛേദം 3 അനുസരിച്ച് ഓരോ വർഷത്തിലേയും ഏപ്രിൽ 1 ന് മിച്ചമുള്ള മൊത്തം സർക്കാർ ഗ്യാരന്റി അതാതു ധനകാര്യ വർഷം എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് കണക്കാക്കിയ മൊത്തം സംസ്ഥാന ഡൊമസ്റ്റിക് പ്രോഡക്റ്റിന്റെ (ജിഎസ്ഡിപി) അഞ്ചു ശതമാന ത്തിൽ കൂടുതലാവാൻ പാടില്ല. 2022 മാർച്ച് 31-ലെ ബാക്കി നിൽക്കുന്ന ഗ്യാരന്റിയായ ₹44,369.85 കോടി (മുതലും പലിശയും) 2021-22 ലെ ജിഎസ്ഡിപിയുടെ (₹9,01,997.83 കോടി) 4.92 ശതമാനമായിരുന്നത് ജിഎസ്ഡിപിയുടെ അഞ്ചു ശതമാനമായ പരിധി ക്കുകീഴിലാണ്.

ആക്ട് അനുസരിച്ച് വർഷത്തിന്റെ ആദ്യം മിച്ചം നിൽക്കുന്ന ജാമ്യ തുകയുടെ 0.75 ശതമാനം ഗ്യാരന്റി കമ്മീഷനായി ഓരോ വർഷവും ഈടാക്കാവുന്നതാണ്. നടപ്പു വർഷം ₹230.76 കോടി ഗ്യാരന്റി കമ്മീഷനായി ലഭിച്ചെങ്കിലും വിവിധ സ്ഥാപനങ്ങളിൽ നിന്നായി 2022 മാർച്ച് 31ന് ₹306.22 കോടി ഗ്യാരന്റി കമ്മീഷനായി കിട്ടാൻ ബാക്കിയുണ്ട്. ഗ്യാരന്റി കമ്മീഷൻ നൽകാത്ത പ്രധാനപ്പെട്ട സ്ഥാപനങ്ങളെ **അനുബന്ധം 2.6**ൽ കാണിച്ചിരിക്കുന്നു.

#### 2.9.2.1 ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാത്തത്

പന്ത്രണ്ടാം ധനകാര്യകമ്മീഷൻ (2005-2010) ശുപാർശകളനുസരിച്ച് സംസ്ഥാന സർക്കാരുകൾ ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് (ജിആർഎഫ്) രൂപീകരിച്ച് സർക്കാർ നൽകുന്ന ഗ്യാരന്റിയിൽ നിന്നുണ്ടാകുന്ന ബാധ്യതകൾ തീർപ്പാക്കുന്നതിന് വിനിയോ ഗിക്കേണ്ടതാണ്. ഈ നിധി സംസ്ഥാന സർക്കാർ അക്കൗണ്ടിന് പുറത്ത് സൂക്ഷിക്കേ ണ്ടതും ഭാരതീയ റിസർവ്വ് ബാങ്ക് കൈകാര്യം ചെയ്യേണ്ടതുമാണ്.

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, സംസ്ഥാന സർക്കാർ വർഷത്തിന്റെ തുടക്കത്തിൽ കുടിശ്ശികയുള്ള ഗ്യാരന്റിയുടെ 0.50 ശതമാനം വാർഷിക വിഹിതം നൽകേണ്ടതുണ്ട്. ₹183.00 കോടിയാണ് ഈ വർഷം സംസ്ഥാന സർക്കാർ ഫണ്ടിലേയ്ക്ക് സംഭാവന ചെയ്യേണ്ടത്.

സർക്കാർ ഗ്യാരന്റി ആക്ട് 2003 ലെ കേരളാ പരിധി അനുസരിച്ച്, വർഷം തോറും ലഭിക്കുന്ന ഗ്യാരന്റി കമ്മീഷൻ പൊതു കണക്കിലേക്ക് മാറ്റേണ്ടതും അവ സംസ്ഥാന

[23] ജിഎസ്ടി നഷ്ടപരിഹാരമായി കിട്ടിയ ₹14,505.31 കോടി ബാക്ക്-ടു-ബാക്ക് ലോൺ ഒഴിവാക്കിയാൽ

ത്തിന്റെ പൊതു കണക്കിനു കീഴിലുള്ള ഗ്യാരന്റി റിഡംഷൻ നിധിയിലുള്ള കരുതൽ ധനത്തിലേയ്ക്കുള്ള സംഭാവനകളുമാണ്. സംസ്ഥാന സർക്കാർ ജിആർഎഫ് രൂപീകരിക്കാത്തതിനാൽ, 2003-04 മുതൽ 2021-22 വരെ ഈടാക്കിയ ₹1,697.92 കോടിയുടെ ഗ്യാരന്റി കമ്മീഷൻ റവന്യൂ വരുമാന ശീർഷകം 0075-108- ഗ്യാരന്റിഫീസിനു കീഴിൽ വരവ് വച്ചിരിക്കുന്നു.

## 2.10 പൊതുകടത്തിന്റെയും മറ്റു ബാധ്യതകളുടേയും ചെലവ്

വായ്പയുടെ ചെലവ് എന്നത് സർക്കാർ അതിന്റെ ദീർഘകാല ബാധ്യതകൾക്ക് നൽകേണ്ട യഥാർത്ഥ പലിശ നിരക്കാണ്. കഴിഞ്ഞ അഞ്ചുവർഷകാലയളവിൽ പൊതു കടത്തിനും മറ്റു ബാധ്യതകൾക്കും നൽകിയ പലിശ **പട്ടിക 2.39**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.39: വായ്പയുടേയും മറ്റുബാധ്യതകളുടേയും മൂല്യം**

*(₹കോടിയിൽ)*

| ക്രമ നം. | ഇനം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | മിച്ചമുള്ള പൊതുകടം | 1,42,984.52 | 1,58,234.45 | 1,74,640.22 | 2,05,447.73 | 234,479.86 |
| 2 | വിപണി വായ്പകളുടെ പലിശ | 8,824.25 | 9,996.20 | 11,159.82 | 12,203.37 | 13,543.89 |
| 3 | മറ്റു വായ്പകളുടെ പലിശ | 2113.42 | 2090.09 | 2113.97 | 2206.20 | 2230.90 |
| 4 | പൊതുകടത്തിന്റെ മൊത്തം പലിശ | 10,937.67 | 12,086.29 | 13,273.79 | 14,409.57 | 15,774.79 |
| 5 | പൊതുകടത്തിന്റെ ശരാശരി പലിശ നിരക്ക്* | 8.14 | 8.02 | 7.98 | 7.58 | 7.17 |
| 6 | പൊതു കണക്കിലെ മിച്ചം | 71,534 | 83,380 | 90,722 | 1,02,938 | 1,22,913 |
| 7 | പൊതു കണക്കിന് നൽകിയ പലിശ | 4,158.08 | 4,812.35 | 5,911.47 | 6,531.40 | 7,510.29 |
| 8 | പൊതു കണക്കിന്റെ ശരാശരി പലിശ നിരക്ക്* | 6.14 | 6.21 | 6.79 | 6.75 | 6.48 |
| 9 | മൊത്തം നൽകിയ പലിശ | 15,095.75 | 16,898.64 | 19,185.26 | 20,940.97 | 23,285.08# |
| 10 | റവന്യൂ വരുമാനം | 83,020.14 | 92,854.47 | 90,224.67 | 97,616.83 | 1,16,640.24 |
| 11 | മൊത്തം വായ്പയ്ക്കു നൽകിയ പലിശ റവന്യൂ വരുമാനത്തിന്റെ ശതമാനമായി (9÷10) | 18.18 | 18.20 | 21.26 | 21.45 | 19.96 |

**ശരാശരി പലിശ നിരക്ക് = നൽകിയ പലിശ/ (വായ്പയുടെ വർഷാരംഭത്തിലേയും വർഷാന്ത്യത്തിലേയും മിച്ചത്തിന്റെ ശരാശരി)*100*

*# വായ്പാ മാനേജ്മെന്റിനായി നൽകിയ ₹30.23 കോടി പലിശ നൽകിയത് ഉൾപ്പെടുത്തിയിട്ടില്ല.*

വായ്പയുടെ ശരാശരി പലിശ നിരക്ക് കുറയുന്ന പ്രവണത കാണിച്ചെങ്കിലും വായ്പയ്ക്ക് നൽകിയ യഥാർത്ഥ പലിശ അഞ്ചു വർഷക്കാലയളവിൽ ക്രമമായി വർദ്ധിച്ചു. 2017-18ൽ നൽകിയ പലിശ ₹10,938 കോടിയിൽ നിന്നും വർദ്ധിച്ച് 2021-22ൽ ₹15,775 കോടിയായപ്പോൾ അഞ്ചു വർഷക്കാലയളവിൽ പലിശയിൽ 44 ശതമാനത്തിന്റെ വർദ്ധനവുണ്ടായതിനുകാരണം പൊതുകടത്തിലുണ്ടായ വർദ്ധനവാണ്. പൊതുകണക്കിനു നൽകിയ പലിശ 2017-18 -ലെ ₹4,158.08 കോടിയിൽ നിന്നും വർദ്ധിച്ച് 2021-22ൽ ₹7,510.29 കോടിയായി. ₹7,510.29 കോടിയിൽ, ട്രഷറി സമ്പാദ്യ ബാങ്ക് നിക്ഷേപങ്ങൾക്ക് നൽകിയ പലിശ ₹4,205.03 കോടിയും സംസ്ഥാന പ്രോവിഡന്റ് ഫണ്ടിന് നൽകിയ

പലിശ ₹2,522.81 കോടിയും ഇൻഷുറൻസിനും പെൻഷൻ ഫണ്ടിനും ₹681.36 കോടിയും എസ്ഡിആർഎഫിന് 101.09 കോടിയുമായിരുന്നു. റവന്യൂ വരവിന്റെ ശരാശരി 20 ശതമാനത്തോളം സംസ്ഥാനത്തിന്റെ മൊത്തം വായ്പയുടെ പലിശ നൽകാൻ മാത്രമായി വിനിയോഗിക്കുന്നു.

## 2.11 അറ്റവായ്പാ പരിധി

ധനകാര്യ കമ്മീഷന്റെ ശുപാർശകൾക്കനുസൃതമായി, ഭാരത സർക്കാർ സംസ്ഥാനത്തിന്റെ 2021-22 അറ്റവായ്പാപരിധി പ്രതീക്ഷിക്കുന്ന ജിഎസ്ഡിപിയുടെ നാലു ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. 2021-22-ലെ കേരളത്തിന്റെ പ്രതീക്ഷിച്ചിരുന്ന ജിഎസ്ഡിപി ₹9,02,166 കോടിയായിരുന്നു. 2021-22-ലെ പ്രതീക്ഷിച്ച ജിഎസ്ഡിപിയുടെ നാലു ശതമാനമായ സാധാരണ എൻബിസിയിൽ പ്രതീക്ഷിച്ച ജിഎസ്ഡിപിയുടെ 0.5 ശതമാനം വായ്പാപരിധി 2021-22 കാലയളവിൽ സംസ്ഥാന നടത്തുന്ന വർദ്ധിച്ച മൂലധനചെലവിനായി നീക്കിവച്ചിരിക്കുന്നു. മൂലധന ചെലവിനായി ധനകാര്യ മന്ത്രാലയം നിശ്ചയിച്ച ലക്ഷ്യം സംസ്ഥാനം പൂർത്തീകരിച്ചതിനാൽ ജിഎസ്ഡിപിയുടെ 0.5 ശതമാനം അധികമായും എടുക്കാൻ അനുവദിച്ചു.

ധനകാര്യ മന്ത്രാലയം അറിയിച്ചതിൻ പ്രകാരം 2021-22-ൽ കേരളത്തിന്റെ എൻബിസി പ്രതീക്ഷിച്ച ജിഎസ്ഡിപിയുടെ നാലുശതമാനമായ ₹36,087.00 കോടിയായിരുന്നു. 2021-22-ൽ പൊതു കണക്കിലെ വർദ്ധനവുൾപ്പെടെ സർക്കാർ ₹46,045.78 കോടി വായ്പയെടുത്തു (ധനകമ്മി) ജിഎസ്ടി നഷ്ടപരിഹാരത്തിനുപകരം ലഭിച്ച ബാക്ക് ടു ബാക്ക് വായ്പയായ ₹8,739.31 കോടിയും മൂലധനചെലവിനായി ലഭിച്ച പലിശരഹിതവായ്പയായ ₹238.50 കോടിയും ഒഴിവാക്കിയാൽ അറ്റവായ്പയായി വരുന്ന ₹37,067.97 കോടി അനുവദനീയമായ തുകയായ ₹36,087 കോടിയെക്കാൾ ₹980.97 കോടി കൂടുതലാണ്.

## 2.12 വായ്പാ തുകയുടെ വിനിയോഗം

2021-22-ൽ സർക്കാർ ₹64,932.13 കോടി വായ്പയെടുത്തു. വായ്പാ തുകയുടെ വിനിയോഗ വിവരങ്ങൾ **രേഖാചിത്രം 2.12**-ൽ നൽകിയിരിക്കുന്നു.

**രേഖാചിത്രം 2.12 : വായ്പാ തുകയുടെ വിനിയോഗത്തിന്റെ പ്രവണത**



അഞ്ചു വർഷങ്ങളിലും വായ്പാ തുകയുടെ സിംഹഭാഗവും കടം തിരിച്ചടവിനായി വിനിയോഗിച്ചു. വായ്പാ തുക മൂലധന സൃഷ്ടിക്കും വികസന പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് വിനിയോഗിക്കേണ്ടത്. 2021-22-ൽ വായ്പയെടുത്ത തുകയുടെ 80 ശതമാനവും വായ്പാസംബന്ധമായ ചെലവുകൾക്കായാണ് വിനിയോഗിച്ചത്. വായ്പാ സംബന്ധമായ ചെലവുകൾക്കുശേഷം വികസനപ്രവർത്തനങ്ങൾക്കു ലഭ്യമായ തനി വായ്പാ തുക വെറും 20 ശതമാനം മാത്രമായിരുന്നു. ദൈനംദിന ചെലവുകൾക്കും വായ്പാ സംബന്ധമായ ചെലവുകൾക്കുമായി വായ്പയെടുത്ത തുക ഉപയോഗിക്കുന്നത് ജാഗ്രതയുള്ള സാമ്പത്തിക മാനേജ്മെന്റ് സമ്പ്രദായമല്ല.

## 2.13 വായ്പാ സുസ്ഥിര വിശകലനം (ഡിഎസ്എ)

വർത്തമാനകാലം മുതൽ തുടങ്ങുന്ന ഒരു കാലയളവിലുള്ള വായ്പയുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യതകൾ നിറവേറ്റുന്നതിനുള്ള സാധ്യതയെ വായ്പാ സുസ്ഥിരത വിശകലനം (ഡിഎസ്എ) കണക്കിലെടുക്കുന്നു. ഇത് ഒരു സമ്പദ്‌വ്യവസ്ഥയുടെ സാമ്പത്തിക ആരോഗ്യം നിലനിർത്തുന്നതിനുള്ള പ്രധാന ഏകകമാണ്. ഡിഎസ്എയുടെ ഏറ്റവും പ്രധാന ആണിക്കല്ലാണ് വായ്പാ-ജിഎസ്ഡിപി അനുപാതം. ദീർഘകാല അടിസ്ഥാനത്തിൽ വായ്പാ ജിഎസ്ഡിപി അനുപാതം കുറഞ്ഞു വരുന്നതാണ് സ്ഥായിയായ ധനനയം.

### 2.13.1 വായ്പാ സ്ഥായിത്വം- വായ്പ സുസ്ഥിരത സൂചകങ്ങൾ

പൊതുകടത്തിന്റെ വർദ്ധനനിരക്ക്, മൊത്തം മിച്ചം നിൽക്കുന്ന വായ്പയും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം, പലിശ ചെലവും റവന്യൂ വരവും തമ്മിലുള്ള അനുപാതം, വായ്പാതിരിച്ചടവും വായ്പാവരവും തമ്മിലുള്ള അനുപാതം, സംസ്ഥാനത്തിനു ലഭ്യമായ തനി വായ്പ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വായ്പയുടെ സുസ്ഥിരത ഈ ഭാഗത്തിൽ വിലയിരുത്തുന്നു. വായ്പാ സ്ഥിരത നിർണ്ണയിക്കുന്ന സാമ്പത്തിക സൂചകങ്ങളുടെ പ്രവണത **പട്ടിക 2.40**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.40 : വായ്പാ സ്ഥായിത്വ സൂചകങ്ങളുടെ പ്രവണത**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വായ്പാ സ്ഥായിത്വ സൂചകങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | മിച്ചം നിൽക്കുന്ന പൊതുകടം (₹ കോടിയിൽ) | 1,42,984.52 | 1,58,234.45 | 174640.22 | 2,05,447.73 | 2,34,479.86 |
| 2 | മിച്ചം നിൽക്കുന്ന പൊതുകടത്തിന്റെ വളർച്ചാനിരക്ക് | 13.59 | 10.67 | 10.37 | 17.64 | 14.13 |
| 3 | ജിഎസ്ഡിപി (₹ കോടിയിൽ) | 7,01,588.26 | 7,88,285.58 | 8,24,374.20 | 7,99,571.11 | 9,01,997.83 |
| 4 | ജിഎസ്ഡിപിയുടെ വളർച്ചാ നിരക്ക് | 10.51 | 12.36 | 4.58 | (-)3.01 | 12.81 |
| 5 | പൊതുകടം/ജിഎസ്ഡിപി | 20.38 | 20.07 | 21.18 | 25.69 | 26.00 |
| 6 | പൊതുകടത്തിന് നൽകിയ പലിശ (₹കോടിയിൽ) | 10,937.67 | 12,086.29 | 13,273.79 | 14,409.57 | 15,774.79 |
| 7 | മിച്ചം നിൽക്കുന്ന പൊതുകടത്തിന്റെ ശരാശരി പലിശനിരക്ക്[24] | 8.14 | 8.02 | 7.98 | 7.58 | 7.17 |

[24] ശരാശരി പലിശ നിരക്ക് - (പലിശ നൽകിയത്/ പൊതു കടത്തിന്റെ മുന്നിരിപ്പ് പണം / പൊതു കടത്തിന്റെ അന്തിമ നീക്കിയിരിപ്പ്/2 x 100

| ക്രമ നമ്പർ | വായ്പാ സ്ഥായിത്വ സൂചകങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 8 | പലിശ നൽകിയതും റവന്യൂ വരുമാനവുമായുള്ള ശതമാനം | 13.17 | 13.02 | 14.71 | 14.76 | 13.52 |
| 9 | റവന്യൂ വരുമാനത്തിന്റെയും മിച്ചം നിൽക്കുന്ന വായ്പയുടെയും അനുപാതം | 58.06 | 58.68 | 51.66 | 47.51 | 49.74 |
| 10 | സംസ്ഥാനത്തിന് ലഭ്യമായ തനികടം[25] (₹ കോടിയിൽ) | 6,164.00 | 3,163.64 | 3,131.98 | 16,397.94 | 13,257.35 |
| 11 | കടം തിരിച്ചടവും കടം വരുമാനവുമായുള്ള അനുപാതം | 43.44 | 54.40 | 72.84 | 55.82 | 55.29 |
| 12 | പലിശ സ്പ്രെഡ്[26] | 2.37 | 4.34 | (-)3.40 | (-)10.59 | 5.64 |
| 13 | ക്വാണ്ടം സ്പ്രെഡ്[27] | 3,388.73 | 6,867.38 | (-)5,937.77 | (-)21,756.91 | 13,224.66 |
| 14 | സാമ്പത്തിക കമ്മി (₹ കോടിയിൽ) | (-)26,837.41 | (-)26,958.31 | (-)23,837.47 | (-)40,969.69 | (-)46,045.78 |
| 15 | പ്രാഥമിക കമ്മി (₹ കോടിയിൽ) | (-)11,717.48 | (-)10,210.39 | (-)4,622.78 | (-)14,228.33 | (-)22,742.96 |
| 16 | വായ്പാ സ്ഥായിത്വം (ക്വാണ്ടം സ്പ്രെഡ് + പ്രാഥമിക കമ്മി) (₹ കോടിയിൽ) | (-)8,328.75 | (-)3,343.01 | (-)10,560.55 | (-)35,985.24 | (-)9,518.30 |

സംസ്ഥാനത്തിന്റെ വായ്പയുടെ സുസ്ഥിരത താഴെ പറയുന്ന വായ്പാ സുസ്ഥിരതാ സൂചകങ്ങളിലൂടെ വിശകലനം ചെയ്യുന്നു.

### *2.13.1.1 മിച്ചം നിൽക്കുന്ന പൊതുകടത്തിന്റെ വളർച്ചാനിരക്ക്*

മിച്ചം നിൽക്കുന്ന പൊതുകടത്തിന്റെ വളർച്ചാനിരക്ക് നോമിനൽ ജിഎസ്ഡിപിയുടെ വളർച്ചാനിരക്കിനെക്കാൾ കുറവാകണം. പൊതുകടത്തിന്റ ഉയർന്ന അവസ്ഥ വളർച്ചയ്ക്ക് വിഘാതമായിരിക്കുകയും കുറഞ്ഞ സാമ്പത്തിക വളർച്ച പൊതു കടത്തിന്റെ ഉയർന്ന അവസ്ഥയ്ക്കു കാരണമാകുകയും ചെയ്യും. 2017-18 മുതൽ 2021-22 വരെയുള്ള പൊതുകടത്തിന്റെ വളർച്ചാനിരക്കും ജിഎസ്ഡിപിയുടെ വളർച്ചാനിരക്കും **രേഖാചിത്രം 2.13**ൽ കാണിച്ചിരിക്കുന്നു.

[25] സംസ്ഥാനത്തിന് ലഭ്യമായ തനികടം = തന്നാണ്ടിലെ പൊതു കടം വരവുകൾ - മുതലിന്റെ തിരിച്ചടക്കൽ പൊതുകടത്തിന്റെ പലിശ നൽകിയത്

[26] പലിശസ്പ്രെഡ് - ജിഎസ്ഡിപിയുടെ വളർച്ചാനിരക്ക് - ബാക്കി നിൽക്കുന്ന പൊതു കടത്തിന്റെ ശരാശരി പലിശ നിരക്ക്

[27] ക്വാണ്ടംസ്പ്രെഡ് - ബാക്കി നിൽക്കുന്ന പൊതു കടം* പലിശ സ്പ്രെഡ്/100

**രേഖാചിത്രം 2.13 : മിച്ചം നിൽക്കുന്ന പൊതുകടത്തിന്റെ വളർച്ചാനിരക്കും ജിഎസ്ഡിപിയുടെ വളർച്ചാനിരക്കും**




രേഖാചിത്രത്തിൽ നിന്നും, 2017-2022ലെ അഞ്ചു വർഷക്കാലയളവിൽ 2018-19ലൊഴികെ കടത്തിന്റെ വളർച്ചാനിരക്ക് ജിഎസ്ഡിപിയുടെ വളർച്ചാ നിരക്കിനെക്കാൾ കൂടുതലാണെന്നു കാണാം. ഈ രണ്ടു അനുപാതങ്ങളും തമ്മിലുള്ള വ്യത്യാസം 2020-21ൽ വളരെ കൂടുതലാണ്.

### *2.13.1.2 മിച്ചം നിൽക്കുന്ന കടവും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം*

കടവും ജിഎസ്ഡിപിയുമായുള്ള അനുപാതം സംസ്ഥാനത്തിന്റെ പൊതുകടവും സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനവും (ജിഎസ്ഡിപി) താരതമ്യം ചെയ്യാനുള്ള ഏകകമാണ്. സംസ്ഥാനം കൊടുത്തു തീർക്കാനുള്ളതും സംസ്ഥാനം ഉൽപ്പാദിപ്പിക്കുന്നതും തമ്മിൽ താരതമ്യം ചെയ്യുന്നതിലൂടെ കടം-ജിഎസ്ഡിപി അനുപാതം സംസ്ഥാനത്തിന് അതിന്റെ കടം തിരിച്ചടയ്ക്കാനുള്ള കഴിവിനെ സൂചിപ്പിക്കുന്നു. കടം-ജിഎസ്ഡിപി അനുപാതം കുറഞ്ഞു വരുന്നത് സ്ഥിരതയിലേക്ക് നയിക്കുന്നതായി കണക്കാക്കപ്പെടുന്നു. കടം-ജിഎസ്ഡിപി അനുപാതം, വേഗത്തിൽ വർദ്ധിച്ച് ഒരു പരിധിയ്ക്കുമുകളിലേയ്ക്ക് ഉയർന്നാൽ, പ്രാഥമിക മിച്ചത്തിന്റെ ഇപ്പോഴുള്ള അവസ്ഥ, കടം-ജിഎസ്ഡിപി അനുപാതത്തെ സ്ഥിരമാക്കാൻ മതിയാകില്ല. 2017-18 മുതൽ 2021-22 വരെയുള്ള കടം-ജിഎസ്ഡിപി അനുപാതം **രേഖാചിത്രം 2.14**ൽ നൽകിയിരിക്കുന്നു.

**രേഖാചിത്രം 2.14 : മൊത്തം മിച്ചം നിൽക്കുന്ന കടവും ജിഎസ്ഡിപിയുമായുള്ള അനുപാതം**




2018-19ലെ ചെറിയ ഒരു കുറവ് ഒഴിച്ചാൽ 2017-18ൽ 20.38 ശതമാനമായിരുന്ന കടം-ജിഎസ്ഡിപി അനുപാതം ക്രമമായി വർദ്ധിച്ച് 2021-22ൽ 26.00 ശതമാനമായി.

### *2.13.1.3 റവന്യൂ വരുമാനവും മൊത്തം മിച്ചം നിൽക്കുന്ന കടവും തമ്മിലുള്ള അനുപാതം*

റവന്യൂ വരുമാനവും മൊത്തം മിച്ചം നിൽക്കുന്ന കടവും തമ്മിലുള്ള അനുപാതം വർദ്ധിക്കുകയാണെങ്കിൽ സർക്കാരിന് സ്വന്തം വിഭവങ്ങളിൽ നിന്നും വായ്പ തിരിച്ചടയ്ക്കാൻ എളുപ്പമായിരിക്കും. റവന്യൂ വരുമാനം 2017-18ൽ ₹83,020.14 കോടിയിൽ നിന്നും 2021-22ൽ ₹1,16,640.24 കോടിയായി വർദ്ധിച്ചപ്പോൾ റവന്യൂ വരുമാനവും മൊത്തം കൊടുത്തു തീർക്കാനുള്ള കടവും തമ്മിലുള്ള അനുപാതം 2017-18ൽ 58.06 ശതമാനത്തിൽ നിന്നും 2021-22ൽ 49.74 ശതമാനമായി കുറഞ്ഞത് സർക്കാരിന് വായ്പാ ബാധ്യതകൾ നിറവേറ്റുന്നതിന് കൂടുതൽ സമ്മർദ്ധമുണ്ടാക്കുന്നു.

### *2.13.1.4 പൊതുവായ്പയുടെ ചെലവും ജിഎസ്ഡിപിയുടെ വളർച്ചയും തമ്മിലുള്ള അനുപാതവും പ്രാഥമിക മിച്ചവും*

മിച്ചം നൽകാനുള്ള വായ്പയ്ക്ക് നൽകാനുള്ള പലിശനിരക്കിനേക്കാൾ ജിഎസ്ഡിപിയുടെ വളർച്ചാനിരക്ക് കുറവായിരുന്നാൽ പ്രാഥമിക മിച്ചമുണ്ടാവും. സമ്പദ് വ്യവസ്ഥയുടെ വളർച്ചാ നിരക്ക് പലിശനിരക്കിനേയോ പൊതുവായ്പയുടെ ചെലവിനേക്കാളോ കൂടുതലായിരിക്കുകയും പ്രാഥമികമിച്ചം പൂജ്യമോ പൂജ്യത്തേക്കാൾ കൂടുതലോ പൂജ്യത്തേക്കാൾ ചെറിയ തോതിൽ കുറവോ ആയിരിക്കുകയും ചെയ്താൽ വായ്പ ജിഎസ്ഡിപി അനുപാതം സന്തുലിതമാക്കാൻ സാധ്യതയുണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ 2019-20ലും 2020-21ലും ഒഴികെ സമ്പദ് വ്യവസ്ഥയുടെ വളർച്ചാനിരക്ക് (ജിഎസ്ഡിപിയുടെ വളർച്ചാനിരക്ക്) പലിശനിരക്കിനേയും പൊതുവായ്പയുടെ

ചെലവിനെക്കാളും കൂടുതലായിരുന്നു. എന്നാൽ അഞ്ചു വർഷക്കാലയളവിലും പ്രാഥമികമിച്ചം (പ്രാഥമിക കമ്മി) ഉയർന്ന ഋണമൂല്യമുള്ളതിനാലും വായ്പാ സന്തുലിതാവസ്ഥയുടെ അവശ്യ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കാനിടയായി.

മുകളിൽ പറഞ്ഞ കാര്യങ്ങളിൽ നിന്നും വായ്പാ സന്തുലിതാവസ്ഥയ്ക്കു വേണ്ട മാനദണ്ഡങ്ങൾ കൂടുതൽ കാലയളവിലും പൂർത്തീകരിച്ചിട്ടില്ല.

### *2.13.1.5 കടസ്ഥിരതയോടുള്ള ഡോമറിന്റെ സമീപനം*

ഭാവിയിൽ ഈ ബാധ്യതകളുടെ തിരിച്ചടവ് നൽകാൻ സർക്കാരിന് കഴിയുകയും കടം ജിഎസ്ഡിപി അനുപാതം നിയന്ത്രിക്കാനാകാത്ത അനുപാതത്തിലേയ്ക്ക് വളരാതിരിക്കുകയും ചെയ്താൽ ധന ബാധ്യതകൾ സുസ്ഥിരമായി കണക്കാക്കപ്പെടുന്നു. പൊതു കടങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള മാതൃകകളിലൊന്നാണ് ഡോമർ മോഡൽ. സമ്പദ് വ്യവസ്ഥയുടെ വളർച്ചാ നിരക്ക് കടത്തിന്റെ പലിശ നിരക്കിനേക്കാൾ കൂടുതലാണെങ്കിൽ കടം ജിഡിപി അനുപാതം സ്ഥിരത കൈവരിക്കാൻ സാധ്യതയുണ്ടെന്ന് വ്യക്തമാക്കുന്നു. **പട്ടിക 2.41** ഡോമർ സുസ്ഥിരത വ്യവസ്ഥ നൽകിയിരിക്കുന്നു.

**പട്ടിക 2.41 : പലിശ നിരക്ക്, ജിഡിപിയുടെ വളർച്ചാ നിരക്ക്, പ്രാഥമിക ബഡ്ജറ്റ് ബാലൻസ് എന്നിവയെ ആശ്രയിച്ച് പൊതു കടത്തിന്റെ ചലനാത്മകത**

| ജി-ആർ (ജി : യഥാർത്ഥ സാമ്പത്തിക വളർച്ചാ നിരക്ക് : ആർ : യഥാർത്ഥ പലിശ നിരക്ക്), ഡോമർ ഗ്യാപ് എന്ന് വിളിക്കുന്നു | എസ് < 0 (പ്രാഥമിക കമ്മി) | എസ് > 0 (പ്രാഥമിക മിച്ചം) |
|---|---|---|
| **ജി-ആർ > 0 (ശക്തമായ സാമ്പത്തിക വളർച്ച)** | പൊതുകടവും ജിഎസ്ഡിപിയുമായുള്ള അനുപാതം സ്ഥിരതയിലേയ്ക്ക് നീങ്ങുന്ന പ്രവണത കാണിക്കുന്നതിനാൽ പൊതുകടം സുസ്ഥിരമാണ്. കടത്തിന്റെ സ്റ്റോക്ക് അനുസരിച്ച് കാലക്രമേണ അത് ഉയരുകയോ താഴുകയോ ചെയ്തു പൂജ്യത്തേക്കാൾ ഉയർന്ന സ്ഥിരതയുള്ള ലെവലിൽ എത്തിയേക്കാം. | പൊതുകടവും, ജിഎസ്ഡിപിയുമായുള്ള അനുപാതം പൂജ്യത്തെക്കാൾ കുറഞ്ഞ സ്ഥിരമായ ലെവലിൽ എത്തി പൊതു സമ്പാദ്യത്തിലേയ്ക്ക് നയിക്കണം. |
| **ജി-ആർ < 0 (മന്ദഗതിയിലുള്ള സാമ്പത്തിക വളർച്ച)** | പൊതുകടവും, ജിഎസ്ഡിപിയുമായുള്ള അനുപാതം സ്ഥിരമായ ഒരു തലത്തിലേയ്ക്ക് മാറാതെ അനിശ്ചിതമായി വർദ്ധിക്കും. | നിർവ്വചിക്കാനാകാത്ത സാഹചര്യം |

**പട്ടിക 2.42**ൽ കേരളത്തിന്റെ ധനബാധ്യതകൾ സ്ഥിരതയിലേയ്ക്കു നീങ്ങുന്നതായാണ് ഡോമർ വിശകലനം കാണിക്കുന്നത്.

**പട്ടിക 2.42 : പൊതുകടം സുസ്ഥിരത-യഥാർത്ഥ വളർച്ചയും യഥാർത്ഥ പലിശയും**

| വർഷം | യഥാർത്ഥ സാമ്പത്തിക വളർച്ച (ജി) | യഥാർത്ഥ പലിശ നിരക്ക് (ആർ) | ഡോമർ ഗ്യാപ് (ജി -ആർ) | പ്രാഥമിക കമ്മി (-)/മിച്ചം (+) |
|---|---|---|---|---|
| | (ശതമാനത്തിൽ) | | (₹ കോടിയിൽ) | |
| 2017-18 | 6.36 | 1.48 | 4.88 | (-) 11,717.48 |
| 2018-19 | 7.37 | 2.44 | 4.93 | (-) 10,210.39 |
| 2019-20 | 2.22 | 1.48 | 0.74 | (-) 4,622.77 |
| 2020-21 | (-)9.20 | 1.31 | (-)10.51 | (-) 19,994.33 |
| 2021-22 | 7.10 | 3.00 | 4.10 | (-) 22,742.96 |

- യഥാർത്ഥ ജിഎസ്ഡിപിയ്ക്ക് യഥാർത്ഥ സാമ്പത്തിക വളർച്ചാ നിരക്ക് കണക്കാക്കിയിട്ടുണ്ട് (അതായത് സ്ഥിരമായ വിലകളിൽ*)
- സാമ്പത്തിക ബാധ്യതകളുടെ ശരാശരി പലിശനിരക്കിൽ നിന്ന് പണപ്പെരുപ്പം കുറച്ചാണ് യഥാർത്ഥ പലിശനിരക്ക് കണക്കാക്കുന്നത്. ശരാശരി പണപ്പെരുപ്പം** ആർബിഐയിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

** ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങൾ.*
*** 19 നവംബർ 2022ലെ ് റിസർവ്വ് ബാങ്ക് പ്രസിദ്ധീകരണം.*

2017-2022ൽ സംസ്ഥാനത്തിന്റെ പ്രാഥമിക കമ്മി ₹4,622.77 കോടിയ്ക്കും ₹22,742.96 കോടിയ്ക്കും ഇടയിലാണ്. 2020-2021 ഒഴികെ 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഡോമർ ഗ്യാപ്പ് (ജിആർ) പോസിറ്റീവ് ആയിരുന്നു. അതിനാൽ, **പട്ടിക 2.42**ൽ വിശദമാക്കിയിരുന്ന ഡോമർ മോഡലിന് കീഴിലുള്ള കടം സുസ്ഥിരത വ്യവസ്ഥകൾ കണക്കിലെടുത്താൽ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക ബാധ്യ കൾ 2020-2021 കാലയളവിൽ ഒഴികെ, കടം സുസ്ഥിരതയുടെ (ജി-ആർ>0) അവസ്ഥ യിൽ ആണ്.

2021-22 കാലയളവിലെ ശരാശരി യഥാർത്ഥ പലിശ നിരക്കായ മൂന്ന് ശതമാനത്തിനെ തിരെ എട്ട് ശതമാനത്തിലധികം പലിശ നിരക്കിലാണ് ആഭ്യന്തര കടത്തിന്റെ[28] 45.43 ശതമാനവും നിൽക്കുന്നത് എന്ന വസ്തുത കൂടെ ഡോമർ വിടവ് കണക്കിലെടുക്കേ ണ്ടതാണ്. കൂടാതെ, സംസ്ഥാനത്തിന്റെ കടം സുസ്ഥിരത[29]/സ്ഥിരത വിലയിരുത്തു ന്നതിന് പൊതു കണക്ക് ബാധ്യതകൾ, മുൻകൂട്ടിക്കാണാൻ കഴിയാത്ത സാഹചര്യ ങ്ങൾ എന്നിവയോടൊപ്പം മറ്റ് കണക്കിൽ പെടുത്താത്ത വരുമാന നഷ്ടം ഉണ്ടെങ്കിൽ അവയും കൂടെ പരിഗണിക്കേണ്ടതുണ്ട്.

## 2.14 പൊതുകടത്തിന്റെ മെച്യൂരിറ്റിയും തിരിച്ചടവും

പൊതുകടത്തിന്റെ മെച്യൂരിറ്റിയും തിരിച്ചടവ് പ്രൊഫൈലും കടം തിരിച്ചടയ്ക്കുന്ന തിനോ കടം വീട്ടുന്നതിനോ ഉള്ള സർക്കാരിന്റെ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു. 2021-22ലെ ധനകാര്യ കണക്കുകൾ അനുസരിച്ച്, പൊതുകടത്തിന്റെ മെച്യൂരിറ്റിയും തിരിച്ചടവും **പട്ടിക 2.43**ൽ കാണിച്ചിരിക്കുന്നു.

[28] സാമ്പത്തിക ബാധ്യതകളുടെ 58.98 ശതമാനമാണ് ആഭ്യന്തരകടം

[29] ഇവയെ സ്ഥിതി വിവര കണക്ക് അനുസരിച്ച് നിർണ്ണയിക്കാൻ കഴിയാത്തതിനാൽ അവ വിശകലനത്തിന്റെ ഘടകം ആക്കിയിട്ടില്ല.

**പട്ടിക 2.43 : പൊതുകടത്തിന്റെ മെച്യൂരിറ്റിയും തിരിച്ചടവും**

| ക്രമ നമ്പർ | കാലയളവ് പൂർത്തീകരിക്കുന്ന വർഷം | മെച്യൂരിറ്റി പ്രൊഫൈൽ | തുക (₹ കോടിയിൽ) | | | മൊത്തം പൊതുകടത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| | | | ആന്തരിക കടം | ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | ആകെ | |
| 1 | 2022 - 23 വരെ | 0-1 വർഷം | 17,499.90 | 364.74 | 17,864.64 | 7.62 |
| 2 | 2023 - 24 നും 2024 - 25 നും ഇടയിൽ | 1 -3 വർഷം | 36,055.94 | 1,385.34 | 37,441.28 | 15.97 |
| 3 | 2025- 26 നും 2026 - 27 നും ഇടയിൽ | 3-5 വർഷം | 39,698.78 | 1,236.31 | 40,935.09 | 17.46 |
| 4 | 2027- 28 നും 2028 - 29 നും ഇടയിൽ | 5-7 വർഷം | 33,456.17 | 953.99 | 34,410.16 | 14.68 |
| 5 | 2029- 2030 നു ശേഷം | 7 വർഷത്തിൽ കൂടുതൽ | 73,719.72 | 4,054.13 | 77,773.85 | 33.16 |
| 6 | വായ്പാകാലയളവ് വിവരങ്ങൾ കണക്കാക്കാത്ത തുക | | 10,361.08 | 15,693.76 | 26,054.84 | 11.11 |
| **ആകെ** | | | 2,10,791.59 | 23,688.27 | 2,34,479.86 | 100.00 |

*ഉറവിടം : സാമ്പത്തിക കണക്കുകൾ*

വായ്പയിൽ ₹1,30,651.17 കോടി (56 ശതമാനം) അടുത്ത ഏഴു വർഷങ്ങൾക്കുമുമ്പും ₹77,773.85 കോടി (33 ശതമാനം) ഏഴു വർഷങ്ങൾക്കുശേഷവും തിരിച്ചടയ്ക്കേണ്ടതാണെന്ന് വായ്പാ തിരിച്ചടവ് കാലാവധി വിവരങ്ങൾ കാണിക്കുന്നു.

### 2.14.1 അടുത്ത വർഷങ്ങളിൽ മിച്ചം നിൽക്കുന്ന വായ്പയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന്റെ പ്രവണത

2022 മാർച്ച് 22 ന് മൊത്തം മിച്ചം നിൽക്കുന്ന വായ്പ ₹2,34,479.86 കോടിയാണ്. 2022-23 മുതലുള്ള അടുത്ത 10 വർഷങ്ങളിൽ തിരിച്ചടയ്ക്കേണ്ട വായ്പയുടെ മുതലും പലിശയും **പട്ടിക 2.44**ലും **ചാർട്ട് 2.15**ലും കാണിച്ചിരിക്കുന്നു.

**പട്ടിക 2.44 : 2022-23 മുതൽ 2031-32 വരെയുള്ള മിച്ചം നിൽക്കുന്ന കടത്തിന്റെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന്റെ പ്രവണത**

*(₹കോടിയിൽ)*

| കാലയളവ് | പൊതുകടത്തിന്റെ തിരിച്ചടവ് | | | | | | |
|---|---|---|---|---|---|---|---|
| വർഷം | മുതൽ | | | പലിശ | | | ആകെ (മുതൽ + പലിശ) |
| | ആന്തരിക വായ്പ* | ഭാരതസർക്കാരിൽ നിന്നുള്ള വായ്പ | ആകെ | ആന്തരിക വായ്പ* | ഭാരതസർക്കാരിൽ നിന്നുള്ള വായ്പ** | ആകെ | |
| 2022-23 | 18,405.59 | 750.36 | 19,155.95 | 13,922.65 | 100.61 | 14,023.26 | 33,179.21 |
| 2023-24 | 18,863.31 | 692.67 | 19,555.98 | 12,695.79 | 73.06 | 12,768.85 | 32,324.83 |
| 2024-25 | 18,714.31 | 692.67 | 19,406.98 | 1,12,74.02 | 45.49 | 11,319.51 | 30,726.49 |
| 2025-26 | 20,124.95 | 735.18 | 20,860.13 | 9,980.45 | 19.02 | 9,999.47 | 30,859.60 |

| കാലയളവ് | പൊതുകടത്തിന്റെ തിരിച്ചടവ് | | | | | | |
|---|---|---|---|---|---|---|---|
| വർഷം | മുതൽ | | | പലിശ | | | ആകെ (മുതൽ + പലിശ) |
| | ആന്തരിക വായ്പ* | ഭാരതസർക്കാരിൽ നിന്നുള്ള വായ്പ | ആകെ | ആന്തരിക വായ്പ* | ഭാരതസർക്കാരിൽ നിന്നുള്ള വായ്പ** | ആകെ | |
| 2026-27 | 20,896.43 | 501.13 | 21,397.56 | 8,657.54 | 12.93 | 8,670.47 | 30,068.03 |
| 2027-28 | 17,354.48 | 487.44 | 17,841.92 | 7,081.43 | 8.33 | 7,089.76 | 24,931.68 |
| 2028-29 | 17,287.95 | 466.55 | 17,754.50 | 5,217.97 | 4.73 | 5,222.70 | 22,977.20 |
| 2029-30 | 19,820.81 | 444.14 | 20,264.95 | 4,017.45 | 2.6 | 4,020.05 | 24,285.00 |
| 2030-31 | 9,271.25 | 436.71 | 9,707.96 | 2,925.49 | 1.12 | 2,926.61 | 12,634.57 |
| 2031-32 | 8,208.32 | 425.33 | 8,633.65 | 1,904.90 | 0.22 | 1,905.12 | 10,538.77 |
| **ആകെ** | **1,68,947.40** | **5,632.18** | **1,74,579.58** | **77,677.69** | **268.11** | **77,945.80** | **2,52,525.38** |

** എൽഐസി, ജിഐസി, എൻസിഡിസി, നബാർഡ്, എൻഎസ്എസ്എഫ് മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള പലിശ ഉൾപ്പെടുത്തിയിട്ടില്ല.*

*** ബാക്ക്-ടു-ബാക്ക് ലോണിൽ നിന്നുള്ള പലിശ ഉൾപ്പെടുന്നില്ല.*

**ചാർട്ട് 2.15: മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന്റെ പ്രവണത**

***(₹ കോടിയിൽ)***




മൊത്തം മിച്ചം നിൽക്കുന്ന വായ്പയായ ₹2,34,479.86 കോടിയിൽ 74.45 ശതമാനവും അടുത്ത പത്തു വർഷത്തിനിടയിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## 2.15 നിഗമനങ്ങൾ

### 1. റവന്യൂ വിഭവങ്ങൾ

സംസ്ഥാനത്തിന്റെ റവന്യൂ വിഭവങ്ങൾ 2017-18ലെ ₹83,020.14 കോടിയിൽ നിന്നും 2021-22ൽ ₹1,16,640.24 കോടിയായി വർദ്ധിച്ച് കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി 40.49 ശതമാനത്തിന്റെ വർദ്ധനവ് കാണിച്ചു. റവന്യൂ വരവിന്റെ പ്രധാന റവന്യൂ സ്രോതസ്സായ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 2017-22 കാലയളവിൽ 25.57 ശതമാനം വർദ്ധിച്ചുവെങ്കിലും 2020-21 കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് 22.41 ശതമാനം വളർന്നു. റവന്യൂ വരവിൽ ഇതിന്റെ വിഹിതം 2017-18ലെ 55.96 ശതമാനത്തിൽ നിന്ന് 2021-22ൽ 50.02 ശതമാനമായി കുറഞ്ഞത് 2019-20, 2020-21 എന്നീ കാലയളവിലെ മഹാമാരി കാരണമാണ്.

### 2. റവന്യൂ ചെലവ്

സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് 2017-18ലെ ₹99,948.35 കോടിയിൽ നിന്നും 2021-22ൽ ₹1,46,179.51 കോടിയായി അഞ്ചു വർഷകാലയളവിൽ 46.26 ശതമാനത്തിന്റെ വർദ്ധനവ് കാണിക്കുന്നു. മൊത്തം ചെലവിൽ റവന്യൂ ചെലവിന്റെ അനുപാതം ഈ കാലയളവിനുള്ളിൽ 88.88 ശതമാനം മുതൽ 91.88 ശതമാനം വരെ മാറുന്നത് മൊത്തം ചെലവിൽ റവന്യൂ ചെലവിന്റെ ആധിക്യം കാണിക്കുന്നു. റവന്യൂ ചെലവിൽ ബാധ്യതപ്പെട്ട ചെലവിന്റെ ഭാഗം 2021-22ൽ 65.66 ശതമാനവും അത് തൻവർഷത്തെ റവന്യൂ വരവിന്റെ 82.29 ശതമാനവുമായിരുന്നു. 2021-22ൽ റവന്യൂ ചെലവിന്റെ 19.98 ശതമാനം പലിശ ചെലവായിരുന്നു.

### 3. ചെലവിന്റെ ഗുണനിലവാരം

നടപ്പുവർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെക്കാൾ 10.10 ശതമാനം വർദ്ധിച്ചിട്ടുണ്ടെങ്കിലും ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ 38 ശതമാനം കുറവായിരുന്നു. ഇത് ബഡ്ജറ്റ് മൂലധന പദ്ധതികൾ സ്പോൺസർ ചെയ്യാൻ സർക്കാരിന്റെ വിഭവങ്ങൾ പര്യാപ്തമല്ലാത്തതിന്റെ സൂചനയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 82.29 ശതമാനവും ഗവൺമെന്റിന്റെ ബാധ്യതപ്പെട്ട റവന്യൂ ചെലവിനായാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് ഇവിടെ പരാമർശിക്കേണ്ടതാണ്. അത് മൂലം മൂലധന പദ്ധതികൾക്ക് നൽകുന്ന പണത്തിൽ കുറവുണ്ടായി. കഴിഞ്ഞ വർഷം മൂലധനച്ചെലവിൽ 52 ശതമാനം വർദ്ധനവുണ്ടായെങ്കിലും, ഈ വർഷം മൂലധനച്ചെലവുകൾക്കായി വേണ്ടത്ര പുരോഗതി കാണിച്ചില്ല.

സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലായി സംസ്ഥാന സർക്കാർ ₹9,768.48 കോടി നിക്ഷേപിച്ചു. കഴിഞ്ഞ അഞ്ചു വർഷത്തിൽ ഈ നിക്ഷേപങ്ങളിൽ നിന്നുള്ള ശരാശരി വരുമാനം 1.57 ശതമാനമായിരുന്നപ്പോൾ 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ സർക്കാർ അതിന്റെ വായ്പകളിൽ 7.34 ശതമാനം ശരാശരി പലിശ നൽകി. ശരാശരി വായ്പാ നിരക്കായ 7.00 ശതമാനത്തിനെതിരെ സംസ്ഥാന സർക്കാർ നൽകിയ വായ്പകളിൽ നിന്നും മുൻകൂറുകളിൽ നിന്നും 2021-22ലെ സർക്കാരിന്റെ പലിശവരവ് ബാക്കി നിൽക്കുന്ന കടങ്ങളുടെയും മുൻകൂറുകളുടെയും 0.26 ശതമാനമായിരുന്നു.

**4. കരുതൽ ഫണ്ടും ബാധ്യതകളും**

സംസ്ഥാന ദുരന്ത പ്രതികരണ നിധി (എസ്ഡിആർഎഫ്)യിൽ 2022 മാർച്ച് അവസാനം ₹333.27 കോടി സഞ്ചിതമിച്ചമുണ്ടായിരുന്നു. ഭാരത സർക്കാരിന്റെ മാനദണ്ഡങ്ങളനുസരിച്ച് എസ്ഡിആർഎഫിലുള്ള പണം ഫണ്ടിന്റെ മാനേജുമെന്റിനായി രൂപീകരിച്ച സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരതസർക്കാർ സെക്യൂരിറ്റികളിൽ/ട്രഷറി ബില്ലുകളിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഇതു ചെയ്തിട്ടില്ല.

**5. വായ്പ വാങ്ങിയ ഫണ്ട്**

കടമെടുത്തതും വിവേകപൂർവ്വം ഉപയോഗിക്കാത്തതിനാൽ, കടത്തിൽ നിന്നുള്ള വരുമാനത്തെക്കാൾ കൂടുതൽ കടത്തിന്റെ ചെലവ് ആയി. കടമെടുത്ത തുകയുടെ ഗണ്യമായ ഭാഗവും റവന്യൂ ചെലവുകൾക്കായാണ് വിനിയോഗിച്ചത്. പൊതുകടം നിലവിലെ ഫിസ്ക്കൽ ബാലൻസ് പരിധിയ്ക്ക് മുകളിൽ ആയിരിക്കുകയും ജിഎസ്ഡിപിയ്ക്ക് ആനുപാതികം അല്ലാതിരിക്കുകയും ആയിരുന്നു. റിട്ടേൺ നിരക്ക് ആസ്തികളുടെ സൃഷ്ടി, റവന്യൂ സ്രോതസ്സുകളുടെ വർദ്ധനവ് എന്നിവയെക്കുറിച്ച് സർക്കാർ നയം തയ്യാറാക്കിയിട്ടില്ല.

## 2.16 ശുപാർശകൾ

1. ***സർക്കാർ അതിന്റെ തനതു നികുതിവരുമാനം മെച്ചപ്പെടുത്താൻ വേണ്ട നടപടികളെടുക്കേണ്ടതാണ്.***

2. ***വിവിധ കരുതൽ ഫണ്ടുകളുടെ നടത്തിപ്പിനേയും മുതൽ മുടക്കിന്റെ മാതൃകയേയും സംബന്ധിക്കുന്ന ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും കുടിശ്ശികകൾ ഉചിതമായി അക്കൗണ്ട് ചെയ്യുന്നതിന് സംസ്ഥാനത്തിന്റെ ഐ.എഫ്.എം.എസ് ആപ്ലിക്കേഷനിൽ ഫണ്ടിന്റെ നീക്കിയിരിപ്പിന്റെ ഉചിതമായ അക്കൗണ്ടിംഗ് ചെയ്യുന്നതിനുള്ള നടപടികൾ എടുക്കേണ്ടതുണ്ട്.***

3. ***വളർച്ചയും വികസനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി മൂലധനചെലവ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ എടുക്കേണ്ടതുണ്ട്. മുതൽ മുടക്കിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ മുതൽ മുടക്കുകൾ കൂടുതൽ ഫലപ്രദമാക്കണം.***

# അദ്ധ്യായം III

## ബഡ്ജറ്റ് മുഖേനയുള്ള കാര്യനിർവ്വഹണം

# അദ്ധ്യായം III
# ബഡ്ജറ്റ് മുഖേനയുള്ള കാര്യനിർവ്വഹണം

## 3.1 ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 202 അനുസരിച്ച്, ഒരു സംസ്ഥാനത്തിന്റെ ഗവർണർ, തൻ സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ കണക്കാക്കിയ വരവുചെലവുകളുടെ ഒരു സ്റ്റേറ്റ്മെന്റ് സംസ്ഥാന നിയമസഭയ്ക്കു മുമ്പാകെ സമർപ്പിക്കുന്നു. ഭരണഘടനയിൽ "വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റ്" എന്ന് പേരിട്ടിരിക്കുന്ന ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള കണക്കാക്കിയ വരവിന്റെയും ചെലവിന്റെയും ഈ പ്രസ്താവന "ബഡ്ജറ്റ്" എന്നാണ് പൊതുവെ അറിയപ്പെടുന്നത്.

2021 മെയ് മാസത്തിലെ സംസ്ഥാന തിരഞ്ഞെടുപ്പിന് ശേഷം, 2021 ജൂൺ 4ന് 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള 'പുതുക്കിയ ബഡ്ജറ്റ്' കേരള ധനമന്ത്രി അവതരിപ്പിച്ചു. ഇതിനു മുൻപ് മുൻധനമന്ത്രി ജനുവരി 15ന് ഒരു ബഡ്ജറ്റ് അവതരിപ്പിച്ചിരുന്നു. കോവിഡ്-19ന്റെ ആഘാതം കാരണം, മുൻവർഷമായ 2020-21 സമ്പദ്വ്യവസ്ഥയുടെയും സർക്കാർ ധനകാര്യത്തിന്റെയും പ്രകടനവുമായി ബന്ധപ്പെട്ട് മാതൃകാപരമായ ഒരു വർഷമായിരുന്നില്ല.

### 3.1.1 ബഡ്ജറ്റ് പ്രക്രിയ

സാധാരണയായി, സാമ്പത്തിക വർഷത്തിന്റെ മൂന്നാംപാദത്തിലാണ് ബഡ്ജറ്റ് തയ്യാറാക്കൽ പ്രക്രിയ ആരംഭിക്കുന്നത്. കേരള ബഡ്ജറ്റ് മാനുവലിന്റെ (കെബിഎം) ഖണ്ഡിക 3 മുതൽ 5 വരെയുള്ള വിവിധ ഘട്ടങ്ങൾ **ചാർട്ട് 3.1**ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 3.1 ബഡ്ജറ്റ് പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ**




**എ. ബഡ്ജറ്റ് തയ്യാറാക്കലിന്റെ ഘട്ടങ്ങൾ**

ബഡ്ജറ്റ് തയ്യാറാക്കലിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ കാണിക്കുന്നു.

1) ചെലവുകളുടെയും വരവുകളുടെയും എസ്റ്റിമേറ്റ് 2) കമ്മിയുടെ ആദ്യ എസ്റ്റിമേറ്റ് 3) കമ്മി കുറയ്ക്കൽ 4) ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിക്കാനുള്ള തയ്യാറാക്കൽ.

**ബി. ബഡ്ജറ്റ് നിർവ്വഹണം**

ധനകാര്യവകുപ്പും അഡ്മിനിസ്ട്രേറ്റീവ് വകുപ്പും സംയുക്തമായി നടത്തുന്ന പൂർണ്ണമായ എക്സിക്യൂട്ടീവ് പ്രവർത്തനമാണിത്. ചെലവുകളുടെ നിയന്ത്രണത്തിലും ധനവിനിയോഗനിയന്ത്രണത്തിലും ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

### 3.1.2 ബഡ്ജറ്റ് രേഖകൾ

ബഡ്ജറ്റിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് കൂടാതെ മറ്റു അനുബന്ധ രേഖകൾ/ റിപ്പോർട്ടുകൾ/ പത്രികകൾ എന്നിവയുമുണ്ട്. എല്ലാ ബഡ്ജറ്റ് രേഖകളുടെയും പട്ടിക **അനുബന്ധം 3.1**ൽ നൽകിയിരിക്കുന്നു.

### 3.1.3 വകയിരുത്തലിനും റീഅലോക്കേഷനുമുള്ള വിവിധ നടപടികൾ

വകയിരുത്തലിന്റെ ഒഴുക്കും ധനവിനിയോഗ കണക്കുകളുടെ ഘടനയും ചുവടെയുള്ള **ചാർട്ട് 3.2**ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 3.2 വകയിരുത്തലിന്റെ ഒഴുക്ക്**




** ആഗസ്റ്റ് 2021, ഒക്ടോബർ 2021, മാർച്ച് 2022 എന്നീ മാസങ്ങളിൽ ലഭിച്ച ഉപധനാഭ്യർത്ഥന (എസ്ഡിജി)*

### 3.1.4 ധനവിനിയോഗ കണക്കുകളിലൂടെയുള്ള ബഡ്ജറ്റ് കാര്യനിർവ്വഹണ ത്തിന്റെ ഓഡിറ്റ്

സാമ്പത്തിക വർഷാവസാനം, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ (എ & ഇ) ഓഫീസ് സാമ്പത്തിക കണക്കുകൾക്കൊപ്പം ധനവിനിയോഗ കണക്കുകളും തയ്യാറാക്കുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 204, 205 പ്രകാരം പാസാക്കിയ ധനവിനിയോഗ ആക്റ്റിനോട് ചേർന്നുള്ള ഷെഡ്യൂളുകളിൽ വ്യക്തമാക്കിയ തുകകളുമായി താരതമ്യം ചെയ്ത ഒരു സാമ്പത്തിക വർഷത്തിലെ ചെലവുകളുടെ കണക്കുകളാണ് ധനവിനിയോഗ കണക്കുകൾ. ധനവിനിയോഗം, സാമ്പത്തിക നിർവ്വഹണം, ബഡ്ജറ്റുമായി ബന്ധപ്പെട്ട വകയിരുത്തലിന്റെ സൂക്ഷ്മ നിരീക്ഷണം എന്നിവയെ പ്പറ്റിയുള്ള ധാരണ ധനവിനിയോഗ കണക്കുകൾ തരുന്നത് കൊണ്ട് അവ സാമ്പത്തിക കണക്കുകൾക്ക് പൂരകങ്ങളാണ്.

ധനവിനിയോഗകണക്കുകൾ റിക്കവറികൾ കണക്കാക്കാതെ ഗ്രോസ് അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. അതേസമയം, സാമ്പത്തിക കണക്കുകൾ നെറ്റ് അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. ഗവൺമെന്റ് കണക്കുകൾ ആറ് തട്ടുകളായി തരംതിരിച്ച് അവതരിപ്പിച്ചിട്ടുണ്ടെങ്കിലും ധനവിനിയോഗ കണക്കുകളിൽ നാല് തട്ടുകൾ വരെ യുള്ള വർഗ്ഗീകരണം മാത്രമേ ഉൾക്കൊള്ളിക്കുന്നുള്ളൂ.

ധനവിനിയോഗ നിയമത്തിന്റെ വിവിധ ഷെഡ്യൂളുകളിലെ വകയിരുത്തൽപരമായ മുൻഗണനകളെ യഥാർത്ഥ ചെലവുകളുമായി താരതമ്യം ചെയ്യുന്ന സംസ്ഥാനത്തിന്റെ ധനവിനിയോഗ കണക്കുകളുടെ ഓഡിറ്റിനെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ അദ്ധ്യായം.

## 3.2 2021 – 22 ലെ ധനവിനിയോഗ കണക്കുകളുടെ സംഗ്രഹം

നിയമസഭ അംഗീകരിച്ചതും സർക്കാർ നടപ്പിലാക്കിയതുമായ ബഡ്ജറ്റിന്റെ വിവിധ ഘടകങ്ങൾ **ചാർട്ട് 3.3**ൽ ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 3.3 നിയമസഭ അംഗീകരിച്ച ബഡ്ജറ്റും ഗവൺമെന്റിന്റെ യഥാർത്ഥ നിർവ്വഹണവും**

*(₹കോടിയിൽ)*




*ഉറവിടം : ധനവിനിയോഗ കണക്കുകൾ*

2021-22 വർഷത്തിൽ ₹31,833.19 കോടിയുടെ മൊത്തം മിച്ചവും ₹268.47 കോടിയുടെ അധികം ചെലവും ഉണ്ടെന്ന് കണക്കുകളിൽ കാണിച്ചിരിക്കുന്നു. ഇത് ₹31,564.72 കോടിയുടെ അറ്റമിച്ചത്തിനിടയാക്കി. എന്നാൽ തിരിച്ചടയ്ക്കുന്നതിന് യഥാർത്ഥമായ വരവുകൾ/ഫണ്ടുകൾ ഇല്ലായിരുന്നതുകൊണ്ട് ഇത്തരത്തിലുള്ള മിച്ചം സാങ്കല്പിക മാണ്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ബഡ്ജറ്റ് ചെയ്ത ₹2,14,478.66 കോടിയുടെ വരവുകൾക്കെതിരെ യഥാർത്ഥ വരവുകൾ ₹1,99,125.54 കോടി മാത്രമായിരുന്നുവെന്ന് **പട്ടിക 3.1**ൽ കാണാവുന്നതാണ്.

**പട്ടിക 3.1: ബഡ്ജറ്റും യഥാർത്ഥ വരവുകളും/ചെലവുകളും**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഇനം | ബഡ്ജറ്റ് ചെയ്തത് | യഥാർത്ഥത്തി ലുള്ളത് | വ്യതിയാനം |
|---|---|---|---|---|
| 1 | മൊത്തം വരവുകൾ | 2,14,478.66 | 1,99,125.53 | 15,353.13 |
| 2 | മൊത്തം ചെലവ് | 2,37,016.12 | 2,05,451.40 (-6,325.87*) | 31,564.72 |

** റിക്കവറികൾക്ക് ശേഷമുള്ള അറ്റചെലവ് ₹1,99,125.53 കോടിയാണ്.*

ഫണ്ടുകളുടെ യഥാർത്ഥമായ ലഭ്യത ഇല്ലാതെയാണ് സപ്ലിമെന്ററി ധനാഭ്യർത്ഥന വഴി ₹21,202.33 കോടിയുടെ അധിക തുകയ്ക്ക് അംഗീകാരം നൽകിയതെന്നും കാണപ്പെട്ടു. ഇത് അനുചിതമായ ബഡ്ജറ്റ് പ്രക്രിയയെ സൂചിപ്പിക്കുന്നു. ചെലവുകൾ നേരിടുന്നതിന് ഫണ്ടുകൾ യഥാർത്ഥമായി ലഭ്യമല്ലായിരുന്നതിനാൽ മിച്ചവും എസ്റ്റിമേറ്റുചെയ്ത ചെലവിലെ തിരിച്ചടവും സാങ്കല്പികമാണ്. ഇത് പെരുപ്പിച്ച ബഡ്ജറ്റിനെ സൂചിപ്പിക്കുന്നു.

### 3.2.1 സാമ്പത്തികകണക്കുകളും ധനവിനിയോഗകണക്കുകളും തമ്മിലുള്ള പൊരുത്തപ്പെടുത്തൽ

ധനവിനിയോഗകണക്കുകൾ റിക്കവറികൾ കണക്കാക്കാതെ ഗ്രോസ് അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. അതേസമയം, സാമ്പത്തിക കണക്കുകൾ നെറ്റ് അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്.

കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിന്റെ ലിസ്റ്റ് ഓഫ് മേജർ ആന്റ് മൈനർ ഹെഡ്ഡുകളിൽ (എൽ.എം.എം.എച്ച്) അടങ്ങിയിട്ടുള്ള പൊതുനിർദ്ദേശങ്ങളുടെ ഖണ്ഡികകൾ 3.10, 4.3 എന്നിവ പ്രകാരം റവന്യൂ ചെലവിന്റെ കീഴിൽ മുൻ വർഷങ്ങളിൽ നൽകിയ അധിക തുകയുടെ വസൂലാക്കലുകൾ, ബന്ധപ്പെട്ട മേജർ/സബ് മേജർ ഹെഡ്ഡിനു താഴെ 'കിഴിവ് -അധിക തുക നൽകിയത് വസൂലാക്കൽ' (കോഡ് 911), എന്ന പ്രത്യേകമായ മൈനർ ഹെഡ്ഡിൽ രേഖപ്പെടുത്തേണ്ടതാണ്. മൂലധന ചെലവുകളുടെ കാര്യത്തിൽ, തുടക്കത്തിൽ ചെലവ് വരുത്തിയ വിവിധ മൂലധന മേജർ/സബ് മേജർ ഹെഡ്ഡുകളുടെ കീഴിൽ ബന്ധപ്പെട്ട മൈനർ ഹെഡ്ഡിനു താഴെ, ഒരു സബ് ഹെഡ്ഡ് എന്ന നിലയിൽ 'കിഴിവ്-മൂലധന കണക്കിലുള്ള വരവുകളും ചെലവുകളും' തുടങ്ങേണ്ടതാണ്.

2021-22 വർഷത്തെ ധനവിനിയോഗ കണക്കുകൾ അനുസരിച്ചുള്ള മൊത്തം ചെലവും ആ വർഷത്തെ സാമ്പത്തിക കണക്കുകളിൽ കാണിച്ചിരിക്കുന്നതും തമ്മിലുള്ള പൊരുത്തപ്പെടുത്തൽ ചുവടെയുള്ള **പട്ടിക 3.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.2: ധനവിനിയോഗ കണക്കുകളിലേയും സാമ്പത്തിക കണക്കുകളി ലേയും തുകകളുടെ താരതമ്യം**

*(₹ കോടിയിൽ)*

| വിവരങ്ങൾ | റവന്യൂ വോട്ടു ചെയ്തത് | മൂലധനം വോട്ടു ചെയ്തത് | റവന്യൂ ചാർജ്ജ് ചെയ്തത് | മൂലധനം ചാർജ്ജ് ചെയ്തത് | ആകെ |
|---|---|---|---|---|---|
| ധനവിനിയോഗ കണക്കുകൾ പ്രകാരമുള്ള തുക | 1,28,469.90 | 17,040.51 | 23,872.72 | 36,068.27 | 2,05,451.40 |
| വസൂലാക്കൽ കിഴിവ് ചെയ്തത് | 6,144.61 | 162.58 | 18.50 | 0.18 | 6,325.87 |
| സാമ്പത്തിക കണക്കുകൾ പ്രകാരമുള്ള തുക | 1,22,325.29 | 16,877.93 | 23,854.22 | 36,068.09 | 1,99,125.53* |

**പൊതുകടത്തിന്റെ തിരിച്ചടവായി നൽകിയ ₹35,900 കോടിയും ഇതിൽ ഉൾപ്പെടുന്നു.*

### 3.2.2 സാമ്പത്തിക വർഷത്തിലെ മൊത്തം ബഡ്ജറ്റ് വകയിരുത്തൽ, യഥാർത്ഥ വിതരണങ്ങൾ, മിച്ചം/അധികം എന്നിവയുടെ സംഗ്രഹം

2021-22 കാലയളവിൽ 45 ഗ്രാന്റുകളിലൂടെയും രണ്ട് ധനവിനിയോഗങ്ങളിലൂടെയും ചെലവ് വഹിക്കാൻ സംസ്ഥാനത്തിന് അധികാരമുണ്ട്. ഗ്രാന്റുകളിൽ ഒന്നുകിൽ റവന്യൂ അല്ലെങ്കിൽ മൂലധന ചെലവുകളുടെ ശീർഷകങ്ങളും അല്ലെങ്കിൽ ഇവ രണ്ടും ഉൾപ്പെടുന്നു. 45 ഗ്രാന്റുകളിൽ 19 എണ്ണത്തിൽ വോട്ട് ചെയ്ത ചെലവുകൾ മാത്രമേ അടങ്ങിയിട്ടുള്ളൂവെങ്കിലും 26 ഗ്രാന്റുകളിൽ വോട്ട് ചെയ്തതും ചാർജ്ജ് ചെയ്തതു മായ ചെലവുകൾ അടങ്ങിയിരിക്കുന്നു. ചാർജ്ജ് ചെയ്ത രണ്ട് ധനവിനിയോഗങ്ങളിൽ കടബാധ്യതകൾക്ക് റവന്യൂ സ്വഭാവവും പൊതുകടം തിരിച്ചടവിനു മൂലധന സ്വഭാവവു മാണ്. 2021-22 വർഷത്തിൽ വോട്ട് ചെയ്തതും/ചാർജ്ജ് ചെയ്തതുമായി വിഭജിച്ച മൊത്തം ബഡ്ജറ്റ് വകയിരുത്തലുകളുടെയും വിതരണത്തിന്റെയും സംഗ്രഹം **പട്ടിക 3.3**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.3: 2021-22ൽ സംസ്ഥാനം നടപ്പിലാക്കിയ ഗ്രാന്റുകളുടെ/ ധനവിനിയോഗങ്ങളുടെ എണ്ണം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിവരണം | ഗ്രാന്റുകളുടെ/ ധനവിനിയോ ഗങ്ങളുടെ എണ്ണം | ചെലവ് ഇനങ്ങൾ വോട്ട് ചെയ്തത്/ ചാർജ്ജ് ചെയ്തത് | റവന്യൂ | മൂലധനം | ബഡ്ജറ്റ് വക യിരുത്തൽ | വിതരണങ്ങൾ |
|---|---|---|---|---|---|---|---|
| എ | ഗ്രാന്റുകൾ | 45 | വോട്ട് ചെയ്തത് | 44 | 29 | 1,60,240.49 | 1,45,510.41 |
| | | | ചാർജ്ജ് ചെയ്തത് | 24 | 12 | 783.33 | 725.68 |
| ബി | ധനവിനി യോഗങ്ങൾ | 02 | ചാർജ്ജ് ചെയ്തത് | 1 | 1 | 75,992.30 | 59,215.31 |
| **ആകെ (എ +ബി)** | | | | | | 2,37,016.12 | 2,05,451.40 |

*ഉറവിടം : ധനവിനിയോഗ കണക്കുകൾ*

മൊത്തം മിച്ചമായ ₹31,833.19 കോടിക്കെതിരെ ചില ഗ്രാന്റുകൾ/ധനവിനിയോഗങ്ങ ളിലുണ്ടായ അധിക ചെലവായ ₹268.47 കോടി തട്ടിക്കിഴിച്ചപ്പോൾ 38 ഗ്രാന്റുകൾ/ ധനവിനിയോഗങ്ങളിൽ ₹31,564.72 കോടിയുടെ തനി മിച്ചത്തിന് ഇടയാക്കി. ഗ്രാന്റുകൾ/ ധനവിനിയോഗങ്ങൾക്കു കീഴിലുള്ള മിച്ചം/അധികം എന്നിവയെ **പട്ടിക 3.4**ൽ താഴെ കൊടുത്തിരിക്കുന്നതുപോലെ റവന്യൂ, മൂലധന ചെലവുകളായി വീണ്ടും വിഭജിക്കാം.

**പട്ടിക 3.4 : അധികചെലവും മിച്ചവുമുള്ള ഗ്രാന്റുകളും ധനവിനിയോഗങ്ങളും**

| വിവരണം | മിച്ചം | | | അധിക ചെലവ് | | | തനിമിച്ചം |
|---|---|---|---|---|---|---|---|
| | റവന്യൂ | മൂലധനം | ആകെ തുക (₹ കോടിയിൽ) | റവന്യൂ | മൂലധനം | ആകെ തുക (₹ കോടിയിൽ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) = (4)-(7) |
| ഗ്രാന്റുകൾ | 38 | 25 | 31,833.19 | 6 | 3 | 268.47 | 31,564.72 |
| ധനവിനിയോഗങ്ങൾ | 25 | 12 | | - | - | | |

*ഉറവിടം : ധനവിനിയോഗ കണക്കുകൾ*

### 3.2.3 ചാർജ്ജ് ചെയ്തതും വോട്ട് ചെയ്തതുമായ വിതരണങ്ങൾ

2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷ കാലയളവിൽ ചാർജ്ജ് ചെയ്തതും വോട്ട് ചെയ്തതുമായ വിഭാഗത്തിന് കീഴിൽ തരംതിരിച്ച ചെലവഴിക്കലിന്റെ വിശദാംശങ്ങൾ യഥാക്രമം **പട്ടിക 3.5, പട്ടിക 3.6** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 3.5 : 2017-2022 എന്നീ അഞ്ച് വർഷ കാലയളവിൽ ചാർജ്ജ് ചെയ്ത വിതരണങ്ങൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | വർഷം | വകയിരുത്തൽ | വിതരണങ്ങൾ | സേവിംഗ്സ്(-)/ അധിക ചെലവ് (+) | വ്യതിയാനം (ശതമാനത്തിൽ) |
|---|---|---|---|---|---|
| | | ചാർജ്ജ് ചെയ്തത് | ചാർജ്ജ് ചെയ്തത് | ചാർജ്ജ് ചെയ്തത് | |
| (1) | (2) | (3) | (4) | (5) | (6) |
| 1 | 2017-18 | 28,407.77 | 28,928.85 | (+) 521.08 | 1.83 |
| 2 | 2018-19 | 31,423.72 | 35,697.89 | (+) 4,274.17 | 13.60 |
| 3 | 2019-20 | 63,398.06 | 63,641.53 | (+) 243.47 | 0.38 |
| 4 | 2020-21 | 65,727.38 | 60,440.56 | (-) 5,286.82 | (-) 8.04 |
| 5 | 2021-22 | 76,775.63 | 59,940.99 | (-) 16,834.64 | (-) 21.93 |

*ഉറവിടം : അതാത് വർഷങ്ങളിലെ ധനവിനിയോഗ കണക്കുകൾ*

ചാർജ്ജ് ചെയ്ത ധനവിനിയോഗങ്ങളിലെ മൊത്തം ചെലവ് 2017-18 ലെ ₹28,928.85 കോടിയിൽ നിന്ന് 2021-22ൽ ₹59,940.99 കോടിയായി 107.20 ശതമാനം വർദ്ധിച്ചു. 2021-22 ലെ വകയിരുത്തലുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ചെലവഴിക്കലിൽ ഗണ്യമായ വ്യതിയാനം ഉണ്ടായിരുന്നു. ചാർജ്ജ് ചെയ്ത ചെലവിനങ്ങൾക്കുള്ള ബഡ്ജറ്റ് തുക ഈ വർഷത്തിൽ ഉയർന്നതോതിൽ പെരുപ്പിച്ചതാണെന്ന് ഇത് വ്യക്തമായി സൂചിപ്പിക്കുന്നു.

**പട്ടിക 3.6 : 2017-18 മുതൽ 2021-22 വരെയുള്ള അഞ്ച് വർഷ കാലയളവിൽ വോട്ട് ചെയ്ത വിതരണങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വർഷം | വകയിരുത്തൽ | വിതരണങ്ങൾ | സേവിംഗ്സ് (-)/ അധിക ചെലവ് (+) | വ്യതിയാനം (ശതമാനത്തിൽ) |
|---|---|---|---|---|---|
| | | വോട്ട് ചെയ്തത് | വോട്ട് ചെയ്തത് | വോട്ട് ചെയ്തത് | |
| (1) | (2) | (3) | (4) | (5) | (6) |
| 1 | 2017-18 | 1,16,474.17 | 1,04,528.12 | (-) 11,946.05 | (-) 10.26 |
| 2 | 2018-19 | 1,28,951.18 | 1,08,023.71 | (-) 20,927.47 | (-) 16.23 |
| 3 | 2019-20 | 1,31,064.55 | 1,00,174.27 | (-) 30,890.28 | (-) 23.57 |
| 4 | 2020-21 | 1,43,219.41 | 1,24,436.83 | (-) 18,782.58 | (-) 13.11 |
| 5 | 2021-22 | 1,60,240.49 | 1,45,510.41 | (-) 14,730.08 | (-) 9.19 |

*ഉറവിടം : അതാത് വർഷങ്ങളിലെ ധനവിനിയോഗ കണക്കുകൾ*

വോട്ട് ചെയ്ത ഗ്രാന്റിന്റെ മൊത്തം വിതരണം 2017-18ലെ ₹1,04,528.12 കോടിയിൽ നിന്ന് 2021-22ൽ ₹1,45,510.41 കോടിയായി 39.21 ശതമാനം വർദ്ധിച്ചു.

2021-22 കാലയളവിൽ വോട്ട് ചെയ്ത ചെലവ് ഇനങ്ങൾക്ക് കീഴിലുള്ള മിച്ചം കുറഞ്ഞുവെങ്കിലും, മൊത്തത്തിലുള്ള മിച്ചം, അതായത്, ചാർജ്ജ് ചെയ്തതും വോട്ട് ചെയ്തതുമായ ചെലവിനങ്ങൾ ഒരുമിച്ച് എടുത്തത് 2020-21 ലെ 11.52 ശതമാനത്തിൽ നിന്ന് 2021-22ൽ 13.31 ശതമാനമായി 1.80 ശതമാനം വർദ്ധിച്ചു.

### 3.2.4 ധനവിനിയോഗ കണക്കുകളുടെ ഓഡിറ്റ്

ഇന്ത്യയുടെ സിഎജി ധനവിനിയോഗങ്ങളുടെ ഓഡിറ്റിൽ നിജപ്പെടുത്താൻ ശ്രമിക്കുന്നതു താഴെ വിവരിക്കുന്നു.

- വിവിധ ഗ്രാന്റുകൾക്ക് കീഴിൽ യഥാർത്ഥത്തിൽ നേരിട്ട ചെലവ് ധനവിനിയോഗ നിയമത്തിൽ നൽകിയിരിക്കുന്ന അംഗീകാരത്തിന് അനുസൃതമായിരുന്നോ എന്ന്.
- ഭരണഘടനയുടെ വ്യവസ്ഥകൾ പ്രകാരം ചാർജ്ജ് ചെയ്യേണ്ട ചെലവ് അപ്രകാരം ചാർജ്ജ് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന്.
- നേരിട്ട ചെലവുകൾ നിയമങ്ങൾ, പ്രസക്തമായ ചട്ടങ്ങൾ, നിയന്ത്രണങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമായിരുന്നോ എന്നും ഉറപ്പാക്കാൻ ശ്രമിക്കുന്നു.

ധനവിനിയോഗ കണക്കുകളുടെ ഓഡിറ്റ് പരിശോധനയുടെ ഫലങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

## 3.3 അക്കൗണ്ടിംഗ്, ബഡ്ജറ്റ് പ്രക്രിയകൾ

### 3.3.1 സർക്കാർ കണക്കുകളിലെ ചെലവുകളുടെ തെറ്റായ വർഗ്ഗീകരണം

ചെലവുകളുടെയും വരവുകളുടെയും തെറ്റായ വർഗ്ഗീകരണം സാമ്പത്തിക പത്രികകളുടെ സമഗ്രതയിൽ വലിയ സ്വാധീനം ചെലുത്തുന്നു. വാർഷിക സാമ്പത്തിക

സ്റ്റേറ്റ്മെന്റ് റവന്യൂ കണക്കുകളിലെ ചെലവുകളെ മറ്റ് ചെലവുകളിൽ നിന്ന് വേർതിരിക്കുന്നു. റവന്യൂ സ്വഭാവത്തിലുള്ള ചെലവുകളെ മൂലധന ചെലവായും മറിച്ചും വർഗ്ഗീകരിക്കുന്നത്, റവന്യൂ ചെലവിന്റെയും റവന്യൂകമ്മിയുടെയും/മിച്ചത്തിന്റെയും കുറവ് വെളിപ്പെടുത്തലിനും/ കൂടിയ വെളിപ്പെടുത്തലിനും ഇടയാക്കുന്നു. 2021-22 വർഷത്തെ ഓഡിറ്റിൽ നിരീക്ഷിച്ച മേൽപ്പറഞ്ഞ രീതിയിലുള്ള തെറ്റായ വർഗ്ഗീകരണം ചുവടെ വിശദമായി വിവരിച്ചിരിക്കുന്നു.

**എ. റവന്യൂ ചെലവുകളെ മൂലധന ചെലവായി തെറ്റായി വർഗ്ഗീകരിച്ചത്**

തെറ്റായ വർഗ്ഗീകരണം എന്നത് തെറ്റായ അക്കൗണ്ട് ശീർഷകത്തിന് കീഴിൽ വരുമാനം/ ചെലവ് അക്കൗണ്ട് ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

ഇന്ത്യൻ ഗവൺമെന്റ് അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് (ഐജിഎഎസ് - 2) പ്രകാരം ഒരു ഗവൺമെന്റ് മറ്റൊരു ഗവൺമെന്റിന്, ബോഡി, സ്ഥാപനം അല്ലെങ്കിൽ വ്യക്തിക്ക് നൽകുന്ന സഹായം അല്ലെങ്കിൽ സംഭാവനകൾ എന്നീ സ്വഭാവത്തിലുള്ള പേയ്മെന്റുകളാണ് ഗ്രാന്റ്-ഇൻ-എയ്ഡ്. ഒരു ഗ്രാന്റിക്ക് ഗ്രാന്റർ വിതരണം ചെയ്യുന്ന ഇത്തരം സഹായങ്ങൾ, ഫണ്ട് വിതരണം ചെയ്ത ഉദ്ദേശ്യം പരിഗണിക്കാതെ ഗ്രാന്ററുടെ സാമ്പത്തിക സ്റ്റേറ്റ്മെന്റിൽ റവന്യൂ ചെലവായി വർഗ്ഗീകരിച്ചു അക്കൗണ്ട് ചെയ്യേണ്ടതാണ്.

2021-22 വർഷത്തിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് (കെ.എസ്.സി.ഡി.സി) ഗ്രാറ്റുവിറ്റി ബാധ്യതകൾ അടയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായമായി നൽകിയ ₹20 കോടി റവന്യൂ വിഭാഗത്തിനുപകരം മൂലധന വിഭാഗത്തിന് കീഴിൽ '4860-60-190-94 കെ.എസ്.സി.ഡി.സിയുടെ കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗിക യന്ത്രവൽക്കരണവും' എന്ന അക്കൗണ്ട് ശീർഷകത്തിന് കീഴിൽ തെറ്റായി തരംതിരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക അക്കൗണ്ടുകളുടെ നോട്ട്സ് ടു അക്കൗണ്ട്സിൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

സർക്കാർ ഗ്രാന്റർ ആയും ഗ്രാന്റിയായും നിൽക്കുന്ന ഗ്രാന്റ്സ്-ഇൻ-എയ്ഡുകളുടെ സാമ്പത്തിക സ്റ്റേറ്റുമെന്റുകളുടെ അക്കൗണ്ടിംഗിന്റെയും വർഗ്ഗീകരണങ്ങളുടെയും തത്വങ്ങൾ പ്രതിപാദിക്കുന്ന ഐജിഎഎസ്-2ൽ കൊടുത്തിരിക്കുന്ന തത്വങ്ങൾക്കെതിരായാണ് കെ.എസ്.സി.ഡി.സിക്കു നൽകിയ ധനസഹായം റവന്യൂ ചെലവിന് പകരം മൂലധന ചെലവായി ബുക്ക് ചെയ്തത്. ഈ തെറ്റായ വർഗ്ഗീകരണം, ഗവൺമെന്റ് അക്കൗണ്ടുകളിൽ 2021-22 കാലയളവിൽ മുതൽമുടക്കിൽ ₹20 കോടി അധികമായി കണക്കാക്കുന്നതിനും റവന്യൂ ചെലവ് അത്രതന്നെ കുറച്ചു കാണുന്നതിനും കാരണമായി.

മുൻ വർഷങ്ങളിലും സമാനമായ തെറ്റായ വർഗ്ഗീകരണം ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. മുൻവർഷങ്ങളിലെ തെറ്റായ വർഗ്ഗീകരണം 2021-22 കാലയളവിൽ '2852-08-600-79 (പി)(വി) - കശുവണ്ടിത്തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള സഹായം' എന്ന പുതിയ റവന്യൂ അക്കൗണ്ടിംഗ് ശീർഷകത്തിലേയ്ക്ക് പുനഃക്രമീകരിച്ച് സംസ്ഥാന സർക്കാർ അപാകത പരിഹരിച്ചെങ്കിലും 2021-22ൽ വീണ്ടും തെറ്റായ വർഗ്ഗീകരണം സംഭവിച്ചു.

**ബി. മൂലധനത്തിനുപകരം റവന്യൂ വിഭാഗത്തിന് കീഴിൽ വകയിരുത്തിയിരിക്കുന്ന പ്രധാന പ്രവൃത്തികൾ**

'16 വൻകിട മരാമത്തുപണികൾ' എന്ന ഒബ്ജക്റ്റ് ഹെഡ് മൂലധന സ്വഭാവമുള്ളതും റവന്യൂ ചെലവിന്റെ ഹെഡിനു കീഴിൽ തുറക്കാൻ പാടില്ലാത്തതുമാണ്. എന്നിരുന്നാലും, 2021-22 കാലഘട്ടത്തിൽ '3054-റോഡുകളും പാലങ്ങളും 80-ജനറൽ - 800 മറ്റ് ചെലവുകൾ - 95 റോഡ് സുരക്ഷിതത്വ പണികൾ' എന്ന ശീർഷകത്തിൻ കീഴിലാണ് '16 വൻകിട മരാമത്ത് പണികൾ' എന്ന ഒബ്ജക്റ്റ് ഹെഡ് പ്രവർത്തിപ്പിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2021-22 കാലയളവിൽ 3054 എന്ന റവന്യൂ മേജർ ഹെഡിന് കീഴിൽ ₹7.83 കോടിയുടെ ബഡ്ജറ്റ് വകയിരുത്തലിനെതിരെ ₹6.85 കോടി ചെലവഴിച്ചു. ഈ തെറ്റായ വർഗ്ഗീകരണം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ₹6.85 കോടി അധികമായി കാണിച്ചു.

### 3.3.2 സപ്ലിമെന്ററി ധനാഭ്യർത്ഥന

ഒരു വർഷക്കാലയളവിൽ, ഭരണഘടനയുടെ 205-ാം അനുച്ഛേദം അനുസരിച്ച് നിയമസഭ ഇതിനുമുൻപേ അനുവദിച്ച തുകയ്ക്ക് പുറമേ അധിക തുകകൾ ഗവൺമെന്റ് നിയമസഭയോട് ആവശ്യപ്പെടാറുണ്ട്. ഇത്.

- നടപ്പുവർഷത്തിൽ ഇതിനകം അംഗീകരിച്ച തുകയ്ക്ക് ഉപരിയായി ഒരു പ്രത്യേക സേവനം/പ്രവർത്തനത്തിന് വേണ്ടി,
- അല്ലെങ്കിൽ വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റിൽ (ബഡ്ജറ്റ്) ഉൾപ്പെടുത്താത്ത ചില പുതിയ സേവനങ്ങൾക്കുള്ള ചെലവ് നിറവേറ്റുന്നതിനും വേണ്ടിയാകാം.

കെബിഎമ്മിന്റെ ഖണ്ഡിക 87 പ്രകാരം നിയമസഭ അനുവദിക്കുന്ന അത്തരം തുകകളെ സപ്ലിമെന്ററി ഗ്രാന്റ് എന്ന് വിളിക്കുന്നു.

2021-22 വർഷത്തിൽ 40 ഗ്രാന്റുകളിലും രണ്ട് ധനവിനിയോഗങ്ങളിലുമായി 80 കേസുകളിൽ മൂന്ന് തവണയായി, അതായത് 2021 ആഗസ്റ്റ്, 2021 ഒക്ടോബർ, 2022 മാർച്ച് എന്നിങ്ങനെ, സപ്ലിമെന്ററി ധനാഭ്യർത്ഥനയിലൂടെ ₹21,202.32 കോടി ലഭിച്ചിട്ടുണ്ട്. ഇതുവരെ നേരിട്ട ചെലവുകളുടെ അടിസ്ഥാനത്തിലോ ആവശ്യകത കൃത്യമായി കണക്കാക്കിയതിനുശേഷമോ അല്ല ഇത്തരം സപ്ലിമെന്റി ധനാഭ്യർത്ഥനകൾ നടത്തിയതെന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. അതുകാരണം പല കേസുകളിലും സപ്ലിമെന്ററി ധനാഭ്യർത്ഥന ആവശ്യകതേയേക്കാൾ അധികരിച്ചതോ തീർത്തും അനാവശ്യമായിട്ടുള്ളതോ ആയിരുന്നു. സപ്ലിമെന്ററി വകയിരുത്തൽ തീർത്തും അനാവശ്യമായിരുന്നതോ ആവശ്യകതയേക്കാൾ അധികമായിരുന്നതോ ആയ കേസുകളുടെ വിശദാംശങ്ങൾ **പട്ടിക 3.7**ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.7 : സപ്ലിമെന്ററി വകയിരുത്തലുകൾ അനാവശ്യമോ ആവശ്യത്തിലും അധികമോ ആയ കേസുകൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | സപ്ലിമെന്ററി വകയിരുത്തൽ | ഗ്രാന്റുകളുടെ/ ധനവിനിയോഗങ്ങളുടെ എണ്ണം | കേസുകൾ | തുക | മിച്ചം |
|---|---|---|---|---|---|
| 1 | അനാവശ്യം | 17 | 22 | 1,948.99 | 22,237.33 |
| 2 | അധികം (സപ്ലിമെന്ററി വകയിരുത്തൽ > ₹ 25 കോടി) | 18 | 21 | 13,722.09 | 2,326.18 |
| | ആകെ | 35 | 43 | 15,671.08 | 24,563.51 |

*ഉറവിടം : വിഎൽസി ഡേറ്റയിൽ നിന്നും സമാഹരിച്ചത്*

**എ. അനാവശ്യമായ സപ്ലിമെന്ററി ധനാഭ്യർത്ഥന**

17 ഗ്രാന്റുകളിലും /ധനവിനിയോഗങ്ങളിലുമായി നടത്തിയ 22 സപ്ലിമെന്ററി ധനാഭ്യർത്ഥനകളിൽ, അസ്സൽ നീക്കിയിരുപ്പിൽ നിന്നുള്ള മിച്ചം സപ്ലിമെന്ററി ധനാഭ്യർത്ഥനയേക്കാൾ വളരെ കൂടുതലായതിനാൽ, ഈ ധനാഭ്യർത്ഥനകൾ തികച്ചും അനാവശ്യമായിരുന്നു. അങ്ങനെ, ₹20,288.31 കോടിയുടെ മിച്ചം ഉണ്ടായിരുന്നിട്ടും നിയമസഭയ്ക്ക് ₹1,948.99 കോടി അനുവദിക്കേണ്ടി വന്നു. സപ്ലിമെന്ററി വകയിരുത്തൽ അനാവശ്യമെന്ന് തെളിയിക്കപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.2**ൽ നൽകിയിരിക്കുന്നു.

കേരള ബഡ്ജറ്റ് മാനുവലിന്റെ വിഭാഗങ്ങളിൽ വിഭാവനം ചെയ്ത പരിശോധനകൾ നടപ്പിലാക്കുന്നതിൽ ധനകാര്യ സെക്രട്ടറിയുടെയും **അനുബന്ധം 3.2**ൽ പരാമർശിച്ചിരിക്കുന്ന മുഖ്യ നിയന്ത്രണ അധികാരികളുടെയും മുഖ്യ നിയന്ത്രണ അധികാരികളുടെയും പരാജയത്തിനെ ഇത് സൂചിപ്പിക്കുന്നു.

യഥാർത്ഥ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് ചെലവ് മുൻകൂട്ടി കാണാൻ കഴിയുമായിരുന്നില്ലെന്നും പൊതു താൽപര്യം കണക്കിലെടുത്ത് ചെലവ് അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റി വയ്ക്കാൻ കഴിയില്ലെന്നുമുള്ള തൃപ്തികരമായ വിശദീകരണം നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന വേളയിൽ മുഖ്യ നിയന്ത്രണ അധികാരി സർക്കാരിന് നൽകേണ്ടതുണ്ട്.

കെ.ബി.എമ്മിന്റെ ഖണ്ഡിക 89(1) പ്രകാരം, സപ്ലിമെന്ററി ധനവിനിയോഗത്തിനുള്ള നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പ്രാഥമിക ഉത്തരവാദിത്വം മുഖ്യ നിയന്ത്രണ അധികാരിക്കായതിനാൽ ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ അതീവ ജാഗ്രത പാലിക്കേണ്ടതുണ്ട്. സാമ്പത്തികവർഷം അവസാനിച്ചതിനുശേഷം ലഭ്യമായ സപ്ലിമെന്ററി ഗ്രാന്റ് തികച്ചും അനാവശ്യമായിരുന്നെന്നോ യഥാർത്ഥ ആവശ്യകതയെക്കാൾ വളരെ അധികമോ ആണെന്ന് കണ്ടാൽ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതികൂലമായ വിലയിരുത്തലിനു ഇടവരുത്തുകയും, ഇത് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കുകയും ചെയ്യും. യഥാർത്ഥ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് ചെലവ് മുൻകൂട്ടി കാണാൻ കഴിയുമായിരുന്നില്ലെന്നും പൊതു താൽപര്യം കണക്കിലെടുത്ത് ചെലവ് അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റി വയ്ക്കാൻ കഴിയില്ലെന്നുമുള്ള തൃപ്തമായ വിശദീകരണം, പ്രോപ്പോസലുകൾ സമർപ്പിക്കുന്ന വേളയിൽ മുഖ്യ നിയന്ത്രണ അധികാരി സർക്കാരിന് നൽകേണ്ടതുണ്ട്.

കെ.ബി.എമ്മിന്റെ ഖണ്ഡിക 89(2) പ്രകാരം കൺട്രോളിംഗ് ഓഫീസർക്ക് ലഭ്യമായ അസ്സൽ ധനവിനിയോഗത്തിന്റെ അപര്യാപ്തതയുടെ കാരണം കൊണ്ട് മാത്രം ഒരു സപ്ലിമെന്ററി ധനവിനിയോഗം ആവശ്യമാണെങ്കിൽ ഗ്രാന്റിനു കീഴിൽ ധനകാര്യ വകുപ്പിന് അറിവുള്ള തിരിച്ചടച്ച മിച്ചമുണ്ടെങ്കിൽ, ധനകാര്യ വകുപ്പിന് അതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെടുകയും ചെയ്താൽ ആവശ്യമായ പരിധിവരെ തിരിച്ചടവിന്റെ ഉത്തരവ് റദ്ദ് ചെയ്ത് അധിക ഫണ്ടുകൾ നൽകുകയും ഇങ്ങനെ നൽകിയ ഫണ്ടുകൾ പുനർധനവിനിയോഗം നടത്തുകയും വേണം.

ഈ ഗ്രാന്റുകൾക്കുള്ള അസ്സൽ ബഡ്ജറ്റ് വിഹിതത്തിൽ മതിയായ മിച്ചമുണ്ടെന്ന് **അനുബന്ധം 3.2**ൽ കാണിക്കുന്നു. അതിനാൽ സപ്ലിമെന്ററി ധനാഭ്യർത്ഥനകൾ നിർദ്ദേശിക്കുന്നതിന് പകരം മുഖ്യ നിയന്ത്രണ അധികാരികൾക്ക് ഗ്രാന്റ്/ധനവിനിയോഗത്തിനുള്ളിലെ ഫണ്ടുകളുടെ പുനർധനവിനിയോഗത്തിനുള്ള ഓപ്ഷൻ

(മിച്ചമുള്ള അക്കൗണ്ട് ഹെഡിനും ഫണ്ട് ആവശ്യമുള്ള ഹെഡിനും ഇടയിൽ) അവലംബിക്കാവുന്നതാണ്. ഇത് ഈ ഗ്രാന്റുകൾക്ക് കീഴിൽ വലിയ തോതിലുള്ള മിച്ചത്തിനിടയാക്കി.

**ബി) അമിതമായ സപ്ലിമെന്ററി ധനാഭ്യർത്ഥന**

കേരള ബഡ്ജറ്റ് മാനുവലിന്റെ ഖണ്ഡിക 14-ൽ നൽകിയിരിക്കുന്ന പൊതു നിർദ്ദേശങ്ങൾ അനുസരിച്ച്, എസ്റ്റിമേറ്റുകൾ പെരുപ്പിച്ചുകാണിക്കുകയോ കുറച്ചു കാണിക്കുകയോ ചെയ്യരുതെന്നും, മറിച്ച് കഴിയുന്നത്ര കൃത്യതയുള്ളതും വർഷത്തിലെ യഥാർത്ഥ ചെലവുകൾക്ക് ആവശ്യമായ തുകയിൽ പരിമിതപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു.

18 ഗ്രാന്റുകൾ/ ധനവിനിയോഗത്തിന് കീഴിലുള്ള 21 കേസുകളിൽ ₹25 കോടിയിലധികം ലഭിച്ച സപ്ലിമെന്ററി വിഹിതം യഥാർത്ഥ ചെലവിനേക്കാൾ കൂടുതലായിരുന്നു. സപ്ലിമെന്ററി വിഹിതങ്ങൾ അധികമാണെന്ന് തെളിഞ്ഞ കേസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.3**ൽ നൽകിയിരിക്കുന്നു.

സപ്ലിമെന്ററി ധനാഭ്യർത്ഥനകൾ അസാധാരണവും അടിയന്തിരവുമായ സന്ദർഭങ്ങളിൽ മാത്രമേ അവലംബിക്കാവൂ. ഒരു സപ്ലിമെന്ററി ഗ്രാന്റ് ലഭിക്കുമ്പോൾ, വകുപ്പ് തൻ വർഷത്തിൽ ലഭ്യമായതോ ലഭ്യമാകാൻ സാധ്യതയുള്ളതോ ആയ വിഭവങ്ങൾ കണക്കിലെടുക്കുകയും ഫണ്ടുകളുടെ അധിക ബഡ്ജറ്റ്പരമായ ആവശ്യങ്ങൾ പ്രവചിക്കുമ്പോൾ ജാഗ്രത പാലിക്കുകയും ചെയ്യണം.

മുഖ്യ നിയന്ത്രണ അധികാരികൾ സാമ്പത്തിക വർഷത്തിലെ ശേഷിക്കുന്ന കാലയളവിലെ ഫണ്ടിന്റെ യഥാർത്ഥ ആവശ്യകത ഉചിതമായി വിലയിരുത്തിയില്ലെന്നും ബഡ്ജറ്റ് മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ള ചെലവിന്റെ പ്രതിമാസ സ്റ്റേറ്റ്മെന്റുകളിലൂടെ ചെലവുകളുടെ പുരോഗതി നിരീക്ഷിക്കുകയും ചെയ്തിട്ടില്ല എന്നാണ് ഗ്രാന്റുകൾക്കായുള്ള അനാവശ്യമോ അമിതമോ ആയുള്ള സപ്ലിമെന്ററി ധനാഭ്യർത്ഥനകൾ സൂചിപ്പിക്കുന്നത്. ഇത് ഈ ഗ്രാന്റുകൾക്ക് കീഴിൽ ഭീമമായ മിച്ചത്തിന് ഇടയാക്കി.

### 3.3.3 പുനർ ധനവിനിയോഗം

കേരള ബഡ്ജറ്റ് മാനുവലിന്റെ ഖണ്ഡിക 83 പ്രകാരം, ഒരു ഗ്രാന്റിനുള്ളിൽ മിച്ചം പ്രതീക്ഷിക്കുന്ന ഒരു യൂണിറ്റിൽ നിന്ന് അധിക ഫണ്ട് ആവശ്യമുള്ള മറ്റൊരു യൂണിറ്റിലേക്ക് കൈമാറുന്നതാണ് പുനർധനവിനിയോഗം. എന്നിരുന്നാലും, ഒരു സബ്-ഹെഡിൽ നിന്ന് മറ്റൊന്നിലേയ്ക്ക് ഗണ്യമായ പുനർധനവിനിയോഗം എല്ലായ്പ്പോഴും ഒഴിവാക്കണം, കൂടാതെ പുനർധനവിനിയോഗ പ്രക്രിയ കേവലം വീഴ്ചകളും ദീർഘവീക്ഷണമില്ലായ്മയും പരിഹരിക്കാൻ ഉപയോഗിക്കരുത്.

₹25 കോടിയിൽ കൂടുതൽ മിച്ചം/ അധിക ചെലവുള്ള സ്കീമുകളിലെ ₹ഒരു കോടിയ്ക്ക് മുകളിലുള്ള പുനർധനവിനിയോഗങ്ങളുടെ ഓഡിറ്റ് പരിശോധനയിൽ പുനർധനവിനിയോഗങ്ങൾ അനാവശ്യമോ/അധികമോ/അപര്യാപ്തമോ ആയിരുന്നു വെന്ന് വെളിപ്പെട്ടു. ഇത് താഴെ കാണിച്ചിരിക്കുന്നതുപോലെ കൃത്യമല്ലാത്തതും അയഥാർത്ഥവുമായ ബഡ്ജറ്റിംഗിനെ സൂചിപ്പിക്കുന്നു.

**എ) അപര്യാപ്തമായ പുനർധനവിനിയോഗം**

**പട്ടിക 3.8**ൽ കാണിച്ചിരിക്കുന്നതുപോലെ 2021-22 വർഷത്തെ ധനവിനിയോഗ കണക്കുകൾ അനുസരിച്ചു രണ്ടു ഗ്രാന്റുകൾക്കു കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള രണ്ടു സ്കീമുകളിൽ മതിയായ പുനർധനവിനിയോഗം നടത്തിയിട്ടില്ലെന്ന് വെളിപ്പെട്ടു.

**പട്ടിക 3.8: അപര്യാപ്തമായ പുനർധനവിനിയോഗ കേസുകളുടെ വിശദാംശങ്ങൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ഗ്രാന്റ് നമ്പർ | അക്കൗണ്ട് ശീർഷകം | അസ്സൽ | സപ്ലി മെന്ററി | പുനർ ധനവിനി യോഗം | ആകെ | യഥാർത്ഥ ചെലവ് | അന്തിമമായ അധികം(+) മിച്ചം(-) |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7=4+5+6 | 8 | 9=8-7 |
| 1 | XVI | 2075-00-800-72 - പലവക തിരിച്ചടവുകളും മറ്റു ബാധ്യതകളും (വി) (പി) | 0 | 1,051.00 | 3,172.83 | 4,223.83 | 4,419.30 | 195.47 |
| 2 | XVII | 2202-03-103-99- ആർട്ട്സ് ആൻഡ് സയൻസ് കോളേജുകൾ (വി) (എൻപി) | 440.23 | 0 | 150.27 | 590.50 | 765.31 | 174.81 |
| | | ആകെ | 440.23 | 1,051.00 | 3,323.10 | 4,814.33 | 5,184.61 | 370.28 |

*ഉറവിടം : വിഎൽസി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

പുനർധനവിനിയോഗത്തിലൂടെ മുഴുവൻ വിഹിതവും നൽകുന്നതിനുള്ള കാരണങ്ങളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

**ബി) അനാവശ്യമായ പുനർധനവിനിയോഗങ്ങൾ**

**പട്ടിക 3.9**ൽ കാണിച്ചിരിക്കുന്നതുപോലെ അസ്സൽ വകയിരുത്തലിനൊപ്പം പദ്ധതികളുടെ ചെലവ് വരാത്തതിനാൽ മൂന്ന് ഗ്രാന്റുകൾക്ക് കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്ന നാല് സ്കീമുകളിൽ നിർദ്ദേശിച്ച പുനർധനവിനിയോഗങ്ങളിലെ തുക അനാവശ്യമായിരുന്നെന്നും നിരീക്ഷിച്ചു.

**പട്ടിക 3.9: അനാവശ്യമായ പുനർധനവിനിയോഗ കേസുകളുടെ വിശദാംശങ്ങൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ഗ്രാന്റ് നമ്പർ | അക്കൗണ്ട് ശീർഷകം | അസ്സൽ | സപ്ലി മെന്ററി | പുനർ ധനവിനി യോഗം | ആകെ | യഥാർത്ഥ ചെലവ് | അന്തിമമായ അധികം (+) മിച്ചം (-) |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | | 5 | 6 | 7=4+5+6 | 8 | 9=8-7 |
| 1 | XXIX | 2401-00-109-65- അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതിയോജനയും മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളും 60% സിഎസ്എസ് (വി)(പി) | 87.25 | 0 | 20.25 | 107.50 | 59.66 | (-) 47.84 |
| 2 | | 2702-01-001-99-എസ്റ്റാബ്ലിഷ്മെന്റ് (വി) (എൻപി) | 143.54 | 0 | 14.80 | 158.34 | 131.66 | (-) 26.69 |

| ക്രമ നമ്പർ | ഗ്രാന്റ് നമ്പർ | അക്കൗണ്ട് ശീർഷകം | അസ്സൽ | സപ്ലി മെന്ററി | പുനർ ധനവിനി യോഗം | ആകെ | യഥാർത്ഥ ചെലവ് | അന്തിമമായ അധികം (+) മിച്ചം (-) |
|---|---|---|---|---|---|---|---|---|
| 3 | XXXVI | 2515-00-102-35-നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം) (60% സിഎസ്എസ്) (വി)(പി) | 50 | 0 | 11.28 | 61.28 | 31.63 | (-) 29.65 |
| 4 | XLIII | 3604-00-200-81-വികസന ആവശ്യത്തിനുള്ള ഫണ്ട്-ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശ (വി)(എൻപി) | 4,768.00 | 0 | 58.00 | 4,826.00 | 4,523.35 | (-)302.65 |
| | | ആകെ | 5,048.79 | 0 | 104.33 | 5,153.12 | 4,746.30 | (-)406.83 |

*ഉറവിടം : വിഎൽസി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

**സി) അധിക പുനർധനവിനിയോഗം**

അഞ്ച് ഗ്രാന്റുകൾക്ക് കീഴിലുള്ള എഴ് സ്കീമുകളിൽ പുനർധനവിനിയോഗം വഴിയുള്ള ഫണ്ടുകളുടെ വർദ്ധനവ് ചുവടെയുള്ള **പട്ടിക 3.10**ൽ കാണിച്ചിരിക്കുന്നതു പോലെ യഥാർത്ഥ ആവശ്യകതയേക്കാൾ കൂടുതലാണ്.

**പട്ടിക 3.10 : അധിക പുനർധനവിനിയോഗ കേസുകളുടെ വിശദാംശങ്ങൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ഗ്രാന്റ് നമ്പർ | സ്കീമുകൾ | അസ്സൽ | സപ്ലി മെന്ററി | പുനർ ധനവിനി യോഗം | ആകെ | യഥാർത്ഥ ത്തിൽ | അധികം (+) മിച്ചം (-) |
|---|---|---|---|---|---|---|---|---|
| 1 | XII | 2055-00-109-99-ജില്ലാ സേന (വി) (എൻപി) | 3,004.06 | 25.01 | 498.50 | 3,527.57 | 3,482.18 | (-) 45.39 |
| 2 | XV | 3054-80-191-37-ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം റോഡ് ആസ്തികളുടെ മെയിന്റനൻസ് (വി) (എൻപി) | 65.52 | 0 | 77.01 | 142.53 | 104.58 | (-) 37.95 |
| 3 | | 3054-80-800-92 കേരള റോഡ് ഫണ്ട് (വി) (പി) | 0 | 0 | 435.20 | 435.20 | 175.21 | (-) 259.99 |
| 4 | | 5054-04-337-80-ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം (വി)(പി) | 0 | 142.00 | 75.00 | 217.00 | 142.02 | (-) 74.97 |
| 5 | XVII | 2202-01-102-99-ടീച്ചിംഗ് ഗ്രാന്റ് (വി) (എൻപി) | 4,759.27 | 0 | 722.81 | 5,482.08 | 5,453.49 | (-) 28.59 |
| 6 | XXIX | 2401-00-001-96- കാർഷിക ഭരണം ശക്തിപ്പെടുത്തലും പരിശീലന സന്ദർശന സമ്പ്രദായം വിപുലപ്പെടുത്തലും (വി) (എൻപി) | 415.61 | 0 | 46.69 | 462.30 | 436.01 | (-) 26.29 |

| ക്രമ നമ്പർ | ഗ്രാന്റ് നമ്പർ | സ്കീമുകൾ | അസ്സൽ | സപ്ലിമെന്ററി | പുനർധനവിനിയോഗം | ആകെ | യഥാർത്ഥത്തിൽ | അധികം (+) മിച്ചം (-) |
|---|---|---|---|---|---|---|---|---|
| 7 | XLVI | 2235-02-102-47-ശിശുക്കളുടെ അഭിവൃദ്ധിക്കു വേണ്ടിയുള്ള ഏകീകൃത സേവനം (60% കേന്ദ്രസഹായം) (വി) (പി) | 470.00 | 0 | 46.77 | 516.77 | 481.28 | (-) 35.50 |
| | | ആകെ | 8,714.46 | 167.01 | 1,901.98 | 10,783.45 | 10,274.77 | (-) 508.68 |

*ഉറവിടം : വിഎൽസി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

വിവിധ ഘട്ടങ്ങളിലുള്ള വിവേകരഹിതമായ പുനർധനവിനിയോഗങ്ങളും, വകയിരുത്തലുകളില്ലാതെ ചെലവ് നേരിടുന്നതും, ബഡ്ജറ്റ് വകയിരുത്തലിന്റെ തലത്തിലും പുനർധനവിനിയോഗഘട്ടത്തിലും ദുർബലമായ ആന്തരിക നിയന്ത്രണങ്ങളേയും നിരീക്ഷണ സംവിധാനങ്ങളേയും ആണ് സൂചിപ്പിക്കുന്നത്.

### 3.3.4 ഗ്രാന്റുകളിലെ ചെലവഴിക്കാത്ത തുക

കേരള ബഡ്ജറ്റ് മാനുവലിന്റെ ഖണ്ഡിക 14 പ്രകാരം എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ അവയ്ക്ക് വ്യക്തിപരമായ ശ്രദ്ധ നൽകേണ്ടതും അവ പെരുപ്പിക്കപ്പെട്ടതോ ചുരുക്കിയതോ അല്ല എന്നും, മറിച്ച് സാധ്യമായത്ര കൃത്യതയുള്ളതാണെന്നും ഉറപ്പാക്കേണ്ടതാണ്. വരവിന്റെയും ചെലവിന്റെയും ഒഴുക്ക് എസ്റ്റിമേറ്റിംഗ് ഉദ്യോഗസ്ഥർ നന്നായി മനസ്സിലാക്കിയാൽ മാത്രമേ ഇത് സാധ്യമാകൂ. മുൻകൂട്ടി കാണാൻ കഴിയുന്ന എല്ലാ ഇനങ്ങൾക്കും വകയിരുത്തൽ നൽകേണ്ടതുണ്ടെങ്കിലും, അതാത് വർഷത്തിലെ യഥാർത്ഥ ചെലവുകൾക്ക് ആവശ്യമായ തുകയിലേയ്ക്ക് വകയിരുത്തൽ പരിമിതപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ചെലവ് കുറച്ചു കാണിക്കാനുള്ള പൊതു പ്രവണത ഒഴിവാക്കുകയും വകുപ്പിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ ചിത്രം അവതരിപ്പിക്കുകയും വേണം.

അയഥാർത്ഥ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള ബഡ്ജറ്റ് വകയിരുത്തൽ, മോശമായ ചെലവ് നിരീക്ഷണ സംവിധാനം, സ്കീമുകളുടെ ദുർബലമായ നിർവ്വഹണം/ ദുർബലമായ ആന്തരിക നിയന്ത്രണങ്ങൾ എന്നിവ സാമ്പത്തിക വർഷാവസാനത്തിലുള്ള ഫണ്ട് റിലീസിനെ പ്രോത്സാഹിപ്പിക്കുകയും സർക്കാർ അക്കൗണ്ടിന് പുറത്ത് ബാങ്ക് അക്കൗണ്ടുകളിൽ ഭീമമായ ബാലൻസ് നിലനിർത്താനുള്ള വകുപ്പുകളുടെ പ്രവണതയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അമിതമായ മിച്ചം മറ്റ് വകുപ്പുകൾക്ക് ഉപയോഗിക്കാമായിരുന്ന ഫണ്ടുകളേയും നഷ്ടപ്പെടുത്തുന്നു.

#### *3.3.4.1* 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ ബഡ്ജറ്റ് വിനിയോഗം

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ ബഡ്ജറ്റ് വിനിയോഗം **ചാർട്ട് 3.4** കാണിക്കുന്നു.




*ഉറവിടം : വിഎൽസി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

മുകളിലെ ചാർട്ട് 3.4ൽ നിന്ന്, ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം 2017-18ലെ 92.11 ശതമാനത്തിൽ നിന്ന് 2021-22 ൽ 86.68 ശതമാനം വരെയായിരുന്നു എന്ന് വ്യക്തമാണ്. 2017-18ലാണ് ഏറ്റവും ഉയർന്ന ശതമാനം വിനിയോഗം രേഖപ്പെടുത്തിയത് (92.11 ശതമാനം). ബഡ്ജറ്റ് വിഹിതം വിനിയോഗിക്കാത്തതിന്റെ ശതമാനം 2017-18ലെ 7.89 ശതമാനത്തിൽ നിന്ന് 2020-21 ൽ 11.52 ശതമാനമാവുകയും 2021-22ൽ 13.32 ശതമാനമായി വർദ്ധിക്കുകയും ചെയ്തു.

### *3.3.4.2* ഗ്രാന്റുകളിലേയും /വിനിയോഗങ്ങളിലേയും ആകെ മിച്ചം

2021-22 കാലയളവിൽ, ആകെയുള്ള 45 ഗ്രാന്റുകളിലും രണ്ട് ധനവിനിയോഗങ്ങളിലും, 38 ഗ്രാന്റുകൾ/ധനവിനിയോഗങ്ങളിൽ ₹31,564.72 കോടിയുടെ തനി മിച്ചമുണ്ടായിരുന്നു. അതിൽ മൊത്തം ₹30,251.32 കോടി സറണ്ടർ ചെയ്തു. **പട്ടിക 3.11** മിച്ചത്തിന്റെയും /സറണ്ടറിന്റെയും വിശദാംശങ്ങൾ കാണിക്കുന്നു.

**പട്ടിക 3.11 : മിച്ചങ്ങളുടെയും/സറണ്ടറുകളുടെയും വിശദാംശങ്ങൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ഗ്രാന്റ് / ധനവിനിയോഗം | എണ്ണം | വകയിരുത്തൽ | ചെലവ് | മിച്ചം | സറണ്ടർ | സറണ്ടർ ഒഴിവാക്കിയിട്ടുള്ള മിച്ചം |
|---|---|---|---|---|---|---|---|
| 1 | ഗ്രാന്റ് | 45 | 1,61,023.82 | 1,46,236.09 | 14,787.73 | 13,692.73 | 1,095.00 |
| 2 | ധനവിനിയോഗങ്ങൾ | 2 | 75,992.30 | 59,215.31 | 16,776.99 | 16,558.59 | 218.40 |
| | **ആകെ** | **47** | **2,37,016.12** | **2,05,451.40** | **31,564.72** | **30,251.32** | **1,313.40** |

*ഉറവിടം: വിഎൽസി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

വിനിയോഗ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പ് തരം തിരിച്ച ഗ്രാന്റുകൾ/ധനവിനിയോഗങ്ങളുടെ എണ്ണത്തിന്റെയും മൊത്തം മിച്ചത്തിന്റെയും അടിസ്ഥാനത്തിലുള്ള വിഭജനം **പട്ടിക 3.12**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.12 വിനിയോഗത്തിന്റെ ശതമാനം അനുസരിച്ചു ഗ്രാന്റുകളുടെയും/ ധനവിനിയോഗങ്ങളുടെയും തരംതിരിവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിഭാഗം (ബഡ്ജറ്റ് വിനിയോഗം ശതമാനത്തിൽ) | ഗ്രാന്റുകളുടെ / ധനവിനിയോഗങ്ങളുടെ എണ്ണം | വകയിരുത്തൽ | ചെലവ് | മിച്ചം | സറണ്ടർ | ബാക്കി |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | 30-ൽ താഴെ | 0 | 0 | 0 | 0 | 0 | 0 |
| 2 | 30-50 | 2 | 7,742.68 | 2,784.74 | 4,957.94 | 4,847.10 | 110.84 |
| 3 | 50-70 | 1 | 52,458.58 | 35,899.99 | 16,558.59 | 16,558.59 | 0 |
| 4 | 70-90 | 17 | 53,103.83 | 44,120.03 | 8,983.80 | 8,321.87 | 661.93 |
| 5 | 90-100 | 23 | 84,016.99 | 82,728.36 | 1,288.63 | 511.59 | 777.04 |
| 6 | 100 ന് മുകളിൽ | 4 | 39,694.04 | 39,918.27 | (-)224.24 | 12.17 | |
| | **ആകെ** | **47** | **2,37,016.12** | **2,05,451.39** | **31,564.72** | **30,251.32** | **1,549.81** |

*ഉറവിടം: വിഎൽസി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

30 ശതമാനത്തിൽ താഴെയുള്ള ബഡ്ജറ്റ് വിനിയോഗമുള്ള ഗ്രാന്റുകളില്ലെന്ന് **പട്ടിക 3.12** കാണിക്കുന്നു. എന്നിരുന്നാലും XXII - നഗരവികസനം, XXXVI-ഗ്രാമവികസനം എന്നീ രണ്ട് ഗ്രാന്റുകൾക്ക് കീഴിൽ വിനിയോഗത്തിന്റെ ശതമാനം 30 നും 50 ശതമാനത്തിനും ഇടയിലായിരുന്നു.

**എ) ഗ്രാന്റ് നമ്പർ XXII- നഗരവികസനം**

വിവിധ നഗര വികസന പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടതാണ് ഈ ഗ്രാന്റ്. വിദ്യാഭ്യാസം, ആരോഗ്യം, ഖരമാലിന്യ സംസ്കരണം, സാംസ്കാരിക പൈതൃക സംരക്ഷണം, വിപണികൾ തുടങ്ങിയവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന നിരവധി പരിപാടികൾ കേന്ദ്ര /സംസ്ഥാന ഗവൺമെന്റുകൾ നഗരവികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്.

ചുവടെയുള്ള പട്ടിക 3.13ൽ കാണിച്ചിരിക്കുന്നതുപോലെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലും ഗ്രാന്റ് 22- നഗരവികസനത്തിൽ 38 ശതമാനത്തിനും 62 ശതമാനത്തിനും ഇടയിൽ തുടർച്ചയായ മിച്ചമുണ്ടായിരുന്നു.

**പട്ടിക 3.13: ഗ്രാന്റ് XXII-നഗരവികസനത്തിന് കീഴിലുള്ള നിരന്തരമായ മിച്ചം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഗ്രാന്റ് നമ്പർ | വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് | മിച്ചം | ബഡ്ജറ്റ് വിഹിതവുമായുള്ള മിച്ചത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | XXII-നഗരവികസനം | 2017-18 | 1,815.18 | 681.13 | 1,134.05 | 62.48 |
| | | 2018-19 | 2,976.25 | 1,192.24 | 1,784.01 | 59.94 |
| | | 2019-20 | 2,208.59 | 1,093.98 | 1,114.61 | 50.47 |
| | | 2020-21 | 2,564.54 | 1,590.94 | 973.60 | 37.96 |
| | | 2021-22 | 2,102.18 | 956.00 | 1,146.18 | 54.52 |

*ഉറവിടം: വിഎൽസി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

നഗര അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് സംസ്ഥാനം നേരിടുന്ന വെല്ലുവിളിയായതിനാൽ ഗ്രാന്റിന് കീഴിലുള്ള ബഡ്ജറ്റ് തുകയുടെ ആവർത്തിച്ചുള്ള കുറഞ്ഞ വിനിയോഗം ആശങ്കാജനകമാണ്.

**ബി) ഗ്രാന്റ് നമ്പർ XXXVI - ഗ്രാമവികസനം**

സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾ, പാർപ്പിടം, ശുചിത്വപരിപാലനം ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, കണക്റ്റിവിറ്റി മുതലായ കാര്യങ്ങളിൽ ഗ്രാമീണ ജനതയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള ഗ്രാമീണ വികസന പരിപാടികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ ഗ്രാന്റ്.

ചുവടെയുള്ള പട്ടിക 3.14ൽ കാണിച്ചിരിക്കുന്നതുപോലെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഗ്രാന്റ് 36- ഗ്രാമവികസനത്തിൽ 46 ശതമാനം മുതൽ 75 ശതമാനം വരെ തുടർച്ചയായ മിച്ചം ഉണ്ടായതായി ഓഡിറ്റ് ശ്രദ്ധിച്ചു.

**പട്ടിക 3.14 : ഗ്രാന്റ് XXXVI-ഗ്രാമവികസനത്തിലുള്ള നിരന്തരമായ മിച്ചം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഗ്രാന്റ് നമ്പർ | വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് | മിച്ചം | ബഡ്ജറ്റ് വിഹിതവുമായുള്ള ശതമാനം |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | XXXVI-ഗ്രാമവികസനം | 2017-18 | 4,047.19 | 1,013.85 | 3,033.34 | 74.95 |
| | | 2018-19 | 3,871.93 | 1,182.11 | 2,689.82 | 69.47 |
| | | 2019-20 | 5,466.53 | 1,550.72 | 3,915.81 | 71.63 |
| | | 2020-21 | 5,366.38 | 2,881.35 | 2,485.03 | 46.31 |
| | | 2021-22 | 5,640.50 | 1,828.74 | 3,811.76 | 67.58 |

*ഉറവിടം: വിഎൽസി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

പ്രതീക്ഷിച്ച ചെലവിന്റെ യാഥാർത്ഥ്യബോധമില്ലാത്ത മൂല്യനിർണ്ണയം വർഷങ്ങളായി തുടർന്നത് ഗ്രാന്റിന് കീഴിൽ വലിയ മിച്ചത്തിനിടയാക്കിയെന്ന് മുകളിലുള്ള പട്ടികയിൽ നിന്ന് വ്യക്തമാണ്.

ഈ ഗ്രാന്റുകളിൽ ആവർത്തിച്ചുള്ള കുറഞ്ഞ വിനിയോഗത്തിന്റെ കാരണം സർക്കാർ പരിശോധിക്കുകയും തിരുത്തൽ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതുണ്ട്.

### *3.3.4.3 വലിയ മിച്ചമുള്ള ഗ്രാന്റുകൾ*

₹100 കോടിയിൽ കൂടുതൽ മിച്ചമുള്ള ഗ്രാന്റുകൾ, ബഡ്ജറ്റ് വിഹിതത്തിന്റെ 50 ശതമാനത്തിലധികം മിച്ചമുള്ള ഗ്രാന്റുകൾ (റവന്യൂ/മൂലധനം, വോട്ടു ചെയ്തത്/ ചാർജ്ജ് ചെയ്തത്) എന്നീ വിഭാഗങ്ങളിൽ തരം തിരിച്ച ഗ്രാന്റുകൾ/ധനവിനിയോഗ ങ്ങളിലെ മിച്ചത്തിന്റെ വിശകലനം **പട്ടിക 3.15**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.15 ഗ്രാന്റുകളിലെ/ ധനവിനിയോഗങ്ങളിലെ മിച്ചത്തിന്റെ വിശദാംശങ്ങൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | വിഭാഗം | ഗ്രാന്റ് / ധനവിനി യോഗം | എണ്ണം | വകയി രുത്തൽ | ചെലവ് | മിച്ചം | സറണ്ടർ | സറണ്ടർ ഒഴിവാക്കി യിട്ടുള്ള മിച്ചം |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 1 | **മിച്ചം > ₹100 കോടി** | ഗ്രാന്റ് | 19 | 64,954.02 | 51,212.70 | 13,741.32 | 12,604.83 | 1,136.49 |
| | | ധനവിനി യോഗം | 1 | 52,458.58 | 35,900.00 | 16,558.58 | 16,558.58 | 0 |
| | | ആകെ | 20 | 1,17,412.60 | 87,112.70 | 30,299.90 | 29,163.41 | 1,136.49 |
| 2 | **മിച്ചം > ബഡ്ജറ്റ് വിഹിതത്തിന്റെ 50 ശതമാനം (റവന്യൂ /മൂലധനം വോട്ട് ചെയ്തത്/ ചാർജ്ജ് ചെയ്തത് എന്നിങ്ങനെ തരം തിരിച്ച ഗ്രാന്റുകൾ** | ഗ്രാന്റ് | 13 | 6,640.26 | 2,109.04 | 4,531.22 | 4,479.11 | 52.11 |
| | | ധനവിനി യോഗം | 0 | 0 | 0 | 0 | 0 | 0 |
| | | ആകെ | 13 | 6,640.26 | 2,109.04 | 4,531.22 | 4,479.11 | 52.11 |

*ഉറവിടം: വിഎൽസി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

- ₹100 കോടിയിൽ അധികം മിച്ചമുള്ള 19 ഗ്രാന്റുകളിലും ഒരു ധനവിനിയോഗ ത്തിലും ₹30,299.91 കോടിയുടെ ബഡ്ജറ്റ് വിഹിതം റവന്യൂ, മൂലധന വിഭാഗ ങ്ങളിൽ വിനിയോഗിക്കപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇതിൽ ₹29,163.41 കോടി (96.25 ശതമാനം) **അനുബന്ധം 3.4**ൽ കാണിച്ചിരിക്കുന്നതുപോലെ സറണ്ടർ ചെയ്തു.

- റവന്യൂ/ മൂലധന കണക്കിന്റെയും വോട്ട് ചെയ്ത /ചാർജ്ജ് ചെയ്ത ചെലവിന ങ്ങളുടെയും അടിസ്ഥാനത്തിൽ ഗ്രാന്റുകൾ/ധനവിനിയോഗങ്ങളെ വിശകലനം ചെയ്തപ്പോൾ, 13 ഗ്രാന്റുകളിൽ ഉൾപ്പെടുന്ന രണ്ട് റവന്യൂ വോട്ട് ചെയ്തതും, എട്ട് റവന്യൂ ചാർജ്ജ് ചെയ്തതും, ആറ് മൂലധനം വോട്ട് ചെയ്തതുമായ ചെലവിനങ്ങളിൽ, ബഡ്ജറ്റ് ചെയ്ത തുകയുടെ വിനിയോഗം 50 ശതമാനത്തിൽ കുറവായിരുന്നെന്ന് കാണപ്പെട്ടു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.5**ൽ കാണിച്ചിരിക്കുന്നു.

### *3.3.4.4 ഗ്രാന്റുകളിലെ നിരന്തരമായ മിച്ചം*

34 ഗ്രാന്റുകൾക്ക് കീഴിൽ **അനുബന്ധം 3.6**ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നിരന്തരമായ മിച്ചമുണ്ടായിരുന്നു. മിച്ചത്തിന്റെ ശതമാനം 0.61 ശതമാനത്തിനും 94 ശതമാനത്തിനും ഇടയിലായിരുന്നു.

### *3.3.4.5 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ദുർബല വിഭാഗങ്ങൾക്കായി ഉദ്ദേശിച്ചുള്ള ക്ഷേമപദ്ധതികൾക്കും കീഴിലുള്ള മിച്ചങ്ങൾ*

ഏഴ് ഗ്രാന്റുകളുമായി ബന്ധപ്പെട്ട 72 സ്കീമുകളിൽ **അനുബന്ധം 3.7**ൽ സുചിപ്പിച്ചതുപോലെ ബഡ്ജറ്റ് തുകയുടെ ഉപയോഗം വളരെ കുറവാണെന്ന് ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മ പരിശോധനയിൽ വ്യക്തമായി. ഈ ഏഴ് ഗ്രാന്റുകളിലായി മൊത്തം ബഡ്ജറ്റ് വിഹിതമായ ₹6,646.52 കോടിയിൽ, മൊത്തം വിനിയോഗം ₹1,127.31 കോടി (16.96 ശതമാനം) മാത്രമാണ്. ഈ ഏഴ് ഗ്രാന്റുകൾക്ക് കീഴിൽ, **അനുബന്ധം 3.7**ൽ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാനത്തിന്റെ മറ്റ് ക്ഷേമ പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 3.16**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.16 കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും മറ്റ് ക്ഷേമപദ്ധതികളുടെയും പട്ടിക**

*(₹കോടിയിൽ)*

| ക്രമ നമ്പർ | പദ്ധതികൾ | പദ്ധതികളുടെ എണ്ണം | ബഡ്ജറ്റ് | ചെലവ് | ഉപയോഗത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 1 | കേന്ദ്രാവിഷ്കൃത പദ്ധതികൾ | 17 | 2,428.71 | 816.89 | 33.63 |
| 2. | പാർപ്പിടം | 3 | 597.41 | 61.95 | 10.37 |
| 3. | സ്ത്രീകൾ | 1 | 15.50 | 1.71 | 11.02 |
| 4. | പട്ടികജാതി/പട്ടികവർഗ്ഗ വികസനം | 2 | 14.00 | 6.53 | 46.64 |
| | ആകെ | 23 | 3,055.62 | 887.08 | 29.03 |

*ഉറവിടം: വിഎൽസി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

മേൽ പറഞ്ഞ പദ്ധതികളുടെ കീഴിലുള്ള വലിയ മിച്ചങ്ങൾ, ലക്ഷ്യംവെച്ച ഗുണഭോക്താക്കൾക്ക് ഉദ്ദേശിച്ച ആനുകൂല്യങ്ങൾ ലഭിച്ചില്ല എന്നു സൂചിപ്പിക്കുന്നു.

മഹാമാരിയുടെ കാലയളവിലെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്ത് നിലനിന്നിരുന്ന നിയന്ത്രണങ്ങൾ, മഹാമാരിക്കു ശേഷമുള്ള സാംസ്കാരിക പൊതു പ്രവർത്തനങ്ങളുടെ പരിമിതമായ നിർവ്വഹണം, പദ്ധതികൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം ലഭിക്കാതിരിക്കുന്നത് തുടങ്ങിയവ ഈ ഏഴ് ഗ്രാന്റുകളുടെയും ഒരു ധനവിനിയോഗത്തിനും കീഴിലുള്ള മിച്ചത്തിനു വകുപ്പുകൾ നൽകിയ വിവിധ കാരണങ്ങളിൽ ഉൾപ്പെടുന്നു

### ***3.3.4.6 മിച്ചങ്ങളുടെ സറണ്ടർ***

കെ.ബി.എമ്മിന്റെ ഖണ്ഡിക 91 അനുസരിച്ച് ധനവിനിയോഗത്തിനുള്ള മറ്റു യൂണിറ്റുകളിൽ അധികചെലവ് നേരിടാനായി ആവശ്യമില്ലെങ്കിൽ ഭരണകാര്യവകുപ്പ് മുൻകൂട്ടി കാണുന്ന എല്ലാ മിച്ചവും, കാരണം വ്യക്തമാക്കികൊണ്ട് ധനകാര്യവകുപ്പിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. കെബിഎമ്മിന്റെ മേൽപ്പറഞ്ഞ വ്യവസ്ഥയ്ക്ക് വിരുദ്ധമായി,

മൊത്തം മിച്ചമായ ₹31,833.19 കോടിയിൽ ₹38.78 കോടി മാത്രമാണ് സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് സറണ്ടർ ചെയ്തത്. **ചാർട്ട് 3.5**ൽ കാണിച്ചിരിക്കുന്നതു പോലെ ₹30,212.54 കോടിയുടെ വലിയ തുക 2022 മാർച്ച് 31ന് മാത്രമാണ് സറണ്ടർ ചെയ്തത്.

**ചാർട്ട് 3.5 : 2021-22 സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പുള്ള മിച്ചവും തിരിച്ചടയ്ക്കലും**

*(₹ കോടിയിൽ)*




*ഉറവിടം : വിഎൽസി ഡാറ്റയും എ &ഇ ഓഫീസിൽ നിന്ന് ശേഖരിച്ച വിശദാംശങ്ങളും*

** ₹1,581.87 കോടി സാമ്പത്തിക വർഷാവസാനവും സറണ്ടർ ചെയ്തിട്ടില്ല.*

### 3.3.5 അധികച്ചെലവും അതിന്റെ ക്രമവൽക്കരണവും

ഭരണഘടനയുടെ ആർട്ടിക്കിൾ 204(3), 205, 206 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന നിയമസഭയുടെ നിയമപ്രകാരമുള്ള ധനാനുമതിയില്ലാതെ സഞ്ചിത നിധിയിൽ നിന്ന് ഒരു പണവും പിൻവലിക്കാൻ പാടില്ല.

ആർട്ടിക്കിളിൽ അധികച്ചെലവ് ക്രമവൽക്കരിക്കുന്ന സമയപരിധിയെപ്പറ്റി നിഷ്കർഷിക്കുന്നില്ലെങ്കിലും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ധനവിനിയോഗ കണക്കുകളുടെ ചർച്ച പൂർത്തിയാക്കി കഴിയുമ്പോൾ അധികച്ചെലവിന്റെ ക്രമവൽക്കരണം ചെയ്യുന്നു. ക്രമവൽക്കരണത്തിലെ വീഴ്ച ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനവും എക്സിക്യൂട്ടീവിന്റെ പൊതുപണവിനിയോഗത്തിന്റെ മേലുള്ള നിയമസഭയുടെ ഉത്തരവാദിത്വം ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തെ പരാജയപ്പെടുത്തുകയും ചെയ്യുന്നു.

#### *3.3.5.1 2021-22 സാമ്പത്തിക വർഷത്തെ സംബന്ധിക്കുന്ന അധികചെലവ്*

**കേരള ബഡ്ജറ്റ് മാനുവലിന്റെ 97(1) ഖണ്ഡിക പ്രകാരം, യഥാർത്ഥ ചെലവ് നിയമസഭ അനുവദിച്ചു നൽകിയ തുകയെക്കാൾ കവിയുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് ഗ്രാന്റ് കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ ഉത്തരവാദിത്തമാണ്. ഈ തുകയ്ക്ക് ഉപരിയായി ചെലവ് അനിവാര്യമാകുമ്പോൾ സാമ്പത്തിക വർഷാവസാനത്തിനു മുമ്പായി സപ്ലിമെന്ററി ഗ്രാന്റ് നേടുവാൻ വകുപ്പിന് സാധിക്കും. അതിനാൽ, സാമ്പത്തിക വർഷത്തിന്റെ കാലാവധി കഴിഞ്ഞതിനുശേഷം ശ്രദ്ധയിൽപ്പെടുന്ന അധിക ചെലവ് എല്ലായ്പ്പോഴും ക്രമക്കേടായി കണക്കാക്കപ്പെടുന്നു.**

ഒരു വർഷത്തെ വകയിരുത്തലിനുപരിയായുള്ള അധികച്ചെലവ് നിയമസഭയുടെ അംഗീകാരം വേണമെന്ന വ്യവസ്ഥയുടെ ലംഘനം മാത്രമല്ല, മോശമായ ആസൂത്രണ ത്തിന്റെ സൂചകം കൂടിയാണ്. ബഡ്ജറ്റുമായി ചെലവിന്റെ പുരോഗതിയുടെ നിരീക്ഷ ണത്തിലൂടെ ഇത്തരം അധികചെലവ് ഒഴിവാക്കാവുന്നതാണ്.

2021-22 കാലയളവിൽ ഗ്രാന്റുകളിൽ/ധനവിനിയോഗങ്ങളിൽ വന്ന അധിക ചെലവുക ളുടെ സംഗ്രഹം **പട്ടിക 3.17**ൽ നൽകിയിട്ടുണ്ട്. കൂടാതെ 2021-22ൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള അംഗീകാരത്തിന് ഉപരിയായുള്ള അധിക ചെലവുക ളുടെ (അഞ്ച് കോടിയും അതിനു മുകളിലും) സ്കീം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.8**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.17: 2021-22 വർഷക്കാലയളവിൽ ഗ്രാന്റ്/ധനവിനിയോഗ ങ്ങൾക്കുപരിയായി വന്ന അധിക ചെലവുകളുടെ സാരാംശം**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | വകുപ്പിന്റെ പേര്/ഗ്രാന്റ് | വോട്ട് ചെയ്തത് | |
|---|---|---|---|
| | | റവന്യൂ | മൂലധനം |
| 1 | VII- മുദ്രപത്രങ്ങളും രജിസ്ട്രേഷനും | 4.10 | |
| 2 | XIII- ജയിലുകൾ | 17.69 | |
| 3 | XVII- പെൻഷനും പലവകയും | 190.28 | |
| 4 | XXVIII- പലവക സാമ്പത്തിക സർവ്വീസുകൾ | 0.83 | |
| 5 | XXXI- മൃഗസംരക്ഷണം | 24.34 | |
| 6 | XL- തുറമുഖങ്ങൾ | 0.45 | |
| 7 | XII- പോലീസ് | | 14.81 |
| 8 | XVII- വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം തുടങ്ങിയവ | | 15.77 |
| 9 | XXXIV- വനം | | 0.20 |
| | **മൊത്തം അധിക ചെലവ്** | 237.69 | 30.78 |
| | **മൊത്തം** | 268.47 | |

*ഉറവിടം: ധനവിനിയോഗ കണക്കുകളുടെ സംഗ്രഹം*

ആറു ഗ്രാന്റുകളിൽ (റവന്യൂ വോട്ട് ചെയ്തത് ₹237.69 കോടി) മൂന്ന് ഗ്രാന്റുകളിൽ (മൂലധനം വോട്ടു ചെയ്തത് ₹30.78 കോടി) നേരിട്ട ₹268.47 കോടിയുടെ അധികചെലവ് ക്രമവൽക്കരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ വിവിധ ഗ്രാന്റുകൾക്ക് കീഴിലുള്ള വകുപ്പുകൾ നൽകിയ കാരണങ്ങൾ **പട്ടിക 3.18**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.18: അധിക ചെലവുകൾക്ക് വകുപ്പുകൾ നൽകിയ കാരണങ്ങൾ**

| ക്രമ നമ്പർ | വകുപ്പിന്റെ പേര് / ഗ്രാന്റ് | അധിക ചെലവിന്റെ കാരണങ്ങൾ |
|---|---|---|
| 1 | XII- **പോലീസ്** | ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ, വാടക, മറ്റ് ചാർജ്ജുകൾ, പി.ഒ.എൽ, വാഹന ചാർജ്ജുകൾ തുടങ്ങിയ ഘടകങ്ങൾക്ക് കീഴിലാണ് അധിക ചെലവ്. ഇതിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു.<br>• സംസ്ഥാനത്തെ മഹാമാരിയുടെ സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി പോലീസ് പട്രോളിംഗ് വർദ്ധിപ്പിച്ചതിനാൽ ഇന്ധന ചെലവുകൾ വർദ്ധിച്ചു.<br>• നിയമസഭാ തെരഞ്ഞെടുപ്പിന്റെ സമയത്ത് ധാരാളം വാഹനങ്ങൾ വാടകയ്ക്കെടുത്തു.<br>• ജീവനക്കാർക്ക് തടഞ്ഞുവെച്ച ശമ്പളം നൽകിയതിനാൽ ശമ്പളത്തിന്റെ ചെലവ് വർദ്ധിച്ചു. |
| 2 | XIII- **ജയിലുകൾ** | പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷൻ പ്രകാരം ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ചു. |
| 3 | XVI- **പെൻഷനും പലവകയും** | • പതിനൊന്നാം പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാർ ഉത്തരവുകൾ പ്രകാരം മെഡിക്കൽ അലവൻസുകളുടെ നിരക്ക് വർദ്ധിച്ചു.<br>• പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിന്റെ അനന്തര ഫലം.<br>• കാരുണ്യ ബെനവലന്റ് ഫണ്ടിന് കീഴിലുള്ള തീർപ്പുകൽപ്പിക്കാത്ത ക്ലെയിമുകൾ തീർപ്പാക്കുന്നതിന്<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട (എൽ.എ.ആർ) ക്ലെയിമുകൾ തീർപ്പാക്കുന്നതിന് |
| 4 | XXVIII- **പലവിധ സാമ്പത്തിക സർവ്വീസുകൾ** | • പതിനൊന്നാം ശമ്പള പരിഷ്കരണം കാരണം ശമ്പളത്തിലും ക്ഷാമബത്തയിലും വർദ്ധനവ്.<br>• റീക്യാപിറ്റലൈസേഷനായി കേരള ഗ്രാമീൺ ബാങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ ഓഹരി മൂലധന സബ്സ്ക്രിപ്ഷന് (15% വിഹിതം) ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ നിറവേറ്റുന്നതിന്.<br>• കെ.എഫ്.ഡബ്ല്യൂവിന്റെ സഹായത്തോടെ കെ.എസ്.ടി.പി നടപ്പാക്കിയ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ ക്ലെയിമുകൾ പരിഹരിക്കുന്നതിന്.<br>• പെട്രോൾ/ഡീസൽ സെസ്, മോട്ടോർ വാഹനനികുതി എന്നിവയിൽ നിന്നുള്ള വരുമാനത്തേക്കാൾ 10 ശതമാനം വാർഷിക വളർച്ചയോടെ കണക്കാക്കിയ അസറ്റ് ആൻഡ് ലയബിലിറ്റി മാനേജ്മെന്റ് (എഎൽഎം) പ്രൊജക്ഷനിലെ 2021-22 ലെ കുറവ് നികത്താൻ കിഫ്ബിയ്ക്ക് നികുതി വികേന്ദ്രീകരണം.<br>• 2021-22 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന എൽ.എസി-എഡി.എസി*ന്റെ ക്ലെയിമുകൾ തീർപ്പാക്കുന്നതിന് |

*ഉറവിടം : വിവിധ വകുപ്പുകളിൽ നിന്ന് ലഭിച്ച മറുപടികളിൽ നിന്ന് സമാഹരിച്ചത്*
**നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി*

ഒമ്പത് ഗ്രാന്റുകളിൽ, അഞ്ച് ഗ്രാന്റുകളുമായി ബന്ധപ്പെട്ട വകുപ്പുകൾ അധിക ചെലവിന് പ്രത്യേക കാരണങ്ങളൊന്നും നൽകിയിട്ടില്ല.

പതിനൊന്നാം ശമ്പളപരിഷ്കരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ പോലുള്ള മുൻകൂട്ടിക്കാണാവുന്ന ചെലവുകൾക്കായി വകുപ്പുകൾ നടത്തുന്ന

അധികച്ചെലവ്, ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കിയിട്ടില്ല എന്ന് സൂചിപ്പിക്കുന്നു. ഒരു സാമ്പത്തിക വർഷത്തിൽ ഒരു സർവ്വീസിനായി അനുവദിക്കപ്പെട്ട വിഹിത തുകയേക്കാൾ അധികമായി പണം ചെലവഴിക്കപ്പെട്ടാൽ, ആ വർഷത്തേയ്ക്ക് അത്തരത്തിൽ അധികരിച്ച തുകയ്ക്കായി ഒരു അഭ്യർത്ഥന ഗവർണ്ണർ സംസ്ഥാന നിയമസഭയിൽ വയ്പ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 205 ന്റെ ലംഘനമാണ് സംസ്ഥാന നിയമസഭ അംഗീകാരം നൽകിയ ഗ്രാന്റുകളെ അധികരിച്ചു ചെലവ് നേരിടുന്നത്. അതിനാൽ ഗ്രാന്റ് /ധനവിനിയോഗങ്ങൾക്കുപരിയായുള്ള അധിക ചെലവുകളുടെ സംസ്ഥാന നിയമസഭാ ക്രമപ്പെടുത്തൽ എത്രയും വേഗം സംസ്ഥാന സർക്കാർ നിർബന്ധമായും നേടേണ്ടതാണ്. മാത്രമല്ല ബഡ്ജറ്റ് സാമ്പത്തിക നിയന്ത്രണ സംവിധാനത്തെ വികലമാക്കുകയും പൊതു വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സാമ്പത്തിക അച്ചടക്കമില്ലായ്മയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനാൽ ഇത്തരത്തിലുള്ള വോട്ട് ചെയ്യാത്ത ചെലവുകൾ ഭാവിയിൽ പൂർണ്ണമായി നിർത്തേണ്ടതാണ്.

### *3.3.5.2* മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക ചെലവ് ക്രമപ്പെടുത്തൽ

അധികച്ചെലവ് ദീർഘകാലത്തേയ്ക്ക് ക്രമപ്പെടുത്താതെ തുടരുന്നത് എക്സിക്യൂട്ടീവിന് മേലുള്ള നിയമ നിർമ്മാണ നിയന്ത്രണത്തെ ദുർബലപ്പെടുത്തുന്നു.

2021 മാർച്ച് 31 ന് അവസാനിക്കുന്ന വർഷം വരെ ക്രമപ്പെടുത്താത്ത മുൻവർഷങ്ങളിലെ (2016-17 മുതൽ 2020-21 വരെ) അധികചെലവുകൾ **പട്ടിക 3.19**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.19: ക്രമവൽക്കരണത്തിന്റെ കുടിശ്ശികയുടെ സാരാംശം**

***(₹കോടിയിൽ)***

| ക്രമ നമ്പർ | വർഷം | ഗ്രാന്റുകളുടെ /ധനവിനിയോഗങ്ങളുടെ എണ്ണം | അധികച്ചെലവ് ക്രമപ്പെടുത്തേത് |
|---|---|---|---|
| 1 | 2016-17 | 8 | 141.17 |
| 2 | 2017-18 | 9 | 3,545.44 |
| 3 | 2018-19 | 6 | 4,463.16 |
| 4 | 2019-20 | 3 | 665.37 |
| 5 | 2020-21 | 14 | 1,462.79 |
| **6** | **Total** | **40** | **10,277.93** |

*ഉറവിടം : പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി.എ.സി) വിഭാഗത്തിൽ നിന്ന് ശേഖരിച്ച വിശദാംശങ്ങൾ*

**അനുബന്ധം 3.9**ൽ വിശദീകരിച്ചിരിക്കുന്നതുപോലെ 2016-17 മുതൽ 2020-21 വരെയുള്ള 29 ഗ്രാന്റുകളിലും 11 വിനിയോഗങ്ങളിലുമായുള്ള മുൻ സാമ്പത്തിക വർഷങ്ങളിലെ അധികചെലവായ ₹10,277.93 കോടി ഇനിയും ക്രമപ്പെടുത്തിയിട്ടില്ല.

## 3.4 ബഡ്ജറ്റ്, അക്കൗണ്ടിംഗ് പ്രക്രിയയുടെ സുതാര്യതയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ

### 3.4.1 ടോക്കൺ വകയിരുത്തലിന്റെ വ്യവസ്ഥയുടെ ക്രമരഹിതമായ ഉപയോഗം

**കേരള ബഡ്ജറ്റ് മാനുവലിന്റെ ഖണ്ഡിക 9 (6) അനുസരിച്ച്, സർക്കാർ അക്കൗണ്ടുകളിലെ വർഗ്ഗീകരണത്തിന്റെ നാലാം നിരയാണ് സബ്ഹെഡുകൾ. സാധാരണയായി ഇവ ഒരു പ്രോഗ്രാമിന് (മൈനർ ഹെഡ്) കീഴിൽ ഏറ്റെടുക്കുന്ന പദ്ധതികളെയോ പ്രവർത്തനങ്ങളെയോ പ്രതിഫലിപ്പിക്കുന്നു. ഉദാഹരണത്തിന്, മലേറിയ നിർമ്മാർജ്ജനം, ക്ഷയരോഗ നിയന്ത്രണം, വസൂരി നിർമ്മാർജ്ജനം, കുഷ്ഠരോഗ നിയന്ത്രണം എന്നിങ്ങനെയുള്ള പദ്ധതികളെ രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള പ്രോഗ്രാമിൽ ഉൾപ്പെടുത്താവുന്നതാണ്. അതനുസരിച്ച്, "രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും" എന്ന മൈനർ ഹെഡിന് കീഴിലുള്ള സബ് ഹെഡുകളിൽ 'ദേശീയ മലേറിയ നിർമ്മാർജ്ജന പരിപാടി', 'ബി.സി.ജി വാക്സിനേഷൻ', 'വസൂരി നിർമ്മാർജ്ജനം', 'കുഷ്ഠരോഗ നിയന്ത്രണ പദ്ധതികൾ, എസ്.ഇ.ടി സെന്ററുകൾ' എന്നിവ ഉൾപ്പെടുത്താം.**

മൊത്തം സാമ്പത്തിക ബാധ്യതയും തിട്ടപ്പെടുത്തി ഉചിതമായ അധികാരികളുടെ അംഗീകാരം ലഭിക്കാതെ വൻകിട പദ്ധതികൾക്കു തത്വത്തിലുള്ള അനുമതി ലഭിക്കുന്നതിനുവേണ്ടി ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ ടോക്കൺ ഡിമാൻഡിനുള്ള വകയിരുത്തൽ നടത്തരുതെന്നു 2017ലെ ജനറൽ ഫിനാൻഷ്യൽ റൂൾസിന്റെ **അനുബന്ധം 3** നിഷ്കർഷിക്കുന്നു. **അനുബന്ധം 5** ഖണ്ഡിക 7ലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഒരു പ്രോജക്ട്/സ്കീമിന്റെ വിശദവിവരങ്ങൾ തയ്യാറാണെങ്കിലും, ഏറ്റെടുക്കാനുള്ള ഫണ്ടുകൾ ലഭ്യമാണെങ്കിലും 'ന്യൂ സർവ്വീസ്/ന്യൂ ഇൻസ്ട്രുമെന്റ് ഓഫ് സർവ്വീസ്' എന്ന് സ്വഭാവത്തിലുള്ളതു കാരണം പാർലമെന്റിന്റെ അംഗീകാരമില്ലാതെ തുടങ്ങാൻ കഴിയാത്തതുമായ പദ്ധതികൾക്ക് വർഷകാലയളവിൽ ടോക്കൺ ഡിമാൻഡ് നൽകാവുന്നതാണ്. എന്നിരുന്നാലും, 2021-22 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 355 പദ്ധതികൾക്കായി ടോക്കൺ വ്യവസ്ഥ നൽകിയിട്ടുണ്ട്. 2021-22 കാലയളവിൽ പരമാവധി ടോക്കൺ വ്യവസ്ഥയോടെ നൽകിയ ഗ്രാന്റുകൾ **പട്ടിക 3.20**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.20 പരമാവധി ടോക്കൺ വകയിരുത്തലുകളുള്ള ഗ്രാന്റുകൾ**

| ക്രമ നമ്പർ | ഗ്രാന്റ് നമ്പർ | ഗ്രാന്റ് വിവരണം | സബ് ഹെഡുകളുടെ എണ്ണം (സ്കീമുകൾ) |
|---|---|---|---|
| 1 | XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 32 |
| 2 | XVIII | വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 30 |
| 3 | XVI | പെൻഷനും പലവകയും | 28 |
| 4 | XXXVII | വ്യവസായങ്ങൾ | 26 |
| 5 | XV | പൊതുമരാമത്ത് | 19 |
| 6 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 19 |

*ഉറവിടം: ധനവിനിയോഗ കണക്കുകളുടെ സംഗ്രഹം*

മറ്റ് ശീർഷകങ്ങളിലെ മിച്ചം പ്രതീക്ഷിച്ച് ചെലവുകൾ നേരിടുന്ന രീതി മോശപ്പെട്ട ബഡ്ജറ്റ് പ്രക്രിയയെ സൂചിപ്പിക്കുന്നു.

ഈ 355 സ്കീമുകളിൽ 304 സ്കീമുകളിലും (86 ശതമാനം) ചെലവ് വന്നിട്ടില്ലെന്നും ഓഡിറ്റ് ശ്രദ്ധിച്ചു. 51 സ്കീമുകളിൽ സപ്ലിമെന്ററി ഗ്രാന്റ്/ പുനർധനവിനിയോഗം വഴിയാണ് ചെലവുകൾ നേരിട്ടത്. സ്കീമുകൾക്കുള്ള ഫണ്ടിന്റെ യഥാർത്ഥ ആവശ്യകത വിലയിരുത്താതെയാണ് ഈ സന്ദർഭങ്ങളിൽ ടോക്കൺ പ്രൊവിഷൻ നൽകിയതെന്ന് ഇത് സൂചിപ്പിക്കുന്നു. അതുപോലെ മൊത്തം സാമ്പത്തിക ബാധ്യതയും കണക്കാക്കാതെ വലിയ സ്കീമുകൾക്ക് തത്വത്തിൽ അംഗീകാരം നേടുന്നതിനായി നിരന്തരമായി ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ ടോക്കൺ ഡിമാന്റിന് വേണ്ടിയുള്ള വകയിരുത്തൽ വയ്ക്കുന്നതിന്റെ ആവശ്യകത സംസ്ഥാന സർക്കാർ അവലോകനം ചെയ്യണം.

## 3.5 ബഡ്ജറ്റ് അക്കൗണ്ടിംഗ് പ്രക്രിയകളുടെ ഫലപ്രാപ്തിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ

### 3.5.1 ബഡ്ജറ്റ് പ്രൊജക്ഷനും, പ്രതീക്ഷയും യാഥാർത്ഥ്യവും തമ്മിലുള്ള വിടവും

നികുതി പിരിവ് / മറ്റ് വരവുകൾ, പൊതു ചെലവ് മുതലായവയുടെ കാര്യക്ഷമമായ നിർവ്വഹണം വിവിധ സാമ്പത്തിക സൂചകങ്ങളുടെ ലക്ഷ്യപ്രാപ്തിയിൽ സമതുലിതാവസ്ഥ നിലനിർത്തുന്നു. യാഥാർത്ഥ്യത്തിനു നിരക്കാത്ത പ്രൊപ്പോസലുകൾ അടിസ്ഥാനമാക്കിയുള്ള ബഡ്ജറ്റ് വകയിരുത്തലുകൾ, മോശപ്പെട്ട ചെലവ് നിരീക്ഷണ സംവിധാനം, ദുർബലമായ പദ്ധതി നടപ്പാക്കൽ ശേഷി/ ദുർബലമായ ആന്തരിക നിയന്ത്രണങ്ങൾ എന്നിവ വിവിധ വികസനപരമായ ആവശ്യങ്ങൾക്കുള്ള (യാഥാർത്ഥ്യരഹിതമായ) വകയിരുത്തലിന് ഇടവരുത്തുന്നു. ചില വകുപ്പുകളിലെ അധികരിച്ച മിച്ചങ്ങൾ മൂലം മറ്റു വകുപ്പുകളിൽ വിനിയോഗസാധ്യമായ ഫണ്ട് നിഷേധിക്കപ്പെടുന്നു.

സാമ്പത്തിക വർഷകാലയളവിൽ ബഡ്ജറ്റ് (അസ്സൽ/സപ്ലിമെന്ററി) വകയിരുത്തലുകൾക്കെതിരായിവന്ന യഥാർത്ഥ ചെലവുകളുടെ സംഗ്രഹിച്ച സ്ഥിതി താഴെ പറയുന്ന **പട്ടിക 3.21** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.21 ബഡ്ജറ്റിന്റെയും യഥാർത്ഥ ചെലവിന്റെയും സംഗ്രഹിച്ച സ്ഥിതി**

*(₹ കോടിയിൽ)*

| ചെലവിന്റെ സ്വഭാവം | | അസ്സൽ ഗ്രാന്റ് / ധനവിനിയോഗം | സപ്ലിമെന്ററി ഗ്രാന്റ് / ധനവിനിയോഗം | ആകെ | യഥാർത്ഥ ചെലവ് | അറ്റ മിച്ചം (-) | മാർച്ചിലെ സറണ്ടർ | വകയിരുത്തലുമായി ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| വോട്ട് ചെയ്തത് | റവന്യൂ | 1,26,690.59 | 12,905.52 | 1,39,596.10 | 1,28,469.90 | (-) 11,126.20 | 10,465.08 | 92.03 |
| | വായ്പകളും മുൻകൂറുകളും | 1,544.94 | 1,167.10 | 2,712.04 | 2,830.51 | 118.47 | 221.08 | 104.57 |
| | മൂലധനം വോട്ട് ചെയ്തത് | 12,580.84 | 5,351.50 | 17,932.35 | 14,210.00 | (-) 3,722.35 | 2,946.96 | 79.24 |
| ആകെ | | 1,40,816.37 | 19,424.12 | 1,60,240.49 | 1,45,510.41 | (-) 14,730.08 | 13,633.12 | 90.81 |

| ചെലവിന്റെ സ്വഭാവം | | അസ്സൽ ഗ്രാന്റ് / ധനവിനിയോഗം | സപ്ലിമെന്ററി ഗ്രാന്റ് / ധനവിനിയോഗം | ആകെ | യഥാർത്ഥ ചെലവ് | അറ്റ മിച്ചം (-) | മാർച്ചിലെ സറണ്ടർ | വകയിരുത്തലുമായി ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|
| ചാർജ് ചെയ്തത് | റവന്യൂ ചാർജ് ചെയ്തത് | 22,518.07 | 1,603.35 | 24,121.42 | 23,872.72 | (-) 248.70 | 36.31 | 98.97 |
| | പൊതുകടം | 52,446.25 | 12.33 | 52,458.58 | 35,900.00 | (-) 16,558.59 | 16,558.58 | 68.43 |
| | വായ്പകളും മുൻകൂറുകളും ചാർജ് ചെയ്തത് | 0 | 23.78 | 23.78 | 23.78 | 0 | 0 | 100.00 |
| | മൂലധനം ചാർജ് ചെയ്തത് | 33.10 | 138.75 | 171.85 | 144.49 | (-) 27.36 | 23.31 | 84.08 |
| ആകെ | | 74,997.42 | 1,778.21 | 76,775.63 | 59,940.99 | (-) 16,834.64 | 16,618.20 | 78.07 |
| ആകസ്മിക നിധിയിലേക്കുള്ള ധനവിനിയോഗം (ഉണ്ടെങ്കിൽ) | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| **ആകെ** | | **2,15,813.79** | **21,202.33** | **2,37,016.12** | **2,05,451.40** | **(-)31,564.72** | **30,251.32** | **86.68** |

*ഉറവിടം : ധനവിനിയോഗ കണക്കുകൾ*

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ആകെയുള്ള ബഡ്ജറ്റ് വകയിരുത്തലിനെതിരെ ആകെയുള്ള മിച്ചത്തിന്റെ പ്രവണത **പട്ടിക 3.22** കാണിച്ചിരിക്കുന്നു.

**പട്ടിക 3.22 ആകെ ബഡ്ജറ്റ് വകയിരുത്തലുകൾക്കെതിരെയുള്ള ആകെ മിച്ചത്തിന്റെ പ്രവണത**

***(₹ കോടിയിൽ)***

| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| **അസ്സൽ ബഡ്ജറ്റ്** | 1,33,897.86 | 1,42,809.88 | 1,60,613.01 | 1,70,431.18 | 2,15,813.79 |
| **സപ്ലിമെന്ററി ബഡ്ജറ്റ്** | 10,984.08 | 17,565.02 | 33,849.60 | 38,515.61 | 21,202.33 |
| **ആകെ ബഡ്ജറ്റ്** | 1,44,881.94 | 1,60,374.90 | 1,94,462.61 | 2,08,946.79 | 2,37,016.12 |
| **യഥാർത്ഥ ചെലവ്** | 1,33,456.97 | 1,43,721.60 | 1,63,815.80 | 1,84,877.39 | 2,05,451.40 |
| **മിച്ചം** | 11,424.97 | 16,653.30 | 30,646.81 | 24,069.40 | 31,564.72 |
| **മിച്ചത്തിന്റെ ശതമാനം** | 7.89 | 10.38 | 15.76 | 11.52 | 13.32 |

*ഉറവിടം: ധനവിനിയോഗ കണക്കുകൾ*

മുൻവർഷത്തെ (2020-21) സപ്ലിമെന്ററി ബഡ്ജറ്റ് വകയിരുത്തൽ അസ്സൽ ബഡ്ജറ്റ് വകയിരുത്തലിന്റെ 22 ശതമാനമായിരുന്നെങ്കിലും ഈ വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് വകയിരുത്തൽ (₹21,202.33 കോടി) കേവലം ഒൻപത് ശതമാനമായിരുന്നു. എന്നിരുന്നാലും ആകെ വകയിരുത്തലുകൾക്ക് എതിരേയുള്ള ആകെ മിച്ചം മുൻവർഷത്തെ (2020-21) 11.52 ശതമാനത്തിൽ നിന്നും 2021-22 കാലയളവിൽ 13.32 ശതമാനമായി വർദ്ധിച്ചു.

### 3.5.2 ബഡ്ജറ്റിൽ നിന്നുള്ള വ്യതിയാനത്തിന് ലഭ്യമല്ലാത്ത/ അപൂർണ്ണമായ വിശദീകരണം

അംഗീകൃത ബഡ്ജറ്റിനെതിരായ ചെലവുകൾ കാണിക്കുന്നതിനു പുറമേ സപ്ലിമെന്ററി വകയിരുത്തലുകളുൾപ്പെട്ട ബഡ്ജറ്റ് വകയിരുത്തലുകളുമായി സാരമായ വ്യതിയാനമുള്ള ചെലവിന്റെ വിശദീകരണവും ധനവിനിയോഗ കണക്കുകൾ നൽകുന്നു.

ധനവിനിയോഗ കണക്കുകളിൽ വിശദമായ അഭിപ്രായം ഉൾപ്പെടുത്തുന്നതിനുള്ള ത്രെഷ്ഹോൾഡ് ലെവൽ പിഎസി അംഗീകരിച്ച പരിധിപ്രകാരമാണുള്ളത്. വിശദമായ അഭിപ്രായങ്ങൾ ഉൾപ്പെടുത്തുവാൻ സബ്-ഹെഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അതാത് വർഷത്തെ ധനവിനിയോഗ കണക്കുകളുടെ ആമുഖത്തിൽ നൽകിയിരിക്കുന്നു.

2021-22 ലെ ധനവിനിയോഗ കണക്കുകളുടെ ഓഡിറ്റിൽ, 73 ശതമാനം കേസുകളിലും ബഡ്ജറ്റ് വകയിരുത്തലുകളെ അപേക്ഷിച്ച് ചെലവുകൾക്കുണ്ടായ വ്യതിയാനത്തിന്റെ വിശദീകരണം/പ്രത്യേക കാരണം നിയന്ത്രണ അധികാരികൾ നൽകിയിട്ടില്ലെന്നു കണ്ടെത്തുകയുണ്ടായി.

ആകെയുള്ള 3,681 സബ് ഹെഡുകളിൽ 1,775 സബ് ഹെഡുകളിൽ വ്യതിയാനത്തിന്റെ വിശദീകരണം നൽകാനുണ്ടായിരുന്നു. എന്നാൽ 1,295 സബ് ഹെഡുകളിലുള്ള വ്യതിയാനത്തിന്റെ ഉചിതമായ കാരണങ്ങൾ സർക്കാർ വകുപ്പുകളിലെ നിയന്ത്രണ അധികാരികൾ ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ടിലുള്ള സബ് ഹെഡുകളുടെ ആകെ എണ്ണം, വ്യതിയാനത്തിനു വിശദീകരണം ലഭിക്കാനുള്ളതിന്റെ എണ്ണം, വകയിരുത്തലിൽ നിന്നുള്ള വ്യതിയാനത്തിന്റെ വിശദീകരണം ലഭിച്ച് സബ് ഹെഡുകളുടെ എണ്ണം എന്നീ വിവരങ്ങൾ **ചാർട്ട് 3.6**ൽ ചേർത്തിരിക്കുന്നു.

**ചാർട്ട് 3.6 ധനവിനിയോഗ കണക്കുകളിലെ വ്യതിയാനത്തിനുള്ള വിശദീകരണത്തിന്റെ സംഗ്രഹം**




*ഉറവിടം : ധനവിനിയോഗ കണക്കുകൾ*

ബഡ്ജറ്റ് വിഹിതവും അതിന്റെ വിനിയോഗവും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശദീകരണത്തിന്റെ അഭാവം, സർക്കാരിന്റെ സാമ്പത്തിക ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനുള്ള ഒരു മാർഗ്ഗമെന്നനിലയിൽ ബഡ്ജറ്റിനുമേലുള്ള നിയമ നിർമ്മാണ നിയന്ത്രണം പരിമിതപ്പെടുത്തുന്നു.

### 3.5.3 പെർഫോമൻസ് ബഡ്ജറ്റിംഗ്

കേരള ബഡ്ജറ്റ് മാനുവലിന്റെ ഖണ്ഡിക 53 പ്രകാരം പെർഫോമൻസ് ബഡ്ജറ്റ് പ്രധാനമായും സർക്കാരിന്റെ പ്രവർത്തനങ്ങൾ സാമ്പത്തിക അടിസ്ഥാനത്തിലും ഭൗതിക അടിസ്ഥാനത്തിലും അവതരിപ്പിക്കുന്നതിലുള്ള ഒരു രീതിയാണ്. ഇതിലൂടെ ഓരോ വകുപ്പുകളുടെയും പ്രവർത്തനം വിലയിരുത്താൻ സാധിക്കുന്നു. ഇതു സർക്കാരിന്റെ പ്രവർത്തനങ്ങളുടെ അർത്ഥവത്തായ വർഗ്ഗീകരണം സാധ്യമാക്കുന്നതു വഴി ഇൻപുട്ടുകളും ഔട്ട്പുട്ടുകളും തമ്മിൽ ശരിയായ ബന്ധം സ്ഥാപിക്കുന്നു.

വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിനായി എല്ലാ വകുപ്പുകളും പെർഫോമൻസ് ബഡ്ജറ്റിംഗ് അവതരിപ്പിക്കണമെന്ന് 2008-11 കാലളവിലെ 140-ാം റിപ്പോർട്ടിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി.എ.സി) ശുപാർശ ചെയ്തിട്ടുണ്ട്. തുടർന്ന് 2014 ജനുവരിയിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ ആറ് വകുപ്പുകളിലെ പെർഫോമൻസ് ബഡ്ജറ്റ് ഒരു പ്രാരംഭ നടപടിയായി അവതരിപ്പിക്കാൻ തീരുമാനിക്കുകയും പി എ സിയുടെ ശുപാർശയിൻ മേൽ എടുത്ത നടപടികളുടെ സ്റ്റേറ്റ്മെന്റിൽ (സ്റ്റേറ്റ്മെന്റ് ഓഫ് ആക്ഷൻ ടേക്കൺ) ഇത് ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വനം വന്യജീവി വകുപ്പ്, ജലവിഭവ വകുപ്പ് എന്നീ മൂന്ന് വകുപ്പുകൾ മാത്രമാണ് പി.എ.സിയുടെ 140-ാം റിപ്പോർട്ടിന് അനുസൃതമായി ബഡ്ജറ്റ് പേപ്പറുകൾക്കൊപ്പം പെർഫോമൻസ് ബഡ്ജറ്റും തയ്യാറാക്കി അവതരിപ്പിച്ചത്. ഈ വിഷയം സർക്കാരിന്റെ പരാമർശത്തിനായി അയച്ചിട്ടുണ്ട്.

ഇപ്രകാരം പി.എ.സിയുടെ ശുപാർശകൾ ലഭിച്ച് 12 വർഷം പിന്നിട്ടിട്ടും മൂന്ന് വകുപ്പുകളിൽ മാത്രം ബഡ്ജറ്റിന്റെ കൂടെ പെർഫോർമൻസ് ബഡ്ജറ്റിംഗ് നടപ്പിലാക്കിയത് പി.എ.സിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിൽ സർക്കാർ സ്വീകരിക്കുന്ന അലസമായ സമീപനത്തെ സൂചിപ്പിക്കുന്നു.

### 3.5.4 റീ -അപ്രോപ്രിയേഷൻ വഴി സപ്ലിമെന്ററി പ്രൊവിഷൻ പിൻവലിക്കൽ

പുനർ ധനവിനിയോഗത്തിലൂടെ ചുമതലപ്പെട്ട അധികാരി ഒരു ധനവിനിയോഗ യൂണിറ്റിലെ മിച്ചം, അതേ ഗ്രാന്റിനുള്ളിലെ മറ്റൊരു യൂണിറ്റിലേക്കു കൈമാറ്റം ചെയ്യാൻ അനുമതി നൽകുന്നു. ഒരു വർഷകാലയളവിൽ ഒരു പ്രത്യേക ഉദ്ദേശ്യത്തിനു വേണ്ടി നിയമസഭ വോട്ടു ചെയ്ത സപ്ലിമെന്ററി ഗ്രാന്റുകൾ അതേ ഉദ്ദേശ്യത്തിനു തന്നെയാണ് വിനിയോഗിക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. എന്നിരുന്നാലും **പട്ടിക 3.23**ൽ കാണിച്ചിരിക്കുന്ന പദ്ധതികളിൽ സപ്ലിമെന്ററി വകയിരുത്തലിലൂടെ നൽകിയ മൊത്തം തുകയും പുനർ ധനവിനിയോഗത്തിലുടെ തിരികെ എടുത്തതായി ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 3.23: സപ്ലിമെന്ററി പ്രൊവിഷൻ ലഭിച്ചതിന് ശേഷം നടത്തിയ പുനർവിനിയോഗം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഗ്രാന്റ് | അക്കൗണ്ട് ശീർഷകം | പദ്ധതികൾ | സപ്ലിമെന്ററി വകയിരുത്തൽ | പുനർധന വിനിയോഗം |
|---|---|---|---|---|---|
| 1 | XVII- വിദ്യാഭ്യാസം, കായിക വിനോദം, കലാ സംസ്കാരം | 2202-03-102-99-(വോട്ട് ചെയ്തത്) (നോൺ പ്ലാൻ) | കേരള സർവ്വകലാശാല | 20.00 | (-) 20.00 |
| | | 4202-04-800-87-(വോട്ട് ചെയ്തത്) (പ്ലാൻ) | തകഴി സ്മാരക മ്യൂസിയം | 5.00 | (-) 5.00 |
| 2 | XVIII- വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും | 2210-05-105-49-(വോട്ട് ചെയ്തത്) (നോൺ പ്ലാൻ) | മെഡിക്കൽ കോളേജ് പൈനാവ്, ഇടുക്കി | 1.50 | (-) 2.47 |
| | | 2210-05-105-98-(വോട്ട് ചെയ്തത്) (നോൺ പ്ലാൻ) | അലോപ്പതി മെഡിക്കൽ കോളേജ് തിരുവനന്തപുരം | 3.00 | (-) 22.65 |
| 3 | XIX- കുടുംബ ക്ഷേമം | 2211-00-003-95-(വോട്ട് ചെയ്തത്) (പ്ലാൻ) | ആക്സിലറി നേഴ്സ് മിഡ് വൈഫുമാർ ലേഡി ഹെൽത്ത് വിസിറ്റേഴ്സ് മുതലായവർക്ക് പരിശീലനം (കേന്ദ്രാവിഷ്കൃത പദ്ധതി 60:40) | 1.00 | (-) 3.38 |
| | | 2211-00-003-96-(വോട്ട് ചെയ്തത്) (പ്ലാൻ) | ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രങ്ങളുടെ പരിപാലനവും ശക്തിപ്പെടുത്തലും (കേന്ദ്രാവിഷ്കൃത പദ്ധതി 60:40) | 1.00 | (-) 1.60 |
| 4 | XXVIII- പലവക സാമ്പത്തിക സർവ്വീസുകൾ | 3454-02-203-98-(വോട്ട് ചെയ്തത്) (പ്ലാൻ) | ഡയറക്ടറേറ്റിൽ ഒരു സംഗണക വിഭാഗം സ്ഥാപിക്കുന്നതിന് | 0.06 | (-) 0.31 |
| 5 | XXXVII-വ്യവസായങ്ങൾ | 4851-00-800-99-(ചാർജ്ജ് ചെയ്തത്) (നോൺ പ്ലാൻ) | എൽ.എ.ആർ. കേസുകൾക്കുള്ള നഷ്ടപരിഹാരം | 75.00 | (-) 75.00 |
| | | | ആകെ | 106.56 | (-) 130.41 |

*ഉറവിടം: വി.എൽ.സി ഡേറ്റയിൽ നിന്നുള്ള സമാഹാരം*

സപ്ലിമെന്ററി വകയിരുത്തൽ പുനർ ധനവിനിയോഗം വഴി തിരികെ എടുത്തത് സപ്ലിമെന്ററി ഗ്രാന്റിന്റെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുന്നു.

### 3.5.5 ചെലവിന്റെ തിടുക്കം

സർക്കാർ ഫണ്ടുകൾ വർഷം മുഴുവനും സമാനമായി ചെലവഴിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അന്ത്യത്തിൽ തിടുക്കപ്പെട്ടുള്ള ചെലവ് വരുത്തൽ സാമ്പത്തിക ഔചിത്യത്തിന്റെ ലംഘനമായി കരുതുന്നു.

ചെലവിന്റെ തിടുക്കം പ്രത്യേകിച്ച് സാമ്പത്തിക വർഷത്തിന്റെ അന്ത്യമാസങ്ങളിൽ വരാതെ, ചെലവിന്റെ ഒഴുക്ക് വർഷം മുഴുവനും ആയി നിയന്ത്രിക്കണമെന്ന് കേരള ബഡ്ജറ്റ് മാനുവലിന്റെ ഖണ്ഡിക 91 (2)ൽ പ്രതിപാദിക്കുന്നു.

**ചാർട്ട് 3.7: സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ മാസ വരവും ചെലവും**

*(₹ കോടിയിൽ)*




*ഉറവിടം : പ്രതിമാസ സിവിൽ അക്കൗണ്ടുകൾ 2021-22*

2021-22ൽ സംസ്ഥാനത്തിന്റെ വരവിന്റെയും ചെലവിന്റെയും മാസം തോറുമുള്ള വിതരണം പൊതുവേ എല്ലാ മാസവും സമാനമായിരുന്നില്ല എന്ന് **ചാർട്ട് 3.7**ൽ നിന്നും മനസ്സിലാക്കാം.

**പട്ടിക 3.24**ൽ കാണിച്ചിരിക്കുന്ന പ്രകാരം, മൂന്നു ഗ്രാന്റുകളിൽ ചെലവിന്റെ 25 ശതമാനത്തിൽ കൂടുതൽ മാർച്ച് മാസത്തിൽ മാത്രം നേരിട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 3.24: മാർച്ചിൽ മാത്രം 25 ശതമാനത്തിൽ കൂടുതൽ ചെലവു വന്ന ഗ്രാന്റുകൾ (ശതമാനത്തിന്റെ ക്രമം താഴോട്ട്)**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഗ്രാന്റ് നമ്പർ | വിവരണം | ഒന്നാം പാദം | രണ്ടാം പാദം | മൂന്നാം പാദം | നാലാം പാദം | ആകെ | മാർച്ചിലെ ചെലവ് | മൊത്തം ചെലവിന്റെ ശതമാനമായി മാർച്ചിലെ ചെലവ് |
|---|---|---|---|---|---|---|---|---|---|
| 1 | XXVIII | **പലവക സാമ്പത്തിക സർവ്വീസുകൾ** | 883.04 | 1,055.70 | 189.39 | 1,583.54 | 3,711.67 | 1,154.22 | 31.10 |
| 2 | XLIII | **നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും** | 893.52 | 1,732.96 | 2,382.57 | 4,651.04 | 9,660.09 | 2,814.59 | 29.14 |
| 3 | XV | **പൊതുമരാമത്ത്** | 971.70 | 1,255.01 | 1,368.65 | 2,751.54 | 6,346.90 | 1,783.61 | 28.10 |

*ഉറവിടം : പ്രതിമാസ സിവിൽ അക്കൗണ്ടുകൾ 2021-22*

മാർച്ചിൽ കൂടിയ ശതമാനം ചെലവ് വന്ന ഗ്രാന്റ്-XXVIII-പലവക സാമ്പത്തിക സർവ്വീസുകളുടെ മാസം തോറുമുള്ള ചെലവ് **ചാർട്ട് 3.8**ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 3.8: മാർച്ചിൽ കൂടിയ ശതമാനം ചെലവ് വന്ന പലവക സാമ്പത്തിക സർവ്വീസുകളുടെ മാസംതോറുമുള്ള ചെലവ്**

***(₹ കോടിയിൽ)***




*ഉറവിടം : വി.എൽ.സി ഡാറ്റയിൽ നിന്നുള്ള സമാഹാരം*

**അനുബന്ധം 3.10**ൽ പ്രതിപാദിക്കുന്നവിധം ഒരു കോടിയോ അതിലധികമോ ചെലവ് വന്ന പദ്ധതി തിരിച്ചുള്ള വിശകലനത്തിൽ 55 പദ്ധതികളിൽ മുഴുവൻ ചെലവുകളും മാർച്ച് മാസത്തിൽ ആണ് നടന്നത് എന്നു മനസ്സിലാക്കാം. ഗ്രാന്റ് XXVIII വിവിധ സാമ്പത്തിക സേവനങ്ങളിൽ (₹447.07 കോടി) ഉൾപ്പെട്ട 2 സ്കീമുകളിലും ഗ്രാന്റ് XXV പട്ടികജാതി/ പട്ടികവർഗ്ഗം/ മറ്റു പിന്നോക്ക / ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നതിലുൾപ്പെട്ട ഒരു സ്കീമിലും (₹159 കോടി) മാർച്ചിൽ ഉണ്ടായ ചെലവ് വളരെ വലുതായിരുന്നു.

## 3.6 കേരളത്തിലെ ജെൻഡർ ബഡ്ജറ്റിംഗ്

സ്ത്രീകൾക്ക് പൂർണ്ണമായോ ഭാഗികമായോ പ്രയോജനപ്പെടുന്ന വിധത്തിൽ രൂപകൽപ്പന ചെയ്ത പദ്ധതികൾക്കുവേണ്ടി മൊത്തം ബഡ്ജറ്റിനുള്ളിൽ നേരിടാൻ ഉദ്ദേശിക്കുന്ന ചെലവിനെ സംസ്ഥാനത്തിന്റെ ജെൻഡർ ബഡ്ജറ്റ് വെളിപ്പെടുത്തുന്നു. 2017-18 മുതൽ കേരള സർക്കാർ നിയമസഭയിൽ മറ്റു പേപ്പറുകൾക്കൊപ്പം ജെൻഡർ ബഡ്ജറ്റ് പ്രസ്താവനയും ഒരു പ്രത്യേക രേഖയായി സമർപ്പിക്കുന്നു. കേരള ജെൻഡർ ബഡ്ജറ്റിന് രണ്ട് ഭാഗങ്ങളുണ്ട്. ഭാഗം 'എ' യിൽ 90 മുതൽ 100 ശതമാനം ഭാഗം 'ബി' യിൽ 30 മുതൽ 90 ശതമാനം വരെ സ്ത്രീകൾക്കായുള്ള നിർദ്ദിഷ്ട സ്കീമുകളും ഉൾപ്പെടുന്നു.

വിവിധ വകുപ്പികളിലായി 2017-18 മുതൽ 2021-22 കാലയളവു വരെ ഭാഗം 'എ'യിലും ഭാഗം 'ബി'യിലും സ്ത്രീകൾക്കായി വകയിരുത്തിയിട്ടുള്ള വിഹിതവും മൊത്തം പദ്ധതി വിഹിതത്തിൽ അവയുടെ ശതമാനവും **പട്ടിക 3.25**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.25: ജെൻഡർ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് : 2017-18 മുതൽ 2021 - 22 വരെ സംസ്ഥാന പദ്ധതിയുടെ വിഹിതം / പെൺകുട്ടികൾക്കും സ്ത്രീകൾക്കുമുള്ള ബഡ്ജറ്ററി വിഭവങ്ങൾ (ട്രാൻസ് ജെൻഡറുകൾക്ക് പ്രത്യേക വിഹിതം ഉള്ളത്)**

***(₹ കോടിയിൽ)***

| വർഷം | മൊത്തം സംസ്ഥാന പദ്ധതി വിഹിതം* | ആകെ ഭാഗം 'എ' വിഹിതം** | ആകെ ഭാഗം 'ബി' വിഹിതം | മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിൽ ഭാഗം 'എ'യുടെ വിഹിതത്തിന്റെ ശതമാനം | മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിൽ ഭാഗം 'ബി' യുടെ വിഹിതത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 2021-22 | 20,607.00 | 1,346.91 | 2,678.49 | 6.54 | 13.00 |
| 2020-21 | 20,707.00 | 1,509.33 | 2,300.54 | 7.29 | 11.11 |
| 2019-20 | 23,110.00 | 1,420.15 | 2,461.48 | 6.15 | 10.65 |
| 2018-19 | 22,150.00 | 1,267.28 | 1,973.05 | 5.72 | 8.91 |
| 2017-18 | 20,273.00 | 916.50 | 1,399.32 | 4.52 | 6.90 |

*ഉറവിടം : ജെൻഡർ ബഡ്ജറ്റ് രേഖയും വാർഷിക (പ്ലാൻ (വാല്യം I))*

* *തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഒഴിവാക്കിയിട്ടുണ്ട്.*

** *ട്രാൻസ്ജെന്ററുകൾക്കായുള്ള വിഹിതം ഉൾപ്പെടുന്നു; 2019-20 മുതൽ 2021-22 വരെ അഞ്ചു കോടി, 2018-19 ൽ നാലുകോടി, 2017-18 മൂന്നുകോടി.*

2017-18 മുതൽ 2021-22 കാലയളവിൽ ഭാഗം 'ബി'യിൽ ഉൾപ്പെട്ട സ്കീമുകളുടെ വകയിരുത്തലിന്റെ വളർച്ചാനിരക്കുമായി തുലനം ചെയ്യുമ്പോൾ, ഭാഗം 'എ'യിൽ ഉൾപ്പെട്ട സ്കീമുകളുടെ വകയിരുത്തലിന്റെ വളർച്ചാ നിരക്ക് മന്ദഗതിയിലായിരുന്നു വെന്ന് **പട്ടിക 3.25** കാണിക്കുന്നു.

ഗ്രാന്റ് XLVI സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്നതിനു കീഴിലുള്ള താഴെ പറയുന്ന സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതികൾ (90-100 ശതമാനം) ഓഡിറ്റ് പരിശോധിച്ചു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഈ പദ്ധതികളുടെ കീഴിൽ മിച്ചം ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടു. മൊത്തം മിച്ചം മൊത്തം വകയിരുത്തലിന്റെ 15 മുതൽ 79 ശതമാനം വരെ ആയിരുന്നുവെന്ന് **പട്ടിക 3.26** കാണിച്ചിരിക്കുന്നു

**പട്ടിക 3.26: സ്ത്രീകൾക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതിയുടെ വിശദാംശങ്ങൾ 90-100 ശതമാനം**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | അക്കൗണ്ടിംഗ് ശീർഷകം | സ്കീമുകൾ | ഇനങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | 2235-02-103-80-(വോട്ട് ചെയ്തത്) (പ്ലാൻ) | ജെൻഡർ പാർക്ക് | ബഡ്ജറ്റ് വിഹിതം | 11.00 | 12.10 | 10.50 | 14.59 | 15.50 | 63.69 |
| | | | ചെലവ് | 0.00 | 0.90 | 7.80 | 2.72 | 1.71 | 13.12 |
| | | | മിച്ചം | (-) 11.00 | (-) 11.20 | (-) 2.70 | (-) 11.87 | (-) 13.80 | (-) 50.57 |
| | | | മിച്ചത്തിന്റെ ശതമാനം | 100.00 | 92.53 | (-)25.76 | 81.39 | 88.98 | 79.40 |

| ക്രമ നമ്പർ | അക്കൗണ്ടിംഗ് ശീർഷകം | സ്കീമുകൾ | ഇനങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|---|---|---|---|
| 2 | 2235-02-103-90-02- (വോട്ട് ചെയ്തത്) (പ്ലാൻ) | സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി കേരള വനിതാ വികസന കോർപ്പറേഷൻ | ബഡ്ജറ്റ് വിഹിതം | 1.00 | 1.00 | 1.85 | 1.70 | 1.40 | 6.95 |
| | | | ചെലവ് | 1.00 | 0.00 | 0.25 | 0.75 | 0.75 | 2.75 |
| | | | മിച്ചം | 0.00 | (-)1.00 | (-)1.60 | (-)0.95 | (-)0.65 | (-)4.20 |
| | | | മിച്ചത്തിന്റെ ശതമാനം | 0.00 | 100.00 | 86.49 | 55.88 | 46.43 | 60.43 |
| 3 | 2235-02-103-90-03- (വോട്ട് ചെയ്തത്) (പ്ലാൻ) | സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി കേരള വനിതാ വികസന കമ്മീഷൻ | ബഡ്ജറ്റ് വിഹിതം | 1.35 | 1.50 | 2.14 | 2.14 | 2.13 | 9.26 |
| | | | ചെലവ് | 0.80 | 0.81 | 1.29 | 1.59 | 2.03 | 6.52 |
| | | | മിച്ചം | -0.55 | (-)0.69 | (-)0.85 | (-)0.55 | (-)0.10 | (-)2.74 |
| | | | മിച്ചത്തിന്റെ ശതമാനം | 40.78 | 45.97 | 39.62 | 25.63 | 4.81 | 29.58 |
| 4 | 2235-02-103-89-00- (വോട്ട് ചെയ്തത്) (പ്ലാൻ) | വനിതകൾക്ക് വേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ | ബഡ്ജറ്റ് വിഹിതം | 1.75 | 1.50 | 1.75 | 1.25 | 1.34 | 7.59 |
| | | | ചെലവ് | 1.25 | 0.25 | 0.25 | 1.60 | 1.00 | 4.35 |
| | | | മിച്ചം | (-)0.50 | (-)1.25 | (-)1.50 | 0.35 | (-)0.34 | (-)3.24 |
| | | | മിച്ചത്തിന്റെ ശതമാനം | 28.57 | 83.33 | 85.71 | 28.18 | 25.37 | 42.66 |
| 5 | 2235-60-200-72-03- (വോട്ട് ചെയ്തത്) (പ്ലാൻ) | അവിവാഹിതരായ അമ്മമാരുടേയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം) | ബഡ്ജറ്റ് വിഹിതം | 2.50 | 2.50 | 2.50 | 5.03 | 2.00 | 14.53 |
| | | | ചെലവ് | 2.50 | 2.50 | 1.09 | 4.26 | 2.00 | 12.34 |
| | | | മിച്ചം | 0.00 | 0.00 | (-) 1.41 | (-) 0.78 | 0.00 | (-)2.19 |
| | | | മിച്ചത്തിന്റെ ശതമാനം | 0.00 | 0.00 | 56.50 | 15.46 | 0.00 | 15.07 |

*ഉറവിടം: വി.എൽ.സി. ഡാറ്റ*

മേൽപറഞ്ഞ ഭാഗം 'എ'യിലുൾപ്പെട്ട സ്കീമുകളിൽ വർഷങ്ങളായി ബഡ്ജറ്റ് വിഹിതത്തിൽ കാര്യമായ പുരോഗതിയോ, പൂർണ്ണതോതിലുള്ള വിനിയോഗമോ നേടാനായില്ല എന്നും തൽഫലമായി സ്ഥിരമായ മിച്ചം ഉണ്ടായെന്നും ഓഡിറ്റ് നിരീക്ഷണത്തിൽ കണ്ടെത്തി.

സ്കീമുകളുടെ നേട്ടത്തെക്കുറിച്ചു വിലയിരുത്താനായി മുൻവർഷത്തെ ജെൻഡർ ബഡ്ജറ്റ് സ്കീമുകളുടെ സാമ്പത്തിക നിർവ്വഹണത്തെക്കുറിച്ചുള്ള സ്റ്റേറ്റ്മെന്റും പ്രധാന സ്കീമുകളുടെ ജെൻഡർ ഓഡിറ്റും അവതരിപ്പിക്കണമെന്ന് 2019-20ലെ ജെൻഡർ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നു. എന്നാൽ സ്ത്രീകൾക്കായുള്ള സ്കീമുകളുടെ ഫലപ്രാപ്തി അളക്കുവാനുതകുന്ന ജെൻഡർ ബഡ്ജറ്റ് സ്കീമുകളുടെ പ്രകടന റിപ്പോർട്ട് 2020-21ലും, 2021-22ലും സർക്കാർ തയ്യാറാക്കിയിട്ടില്ലെന്നു കണ്ടെത്തി.

ജെൻഡർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കീമുകളുടെ പെർഫോർമൻസ് റിപ്പോർട്ട് കേരള സംസ്ഥാന ആസൂത്രണ ബോർഡ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരുന്ന തിനാൽ, ധനകാര്യവകുപ്പ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് ധനകാര്യവകുപ്പ് മറുപടി നൽകി. ധനകാര്യവകുപ്പ് ജെൻഡർ ബഡ്ജറ്റ് സ്കീമുകളുടെ പെർഫോർമൻസ് റിപ്പോർട്ട് തയ്യാറാക്കാത്തതിനെക്കുറിച്ചുള്ള പ്രത്യേക പരാമർശങ്ങൾക്കായി വിഷയം സംസ്ഥാന ആസൂത്രണ ബോർഡിന് റഫർ ചെയ്തിട്ടുണ്ട്.

വിവിധ പദ്ധതികളിലൂടെയുള്ള സംസ്ഥാനത്തെ സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക ശാക്തീകരണത്തിനുവേണ്ടിയുള്ള പൊതു ചെലവിൽ സുതാര്യത കൊണ്ടു വരുന്നതിന് തൻ വർഷത്തെ ജെൻഡർ ബഡ്ജറ്റ് പ്രൊപ്പോസലിനൊപ്പം പെർഫോർമൻസ് റിപ്പോർട്ടും അതാത് വകുപ്പുകൾ സമർപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ നിഷ്കർഷിക്കേണ്ടത് അനിവാര്യമാണ്.

കേരളത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിനുള്ള പദ്ധതികളിൽ ഉൾപ്പെടുന്ന കുടുംബശ്രീ പദ്ധതിയുടെ നടത്തിപ്പിലെ ന്യൂനതകൾ കേരള ഗവൺമെന്റിന്റെ 2018ലെ സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ട് നമ്പർ 4ൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകളുടെ ശാക്തീകരണത്തിനായുള്ള കുടുംബശ്രീ പദ്ധതികളുടെ മോശപ്പെട്ട വിനിയോഗം, സംരംഭങ്ങളുടെ ലാഭസാധ്യതയും സ്ഥിരമായ പ്രവർത്തനവും ഉറപ്പു വരുത്തുന്നതിനായി ചെറുകിട സംരംഭങ്ങളുടെ ഫലപ്രദമായ നിരീക്ഷണത്തിന്റെ അഭാവം, സുതാര്യമല്ലാത്ത തെരഞ്ഞെടുപ്പ് സമ്പ്രദായം പിൻതുടർന്നു പ്രോഗ്രാമിന്റെ നിർവ്വഹണ ഏജൻസികൾക്ക് വർക്കുകൾ അവാർഡ് ചെയ്തത്, കുടുംബശ്രീ വർക്കുകൾ ടെൻഡർ ചെയ്യാതിരുന്നത്, പദ്ധതികളുടെ ഉദ്ദേശഫലങ്ങൾ ലഭിക്കാൻ അർഹതയുള്ള ഏജൻസികളുടെ തെരഞ്ഞെടുപ്പ് ഉറപ്പാക്കാതിരുന്നത്, മോശപ്പെട്ട സാമ്പത്തിക നിർവ്വഹണം, കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റുകളിലെ സാരവത്തായ തെറ്റുകൾ, ദുർബലമായ ആന്തരിക നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയ ന്യൂനതകൾ ഓഡിറ്റിൽ കണ്ടെത്തി. ഇത്തരത്തിൽ സ്ത്രീ ശാക്തീകരണം ലക്ഷ്യം വച്ചുള്ള മറ്റു പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് സർക്കാരിന്റെ പ്രോ ആക്ടീവായ ഇടപെടൽ ആവശ്യമാണ്.

പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനും തുടർന്നുള്ള സുദൃഢമായ നിരീക്ഷണ സംവിധാനത്തിനുമായി ജെൻഡർ ബഡ്ജറ്റ് വകയിരുത്തലുകൾ ഉപയോഗിച്ചില്ലെങ്കിൽ ജെൻഡർ ബഡ്ജറ്റ് കൊണ്ട് ഉദ്ദേശിക്കുന്ന മുഴുവൻ ലക്ഷ്യങ്ങളും കൈവരിക്കാൻ സാധിക്കില്ല.

## തെരഞ്ഞെടുത്ത ഗ്രാന്റിന്റെ അവലോകനം - ബഡ്ജറ്റ് നടപടികളുടേയും ധനവിനിയോഗ നിയന്ത്രണത്തിന്റെയും അവലോകനം

**ആമുഖം**

തെരഞ്ഞെടുത്ത രണ്ടു ഗ്രാന്റുകളിൽ 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ കൈക്കൊണ്ട ബഡ്ജറ്റ് പരമായ നടപടികളെയും ചെലവ് നിയന്ത്രിക്കുന്നതിന് അവലംബിച്ച രീതിയേയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി അവലോകനം ചെയ്യുകയുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട ഗ്രാന്റുകൾ ഇവയാണ്.

1. ഗ്രാന്റ് നമ്പർ. XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ
2. ഗ്രാന്റ് നമ്പർ. XXVI - പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്

## 3.7 ഗ്രാന്റ്. XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ - അവലോകനം

2021-22-ൽ XXVIII നമ്പർ ഗ്രാന്റിൽ ₹4,390.57 കോടിയുടെ വകയിരുത്തൽ താഴെ പറയുന്ന നിർവ്വഹണപരമായ മേജർ ഹെഡുകളിൽ ഉണ്ടായിരുന്നു.

3454 - സെൻസസ് സർവ്വേയും സ്ഥിതി വിവര കണക്കുകളും : ₹143.69 കോടി

3475 - മറ്റു പൊതു സാമ്പത്തിക സർവ്വീസുകൾ : ₹99.72 കോടി

5465 - പൊതു ധനകാര്യ വ്യാപാര സ്ഥാപനങ്ങളിലുള്ള മുതൽമുടക്ക് : 0

5475 - മറ്റു പൊതു സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധനചെലവ് : ₹4,147.16 കോടി.

എട്ട്[30] മുഖ്യ നിയന്ത്രണാധികാരികൾ നിയന്ത്രിക്കുന്ന ഒരു പൊതു ഗ്രാന്റാണ് XXVIII-ാം നമ്പർ ഗ്രാന്റ്. ഗ്രാന്റിലെ ഓരോ ധനവിനിയോഗ യൂണിറ്റിന്റെയും ധനവിനിയോഗ നിയന്ത്രണം ഉറപ്പാക്കുന്നതിന്റെ ഉത്തരവാദിത്വം നിയന്ത്രണാധികാരി കൾക്കാണ്. നിയന്ത്രണാധികാരികൾ നേരിട്ട ചെലവിന്റെയടിസ്ഥാനത്തിൽ രണ്ട് നിയന്ത്രണാധികാരികൾ- പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും നടപ്പിലാക്കിയ പദ്ധതികൾ ബഡ്ജറ്റ് നടപടികളുടെയും ധനവിനിയോഗ നിയന്ത്രണ ത്തിന്റെയും അവലോകനത്തിൽ ഉൾപ്പെടുത്തി.

### 3.7.1 ബഡ്ജറ്റ് വകയിരുത്തലും ചെലവും മിച്ചവും

ഈ ഗ്രാന്റിനു കീഴിലെ വകയിരുത്തലിന്റെ പ്രമുഖ പങ്കും മൂലധന ചെലവിനാണുള്ളത്. റവന്യൂ, മൂലധന വിഭാഗങ്ങളിലായി XXVIII-ാം നമ്പർ ഗ്രാന്റിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ബഡ്ജറ്റ് വകയിരുത്തലും, ചെലവും **പട്ടിക 3.27**ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.27: കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ബഡ്ജറ്റ് വകയിരുത്തലും ചെലവും**

***(₹കോടിയിൽ)***

| വർഷം | വിഭാഗം | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് | മിച്ചം (-) അധികം (+) | മിച്ചത്തിന്റെ/ അധിക ചെലവിന്റെ ശതമാനം |
|---|---|---|---|---|---|
| 2019-20 | റവന്യൂ | 402.70 | 167.20 | (-)235.50 | 58.48 |
| | മൂലധനം | 5,782.45 | 2,218.48 | (-)3,563.97 | 61.63 |
| 2020-21 | റവന്യൂ | 192.59 | 155.29 | (-)37.30 | 19.37 |
| | മൂലധനം | 4,457.28 | 3,254.60 | (-)1,202.68 | 26.98 |
| 2021-22 | റവന്യൂ | 243.41 | 244.24 | 0.83 | 0.34 |
| | മൂലധനം | 4,147.16 | 3,470.03 | (-)677.13 | 16.32 |
| **മൊത്തം** | **റവന്യൂ** | 838.70 | 566.73 | (-) 271.97 | 32.43 |
| | **മൂലധനം** | 14,386.89 | 8,943.11 | (-) 5,443.78 | 37.84 |

*ഉറവിടം: കേരള സർക്കാരിന്റെ 2019-20 മുതൽ 2021-22 വരെയുള്ള ധനവിനിയോഗ കണക്കുകൾ*

[30] പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറി, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, ബിൽഡിംഗ് ആന്റ് ലോക്കൽ വർക്ക്സ്, ചീഫ് എൻജിനീയർ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ, ലീഗൽ മെട്രോളജി കൺട്രോളർ, പഞ്ചായത്ത് ഡയറക്ടർ.

2021-22 വർഷം റവന്യൂ വിഭാഗത്തിൽ ഒഴികെ എല്ലാ കൊല്ലവും ഗ്രാന്റിൻ കീഴിൽ ഗണ്യമായ മിച്ചം ഉണ്ടായിരുന്നതായി **പട്ടിക 3.27**ൽ കാണാവുന്നതാണ്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ മൂലധനവിഭാഗത്തിലെ മിച്ചം 16 ശതമാനം മുതൽ 62 ശതമാനം വരെയായിരുന്നു.

മൂലധനവിഭാഗത്തിലെ വകയിരുത്തലിന്റെ ഏകദേശം മുഴുവൻ തുകയും **പട്ടിക 3.28**ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ മൂന്നു പ്രമുഖ പദ്ധതികൾക്കായാണ് മാറ്റി വച്ചിരിക്കുന്നത്.

**പട്ടിക 3.28 ഗ്രാന്റിൻ കീഴിലെ മൂലധനവിഭാഗത്തിലെ വകയിരുത്തൽ**

***(₹ കോടിയിൽ)***

| വർഷം | കേരള പുനർ നിർമ്മാണ പദ്ധതി | | | മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ | | | കിഫ്ബിയ്ക്കുള്ള തുക നൽകൽ | | |
|---|---|---|---|---|---|---|---|---|---|
| | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് | മിച്ചം (-)/ അധികം (+) | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് | മിച്ചം (-)/ അധികം (+) | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് | മിച്ചം (-)/ അധികം (+) |
| 2019-20 | 1,000.00 | 7.34 | (-)992.66 | 2,543.30 | 0 | (-)2,543.30 | 2,200.00 | 2,200.00 | 0 |
| 2020-21 | 1,000.00 | 611.60 | (-)388.40 | 1,000.00 | 0 | (-)1,000.00 | 2,420.00 | 2,172.86 | (-) 247.14 |
| 2021-22 | 1,830.00 | 898.30 | (-)931.70 | 790.00 | 0 | (-)790.00 | 1,500.00 | 2,390.15 | (+) 890.15 |
| ആകെ | 3,830.00 | 1,517.24 | (-)2,312.76 | 4,333.30 | 0 | (-)4,333.30 | 6,120.00 | 6,763.01 | (+)643.01 |

*ഉറവിടം : കേരള സർക്കാരിന്റെ 2019-20 മുതൽ 2021-22 വരെയുള്ള വിശദമായ ധനവിനിയോഗ കണക്കുകൾ*

### *3.7.1.1 കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ*

2018 ആഗസ്റ്റിലെ മഴയും പ്രളയവും സൃഷ്ടിച്ച ദുരന്തങ്ങളുടെ അനന്തര ഫലങ്ങളിൽ നിന്നും വേഗത്തിലും കാര്യക്ഷമമായും കേരളത്തിനെ പുനർ നിർമ്മിക്കുന്നതിനാവശ്യമായ വിവിധ പദ്ധതികൾ/ ഭരണപരമായ നടപടികൾ ഏകോപിപ്പിക്കുന്നതിനുള്ള പ്രത്യേക സംവിധാനവും വിശദമായ പദ്ധതിയും ഉൾക്കൊള്ളുന്ന കേരള പുനർ നിർമ്മാണ പദ്ധതി (ആർ.കെ.ഐ) 9/11/2018-ലെ ജി.ഒ.(പി) നമ്പർ. 16/2018/പി & ഇ.എ. എന്ന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ രൂപീകരിച്ചു. ലോക ബാങ്ക് ഏജൻസികളുടെ സഹായത്തോടുകൂടി കേരള പുനർ നിർമ്മാണ വികസന പദ്ധതി (ആർ.കെ.ഡി.പി) യിലൂടെ കേരളത്തിന്റെ പുനർ നിർമ്മാണത്തിനുള്ള സമഗ്രമായ ഒരു രൂപരേഖ ആർ.കെ.ഐ വികസിപ്പിച്ചു. റെസിലിയന്റ് കേരളത്തിന്റെ നിർവ്വഹണം ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും ആവശ്യമായ സംസ്ഥാന തല സ്ഥാപനസംബന്ധിയായ നടപടിക്രമമാണ് ആർ.കെ.ഐ. പാർട്ടിസിപേറ്ററിയും ഇൻക്ലൂസീവുമായി നടപടിക്രമങ്ങളിലൂടെ ആർ.കെ.ഡി.പി.യെ വികസിപ്പിക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള അധികാരം ആർ.കെ.ഐയ്ക്ക് ഉണ്ട്. പ്രളയാനന്തര കേരളത്തിന്റെ മൊത്തം പുനർ നിർമ്മാണ പദ്ധതികളും കേരള പുനർ നിർമ്മാണ പദ്ധതിയുടെ (ആർ.കെ.ഐ)യുടെ ചട്ടക്കൂടിനുള്ളിൽ വരുന്നതാണ്.

കേരള പുനർ നിർമ്മാണ പദ്ധതിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ ഫ്രെയിംവർക്കിന്റെയും പ്രവർത്തന പദ്ധതികളുടെയും മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രളയം തുടങ്ങിയ

പ്രകൃതിക്ഷോഭങ്ങളെ പ്രതിരോധിച്ച് പൂർവ്വസ്ഥിതിയിലെത്തുന്ന ആസ്തികൾ നിർമ്മിക്കുന്നതിനാണ് ആർ.കെ.ഐ ശ്രദ്ധ നൽകേണ്ടതായിട്ടുള്ളത്. ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ നേരിടുന്നതിന് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പ്രതികരണം മെച്ചപ്പെടുത്തുന്നതിനും അത്തരം മഹാദുരന്തങ്ങളുടെ വേളയിൽ പൗരസംബന്ധമായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വേണ്ടി യൂട്ടിലിറ്റികളിൽ സ്മാർട്ട് സാങ്കേതിക വിദ്യയുടെ വിനിയോഗം, മുൻകൂർ അപായ സൂചന സംവിധാനങ്ങളുടെ വിനിയോഗം, ദുരന്ത നിവാരണത്തിന് മുന്നറിയിപ്പ് തരുന്ന ഉപകരണങ്ങളുടെ സ്ഥാപിക്കൽ, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മെച്ചപ്പെട്ട സാങ്കേതിക പരിഹാര മാർഗ്ഗങ്ങൾ തുടങ്ങിയവയുടെ നടപ്പാക്കലും ആർ.കെ.ഐ വിഭാവനം ചെയ്യുന്നു.

**പുറത്തു നിന്നുള്ള വായ്പയും അതിന്റെ വിനിയോഗവും**

പ്രകൃതി ദുരന്തങ്ങളുടെയും കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഘാതങ്ങളെ പ്രതിരോധിച്ച് സംസ്ഥാനം പൂർവ്വ സ്ഥിതിയിലെത്തുന്നതിനു വേണ്ടി 2019 സെപ്റ്റംബറിൽ ലോക ബാങ്കിൽ നിന്നും ₹1,779.58 കോടിയുടെ 'ഫസ്റ്റ് റെസിലിയന്റ് കേരള പ്രോഗ്രാം ഡെവലപ്പ്മെന്റ് പോളിസി ഫിനാൻസിംഗ്' എന്ന വായ്പയും 2021 മാർച്ചിൽ ജർമ്മൻ ബാങ്കിൽ നിന്നും (കെ.എഫ്.ഡബ്യൂ) ₹868.45 കോടിയുടെ 'ക്ലൈമറ്റ് ലോൺ കേരള (പ്രോഗ്രാം)' എന്ന മറ്റൊരു വായ്പയും കേരള സർക്കാരിന് ലഭ്യമായി. ഇതിനുപുറമേ പ്രളയാനന്തരമുള്ള കേരളത്തിന്റെ 'ക്ലൈമറ്റ് റെസിലിയന്റ് റീ കൺസ്ട്രക്ഷനു' വേണ്ടി 170 ദശലക്ഷം യൂറോയുടെ വായ്പാസഹായം റീ ഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിൽ ലഭിക്കുന്നതിനുവേണ്ടി കെ.എഫ്.ഡബ്ല്യൂയുമായി വേറൊരു കരാറും സർക്കാർ 2019 നവംബറിൽ ഏർപ്പെട്ടു.

(i) ഫസ്റ്റ് റെസിലിയന്റ് കേരള പ്രോഗ്രാം ഡെവലപ്പ്മെന്റ് പോളിസി ഫിനാൻസിംഗ് എന്ന വായ്പയുടെയും ക്ലൈമറ്റ് ലോൺ കേരള (പ്രോഗ്രാം) എന്ന വായ്പയുടെയും വിനിയോഗം – '5475-00-115-94'.

കേരള പുനർ നിർമ്മാണ വികസന പദ്ധതിയുടെ നിർവ്വഹണത്തിനായി ₹1,779.58 കോടിയുടെ – 'ഫസ്റ്റ് റെസിലിയന്റ് കേരള പ്രോഗ്രാം ഡെവലപ്പ്മെന്റ് പോളിസി ഫിനാൻസിംഗ്' എന്ന വായ്പ ബാഹ്യസഹായമുള്ള പദ്ധതികൾക്കുള്ള അധിക കേന്ദ്ര സഹായത്തിന്റെ വായ്പാ ഘടകമായി 2019 സെപ്റ്റംബറിൽ സംസ്ഥാന സർക്കാരിന് ലഭിക്കുകയുണ്ടായി (ലോക ബാങ്ക് വായ്പ). ബാഹ്യസഹായമുള്ള പദ്ധതികൾക്കുള്ള അധിക കേന്ദ്രസഹായത്തിന്റെ വായ്പാ ഘടകമായി ₹868.45 കോടിയുടെ ക്ലൈമറ്റ് ലോണും സംസ്ഥാന സർക്കാരിന് 2021 മാർച്ചിൽ ലഭിക്കുകയുണ്ടായി (ജർമ്മൻ ബാങ്ക് കെ.എഫ്.ഡബ്ല്യൂ വായ്പ). ലഭ്യമായ തുകകൾ 5475-00-115-94- കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ എന്ന അക്കൗണ്ട് ശീർഷകത്തിൽ ഡെബിറ്റ് ചെയ്താണ് ആർ.കെ.ഐ.യ്ക്ക് നൽകുന്നത്.

ഇന്ത്യാഗവൺമെന്റിൽ നിന്നും 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ലഭിച്ച വായ്പയുടെയും, നേരിട്ട ചെലവിന്റെയും വർഷാടിസ്ഥാനത്തിലുള്ള വിവരങ്ങൾ **പട്ടിക 3.29**ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.29: ആർ.കെ.ഐയുടെ കീഴിൽ ഫണ്ടുകളുടെ വിനിയോഗം**

*(₹ കോടിയിൽ)*

| വർഷം | ഉറവിടം | ലഭ്യമായ വായ്പാ തുക | വായ്പ ലഭ്യമായ തീയതി | ബഡ്ജറ്റ് വിഹിതം | ചെലവ് |
|---|---|---|---|---|---|
| 2019-20 | ലോക ബാങ്ക് | 1,779.58 | 2019 സെപ്റ്റംബർ 4 | 1,000.00 | 7.34 |
| 2020-21 | കെ.എഫ്.ഡബ്ല്യൂ | 868.45 | 2021 മാർച്ച് 24 | 1,000.00 | 511.60 |
| 2021-22 | - | - | - | 1,830.00 | 773.30 |
| **ആകെ** | | 2,648.03 | | 3,830.00 | 1,292.24 |

*ഉറവിടം: കേരള സർക്കാരിന്റെ 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിലെ ധനവിനിയോഗ കണക്കുകൾ, ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങൾ*

കേരള പുനർ നിർമ്മാണ വികസന പദ്ധതിയുടെ നിർവ്വഹണത്തിനായി 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ₹2,648.03 കോടി ലോക ബാങ്ക് വായ്പ യായും കെ.എഫ്.ഡബ്ല്യൂ വായ്പയായും ലഭ്യമായിരുന്നുവെങ്കിലും 2022 മാർച്ച് വരെ ₹1,292.24 കോടി മാത്രമേ ആർ.കെ.ഐയ്ക്ക് നൽകിയിട്ടുള്ളൂവെന്ന് പരിശോധനയിൽ വെളിവായത് പദ്ധതിയുടെ നിർവ്വഹണത്തിലെ മന്ദഗതി യിലുള്ള പുരോഗതിയെ സൂചിപ്പിക്കുന്നു. നിരവധി സർക്കാർ വകുപ്പുകളും ഏജൻസികളും ഉൾപ്പെടുന്ന ഒരു മൾട്ടി-സെക്ടർ ബഹുവർഷ പ്രോഗ്രാമാണ് ആർകെഐ എന്നും യഥാർത്ഥ പദ്ധതി നിർവ്വഹണത്തിനു മുന്നോടിയായി ഡിപിആർ തയ്യാറാക്കൽ, ഭരണാനുമതി, സാങ്കേതിക അനുമതി, ടെൻഡറിംഗ് മുതലായ വിവിധ ഘട്ടങ്ങളിലൂടെ ഈ പദ്ധതികൾ കടന്നു പോകേണ്ടതുണ്ടെന്നും സർക്കാർ മറുപടി നൽകി (മാർച്ച് 2023). 2019-20ൽ വളരെ കുറച്ച് പദ്ധതികൾ മാത്രമേ നിർവ്വഹണഘട്ടത്തിൽ ഉണ്ടായിരുന്നുള്ളൂ എന്നതിനാൽ ചെലവ് വളരെ കുറവായിരുന്നു. എന്നിരുന്നാലും 2020-21, 2021-22 വർഷങ്ങളിൽ ചെലവ് വർദ്ധിച്ചു. പുരോഗതിയും ആവശ്യകതയും കണക്കിലെടുത്ത് വിവിധ നിർവ്വഹണ ഏജൻസികൾക്കും വകുപ്പുകൾക്കും ത്രൈമാസ അടിസ്ഥാന ത്തിൽ ആണ് ഫണ്ടുകൾ അനുവദിക്കുന്നത്.

സംസ്ഥാന സർക്കാരിന് ഫണ്ട് ലഭ്യമായിട്ട് മൂന്ന് വർഷം പിന്നിട്ടിട്ടും പദ്ധതിയുടെ നടത്തിപ്പിൽ കാര്യമായ പുരോഗതി ഇല്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല.

'5475-00-115-94' എന്ന ശീർഷകത്തിലെ ഘടകം തിരിച്ചുള്ള ചെലവിന്റെ കണക്കുകൾ ആർ.കെ.ഡി.പി.യിൻ കീഴിലെ ഫണ്ടുകളുടെ വിനിയോഗം വളരെ താഴ്ന്ന നിലയിലായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 3.11**ൽ നൽകിയിരിക്കുന്നു. ആർ.കെ.ഐ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പിലെ എൻജിനിയറിംഗ് വിഭാഗം, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (കെ.എസ്.റ്റി.പി), പൊതുമരാമത്ത് വകുപ്പ് എന്നിവയാണ് പദ്ധതിയിലെ റോഡ് പണികളുടെ നിർവ്വഹണം നടത്തിയത്. 31 മാർച്ച് 2022ലെ റോഡുപണികളുടെ സ്ഥിതിവിവരം **അനുബന്ധം 3.12**ൽ നൽകിയിരിക്കുന്നു

**(ii)** പ്രളയാനന്തര കേരളത്തിന്റെ ക്ലൈമറ്റ് റെസിലിയന്റ് റീ കൺസ്ട്രക്ഷനുള്ള വായ്പയുടെ വിനിയോഗം '5475-00-115-93'

കേരളത്തിലെ പ്രളയം മൂലം തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനായി 170 ദശലക്ഷം യൂറോയുടെ വായ്പ ലഭ്യമാക്കുന്നതിനായി ജർമ്മൻ ബാങ്ക് (കെ.എഫ്.ഡബ്ല്യൂ)യുമായി കേരള സർക്കാർ 2019 നവംബറിൽ മറ്റൊരു കരാറിൽ ഏർപ്പെട്ടു. ഈ വായ്പ റീ ഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിലാണ്. ജർമ്മൻ ബാങ്കിന്റെ സഹായത്തോടെ ആർ.കെ.ഐയിൽ നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ ചെലവിന്റെ തരംതിരിക്കലിനായി 5475-00-115-93 - കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ല്യൂ സഹായം) എന്ന ഒരു പുതിയ സബ് ഹെഡ് 2020 ഒക്ടോബറിൽ ആരംഭിച്ചു. 5475-00-115-94-01 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ (ആർ.കെ.ഐ) എന്ന അക്കൗണ്ടിംഗ് ശീർഷകത്തിൽ നിന്നും പുനർ ധനവിനിയോഗത്തിലൂടെ പുതുതായി തുടങ്ങിയ ശീർഷകത്തിലേക്ക് സർക്കാർ ₹225 കോടി 2020-21ലും 2021-22ലും നൽകി. വിശദാംശങ്ങൾ **പട്ടിക 3.30**ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.30 : കെ.എഫ്.ഡബ്ല്യൂവിന്റെ സഹായത്തോടുകൂടി നിർവ്വഹണം നടത്തുന്ന പദ്ധതികൾക്കു ഫണ്ടുകൾ നൽകിയതിന്റെ വിശദാംശങ്ങൾ**

***(₹കോടിയിൽ)***

| പദ്ധതികൾ | വർഷം | ബഡ്ജറ്റ് വിഹിതം | പുനർ ധനവിനിയോഗത്തിലൂടെ നൽകിയ തുക (₹ കോടിയിൽ) |
|---|---|---|---|
| 5475-00-115-93 കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ല്യൂ സഹായം-ആർ.കെ.ഡി.പി പ്രോജക്റ്റ് ലോൺ) | 2020-21 | 0 | 100 |
| | 2021-22 | 0 | 125 |

*ഉറവിടം : അതാതു വർഷങ്ങളിലെ ധനവിനിയോഗ കണക്കുകൾ*

പദ്ധതിയുടെ നിർവ്വഹണത്തിനുവേണ്ടി ഈ തുകകൾ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിന്റെ (കെ.എസ്.റ്റി.പി) പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് (പി.എസ്.റ്റി.എസ്.ബി) അക്കൗണ്ട് നമ്പർ 799012700000152-ലേക്ക് സംസ്ഥാന സർക്കാർ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു കൊടുത്തു. 2022 മാർച്ച് 31 വരെ ഈ ഫണ്ടുകൾ വിനിയോഗിച്ച് കെ.എസ്.റ്റി.പി. ₹93.35 കോടിയുടെ ചെലവ് (41 ശതമാനം) നേരിട്ടിട്ടുണ്ട്. ഈ വർക്കുകളുടെ സ്ഥിതിവിവരം **അനുബന്ധം 3.13**ൽ നൽകിയിരിക്കുന്നു.

കേരള പുനർ നിർമ്മാണ വികസന പദ്ധതിയുടെ മന്ദഗതിയിലുള്ള വിനിയോഗം സംസ്ഥാനത്ത് ഉടനടി നടപ്പിലാക്കേണ്ടതായിരുന്ന പ്രളയാനന്തര പ്രോജക്ടുകളെ പ്രതികൂലമായി ബാധിച്ചു. 2019-20-ൽ ഭൂരിഭാഗം ആർ.കെ.ഐ. പദ്ധതികളും ഭരണാനുമതികളുടെയും സാങ്കേതിക അനുമതികളുടെയും പ്രാരംഭ ഘട്ടങ്ങളിലായിരുന്നതിനാൽ 2019-20ൽ വലിയ തോതിൽ മിച്ചമുണ്ടായതായി ആർ.കെ.ഐ മറുപടി നൽകി.

ഭൂരിഭാഗം പദ്ധതികളും തുടർച്ചയായ വർഷങ്ങളിൽ നടപ്പാക്കേണ്ടതും മൾട്ടി സെക്ടർ പദ്ധതികളാണെന്നും 2020-21ലും 2021-22ലും ആർ.കെ.ഐ പദ്ധതികളുടെ ചെലവിൽ വർദ്ധനവ് ഉണ്ടായതായും മറുപടി നൽകി. ഫണ്ടുകൾ ലഭ്യമായിട്ട് മൂന്നു വർഷം കഴിഞ്ഞിട്ടും പണികൾ പൂർത്തിയാകാത്തതിനാൽ മറുപടി സ്വീകാര്യമല്ല.

### *3.7.1.2* മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ '5475-00-115-99'

പല ഗ്രാന്റുകളുടെ കീഴിൽ വരുന്ന വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിന് വേണ്ടി ഒരു ലംപ്സം തുക സംസ്ഥാന സർക്കാർ 5475-00-115-99 (പി)-മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്ന ഒരു അക്കൗണ്ടിംഗ് ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി വയ്ക്കുന്നു.

5475-00-115-99- മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്ന അക്കൗണ്ടിംഗ് ശീർഷകത്തിലെ വർഷംതോറുമുള്ള ലംപ്സം വകയിരുത്തലിനെപ്പറ്റി **പട്ടിക 3.31**ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.31 : 5475-00-115-99- മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കു കീഴിലെ ലംപ്സം വകയിരുത്തലിന്റെ വിശദവിവരങ്ങൾ**

*(₹ കോടിയിൽ)*

| സാമ്പത്തിക വർഷം | 5475-00-115-99 എന്ന ശീർഷകത്തിൽ വകയിരുത്തിയ മൊത്തം ഫണ്ടുകൾ | പുനർധനവിനിയോഗം നടത്തിയ തുക | തിരിച്ചടച്ച തുക |
|---|---|---|---|
| 2019-20 | 2,543.30 | -- | 2,543.30 |
| 2020-21 | 1,000.00 | -- | 1,000.00 |
| 2021-22 | 790.00 | 118.28 | 671.72 |

*ഉറവിടം : കേരള സർക്കാരിന്റെ 2019-20 മുതൽ 2021-22 വരെയുള്ള ധനവിനിയോഗ കണക്കുകൾ, ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങൾ*

ചെലവിന്റെ കൃത്യമായ ഉദ്ദേശ്യം നിർണ്ണയിക്കാതെ നൽകുന്ന ഒരു ബഡ്ജറ്റ് അധിഷ്ഠിത വകയിരുത്തലാണ് ലംപ്സം വകയിരുത്തൽ. കേരള ബഡ്ജറ്റ് മാനുവലിന്റെ ഖണ്ഡിക 14 അനുസരിച്ച് കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളുംപോലെ ഒഴിവാക്കാൻ പറ്റാത്ത കാര്യങ്ങളിലൊഴിച്ച് ലംപ്സം ധനാഭ്യർത്ഥനകൾ ചെയ്യാൻ പാടില്ലാത്തതാണ്. എന്നാൽ അതീവ പ്രാധാന്യമുള്ള വിവിധ പദ്ധതികൾക്ക് വ്യത്യസ്ത അക്കൗണ്ടിംഗ് ശീർഷകങ്ങളിൽ ഫണ്ടുകൾ പ്രത്യേകം വകയിരുത്തുന്നതുമൂലം വർഷാവസാനം ഫണ്ടുകൾ അസാധുവാകുന്നത് തടയുവാനായി '5475-00-115-99 (പി) മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ' എന്ന അക്കൗണ്ടിംഗ് ശീർഷകത്തിൽ ലംപ്സം വകയിരുത്തൽ നടത്തുന്നു. വിവിധ പദ്ധതികളെ സംബന്ധിക്കുന്ന അക്കൗണ്ടിംഗ് ശീർഷകങ്ങൾ വ്യത്യസ്ത ഗ്രാന്റുകളിൽ ഉൾപ്പെടുന്നതിനാൽ, ഫണ്ടുകളുടെ പുനർവിനിയോഗം സാങ്കേതികമായി സാധ്യമല്ലാത്തതാകുന്നു. ആയതിനാൽ അടിസ്ഥാന സൗകര്യ പദ്ധതികളുടെ നിർവ്വഹണത്തിനായി വിവിധ വകുപ്പുകൾക്ക് ഫണ്ടുകൾ റീ അലോക്കേറ്റ് ചെയ്തു കൊണ്ടുള്ള ഉത്തരവുകൾ ധനകാര്യ വകുപ്പ് ഇറക്കുകയും അധിക ധന അനുമതി വഴി പദ്ധതികൾക്കുള്ള ചെലവ് നേരിടുകയും ചെയ്യുന്നു. അധിക ധന അനുമതി വഴി നേരിടുന്ന ചെലവ് പിന്നീട് പുനർധനവിനിയോഗം/സപ്ലിമെന്ററി ധനാഭ്യർത്ഥന വഴി ക്രമീകരിക്കുന്നതാണ്.

ഗ്രാന്റ് XXVIII-ലെ '5475-00-115-99' എന്ന അക്കൗണ്ടിംഗ് ശീർഷകത്തിലെ മൊത്തം ലംപ്സം വകയിരുത്തലും വർഷാവസാനം തിരിച്ചടച്ചതായി കാണിക്കും. ഈ അക്കൗണ്ട് ശീർഷകം പ്രവർത്തിപ്പിക്കുന്നതും നിയന്ത്രിക്കുന്നതും പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് സെക്രട്ടറിയാണ്.

ഈ അക്കൗണ്ടിംഗ് ശീർഷകത്തിൽ നിന്നുള്ള ഫണ്ടിന്റെ വിനിയോഗത്തിന്റെ രേഖകളുടെ പരിശോധനയിൽ നിന്നും കൊച്ചി മെട്രോ റെയിൽ പ്രൊജക്റ്റ് (ഗ്രാന്റ് XLI), വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം (ഗ്രാന്റ് XL), കണ്ണൂർ അന്താരാഷ്ട്ര എയർപോർട്ട് ലിമിറ്റഡ് (ഗ്രാന്റ് XLI) തുടങ്ങിയ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ഫണ്ട് അലോക്കേറ്റ് ചെയ്തു നൽകിയിരിക്കുന്നു എന്ന് വെളിപ്പെട്ടു. ഇത്തരത്തിലുള്ള എല്ലാ ചെലവുകളും അതാത് ഗ്രാന്റിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നു വേണം നേരിടേണ്ടിയിരുന്നത്. അക്കൗണ്ടിംഗ് ശീർഷകത്തിൽ ലംപ്സം വിഹിതം വയ്ക്കുന്നത് കേരള ബഡ്ജറ്റ് മാനുവലിലെ വ്യവസ്ഥകളുടെ ലംഘനമാണ്. കണക്കുകളിൽ മൊത്തം ബഡ്ജറ്റ് വകയിരുത്തലും തിരിച്ചടച്ചു എന്ന് കാണിക്കുന്നതിനാൽ ഈ അക്കൗണ്ടിംഗ് ശീർഷകത്തിൽ നിന്നും അലോക്കേറ്റ് ചെയ്തു നൽകിയ തുകയുടെ അളവോ, ഫണ്ടുകൾ അലോക്കേറ്റ് ചെയ്തു നൽകിയ വിവിധ അടിസ്ഥാന സൗകര്യ പദ്ധതികളെക്കുറിച്ചോ അറിയുവാൻ സാധിക്കില്ല. ഇത് ഗ്രാന്റ് XXVIII-ലെ ബഡ്ജറ്റ് വിഹിതം ഓവർ എസ്റ്റിമേറ്റു ചെയ്യപ്പെടുന്നതിനും തൽഫലമായി ഓരോ വർഷവും ധനവിനിയോഗ കണക്കുകളിൽ പരാമർശിക്കപ്പെടുന്നതിനും ഇടയാക്കുന്നു.

### *3.7.1.3* കിഫ്ബിയ്ക്കു നൽകുന്ന സാമ്പത്തികസഹായം

സംസ്ഥാനത്തെ നിർണ്ണായകവും പ്രമുഖവുമായ അടിസ്ഥാന സൗകര്യ പദ്ധതികളിൽ മുതൽമുടക്ക് നടത്തുന്നതിനുവേണ്ടി 1999-ലെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് നിയമപ്രകാരം സംസ്ഥാന സർക്കാർ രൂപീകരിച്ചതും (1999 നവംബർ) നിയന്ത്രിക്കുന്നതുമായ ഒരു നിയമാനുസൃത സ്ഥാപനമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). എല്ലാവർഷവും സംസ്ഥാന സർക്കാർ പിരിക്കുന്ന പെട്രോളിയം സെസ്സും മോട്ടോർ വാഹന നികുതിയുടെ വിഹിതവും മൂലധന കണക്കിലെ ബഡ്ജറ്റ് വകയിരുത്തലിലൂടെ കിഫ്ബിയ്ക്കായി മാറ്റി വയ്ക്കുന്നു. പെട്രോളിയം സെസ്സിനും മോട്ടോർ വാഹനനികുതിയുടെ വിഹിതത്തിനും പുറമേ, ബാദ്ധ്യതകളുടെ തിരിച്ചടവിനും അധിക ഫണ്ടുകൾ 2021-22-ൽ കിഫ്ബിയ്ക്ക് സംസ്ഥാന സർക്കാർ നൽകുകയുണ്ടായി. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിലെ ബഡ്ജറ്റ് വകയിരുത്തലിന്റെയും കിഫ്ബിയ്ക്ക് നൽകിയ ഫണ്ടുകളുടെയും വർഷം തിരിച്ചുള്ള വിവരങ്ങൾ **പട്ടിക 3.32**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.32 ബഡ്ജറ്റ് വകയിരുത്തലിന്റെയും കിഫ്ബിയ്ക്ക് ഫണ്ടുകൾ നൽകിയതിന്റെയും വർഷം തിരിച്ചുള്ള വിശദവിവരങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | പദ്ധതി | വർഷം | ബഡ്ജറ്റ് | ചെലവ് | മിച്ചം (-)/ അധികം (+) |
|---|---|---|---|---|---|
| 1 | 5475-00-115-96 ബാദ്ധ്യതകളുടെ തിരിച്ചടവിന് കിഫ്ബിയ്ക്കുള്ള സഹായം | 2021-22 | 0 | 322.07 | (+)322.07 |
| 2 | 5475-00-115-97 പെട്രോൾ/ഡീസൽ സെസ്സിൽ നിന്നും കിഫ്ബിയ്ക്കുള്ള വിഹിതം | 2019-20 | 550.00 | 550.00 | 0 |
| | | 2020-21 | 605.00 | 539.00 | (-)66 |
| | | 2021-22 | 500.00 | 500.00 | 0 |
| 3 | 5475-00-115-98 മോട്ടോർ വാഹന നികുതിയിൽ നിന്നും കിഫ്ബിയ്ക്കുള്ള വിഹിതം | 2019-20 | 1,650.00 | 1,650.00 | 0 |
| | | 2020-21 | 1,815.00 | 1,633.85 | (-)181.15 |
| | | 2021-22 | 1,000.00 | 1,568.08 | (+)568.08 |

*ഉറവിടം : കേരള സർക്കാരിന്റെ 2019-20 മുതൽ 2021-22 വരെയുള്ള വിശദമായ ധനവിനിയോഗ കണക്കുകൾ*

മോട്ടോർ വാഹന നികുതിയിലൂടെയും പെട്രോൾ/ഡീസൽ സെസ്സിലൂടെയുമുള്ള വരവിന്റെ പത്തുശതമാനമെന്ന വാർഷിക വളർച്ചാനിരക്ക് എന്ന രീതിയിൽ കണക്കാക്കിയ കിഫ്ബിയുടെ ആസ്തി-ബാധ്യത മാനേജ്മെന്റ് പ്രോജക്ഷനിലെ കുറവ് നികത്തുവാനാണ് 5475-00-115-96 എന്ന ശീർഷകത്തിൽ പുനർധനവിനിയോഗത്തിലൂടെ ₹322.07 കോടിയുടെ അധികതുക 2021-22ൽ നൽകിയത്. 5475-00-115-98 എന്ന ശീർഷകത്തിൽ 2021-22ൽ ₹568.08 കോടി പുനർ ധനവിനിയോഗത്തിലൂടെ നൽകിയത് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്റ്റിന്റെ സെക്ഷൻ 7(1)ൽ നിഷ്കർഷിച്ചിരിക്കുന്ന മോട്ടോർ വാഹനനികുതിയുടെ വിഹിതത്തിന്റെ ബാക്കി തുക നൽകുവാനാണ്.

### *3.7.1.4* ശ്രദ്ധയിൽപ്പെട്ട മറ്റു വിഷയങ്ങൾ

**ബഡ്ജറ്റ് വകയിരുത്തലില്ലാതെ ചെലവ് നേരിട്ടത്**

അതാതു സാമ്പത്തിക വർഷങ്ങളിൽ അസ്സൽ/സപ്ലിമെന്ററി ബഡ്ജറ്റ് വകയിരുത്തലില്ലാതെ മൂന്നു പദ്ധതികളിൽ ചെലവു നേരിട്ടതായി 2020-21 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകളുടെ പരിശോധനയിൽ വെളിവായി. വിശദവിവരങ്ങൾ **പട്ടിക 3.33**ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.33 : ബഡ്ജറ്റ് വകയിരുത്തലില്ലാതെ ചെലവ് നേരിട്ടത്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | പദ്ധതി | വർഷം | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് |
|---|---|---|---|---|
| ***അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ്*** | | | | |
| 1 | 5475-00-115-96 ബാദ്ധ്യതകളുടെ തിരിച്ചടവിന് കിഫ്ബിയ്ക്കുള്ള സഹായം | 2021-22 | 0 | 322.07 |
| 2 | 5465-01-190-96-01 (വി/എൻപി) പ്രാദേശിക ഗ്രാമീണ ബാങ്കുകളിലേക്ക് ഓഹരി വിൽപന യിലുള്ള പങ്കാളിത്തം | 2021-22 | 0 | 94.12 |
| ***പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് വകുപ്പ്*** | | | | |
| 3 | 5475-00-115-93-കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ല്യൂ സഹായം ആർ.കെ.ഡി.പി പ്രോജക്റ്റ് ലോൺ) | 2020-21 | 0 | 100 |
| | | 2021-22 | 0 | 125 |

*ഉറവിടം : അതാതു വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകൾ*

പദ്ധതികളുടെ ചെലവുകൾക്കുള്ള ഫണ്ടുകൾ പുനർ ധനവിനിയോഗം വഴിയാണ് ലഭ്യമാക്കിയത്. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന സമയത്ത് മുൻകൂട്ടി കാണാമായിരുന്നിട്ടും ബഡ്ജറ്റ് വിഹിതമില്ലാതെ പദ്ധതികളിൽ ചെലവ് നേരിട്ടത് ബഡ്ജറ്റ് മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. (കേരള ബഡ്ജറ്റ് മാനുവലിലെ 95-ാം ഖണ്ഡിക).

**യഥാർത്ഥ മിച്ചത്തെ അധികരിച്ച് സറണ്ടർ**

കേരള ബഡ്ജറ്റ് മാനുവലിന്റെ ഖണ്ഡിക 91 അനുസരിച്ച് ധനവിനിയോഗത്തിനുള്ള മറ്റു യൂണിറ്റുകളിൽ അധിക ചെലവു നേരിടാനായി ആവശ്യമില്ലെങ്കിൽ, ഭരണകാര്യ വകുപ്പ് മുൻകൂട്ടി കാണുന്ന എല്ലാ മിച്ചവും സാമ്പത്തിക വർഷാന്ത്യത്തിന് മുൻപ് ധനകാര്യ വകുപ്പിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കുവാൻ സാധിക്കില്ലെന്ന് സാമ്പത്തിക വർഷത്തിനിടയിൽ കണ്ടാൽ, വിതരണാധികാരികൾ ആവശ്യത്തിലധികമുള്ള ഫണ്ടുകൾ തിരിച്ചടയ്ക്കേണ്ടതാണ്. തുടർന്ന് മുഖ്യ നിയന്ത്രണാധികാരി ഗ്രാന്റിലെ മിച്ചം ധനകാര്യ വകുപ്പിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്. ലഭ്യമായ ഫണ്ടുകൾ പദ്ധതികൾക്കിടയിൽ ഉചിതമായി വിതരണം ചെയ്യുന്നതിനായി കൃത്യമായ തിരിച്ചടയ്ക്കൽ നിർദ്ദേശങ്ങൾ സമയോചിതമായി സമർപ്പിയ്ക്കുന്നതിന് അതീവ ശ്രദ്ധ നൽകേണ്ടതുണ്ട്.

ധനവിനിയോഗ കണക്കുകളുടെ പരിശോധനയിൽ ഒരു പദ്ധതിയിൽ അധികമായ തിരിച്ചടയ്ക്കൽ, ബഡ്ജറ്റ് വകയിരുത്തലിനെ അപേക്ഷിച്ച് ചെലവ് അധികരിക്കുന്നതിന് ഇടയാക്കിയതായി കാണപ്പെട്ടത് **പട്ടിക 3.34**ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.34 : യഥാർത്ഥ മിച്ചത്തിനേക്കാൾ കൂടുതൽ തിരിച്ചടയ്ക്കൽ**

*(₹ ലക്ഷത്തിൽ)*

| ക്രമ നമ്പർ | പദ്ധതി | വർഷം | ബഡ്ജറ്റ് വകയിരുത്തൽ | തിരിച്ചടച്ച തുക | അറ്റ ബഡ്ജറ്റ് | ചെലവ് | അധിക ചെലവ് |
|---|---|---|---|---|---|---|---|
| | പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി | | | | | | |
| 1 | 5475-00-190-99 (പി) വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (വിവിധ്) | 2020-21 | 350.00 | 116.66 | 233.34 | 250.00 | 16.66 |

*ഉറവിടം : കേരള സർക്കാരിന്റെ 2020-21ലെ വിശദമായ ധനവിനിയോഗ കണക്കുകളും വിഎൽസി ഡേറ്റയിൽ നിന്നും സമാഹരിച്ചത്.*

വിവേകരഹിതമായ തിരിച്ചടയ്ക്കൽ പ്രസ്തുത അക്കൗണ്ടിംഗ് ശീർഷകത്തിൽ വകുപ്പ്തല അധികാരികൾ പര്യാപ്തമായ രീതിയിൽ ധനവിനിയോഗ പരിശോധനകൾ നടത്തിയിട്ടില്ല എന്ന് സൂചിപ്പിക്കുന്നു.

### 3.7.2 XXVI നമ്പർ ഗ്രാന്റ്- പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്

'2245 - പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം' എന്ന മേജർ ഹെഡ് XXVI നമ്പർ ഗ്രാന്റിൽ ഉൾപ്പെടുന്നു. പ്രകൃതിദുരന്തങ്ങൾക്ക് ഇരയാകുന്നവർക്ക് ഉടനടി ആശ്വാസം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ഗ്രാന്റ്. ഈ ഗ്രാന്റിൻ കീഴിൽ 28 പദ്ധതികളുണ്ട്.

റവന്യൂ ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് ഈ ഗ്രാന്റ് നിയന്ത്രിക്കുന്ന ഏക നിയന്ത്രണാധികാരി. കഴിഞ്ഞ മൂന്നു വർഷകാലയള വിലെ XXVI നമ്പർ ഗ്രാന്റിലെ ബഡ്ജറ്റ് വകയിരുത്തലും ചെലവും **പട്ടിക 3.35**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.35 : ബഡ്ജറ്റ് വകയിരുത്തലും ചെലവും**

*(₹കോടിയിൽ)*

| വർഷം | വിഭാഗം | ബഡ്ജറ്റ് വിഹിതം | ചെലവ് | മിച്ചം (-)/ അധികം (+) | മിച്ചം/അധികം ശതമാനത്തിൽ | പദ്ധതി കളുടെ എണ്ണം |
|---|---|---|---|---|---|---|
| 2019-20 | റവന്യൂ | 1,935.22 | 2,044.32 | 109.10 | 5.64 | 28 |
| 2020-21 | റവന്യൂ | 1,282.79 | 958.25 | (-)324.54 | 25.30 | 28 |
| 2021-22 | റവന്യൂ | 1,287.05 | 1,233.97 | (-)53.08 | 4.12 | 29 |
| | ആകെ | 4,505.06 | 4,236.54 | (-)268.52 | 5.96 | |

*ഉറവിടം : കേരള സർക്കാരിന്റെ 2019-20 മുതൽ 2021-22 വരെയുള്ള ധനവിനിയോഗ കണക്കുകൾ*

#### *3.7.2.1 മിച്ചം*

20 പദ്ധതികളിൽ ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം 50 ശതമാനത്തിൽ താഴെയായിരുന്നുവെന്ന് 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിലെ ധനവിനി യോഗ കണക്കുകളുടെ പരിശോധന വെളിവാക്കുന്നു. വിശദവിവരങ്ങൾ **അനുബന്ധം 3.14**ൽ നൽകിയിരിക്കുന്നു. അഞ്ച് പദ്ധതികളിലെ മിച്ചം ₹25 കോടിയേക്കാൾ അധി കമായിരുന്നുവെന്നും പരിശോധനയിൽ വെളിവായി. വിവരങ്ങൾ **പട്ടിക 3.36**ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.36: മിച്ചം ₹25 കോടിയിലധികമുള്ള പദ്ധതികൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | പദ്ധതി | വർഷം | ബഡ്ജറ്റ് വക യിരുത്തൽ | ചെലവ് | മിച്ചം |
|---|---|---|---|---|---|
| **02 വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് മുതലായവ** | | | | | |
| 1 | 2245-02-113-99(വി) (എൻ.പി) വീടുകളുടെ കേടുപോക്കൽ/ പുനർനിർമ്മാണം എന്നിവയ്ക്കു വേണ്ടി സഹായം | 2020-21 | 360.31 | 63.71 | 296.60 |
| 2 | 2245-02-122-99(വി) (എൻ.പി) കേടുപാടുകൾ സംഭവിച്ച ജലസേചന പദ്ധതികളും വെള്ളപ്പൊക്ക നിവാരണ പണികളും നന്നാക്കി ഉപയോഗയോഗ്യമാക്കുന്നതിന് | 2020-21 | 219.60 | 0.40 | 219.20 |
| 3 | 2245-02-101-94(വി) (എൻ.പി) മറ്റിനങ്ങൾ | 2019-20 | 313.38 | 248.59 | 64.79 |
| 4 | 2245-02-106-99 (വി) (എൻ.പി) കേടുപാട് പറ്റിയ റോഡുകളും പാലങ്ങളും നന്നാക്കി ഉപയോഗയോഗ്യമാക്കുന്നതിന് | 2019-20 | 77.35 | 28.36 | 48.99 |
| | | 2020-21 | 77.35 | 47.43 | 29.92 |
| 5 | 2245-02-101-98(വി) (എൻ.പി) ആഹാരവും വസ്ത്രവും | 2021-22 | 50.00 | 13.71 | 36.29 |

*ഉറവിടം : കേരള സർക്കാരിന്റെ 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിലെ വിശദമായ ധനവിനിയോഗ കണക്കുകളും വിഎൽസി ഡേറ്റയിൽ നിന്നും സമാഹരിച്ചത്.*

സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്.ഡി.ആർ.എഫ്) നിന്നുള്ള സഹായത്തിന്റെ വിനിയോഗത്തിലൂടെ ചുഴലിക്കാറ്റ്, വരൾച്ച, അഗ്നിബാധ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ വിവിധ പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവർക്ക് ഉടനടി ആശ്വാസം നൽകുന്നതിനാണ് ഈ പദ്ധതികളെല്ലാം നടപ്പിലാക്കേണ്ടത്. (സൂചന: ഖണ്ഡിക 2.5.2.1)- 2019-20-ലെ കനത്ത വെള്ളപ്പൊക്കവും 2020-21ലെ കോവിഡ് മഹാമാരിയും ലോക്ക്ഡൗണും 2245-02-106-99 കേടുപാട് പറ്റിയ റോഡുകളും പാലങ്ങളും നന്നാക്കി ഉപയോഗയോഗ്യമാക്കുന്നതിന് എന്ന അക്കൗണ്ടിംഗ് ശീർഷകത്തിൻ കീഴിലെ പണികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചു എന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് മറുപടി നൽകി. പ്രകൃതിക്ഷോഭങ്ങളുടെ ഇരയായവർക്ക് ഉടനടി ആശ്വാസം നൽകുന്നതിനാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് ഉപയോഗിക്കേണ്ടത് എന്നതിനാൽ മറുപടി സ്വീകാര്യമല്ല. എസ്.ഡി.ആർ.എഫിന്റെ താഴ്ന്ന വിനിയോഗം വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് നിഷേധിക്കുന്നതിന് ഇടയാക്കി.

### *3.7.2.2* തുടർച്ചയായ മിച്ചം

**അനുബന്ധം 3.15**ൽ പ്രതിപാദിച്ചിരിക്കുന്നതു പോലെ 10 പദ്ധതികളിൽ 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ തുടർച്ചയായ മിച്ചം ഉണ്ടായിരുന്നതായി ഓഡിറ്റ് പരിശോധനയിൽ വെളിവായി. വർഷംതോറുമുള്ള മിച്ചം കഴിഞ്ഞ കൊല്ലത്തെ ചെലവിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ്പരമായ ആവശ്യകതയുടെ യഥാതഥമായ തിട്ടപ്പെടുത്തൽ നടത്തുന്നതിൽ നിയന്ത്രണ അധികാരികൾക്കും ധനകാര്യവകുപ്പിനും ഉണ്ടായ പരാജയത്തെയും ലഭ്യമായ ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ വകുപ്പിന്റെ വീഴ്ചയെയും സൂചിപ്പിക്കുന്നു.

### 3.7.2.3 ചെലവാകാത്ത വകയിരുത്തൽ സറണ്ടർ ചെയ്യാതിരുന്നത്

സാമ്പത്തിക വർഷ കാലയളവിനുള്ളിൽ, ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കുവാൻ സാധിക്കുകയില്ല എന്ന് കാണുമ്പോൾ, വിതരണാധികാരികൾ ആവശ്യത്തിനുപരിയായുള്ള ഫണ്ടുകൾ തിരിച്ചടയ്ക്കേണ്ടതാണ്. പിന്നീട് മുഖ്യ നിയന്ത്രണാധികാരി ഗ്രാന്റിലെ മിച്ചം ധനകാര്യ വകുപ്പിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്. 2019-20, 2020-21, 2021-22 വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മ പരിശോധനയിൽ പട്ടിക 3.37-ൽ പ്രതിപാദിച്ചിരിക്കുന്നവിധം മൂന്നു പദ്ധതികളിൽ പൂർണ്ണമായി വിനിയോഗിക്കാത്ത ബഡ്ജറ്റ് ഗ്രാന്റും ആവശ്യത്തിലധികമുള്ള ഫണ്ടുകളും സറണ്ടർ ചെയ്തിട്ടില്ല എന്ന് വെളിപ്പെട്ടു

**പട്ടിക 3.37 : ചെലവഴിക്കാതെയുള്ള ബഡ്ജറ്റ് വകയിരുത്തൽ സറണ്ടർ ചെയ്യാതെയിരുന്ന പദ്ധതികൾ**

*(₹ലക്ഷത്തിൽ)*

| ക്രമ നമ്പർ | പദ്ധതി | വർഷം | അറ്റ ബഡ്ജറ്റ് | ചെലവ് | തിരിച്ചടയ്ക്കുവാനുള്ള ബാക്കി |
|---|---|---|---|---|---|
| റവന്യൂ ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടറി | | | | | |
| 1 | 2245-02-113-99 (എൻ.പി) വീടുകളുടെ കേടുപോക്കൽ/ പുനർ നിർമ്മാണം എന്നിവയ്ക്കു വേണ്ടി സഹായം | 2019-20 | 67,604.08 | 67,420.84 | 183.24 |
| | | 2020-21 | 6,410.42 | 6,371.28 | 39.14 |
| | | 2021-22 | 9,183.54 | 9,169.13 | 14.41 |
| 2 | 2245-80-102-95 (എൻ.പി) ചുഴലിക്കാറ്റ് മൂലമുള്ള അപകടസാധ്യത ശമിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ (75 % സി.എസ്.എസ്) | 2021-22 | 5,824.88 | 4,400.17 | 1,424.71 |
| 3 | 2245-80-800-80 (എൻ.പി) പലവക ദുരിതാശ്വാസ പ്രവർത്തനത്തിനുള്ള ചെലവുകൾ | 2021-22 | 9.22 | 1.39 | 7.83 |

*ഉറവിടം : 2019-20 മുതൽ 2021-22 വരെയുള്ള വിശദമായ ധനവിനിയോഗ കണക്കുകളും, വിഎൽസി ഡേറ്റയിൽ നിന്നും സമാഹരിച്ചതും*

മിച്ചം തിരിച്ചടയ്ക്കാതിരിക്കുന്നത് കേരള ബഡ്ജറ്റ് മാനുവലിലെ ഖണ്ഡിക 91-ലെ വ്യവസ്ഥകളുടെ ലംഘനമാണ്.

### 3.7.2.4 ബഡ്ജറ്റ് വകയിരുത്തൽ ഇല്ലാതെ ചെലവ് വരുത്തിയത്

2019-20, 2020-21 കാലയളവിലെ വിശദമായ ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മ പരിശോധനയിൽ രണ്ട് പദ്ധതികളിൽ സാമ്പത്തിക വർഷത്തിൽ അസൽ/സപ്ലിമെന്ററി ബഡ്ജറ്റ് വകയിരുത്തൽ ഒന്നും ഇല്ലാതെ തന്നെ ചെലവ് വരുത്തിയതായി വെളിപ്പെട്ടു. വിശദവിവരങ്ങൾ **പട്ടിക 3.38**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.38 : ബഡ്ജറ്റ് വകയിരുത്തൽ ഇല്ലാതെ ചെലവ് നേരിട്ടത്**

*(₹ ലക്ഷത്തിൽ)*

| ക്രമ നമ്പർ | പദ്ധതി | വർഷം | ബഡ്ജറ്റ് വകയിരുത്തൽ | ചെലവ് |
|---|---|---|---|---|
| റവന്യൂ ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, സെക്രട്ടറി | | | | |
| 1 | 2245-80-102-93 മറ്റ് ദുരന്ത നിവാരണ പദ്ധതികൾ (സ്കൂൾ സുരക്ഷ ഉൾപ്പെടെ)- ഒ.ഡി.എം.എസ് (100% കേന്ദ്രാവിഷ്കൃതം) | 2019-20 | 0 | 4.20 |
| | | 2020-21 | 0 | 39.64 |
| 2 | 2245-80-102-94-ഇന്ത്യയിലെ ഏറ്റവും അധികം വെള്ളപ്പൊക്ക സാധ്യതയുള്ള തെരഞ്ഞെടുത്ത 30 ജില്ലകളിലെ സാമൂഹിക വോളന്റിയർമാർക്ക് ദുരന്ത പ്രതികരണത്തിൽ പരിശീലനം കോട്ടയം ജില്ല (ആപ്ദമിത്ര) (100% കേന്ദ്രാവിഷ്കൃതം) | 2019-20 | 0 | 21.21 |

*ഉറവിടം : 2019-20, 2020-21, 2021-22 വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകൾ*

പദ്ധതികളുടെ ചെലവിനായുള്ള ഫണ്ടുകൾ പുനർധനവിനിയോഗത്തിലൂടെയാണ് നൽകിയത്. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന സമയത്ത് മുൻകൂട്ടി കാണാ മായിരുന്നിട്ടും ബഡ്ജറ്റ് വിഹിതമില്ലാതെ പദ്ധതികൾക്ക് ചെലവ് നേരിട്ടത് ബഡ്ജറ്റ് മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ് (കേരള ബഡ്ജറ്റ് മാനുവലിലെ 95-ാം ഖണ്ഡിക).

## 3.8 നിഗമനങ്ങൾ

1. കേരള പുനർ നിർമ്മാണ വികസന പദ്ധതിയുടെ മന്ദഗതിയിലുള്ള നിർവ്വഹണം ഉടനടി നടപ്പിലാക്കേണ്ടിയിരുന്ന സംസ്ഥാനത്തെ പ്രളയാനന്തര പദ്ധതികളെ പ്രതികൂലമായി ബാധിച്ചു.

2. ബഡ്ജറ്റ് വകയിരുത്തലില്ലാതെ പുനർ ധനവിനിയോഗം വഴി ചെലവ് നേരിട്ടത് ഫണ്ടുകളുടെ ആവശ്യകത തിട്ടപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരാജയത്തെ സൂചിപ്പിക്കുന്നു.

3. വർഷം തോറുമുള്ള മിച്ചം വകുപ്പുകളുടെ ആവശ്യകതയുടെയും വകയിരുത്തിയ വിഭവങ്ങൾ വിനിയോഗിക്കുന്നതിനുള്ള കഴിവിന്റെയും അടിസ്ഥാനത്തിൽ യഥാതഥമായ ബഡ്ജറ്റ് ആസൂത്രണം ചെയ്യുന്നതിലും സർക്കാർ ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ചയെ സൂചിപ്പിക്കുന്നു.

## 3.9 ശുപാർശകൾ

1. ***വകുപ്പുകൾ തങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ കഴിയുന്നത്ര കൃത്യമായി പ്രതിഫലിക്കത്തക്കവിധം ബഡ്ജറ്റ് പ്രപ്പോസലുകൾ സമർപ്പിക്കുന്നുവെന്ന് സംസ്ഥാന സർക്കാർ ഉറപ്പു വരുത്തേണ്ടതാണ്. യാഥാർത്ഥ്യരഹിതമായ എസ്റ്റിമേറ്റുകൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നു ഉറപ്പു വരുത്താനായി ബഡ്ജറ്റ് പ്രപ്പോസലുകളുടെ സൂക്ഷ്മ പരിശോധന ധനകാര്യവകുപ്പ് നടത്തേണ്ടതായുണ്ട്.***

2. *നിശ്ചിത സമയത്തിനുള്ളിൽ പ്രതീക്ഷിക്കുന്ന മിച്ചങ്ങൾ കണ്ടെത്തി സറണ്ടർ ചെയ്യപ്പെടുന്നുവെന്നും ഡിപ്പാർട്ട്മെന്റുകളുടെ ശേഷിക്കുന്ന ബഡ്ജറ്റ് വകയിരുത്തലുകളെ ആശ്രയിച്ച് യഥാർത്ഥ ആവശ്യകതകൾക്കനുസൃതമായി സപ്ലിമെന്ററി ധനാഭ്യർത്ഥനകൾ നടത്തുന്നുവെന്നും ഉറപ്പാക്കാൻ അനുയോജ്യമായ ബഡ്ജറ്റ് നിരീക്ഷണവും നിയന്ത്രണ സംവിധാനവും സ്ഥാപിക്കേണ്ടതുണ്ട്.*

3. *ഭരണഘടനയുടെ 205-ാം അനുച്ഛേദത്തിന്റെ പൊരുൾ നിലനിർത്തുന്നതിന് വേണ്ടി നിയമസഭ അംഗീകരിച്ച പരിധി അധികരിച്ച് നേരിട്ട ചെലവുകളെ ഗൗരവമായി കണ്ട് എത്രയും പെട്ടെന്ന് ക്രമപ്പെടുത്തുന്നുണ്ട് എന്ന് സംസ്ഥാന സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.*

4. *ന്യൂ സർവ്വീസ്/ ന്യൂ ഇൻസ്ട്രമെന്റ് ഓഫ് സർവ്വീസിൽ പെടാത്ത സ്ഥിരമായി ടോക്കൺ വകയിരുത്തലുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ അവലോകനം ചെയ്യേണ്ടതാണ്. ടോക്കൺ വകയിരുത്തൽ നടത്തുമ്പോൾ 2017 ജനറൽ ഫിനാൻഷ്യൽ റൂൾസിലെ അനുബന്ധം 3ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.*

5. *വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സാമ്പത്തിക വകയിരുത്തലും കൈവരിച്ച ഭൗതിക ലക്ഷ്യങ്ങളും തമ്മിൽ പര്യാപ്തമായ ബന്ധം സ്ഥാപിക്കുന്ന പെർഫോർമൻസ് ബഡ്ജറ്റ് നിയമസഭയിൽ ബഡ്ജറ്റ് പേപ്പറുകൾക്കൊപ്പം അവതരിപ്പിക്കേണ്ടതുണ്ട്.*

6. *സ്ത്രീകൾക്ക് നേട്ടമുണ്ടാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതികളുടെ ഫലപ്രാപ്തി കണ്ടെത്തുന്നതിന്, മുൻവർഷത്തെ പെർഫോർമൻസ് റിപ്പോർട്ട് അതാത് വർഷത്തെ ജെൻഡർ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.*

# അദ്ധ്യായം IV

# അക്കൗണ്ട്സിന്റെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗ് രീതികളും

# അദ്ധ്യായം IV

# അക്കൗണ്ട്സിന്റെ ഗുണനിലവാരവും സാമ്പത്തിക റിപ്പോർട്ടിംഗ് രീതികളും

പ്രസക്തവും വിശ്വസനീയവുമായ വിവരങ്ങളോടു കൂടിയ ഭദ്രമായ ആന്തരിക സാമ്പത്തിക റിപ്പോർട്ടിംഗ് സംവിധാനം സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമവും ഫലപ്രദവുമായ ഭരണ നിർവ്വഹണത്തെ സഹായിക്കുന്നു. സാമ്പത്തിക നിയമങ്ങളുടെയും നടപടികളുടെയും ഉത്തരവുകളുടെയും പാലനവും അത്തരം പാലനത്തിന്റെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടിംഗിന്റെ സമയനിഷ്ഠയും ഗുണനിലവാരവും നല്ല ഭരണനിർവ്വഹണത്തിന്റെ ലക്ഷണങ്ങളാണ്. പാലനത്തിന്റെയും നിയന്ത്രണത്തിന്റെയും റിപ്പോർട്ടുകൾ ഫലപ്രദവും പ്രവർത്തനനിരതവുമാണെങ്കിൽ അവ തന്ത്രപരമായ ആസൂത്രണവും തീരുമാനമെടുക്കുന്നതുമുൾപ്പെടെയുള്ള സർക്കാരിന്റെ അടിസ്ഥാനപരമായ മേൽനോട്ട ചുമതലകൾ പൂർത്തിയാക്കുന്നതിൽ സഹായിക്കുന്നു.

## 4.1 കണക്കുകളുടെ പൂർണ്ണതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

കണക്കുകളുടെ പൂർണ്ണത എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഒരു സാമ്പത്തിക വർഷത്തിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട എല്ലാ ഇനങ്ങളും/ ഇടപാടുകളും കണക്കുകളിൽ ചേർത്തിട്ടുണ്ട് എന്നതാണ്. അങ്ങനെ പൂർണ്ണത എന്നതുകൊണ്ട് ഉറപ്പാക്കുന്നത് പ്രസക്തമായ വിട്ടുപോകലുകൾ ഇല്ല എന്നാണ്.

### 4.1.1 നികുതിപിരിവ് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കുന്നതിലെ വീഴ്ച

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 266(1)ലെ വ്യവസ്ഥകളനുസരിച്ച്, ആർട്ടിക്കിൾ 267ലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന സർക്കാരിന് ലഭിക്കുന്ന എല്ലാ വരവുകളും, ട്രഷറി ബില്ലുകളിലൂടെ സർക്കാർ സമാഹരിക്കുന്ന എല്ലാ വായ്പകളും, വെയ്സ് ആന്റ് മീൻസ് മുൻകൂറുകളും, വായ്പകളുടെ തിരിച്ചടവിലൂടെ സർക്കാരിന് ലഭിക്കുന്ന എല്ലാ ധനവും ചേർന്ന് ഒരു സഞ്ചിതനിധിയായി 'സംസ്ഥാനത്തിന്റെ സഞ്ചിതനിധി' എന്ന പേരിലറിയപ്പെടുന്നു. ആർട്ടിക്കിൾ 266(2) അനുസരിച്ച്, സംസ്ഥാന സർക്കാരിനോ സർക്കാരിനു വേണ്ടിയോ ലഭിക്കുന്ന മറ്റെല്ലാ പൊതുധനവും സംസ്ഥാനത്തിന്റെ പബ്ലിക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്.

#### എ. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ്

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് നിയമം 1996 അനുസരിച്ച് നിർമ്മാണച്ചെലവിന്മേൽ കുറഞ്ഞത് ഒരു ശതമാനം നിരക്കിൽ തൊഴിൽ ക്ഷേമ സെസ്സ് ചുമത്താവുന്നതും പിരിക്കാവുന്നതുമാണ്. കൂടാതെ, കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ (1998-ന്റെ) ചട്ടം 5-ന്റെ വ്യവസ്ഥ അനുസരിച്ച് പിരിച്ചെടുത്ത സെസ്സ്, കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കണക്ക് ശീർഷകത്തിൽ സംസ്ഥാനത്തിന്റെ കണക്ക് നടപടിക്രമങ്ങളിൻ കീഴിൽ നിഷ്കർഷിക്കുന്ന ചെല്ലാൻ ഫോം സഹിതം കൈമാറ്റം ചെയ്യേണ്ട

താണ്. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സിന്റെ അക്കൗണ്ടിംഗിനായി സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഒന്നും രൂപപ്പെടുത്തിയില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സംസ്ഥാന സർക്കാർ, ശേഖരിക്കുന്ന സെസ്സ് അക്കൗണ്ട് ചെയ്യാനായി ബന്ധപ്പെട്ട വരവിന്റെ മുഖ്യ ശീർഷകത്തിന് കീഴിൽ ഒരു ഉപശീർഷകം തുറക്കുകയോ പല വകുപ്പുകൾ/ ഏജൻസികൾ എന്നിവയ്ക്ക് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് സെസ്സ് തുക മാറ്റുന്നതിനായി റവന്യൂ ചെലവിന്റെ ഒരു നിർവ്വഹണ ശീർഷകം തുറക്കുകയോ ചെയ്തില്ല. ശേഖരിച്ച സെസ്സ് തുക, ഇൻഡ്യൻ ഭരണഘടനയുടെ അനുച്ഛേദം 266(1)ൽ നിർദ്ദേശിക്കുന്ന പ്രകാരം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലൂടെ കൈമാറ്റം ചെയ്യുന്നതിന് പകരം ബോർഡിന്റെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്.റ്റി.എസ്.ബി) അക്കൗണ്ടിലേയ്ക്ക്/ ബോർഡിന്റെ ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിച്ചു. 2017-18 മുതൽ 2021-22 വരെ ബോർഡിന് ലഭിച്ച സെസ്സ് തുക ചുവടെ കൊടുത്തിരിക്കുന്ന **പട്ടിക 4.1**ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 4.1 ബോർഡിന് ലഭിച്ച കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സിന്റെ പ്രതിവർഷ വരവ്**

*(₹കോടിയിൽ)*

| വർഷം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|---|
| ബോർഡിന് ലഭിച്ച കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് | 192.45 | 248.95 | 232.81 | 247.97 | 285.30 | 1,207.48 |

*ഉറവിടം : കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും ശേഖരിച്ച വിവരങ്ങൾ*

2021-22-ൽ മാത്രം ₹285.30 കോടി ഉൾപ്പെടെ, 2017-18 മുതൽ 2021-22 വരെ ₹1,207.48 കോടി, സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലൂടെ കൈമാറ്റം ചെയ്യപ്പെടാതെ ബോർഡിന് ലഭിച്ചതായി നിരീക്ഷിച്ചു.

## ബി. ജില്ലാ മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റിനുള്ള സംഭാവനകൾ

ജില്ലകളിലെ ഖനന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ ആളുകളുടെ താൽപ്പര്യത്തിനും പ്രയോജനത്തിനുമായി കേരളാ ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ, 2018 അനുസരിച്ച് ജില്ലാ കളക്ടറുടെ അധീനതയിൽ എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് (മുമ്പത്തെ, ക്വാറി സേഫ്റ്റി ഫണ്ട്[31]) പ്രവർത്തിക്കുന്നു. ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റിന് ലഭിക്കുന്ന സംഭാവനകളിൽ സംസ്ഥാന സർക്കാരിന്റെ താഴെപ്പറയുന്ന വരവുകൾ ഉൾക്കൊള്ളുന്നു.

- മുഖ്യ ധാതുക്കളുടെ പാട്ടക്കാരുടെ 30 ശതമാനം നിരക്കിലുള്ള റോയൽറ്റിയുടെ അടവ്

[31] പ്രവർത്തനരഹിതമായ ക്വാറികളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള ചെലവുകൾ കണ്ടെത്തുന്നതിലേയ്ക്കായി, കേരളാ മൈനർ മിനറൽ കൺസെഷൻ റൂൾസ്, 2015 അനുസരിച്ച് എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാർ ക്വാറി സേഫ്റ്റി ഫണ്ട് രൂപീകരിച്ചു. കേരളാ മൈനർ മിനറൽ കൺസെഷൻ റൂൾസ്, 2015 അനുസരിച്ചുണ്ടാക്കിയ ക്വാറി സേഫ്റ്റി ഫണ്ടിന് പകരം കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ റൂൾസ്, 2018 പ്രകാരം, ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് 22/02/2018 മുതൽ നിലവിൽ വന്നു.

- ലഘു ധാതുക്കളുടെ പാട്ടക്കാരും പെർമിറ്റുകാരും റോയൽറ്റിയുടെ 10 ശതമാനം നിരക്കിൽ അടയ്ക്കുന്ന പണം

- ലഘു ധാതു പാട്ടങ്ങളുടെ/ പെർമിറ്റുകളുടെ ഉടമകൾ നൽകുന്ന റോയൽറ്റിയുടെ അല്ലെങ്കിൽ ഏകീകൃത റോയൽറ്റിയുടെ 10 ശതമാനം നിരക്കിൽ അടയ്ക്കുന്ന പണം

മേൽ പറഞ്ഞ വിധത്തിൽ പിരിക്കുന്ന റവന്യൂ, ബന്ധപ്പെട്ട ജില്ലകളിലെ ജില്ലാ കളക്ടർമാരും ജില്ലാ ജിയോളജിസ്റ്റുകളും സംയുക്തമായി കൈകാര്യം ചെയ്യുന്ന ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. 2019-20 മുതൽ 2021-22 വരെ ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റിലും മുമ്പുണ്ടായിരുന്ന ക്വാറി സേഫ്റ്റി ഫണ്ടിലും ലഭിച്ച തുക താഴെക്കൊടുത്തിരിക്കുന്ന **പട്ടിക 4.2**ൽ കാണിച്ചിരിക്കുന്നു

**പട്ടിക 4.2 ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റിൽ ലഭിച്ച വർഷം തിരിച്ചുള്ള വരവുകൾ**

***(₹ കോടിയിൽ)***

| വർഷം | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|
| ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് | 9.37 | 10.83 | 10.00 | 30.20 |

*ഉറവിടം : മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്ന് ലഭിച്ച വിവരം*

2021-22ൽ മാത്രം ₹10.00 കോടി ഉൾപ്പെടെ 2019-20 മുതൽ 2021-22 വരെ ₹30.20 കോടിയുടെ സംഭാവനകൾ ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റിന് നൽകിയതായി കണ്ടു.

സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് സർക്കാർ റവന്യൂ അടയ്ക്കാതിരുന്ന മുകളിൽ വിവരിച്ച കേസുകൾ ഇൻഡ്യൻ ഭരണഘടനയുടെ അനുച്ഛേദം 266(1)നെ ലംഘിക്കുന്നതാണ്. തൽഫലമായി, സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് ചേർക്കാനുള്ള ഒരു നിർദ്ദിഷ്ട അക്കൗണ്ട് ഹെഡിന്റെ അഭാവത്തിൽ, വിവിധ അതോറിറ്റികൾ എത്ര പണം പിരിച്ചെന്നും ബോർഡിലേയ്ക്കോ ട്രസ്റ്റിലേയ്ക്കോ എത്ര പണം കൈമാറ്റം ചെയ്തെന്നും ഉറപ്പാക്കാനാകുന്നില്ല. കണക്കുകളിലെ ഇത്തരം പിശകുകളും സർക്കാർ അക്കൗണ്ടിലേയ്ക്ക് പണം അടയ്ക്കാത്തതും ധനദുർവിനിയോഗത്തിനിടയാക്കുന്നു. ആയത് സർക്കാർ പരിശോധിക്കേണ്ടതാണ്.

ഇത് അതാത് വർഷങ്ങളിലെ നികുതിയേതര വരുമാനവും അതിൽ നിന്നും രൂപപ്പെടുന്ന സാമ്പത്തിക ഏകകങ്ങളും കുറച്ചു കാണിക്കുന്നതിനിടയാക്കി.

### 4.1.2 പൊതു കണക്കിൽ ഫണ്ടുകൾ നിക്ഷേപിക്കുന്ന കാര്യത്തിൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് വന്ന പരാജയം

ഭരണഘടനയുടെ അനുച്ഛേദം 12ലെ സംസ്ഥാനത്തിന്റെ നിർവ്വചനത്തിനുള്ളിലാണ് നിയന്ത്രണ അധികാരികൾ വരുന്നത്. സർക്കാരിനു വേണ്ടി നിറവേറ്റുന്ന ചുമതലകൾക്കു വേണ്ടിയാണ് അവർ പണം സ്വീകരിക്കുന്നത്. അതിനാൽ അവരുടെ ധനം ഇന്ത്യയുടെ/ സംസ്ഥാനത്തിന്റെ പൊതു കണക്കിൽ സൂക്ഷിക്കേണ്ടതാണ്.

എന്നാൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ധനം സർക്കാർ അക്കൗണ്ടിന് പുറത്താണ് സൂക്ഷിച്ചിരുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഫണ്ട് വൈദ്യുതി ആക്ട്, 2003-ന്റെ സെക്ഷൻ 103 അനുസരിച്ച് രൂപീകരിച്ചതാണെന്നും കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഫണ്ട് റൂൾസ് 2013-ന്റെ ചട്ടം 3-ന്റെ ഉപചട്ടം (3) പ്രകാരം ഫണ്ടിന്റെ പ്രധാന അക്കൗണ്ട് ഏതെങ്കിലും ദേശസാൽകൃത ബാങ്കിലും ഉപഅക്കൗണ്ടുകൾ കമ്മീഷന് ഉചിതമെന്നു തോന്നുന്ന, അത്തരം ബാങ്കുകളുടെ മറ്റ് ശാഖകളിലും സൂക്ഷിക്കാവുന്നതും അതനുസരിച്ച് കമ്മീഷന്റെ പ്രധാന അക്കൗണ്ടും ഉപഅക്കൗണ്ടുകളും തിരുവനന്തപുരത്തെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലും ജില്ലാ ട്രഷറിയിലും സൂക്ഷിക്കുന്നുവെന്നും കമ്മീഷൻ പ്രസ്താവിച്ചു.

സംസ്ഥാനത്തിന്റെ പേരിൽ ലഭിക്കുന്ന പൊതുധനം, ഭരണഘടനയുടെ അനുച്ഛേദം 266(2) പ്രകാരം സംസ്ഥാനത്തിന്റെ പൊതു അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതായതിനാലും അങ്ങനെ ചെയ്യാതിരിക്കുന്നത് ഭരണഘടനയുടെ മേൽപ്പറഞ്ഞ അനുച്ഛേദത്തിന്റെ ലംഘനം ആയതു കൊണ്ടും മറുപടി സ്വീകാര്യമല്ല.

31 മാർച്ച് 2022 ലെ കണക്കുകൾ അനുസരിച്ച് കെ.എസ്.ഇ.ആർ.സി. ദേശസാൽകൃത ബാങ്കുകളിൽ സൂക്ഷിച്ച മൊത്തം സ്ഥിര നിക്ഷേപമായ ₹42.04 കോടി, സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ ചെയ്യുന്നത് പോലെ, പൊതു കണക്കിലേയ്ക്ക് (ജെ- പലിശരഹിത റിസർവ് ഫണ്ടുകളുടെ കീഴിൽ) വരവ് വയ്ക്കേണ്ടതായിരുന്നു.

ഖണ്ഡിക 4.1.1(a) മുതൽ 4.1.2 വരെ പ്രതിപാദിച്ചിരിക്കുന്ന മൂന്ന് പ്രശ്നങ്ങളും മാർച്ച് 2020ലും 2021ലും അവസാനിച്ച സ്റ്റേറ്റ് ഫിനാൻസസ് ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ, ഇപ്പറഞ്ഞ തുകകൾ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധി/ പൊതു കണക്കിൽ കൊണ്ടുവരുന്നതിനുവേണ്ട ഒരു നടപടിയും സർക്കാർ കൈകൊണ്ടില്ല.

റവന്യൂ വരവ് ഒടുക്കാത്തത് നിയമസഭയുടെ പരിശോധനയ്ക്ക് വിധേയമാകാതിരിക്കാനിടയാക്കി. അതുകൊണ്ട്, ഈ ഫണ്ടുകളിൽ/ട്രസ്റ്റുകളിൽ നിന്നുള്ള റവന്യൂ നീരീക്ഷിക്കുന്നതിനായി റവന്യൂ വരവുകളുടേയും/ റവന്യൂ ചെലവുകളുടേയും കീഴിലായി അനുയോജ്യമായ അക്കൗണ്ട് ശീർഷകങ്ങൾ തുറന്ന് പണത്തിന്റെ ഒടുക്കലും/ കൊടുക്കലും എന്നിവയ്ക്കായി ഒരു സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു

### 4.1.3 ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം

ഈ സംവിധാന പ്രകാരം ബി.ഡി.എസ് തെരെഞ്ഞെടുക്കുന്ന കരാറുകാർക്ക് കുടിശ്ശികയുള്ള ബില്ലുകൾക്കെതിരെ സംസ്ഥാന സർക്കാർ പ്രോമിസറി നോട്ടുകൾ കൊടുക്കുന്നു. ബാങ്കുകൾ പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ കരാറുകാർ പ്രോമിസറി നോട്ട് ഡിസ്കൗണ്ട് ചെയ്യുന്നു. വാർഷികമായി പരമാവധി അഞ്ച് ശതമാനം എന്ന പരിധിയ്ക്ക് വിധേയമായി ഡിസ്കൗണ്ട് ചാർജ്ജസിന്റെ പകുതി സംസ്ഥാന സർക്കാർ വഹിക്കുന്നു. അക്കൗണ്ടുകൾക്ക് ബാഹ്യമായി കടമെടുക്കുന്ന ഒരു നൂതന രീതിയാണിത്.

**ചാർട്ട് 4.1 ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റത്തിലെ നടപടിക്രമം**

1. ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ (ഡി.ഡി.ഒ), പേയ്മെന്റിനായി കരാറുകാരുടെ ബില്ലുകൾ എമിലി (ഇ.എം.എൽ.ഐ) സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്യുന്നു.

↓

2. അപ്ലോഡ് ചെയ്ത ബില്ലുകളുടെ പേയ്മെന്റിനായി എൽ.ഒ.സി. നൽകാനുള്ള നിശ്ചിത തീയതി (കാലതാമസം ആറു മുതൽ എട്ടു മാസം വരെ) അറിയിച്ചുകൊണ്ടുള്ള ഉത്തരവുകൾ ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്നു.

↓

3. സമ്മതമുള്ള കരാറുകാർ ബി.ഡി.എസ് മുഖേനയുള്ള പേയ്മെന്റ് തെരഞ്ഞെടുക്കുന്നു.

↓

4. ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽ നിന്നും കരാറുകാരുടെ അക്കൗണ്ട് വിവരങ്ങൾ ഡി.ഡി.ഒ.യ്ക്ക് ലഭിക്കുന്നു.

↓

5. പ്രോമിസ്സറി നോട്ട് നൽകുന്നതിനായി ഡി.ഡി.ഒ ധനകാര്യ വകുപ്പിലേയ്ക്ക് നിർദ്ദേശം അയയ്ക്കുന്നു.

↓

6. കൊടുക്കുവാനുള്ള തുകയ്ക്ക് ഇലക്ട്രോണിക് രീതിയിൽ കരാറുകാർക്ക് ധനകാര്യവകുപ്പ് പ്രോമിസ്സറി നോട്ട് നൽകുന്നു.

↓

7. ധനകാര്യ സ്ഥാപനം പ്രോമിസ്സറി നോട്ട് ഡിസ്ക്കൗണ്ട് ചെയ്യുകയും കരാറുകാർക്ക് പണം നൽകുകയും ചെയ്യുന്നു.

↓

8. നിശ്ചിത തീയതിയിൽ (ക്രമ നമ്പർ 2-ൽ പ്രതിപാദിച്ചത്), ഡിസ്ക്കൗണ്ട് ചെയ്ത പ്രോമിസ്സറി നോട്ടിനെതിരായി ധനകാര്യ സ്ഥാപനം മുൻകൂർ നൽകിയ തുക തീർപ്പാക്കുന്നതിനായി കരാറുകാരുടെ അക്കൗണ്ട് (കൊടുക്കാനുള്ള തുക + ഡിസ്ക്കൗണ്ട് ചാർജ്ജിന്റെ സർക്കാർ വിഹിതം) ധനകാര്യ വകുപ്പ് ക്രെഡിറ്റ് ചെയ്യുന്നു.

↓

9. കണക്കിൽ ഉൾപ്പെടുന്നതിനായി നിശ്ചിത തീയതിയിൽ അക്കൗണ്ടിംഗ് ചെയ്യുന്നതിനു വേണ്ടി കരാറുകാരുടെ ബിൽ ഡി.ഡി.ഒ ട്രഷറിയിൽ സമർപ്പിക്കുന്നു.

↓

10. ബന്ധപ്പെട്ട അക്കൗണ്ടിംഗ് ശീർഷകങ്ങൾ അഡ്ജസ്റ്റ് ചെയ്തു കൊണ്ട് ട്രഷറി ബിൽ തീർപ്പാക്കുകയും ചെലവ് സർക്കാർ കണക്കുകളിൽ ചേർക്കപ്പെടുകയും ചെയ്യുന്നു.

2021-22 കാലയളവിൽ, കേരള സർക്കാർ ₹2,652.94 കോടിയ്ക്കുള്ള പ്രോമിസ്സറി നോട്ടുകൾ നൽകിയതായി ഓഡിറ്റ് നിരീക്ഷിച്ചു. തൻ വർഷത്തിൽ തീർപ്പാക്കിയ പ്രോമിസ്സറി നോട്ടുകൾ ₹1,051.22 കോടിയ്ക്കുള്ളതായിരുന്നു. 31 മാർച്ച് 2022ൽ ₹1,601.72 കോടിയ്ക്കുള്ള പ്രോമിസ്സറി നോട്ടുകൾ തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്നു. വ്യക്തമായ ബാദ്ധ്യതകൾ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റിവയ്ക്കുന്നതിന് ഇത് ഇടയാക്കി.

- 2021-22 വർഷത്തിൽ കരാറുകാർ/ വിതരണക്കാർ ക്ലെയിം ചെയ്ത ബില്ലുകളിൽ പൊതുമരാമത്ത് വകുപ്പ് അപ്‌ലോഡ്[33] ചെയ്ത ബില്ലുകളുടെ നിശ്ചിത തീയതി അറിയിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കുന്നതിന് 2.5 മാസത്തിന്റെ കാലതാമസം[32] ഉണ്ടായപ്പോൾ മറ്റു വകുപ്പുകളുടെ/ ഏജൻസികളുടെ കാര്യത്തിൽ കാലതാമസം ഇല്ലായിരുന്നു. ബി.ഡി.എസ്. മുഖേനയുള്ള ബില്ലുകളുടെ തീർപ്പാക്കൽ, ഡിസ്കൗണ്ട് ചാർജ്ജുകളുടെ പേയ്മെന്റായി സർക്കാരിന് അധിക ബാധ്യത വരാൻ ഇടയാക്കി. ഡിസ്കൗണ്ടിംഗ് ചാർജ്ജിന്റെ വിഹിതം കൊടുക്കാനുള്ള സർക്കാരിന്റെ ഡിസ്കൗണ്ടിംഗ് കാലാവധി[34] ശരാശരി 5.26 മാസം (പി.ഡബ്ല്യൂ.ഡി. ബില്ലുകൾ) മുതൽ 5.57 മാസം (മറ്റ് വകുപ്പുകൾ) വരെ ആയിരുന്നു. ബില്ലുകളുടെ പേയ്മെന്റ് ഭാവിയിലേയ്ക്ക് മാറ്റി വയ്ക്കുന്നത് കാരണം സംസ്ഥാന സർക്കാരിന് ഡിസ്ക്കൗണ്ട് ചാർജ്ജുകളുടെ രൂപത്തിൽ അധിക ചെലവ് നേരിടേണ്ടി വരുന്നു. ഇത്തരത്തിലുള്ള ഡിസ്ക്കൗണ്ട് ചാർജ്ജുകൾ സംസ്ഥാനത്തിന്റെ ഞെരുങ്ങിയ സാമ്പത്തിക സ്ഥിതിയെ കൂടുതൽ കഠിനമാക്കി. 2021-22 കാലയളവിലെ ഡിസ്ക്കൗണ്ട് ചാർജ്ജ് ₹48.11 കോടിയായിരുന്നു.

2021-22 കാലയളവിൽ മിച്ചമായി (സേവിംഗ്സ്) ₹31,564.72 കോടി ഉണ്ടായിരുന്നതും ഗ്രാന്റ് നം.XV പി.ഡബ്ല്യൂ.ഡിയിൽ കീഴിൽ വന്ന മിച്ചം ₹1,249.68 കോടി ഇത് കൂടി പി.ഡബ്ല്യൂ.ഡി.യുടെ മൊത്ത ധനവിഹിതത്തിന്റെ 15 ശതമാനം, ആയിരുന്നുവെന്ന് എടുത്തു പറയേണ്ട കാര്യമാണ്. ആവശ്യത്തിന് മിച്ചമുണ്ടായിരിക്കെ കരാറുകാർക്ക് പേയ്മെന്റ് നടത്തുവാനുള്ള സർക്കാരിന്റെ ബാധ്യത മാറ്റി വയ്ക്കുന്നത് അനുചിതവും ബാങ്ക് ചാർജ്ജ്സ് ആയി അധിക തുക കൊടുക്കേണ്ടി വരുന്നത് ഒഴിവാക്കാവുന്നതുമാണ്. കൂടുതൽ മിച്ചമുള്ള അത്തരം സാഹചര്യത്തിൽ പ്രോമിസ്സറി നോട്ടുകൾ കൊടുക്കുന്നതും പുറപ്പെടുവിക്കുന്നതും കൂടുതൽ ബാധ്യതകളിലേയ്ക്ക് പോകുന്നതും ഒഴിവാക്കാവുന്നതും അനാവശ്യവുമാണ്.

### 4.1.4 പലിശ ബാധ്യതയുള്ള നിക്ഷേപങ്ങളുടെ പലിശ സംബന്ധമായ ബാധ്യത നിറവേറ്റാത്തത്

പലിശ ബാധ്യതയുള്ള നിക്ഷേപങ്ങളിലെ (മേജർ അക്കൗണ്ട് ശീർഷകം 8336 മുതൽ 8342 വരെ) തുകയ്ക്ക് പലിശ വകയിരുത്തുകയും നൽകുകയും ചെയ്യാനുള്ള ബാധ്യത സർക്കാരിനുണ്ട്.

എന്നാൽ, ഓഡിറ്റ് പരിശോധന വെളിപ്പെടുത്തിയത്. 2021-22 വർഷത്തിൽ **പട്ടിക 4.3**ൽ കാണിച്ചിട്ടുള്ള പലിശ ബാദ്ധ്യതയുള്ള നിക്ഷേപങ്ങളിന്മേലുള്ള പലിശ നൽകാനുള്ള ബാദ്ധ്യത നിറവേറ്റാനായി ബഡ്ജറ്റിൽ ഒരു തുകയും വകയിരുത്തിയിരുന്നില്ല എന്നാണ്.

---

32 ഫ്ളോ ചാർട്ടിലെ ചരണം 1 നും 2 നും ഇടയിലുള്ള സമയ ദൈർഘ്യം

33 ഡി.ഡി.ഒ.മാർ കരാറുകാരുടെ ബില്ലുകൾ എമിലി (ഇഎംഎൽഐ) സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്യുന്നു. ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുന്നതിന് കരാറുകാരുടെ സംസ്ഥാനതല സീനിയോറിറ്റി ക്രമീകരിക്കുന്നതിനു വേണ്ടി ധനകാര്യ വകുപ്പ് ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ ആണ് എമിലി.

34 ഫ്ളോ ചാർട്ടിലെ ചരണം 2 നും 8 നും ഇടയിലുള്ള സമയ ദൈർഘ്യം.

**പട്ടിക 4.3 : പലിശ ബാധ്യതയുള്ള നിക്ഷേപങ്ങളുടെ പലിശ ബാധ്യത നിറവേറ്റാത്തത്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | പലിശ സഹിത നിക്ഷേപത്തിന്റെ പേര് | 01 ഏപ്രിൽ 2021ലെ പ്രാരംഭ തുക | പലിശ നിരക്ക് (%) | കൊടുക്കേണ്ട പലിശ | കൊടുത്ത പലിശ | കൊടുക്കാനുള്ള ബാക്കി പലിശ |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | ദേശീയ പെൻഷൻ പദ്ധതി | 0.17 | 7.1 | 0.01 | ഇല്ല | 0.01 |
| 2 | സംസ്ഥാന നഷ്ട പരിഹാര വനവൽക്കരണ നിക്ഷേപം | 70.70 | 3.35 | 2.37 | ഇല്ല | 2.37 |
| 3 | സംസ്ഥാന ദുരന്ത നിവാരണ നിധി | 646.47 | റിപ്പോ നിരക്ക് + 2% | 38.79 | ഇല്ല | 38.79 |
| ആകെ | | | | **41.17** | ഇല്ല | **41.17** |

*ഉറവിടം : സാമ്പത്തിക കണക്കുകൾ*

പലിശ വകയിരുത്താത്തത്/നൽകാത്തതു കാരണം റവന്യൂവിലും സാമ്പത്തിക കമ്മിയിലും ₹41.17 കോടി കുറച്ചു കാണിക്കാനിടയാക്കി.

## 4.2 സുതാര്യത സംബന്ധിച്ച പ്രശ്നങ്ങൾ

സുതാര്യത എന്നതുകൊണ്ട് ഉറപ്പാക്കുന്നത്, എല്ലാക്കാര്യങ്ങളും ഉചിതമായി വെളിപ്പെടുന്നുണ്ടെന്നും അനായാസം മനസ്സിലാക്കപ്പെടുന്നു എന്നതുമാണ്.

### 4.2.1 വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിലെ കാലതാമസം

കേരള ഫിനാൻഷ്യൽ കോഡിന്റെ അനുച്ഛേദം 208 നിഷ്കർഷിക്കുന്നത്, സംസ്ഥാനം സ്വകാര്യ സ്ഥാപനങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും പൊതു ആവശ്യങ്ങൾക്കായി ധനസഹായം ചെയ്യുന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 282 അനുസരിച്ചായിരിക്കണം എന്നതാണ്. ധനകാര്യ നിയമങ്ങളനുസരിച്ച്[35] ധനസഹായം അനുവദിക്കുന്ന സ്ഥാപനം, ധനസഹായം അനുവദിക്കുന്ന ഓരോ ഉത്തരവിനോടൊപ്പവും ഉത്തരവിന്റെ തീയതിയിൽ നിന്നും ഒരു വർഷത്തിൽ കൂടാത്ത സമയപരിധി വിനിയോഗത്തിനും, ഒമ്പതുമാസത്തിന്റെ സമയപരിധി ഓഡിറ്റ് ചെയ്ത അക്കൗണ്ട് സമർപ്പിക്കുന്നതിനും ഓഡിറ്റ് ചെയ്ത് അക്കൗണ്ട് ലഭിച്ച് മൂന്നു മാസത്തിനകം വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതും ആണ് എന്ന് നിർദ്ദേശിക്കുന്നു. ₹2,00,000ൽ കൂടുതലുള്ള ധനസഹായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് ആന്റ് എന്റൈറ്റിൽമെന്റ്), കേരളത്തിന്, സമർപ്പിക്കേണ്ടതും ആണ്. 2021-22-ൽ ലഭിക്കേണ്ടിയിരുന്ന ₹1.19 കോടിയുടെ ആറ് വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)യ്ക്ക് മാർച്ച് 2022 വരെ ലഭിച്ചിട്ടില്ല എന്ന് നിരീക്ഷിച്ചു. കുടിശ്ശികയുള്ള വിനിയോഗ പത്രങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 4.4**ൽ കാണിച്ചിരിക്കുന്നു.

[35] കേരള ഫിനാൻഷ്യൽ കോഡിന്റെ ആർട്ടിക്കിൾ 210 (വാല്യം I)

**പട്ടിക 4.4 കുടിശ്ശികയുള്ള വിനിയോഗ പത്രങ്ങളുടെ വിശദാംശങ്ങൾ**

*( ₹ കോടിയിൽ)*

| ക്രമ നമ്പർ | ധനസഹായം അനുവദിക്കുന്ന അധികാരി | നടപ്പിലാക്കുന്ന ഏജൻസി | ധനസഹായത്തിന്റെ വിവരങ്ങൾ | | തുക |
|---|---|---|---|---|---|
| | | | ധനസഹായം കൊടുത്ത വർഷം | യു.സി. കൊടുക്കേ വർഷം | |
| 1 | സാംസ്കാരിക വകുപ്പ് | ജവഹർ ബാലഭവൻ, തിരുവനന്തപുരം | 2019-20 | 2021-22 | 0.19 |
| 2 | സാംസ്കാരിക വകുപ്പ് | ജവഹർ ബാലഭവൻ, കൊല്ലം | 2019-20 | 2021-22 | 0.24 |
| 3 | സാംസ്കാരിക വകുപ്പ് | സാംസ്കാരിക ഡയറക്ടറേറ്റ്, തിരുവനന്തപുരം | 2019-20 | 2021-22 | 0.13 |
| 4 | സാംസ്കാരിക വകുപ്പ് | സാംസ്കാരിക ഡയറക്ടറേറ്റ്, തിരുവനന്തപുരം | 2019-20 | 2021-22 | 0.43 |
| 5 | സാംസ്കാരിക വകുപ്പ് | കേരളാ ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി | 2019-20 | 2021-22 | 0.10 |
| 6 | ജനറൽ അഡ് മിനിസ്ട്രേഷൻ വകുപ്പ് | മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ | 2019-20 | 2021-22 | 0.10 |
| | | ആകെ | | | 1.19 |

*ഉറവിടം : പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) നൽകിയ വിശദാംശങ്ങൾ*

വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാത്തത്, ഫണ്ടിന്റെ അപഹരണത്തിനുള്ള സാധ്യതയുണ്ടാക്കുന്നു. സമയബന്ധിതമായി വിനിയോഗ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുന്നത് നിർബന്ധമാക്കുകയോ പാലിക്കപ്പെടുകയോ ചെയ്തില്ല.

### 4.2.2 വ്യക്തിഗത നിക്ഷേപ അക്കൗണ്ടുകൾ

#### *4.2.2.1* വ്യക്തിഗത നിക്ഷേപ അക്കൗണ്ടുകളുടെ പ്രവർത്തനം

പേഴ്സണൽ ഡെപ്പോസിറ്റ് (പിഡി) അക്കൗണ്ടുകൾ ചിലതരം നിക്ഷേപങ്ങൾക്കുള്ള പ്രത്യേക ബാങ്കിങ് അക്കൗണ്ടുകളാണ്. ഇതിൽ ഒരു പ്രത്യേക വരവിനനുസരിച്ച് ഓരോ ചെലവും കണക്കാക്കേണ്ട ആവശ്യമില്ലാത്ത പൊതു വിനിമയങ്ങളും, പൊതുധനം പോലുള്ള വിനിമയങ്ങളും കൈകാര്യം ചെയ്യുന്നു.

പി.ഡി. അക്കൗണ്ടുകൾ, പബ്ലിക് അക്കൗണ്ടുകളുടെ കീഴിലുള്ള കെ-ഡെപ്പോസിറ്റ് ആന്റ് അഡ്വാൻസസ് സെക്ടറിൽ, നിക്ഷേപിക്കുന്നതിനു പകരം ട്രഷറിയിൽ ബാങ്ക് അക്കൗണ്ട് രീതിയിലാണ് സൂക്ഷിക്കുന്നത്. കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം-I, അദ്ധ്യായം Xലെ 282 (ഡി) വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ ഉത്തരവിൻ പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ആരംഭിച്ച പിഡി അക്കൗണ്ടുകളിൽ സഞ്ചിത നിധിയിൽ നിന്നും ഏതെങ്കിലും സേവന ശീർഷകത്തിനു കീഴിൽ ചെലവു കാണിച്ചു കൊണ്ട് പണം കൈമാറ്റം ചെയ്താൽ, അത്തരം പിഡി അക്കൗണ്ടുകളുടെ അധികാരികൾ സാമ്പത്തിക വർഷത്തിന്റെ അവസാനം പിഡി അക്കൗണ്ടുകൾ അവസാനിപ്പിക്കുകയും ചെലവാക്കാത്ത ബാക്കി തുക, പണം ലഭിച്ച ചെലവ് ശീർഷ കത്തിലേയ്ക്ക് തിരികെ നൽകുകയും ചെയ്യേണ്ടതാണ്.

കൂടാതെ, സഞ്ചിത നിധിയിൽ നിന്നല്ലാതെ പണം കൈമാറ്റം ചെയ്ത് ആരംഭിച്ച പി.ഡി. അക്കൗണ്ടുകൾ എല്ലാ വർഷവും അവലോകനം ചെയ്യേണ്ടതും മൂന്ന് പൂർണ്ണ സാമ്പത്തിക വർഷത്തിലധികം പ്രവർത്തനരഹിതമായ അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതും അത്തരം അക്കൗണ്ടുകളിലെ മിച്ചം സർക്കാർ അക്കൗണ്ടുകളിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്.

### *4.2.2.2* പി.ഡി. അക്കൗണ്ടുകൾ ഒത്തുനോക്കി ക്രമപ്പെടുത്താത്തത്

എം.എച്ച്.-8443- സിവിൽ ഡെപ്പോസിറ്റ്-106-പേഴ്സണൽ ഡെപ്പോസിറ്റിനു കീഴിൽ പി.ഡി.അക്കൗണ്ടുകൾ സൂക്ഷിച്ചിരിക്കുന്നു. 2021-22 കാലയളവിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പി.ഡി. അക്കൗണ്ടുകളിലേയ്ക്ക് പണം കൈമാറ്റം ചെയ്തില്ല.

2021-22ലെ സംസ്ഥാന സാമ്പത്തിക കണക്കുകൾ അനുസരിച്ച് മേജർ ശീർഷകം 8443- സിവിൽ ഡെപ്പോസിറ്റ്-106-പേഴ്സണൽ ഡെപ്പോസിറ്റിന്റെ കീഴിൽ വ്യക്തിഗത അക്കൗണ്ടുകളിലെ മൊത്തം നീക്കിയിരിപ്പ് ₹59.27 കോടി ആണ്. എന്നാൽ ട്രഷറി ഡയറക്ടർ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)യ്ക്ക് സമർപ്പിച്ച വിവരം അനുസരിച്ച് ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് ₹155.76 കോടിയാണ്.

ഡെപ്പോസിറ്റ് അക്കൗണ്ടുകളുടെ അധികാരികളുടെ പക്കലുള്ള പി.ഡി. അക്കൗണ്ടുകളുമായുള്ള ഒത്തുനോക്കി ക്രമപ്പെടുത്തൽ ബന്ധപ്പെട്ട ട്രഷറികൾ നിർവ്വഹിക്കേണ്ടതാണ്. യഥാസമയത്തുള്ള ഒത്തുനോക്കി ക്രമപ്പെടുത്തലിന്റെ അഭാവം ട്രഷറി വകുപ്പിലും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) യിലും സൂക്ഷിക്കുന്ന രേഖകളുടെ വ്യതിയാനത്തിന് കാരണമാകുന്നു. ഒരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം, പിഡി അക്കൗണ്ടുകളുടെ അധികാരികൾ വ്യത്യാസങ്ങൾ ക്രമീകരിച്ചതിനുശേഷം നീക്കിയിരിപ്പ് അംഗീകരിച്ചതായി ഒരു സാക്ഷ്യപത്രം ട്രഷറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. അധികാരികളിൽ നിന്നും നീക്കിയിരിപ്പ് അംഗീകരിച്ചതിന്റെ വിവരങ്ങളൊന്നും തൻവർഷം ട്രഷറി ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. നിക്ഷേപ ശീർഷകങ്ങളിലെ പ്ലസ്, മൈനസ് മെമ്മോകൾ മാസ അടിസ്ഥാനത്തിൽ ഓൺലൈനായി സമർപ്പിക്കാനുള്ള നിർദ്ദേശം ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ല. 31 മാർച്ച് 2022 അനുസരിച്ചുള്ള പിഡി അക്കൗണ്ടുകളുടെ വിശദാംശങ്ങൾ താഴെയുള്ള **പട്ടിക 4.5**ൽ കൊടുത്തിരിക്കുന്നു

**പട്ടിക 4.5 : പി.ഡി. അക്കൗണ്ടുകളുടെ വിശദാംശങ്ങൾ**

***(₹കോടിയിൽ )***

| 01 ഏപ്രിൽ 2021-ലെ പ്രാരംഭ തുക | | 2021-22 കാലയളവിൽ ചേർത്തത് | | 2021-22 കാലയളവിൽ തീർത്തത്/ പിൻവലിച്ചത് | | 31 മാർച്ച് 2022-ലെ സമാപന തുക | |
|---|---|---|---|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 801 | 68.03 (160.78) | 29 | 102.80 (64.75) | 52 | 111.56 (69.77) | 764 | 59.27 (155.76) |

*ഉറവിടം : സാമ്പത്തിക കണക്കുകൾ*
*ട്രഷറി തുകകൾ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു.*

പിഡി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് ക്രമീകരിക്കാത്തത് പൊതുപണത്തിന്റെ ദുരുപയോഗത്തിനും, പണാപഹരണത്തിനും വെട്ടിപ്പിനും ഇടയാക്കും.

### 4.2.3 പൊതു ശീർഷകങ്ങളിൽ ബന്ധമില്ലാത്ത ചെലവ് ചേർത്തത്

#### *4.2.3.1 ക്യാപിറ്റൽ ശീർഷകത്തിൻ കീഴിൽ ലംപ്സം വകയിരുത്തൽ*

മുകളിൽ പറഞ്ഞ ലംപ്സം വകയിരുത്തലിനെപ്പറ്റിയുള്ള ഒരു ഖണ്ഡിക അദ്ധ്യായം IIIന്റെ ഖണ്ഡിക 3.7.1.2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ, പല ഗ്രാന്റു കളുടെ കീഴിൽ വരുന്ന നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിനായി 5475-00-115-99 (പി) പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്ന ഒരു കണക്ക് ശീർഷകത്തിൻ കീഴിൽ ലംപ്സം വകയിരുത്തൽ നടത്തുന്നു.

#### *4.2.3.2* മൈനർ ശീർഷകം 800- മറ്റു വരവുകളും മറ്റു ചിലവിന്റെ വിവേചന രഹിതമായ ഉപയോഗവും

മറ്റ് വരവുകളും മറ്റ് ചിലവുകളുമായി ബന്ധപ്പെട്ട മൈനർ ശീർഷകം 800-ഉപയോഗിക്കുന്നതു അക്കൗണ്ട്സിൽ ആവശ്യമായ മൈനർ ശീർഷകം നിലവിലില്ലാതിരിക്കുന്ന സാഹചര്യത്തിലാണ്. ആക്കൗണ്ട്സിന്റെ സുതാര്യത നഷ്ടപ്പെടുമെന്നതിനാൽ മൈനർ ശീർഷകം 800-ന്റെ പതിവായുള്ള ഉപയോഗം നിരുത്സാഹപ്പെടുത്തേണ്ടതാണ്.

2021-22 കാലയളവിൽ, മൊത്തം ചെലവിന്റെ (₹1,60,371.24 കോടി) 5.87 ശതമാനമായ ₹9,413.23 കോടി 69 റവന്യൂ മൂലധന മുഖ്യശീർഷകങ്ങളുടെ മൈനർ ശീർഷകം 800- മറ്റ് ചെലവുകളിൽ വർഗ്ഗീകരിച്ചിരിക്കുന്നു. 2020-21 കാലയളവിലെ മൊത്തം റവന്യൂ മൂലധന ചെലവ് ₹1,36,335.98 കോടി ആണ്. ഇപ്പറഞ്ഞതിൽ, മൊത്തം ചെലവിന്റെ 4.82 ശതമാനമായിരുന്ന 71 മുഖ്യശീർഷകങ്ങളുടെ കീഴിൽ വന്നിരുന്ന ₹6,571.81 കോടി, മൈനർ ശീർഷകം 800- മറ്റ് ചെലവിന്റെ കീഴിലായിരുന്നു ചേർത്തിരുന്നത്. മുൻ വർഷത്തെ അപേക്ഷിച്ച് മൈനർ ശീർഷകം-800-ന്റെ കീഴിലെ ചെലവ് 43.24 ശതമാനം വർദ്ധിച്ചു.

2021-22 വർഷത്തിൽ മൈനർ ശീർഷകം 800-ന്റെ മറ്റ് ചെലവുകളിൽ വകയിരുത്തിയിരിക്കുന്ന, ഗണ്യമായ അനുപാതത്തിലുണ്ടായിരുന്ന (50 ശതമാനവും അതിനു മുകളിലും) 11 കേസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.1**ൽ കാണിച്ചിരിക്കുന്നു.

2021-22 കാലയളവിൽ മൊത്തം റവന്യൂ വരുമാനത്തിന്റെ (₹1,16,640.24 കോടി) 1.77 ശതമാനമായ ₹2,066.08 കോടി, 46 മേജർ ശീർഷകങ്ങളിലായി മൈനർ ശീർഷകം 800- മറ്റ് വരവുകളിലാണ് രേഖപ്പെടുത്തിയത്. മുൻ വർഷക്കാലയളവിൽ, മൊത്തം റവന്യൂ വരുമാനങ്ങളുടെ (₹97,616.83 കോടി) 2.29 ശതമാനം വരുന്ന, ₹2,237.78 കോടി 48 മേജർ ശീർഷകങ്ങളിലായി 800-മറ്റ് വരവുകളിലാണ് രേഖപ്പെടുത്തിയത്. 2021-22 വർഷത്തിൽ, മൈനർ ശീർഷകം 800-മറ്റ് വരവുകളുടെ കീഴിൽ ഒരു മുഖ്യ ശീർഷകത്തിനുള്ളിലുള്ള, ഗണ്യമായ അനുപാതത്തിലുണ്ടായിരുന്ന 19 കേസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.2**ൽ കാണിച്ചിരിക്കുന്നു.

മൈനർ ശീർഷകം 800-'മറ്റു ചെലവുകൾ'ൽ ₹100 കോടിയിൽ കൂടുതൽ ചെലവ് വരുന്ന 12 മേജർ ശീർഷകങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 4.6**ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 4.6: മൈനർ ശീർഷകം 800-ന്റെ കീഴിൽ ₹ 100 കോടിയിലധികം വന്ന ചെലവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | മുഖ്യ ശീർഷകം | ചെലവ് |
|---|---|---|
| 1 | 2075 – പലവിധ പൊതു സർവ്വീസുകൾ | 4,946.62 |
| 2 | 2210 – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 1,003.07 |
| 3 | 5075 – മറ്റ് ഗതാഗത സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ് | 736.71 |
| 4 | 4515 – മറ്റ് ഗ്രാമവികസന പരിപാടികൾ സംബന്ധിച്ച മൂലധന ചെലവ് | 461.15 |
| 5 | 3054 –റോഡുകളും പാലങ്ങളും | 237.57 |
| 6 | 4885 – ധാതുവ്യവസായങ്ങൾ ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്കു മറ്റ് മൂലധന ചെലവ് | 202.00 |
| 7 | 2217 – നഗര വികസനം | 193.05 |
| 8 | 4215 – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ചെലവ് | 177.76 |
| 9 | 4250 – മറ്റ് സാമൂഹ്യ സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ് | 127.39 |
| 10 | 3055 –റോഡ് ഗതാഗതം | 117.99 |
| 11 | 2401 – ധാന്യവിളകൾ | 111.89 |
| 12 | 2014 – നീതിന്യായ നിർവ്വഹണം | 111.84 |

₹100 കോടിയിൽ കൂടുതലുള്ള വരവുകൾ, 5 മേജർ ശീർഷകങ്ങളിലായി, മൈനർ ശീർഷകം 800ന്റെ കീഴിൽ രേഖപ്പെടുത്തിയത് **പട്ടിക 4.7**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.7 മൈനർ ശീർഷകം 800-ന്റെ കീഴിൽ വന്ന ₹100 കോടിയിൽ കൂടുതലുള്ള വരവുകൾ**

*(₹ കോടിയിൽ)*

| മുഖ്യ ശീർഷകം | മൈനർ ശീർഷകം 800- വരവുകൾ | മൊത്തം വരവുകൾ |
|---|---|---|
| 0006 - സംസ്ഥാന ചരക്ക് സേവന നികുതി | 510.25 | 24,169.81 |
| 0029 – ഭൂ നികുതി | 329.36 | 470.84 |
| 0075 – പലവക പൊതു സർവ്വീസുകൾ | 299.00 | 7,847.56 |
| 0425 – സഹകരണം | 233.21 | 249.54 |
| 0030 – മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 127.03 | 4,857.30 |
| ആകെ | **1,498.85** | **37,595.08** |

### *4.2.3.3 ഓമ്നി ബസ് ഒബ്ജക്ട് ഹെഡ് 34- മറ്റ് ചാർജ്ജുകളുടെ പ്രവർത്തനം*

വർഗ്ഗീകരണത്തിന്റെ അവസാന പടിയായതിനാൽ, ഒബ്ജക്ട് ഹെഡ് ചെലവിന്റെ ഉദ്ദേശ്യം/ സ്വഭാവം എന്നിവയെ കാണിക്കുന്നു. ആയതിനാൽ, അത് തയ്യാറാക്കേണ്ടത് തികഞ്ഞ കൃത്യതയോടെ ആയിരിക്കേണ്ടതാണ്. കേരളാ ബഡ്ജറ്റ് മാനുവലിന്റെ (കെ.ബി.എം) ഖണ്ഡിക 9(7) അനുസരിച്ച് വകുപ്പിലെ നിയന്ത്രണത്തിലേയ്ക്കായി ഒരു പദ്ധതിയുടെ ചെലവുകളിൽ ഉൾപ്പെടുന്ന ശമ്പളം, 'ഗ്രാന്റ്-ഇൻ-എയ്ഡ്' 'യാത്രാചെലവുകൾ' 'മോട്ടോർ വാഹനങ്ങളുടെ വാടകച്ചെലവുകൾ' എന്നിങ്ങനെ തരം തിരിയ്ക്കേണ്ടതാണ്. എല്ലാ സർക്കാർ വകുപ്പുകൾക്കും സ്വീകരിക്കാവുന്ന സർക്കാർ ചെലവുകളുടെ സാമാന്യ ഇനങ്ങളെ പ്രതിനിധാനം ചെയ്യുന്ന 99 മാതൃക ഒബ്ജക്ട് ഹെഡുകളുടെ ഒരു പട്ടിക, കെ.ബി.എം.ന്റെ **അനുബന്ധം** 3ൽ കൊടുത്തിരിക്കുന്നു.

കെ.ബി.എം.-ന്റെ ഖണ്ഡിക 29 അനുസരിച്ച്, വിശദ ശീർഷകമായ 'മറ്റ് ചെലവുകൾ' എന്നത്, മറ്റൊരു വിശദ ശീർഷകത്തിൽ കീഴിലും ശരിയായ രീതിയിൽ ബുക്ക് ചെയ്യാൻ പറ്റാത്ത എല്ലാ ചെലവുകളെയും ഉൾച്ചേർക്കുന്ന ഒരു റസീഡ്യുവറി ശീർഷകം ആണ്. 40 ഗ്രാന്റുകളിൽ 'മറ്റ് ചെലവുകൾ' എന്ന ഒബ്ജക്ട് ഹെഡ്ഡിനു കീഴിൽ ₹2,517.85 കോടിയുടെ ബഡ്ജറ്റ് വകയിരുത്തലിനെതിരായി, 2021-22ലെ കാലയളവിൽ ₹2,264.14 കോടിയുടെ ചെലവ് (സ്റ്റേറ്റ്മെന്റ് നമ്പർ 4 ബി 2021-22 വർഷത്തേയ്ക്കുള്ള സാമ്പത്തിക കണക്കുകൾ) ചെലവായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 'മറ്റ് ചെലവുകൾ' എന്ന ഒബ്ജക്റ്റ് ഹെഡ്ഡിന്റെ കീഴിൽ കൂടുതൽ തുക വകയിരുത്തുകയോ/ ചെലവാക്കുകയോ ചെയ്ത ഗ്രാന്റുകളുടെ വിശദാംശങ്ങൾ **പട്ടിക 4.8**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.8 : ഒബ്ജക്ട് ഹെഡ് മറ്റ് ചെലവുകളുടെ കീഴിൽ ഗണ്യമായ തുക ബുക്ക് ചെയ്ത ഗ്രാന്റുകളുടെ വിശദാംശങ്ങൾ**

***(₹കോടിയിൽ)***

| ക്രമ നമ്പർ | ഗ്രാന്റ് നമ്പർ | ഗ്രാന്റിന്റെ പേര് | ബഡ്ജറ്റ് | ചെലവ് |
|---|---|---|---|---|
| 1 | 29 | കൃഷി | 460.23 (18.28) | 507.54 (22.41) |
| 2 | 18 | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 448.34 (17.81) | 437.28 (19.31) |
| 3 | 04 | തെരഞ്ഞെടുപ്പുകൾ | 230.36 (9.15) | 267.61 (11.82) |
| 4 | 25 | പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവയുടെ ക്ഷേമം | 250.41 (9.95) | 239.62 (10.58) |

*ഉറവിടം : സാമ്പത്തിക കണക്കുകൾ 2021-22-ഉം വി.എൽ.സി. ഡേറ്റായും*

*ബ്രാക്കറ്റിലെ അക്കങ്ങൾ സൂചിപ്പിക്കുന്നത്, ഒബ്ജക്ട് ഹെഡ് 'മറ്റ് ചെലവുകളുടെ' മൊത്തം വകയിരുത്തലുമായി മൊത്തം ചെലവിനുള്ള ശതമാനമാണ്.*

തുടർച്ചയായും വിവേചനരഹിതമായും ഒബ്ജക്ട് ഹെഡ് 34- മറ്റ് ചെലവുകൾ ഉപയോഗിക്കുന്നത് അക്കൗണ്ടുകൾ സുതാര്യമല്ലാതാക്കാൻ ഇടയാക്കുന്നു.

### 4.2.4 മുഖ്യ സസ്പെൻസിന്റെയും ഡി.ഡി.ആർ ശീർഷകങ്ങളുടെയും കീഴിലെ മിച്ചം

ട്രഷറികൾ/പിഎഒ എന്നിവ തീർപ്പാക്കൽ പട്ടിക നൽകാത്തത്, ആർ.ബി.ഐയിൽ നിന്നും ക്ലിയറൻസ് മെമ്മോകൾ ലഭിക്കാത്തത്, വൗച്ചറുകൾ ലഭിക്കാത്തത് തുടങ്ങിയ വിവരങ്ങളുടെ അഭാവത്തിൽ, വരവ് ചെലവ് ഇടപാടുകൾ അന്തിമ അക്കൗണ്ട് ശീർഷകത്തിൽ രേഖപ്പെടുത്താനാവാത്തപ്പോൾ ചില ഇടനില/ ക്രമപ്പെടുത്തൽ ശീർഷകമായ 'സസ്പെൻസ് ശീർഷകങ്ങൾ' എന്നതിൽ അക്കൗണ്ട് ചെയ്യുന്നു. ഇവയ്ക്കു കീഴിലെ അക്കൗണ്ടുകൾ യഥാക്രമമുള്ള അന്തിമ അക്കൗണ്ട് ശീർഷകങ്ങളിൽ രേഖപ്പെടുത്തുമ്പോൾ, ഇത്തരം അക്കൗണ്ട് ശീർഷകങ്ങളെ മൈനസ് ഡെബിറ്റ് അല്ലെങ്കിൽ മൈനസ് ക്രെഡിറ്റിലൂടെ ക്രമീകരിക്കുന്നു. ഈ തുകകൾ ക്രമീകരിച്ചില്ലെങ്കിൽ, സസ്പെൻസ് ശീർഷകത്തിനു കീഴിലെ നീക്കിയിരിപ്പ് വർദ്ധിക്കുകയും സർക്കാരിന്റെ വരവ് ചെലവുകൾ കൃത്യമായി കാണിക്കാതിരിക്കുകയും ചെയ്യും.

ഒരേ അക്കൗണ്ടിങ് സർക്കിളിലോ മറ്റേതെങ്കിലും അക്കൗണ്ടിങ് സർക്കിളിലോ ഡെബിറ്റ്/ക്രെഡിറ്റിലൂടെ പിന്നീട് മാറ്റാനുള്ള ക്രമീകരണ അക്കൗണ്ട് ശീർഷകങ്ങളാണ് റെമിറ്റൻസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുന്നത്.

സസ്പെൻസ്, റെമിറ്റൻസ് ശീർഷകങ്ങളിലെ മിച്ച നീക്കിയിരിപ്പ് സാമ്പത്തിക കണക്കുകളിൽ നിന്നും ലഭിക്കുന്നു. ഈ ശീർഷകങ്ങളിലെ നീക്കിയിരിപ്പ്, വിവിധ ശീർഷകങ്ങളുടെ മിച്ചമുള്ള ഡെബിറ്റ്, ക്രെഡിറ്റ് ബാലൻസുകൾ വെവ്വേറെ സംഗ്രഹിക്കുന്നതിലൂടെ ലഭിക്കും.

സസ്പെൻസ്, റമിറ്റൻസ് ഇനങ്ങളുടെ തീർപ്പാക്കൽ സംസ്ഥാന ട്രഷറികൾ/ പൊതുമരാമത്ത്, വനം ഡിവിഷനുകൾ മുതലായവയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾക്കനുസരിച്ചാണ് നടത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ചില പ്രധാന സസ്പെൻസ്, റമിറ്റൻസ് ശീർഷകങ്ങളിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ **പട്ടിക 4.9**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.9 : സസ്പെൻസ്, റമിറ്റൻസ് ശീർഷകങ്ങളുടെ കീഴിലെ നീക്കിയിരിപ്പ്**

*( ₹കോടിയിൽ)*

| മൈനർ ശീർഷകം | 2019-20 | | 2020-21 | | 2021-22 | |
|---|---|---|---|---|---|---|
| മേജർ ശീർഷകം 8658 സസ്പെൻസ് | ഡെബിറ്റ് | ക്രെഡിറ്റ് | ഡെബിറ്റ് | ക്രെഡിറ്റ് | ഡെബിറ്റ് | ക്രെഡിറ്റ് |
| 101 - പിഎഒ സസ്പെൻസ് | 333.57 | (-)8.72 | 359.03 | 0.48 | 392.72 | 0.82 |
| തനി | **342.29** | | **358.55** | | **391.90** | |
| 102 - സസ്പെൻസ് അക്കൗണ്ട്സ് - സിവിൽ | 378.64 | 12.60 | 704.46 | 13.11 | 951.21 | 14.78 |
| തനി | **(-)366.04** | | **(-)691.35** | | **936.43** | |
| 107 - ക്യാഷ് സെറ്റിൽമെന്റ് സസ്പെൻസ് അക്കൗണ്ട് | 20.03 | | 0 | | | |
| തനി | **20.03** | | **0** | | **0** | |

| മൈനർ ശീർഷകം | 2019-20 | | 2020-21 | | 2021-22 | |
|---|---|---|---|---|---|---|
| **മേജർ ശീർഷകം 8658 സസ്പെൻസ്** | **ഡെബിറ്റ്** | **ക്രെഡിറ്റ്** | **ഡെബിറ്റ്** | **ക്രെഡിറ്റ്** | **ഡെബിറ്റ്** | **ക്രെഡിറ്റ്** |
| 109 – റിസർവ്വ് ബാങ്ക് സസ്പെൻസ് – ഹെഡ്ക്വാർട്ടേഴ്സ് | 3.60 | 0.44 | 4.57 | | 2.69 | |
| തനി | **3.16** | | **4.57** | | **2.69** | |
| 110 - റിസർവ്വ് ബാങ്ക് സസ്പെൻസ് – സിഎഒ | 69.12 | | 4.48 | | 7.84 | |
| തനി | **69.12** | | **4.48** | | **7.84** | |
| 112 - ഉറവിടത്തിൽ കുറവ് ചെയ്ത നികുതി (റ്റിഡിഎസ്) സസ്പെൻസ് | | 75.93 | | 5.59 | | 1099.52 |
| തനി | **75.93** | | **5.59** | | **1099.52** | |
| 123 - എഐഎസ് ഉദ്യോഗസ്ഥരുടെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി | | 0.15 | | 15.99 | | 18.64 |
| തനി | **0.15** | | **15.99** | | **18.64** | |
| മേജർ ശീർഷകം 8782 ക്യാഷ് റമിറ്റനൻസ് | | | | | | |
| 102 - പി.ഡബ്ല്യൂ റമിറ്റൻസ് | 701.24 | 1.31 | 732.54 | 92.26 | 1015.06 | |
| തനി | **699.93** | | **640.28** | | **1015.06** | |
| 103 - ഫോറസ്റ്റ് റമിറ്റൻസ് | 41.84 | | 1.68 | | - | - |
| തനി | **41.84** | | **1.68** | | - | |

*ഉറവിടം : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

പി.എ.ഒ സസ്പെൻസ്, സസ്പെൻസ് കണക്കുകൾ സിവിൽ എന്നിവയുടെ കീഴിലെ മിച്ചം 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ വർദ്ധിക്കുന്ന പ്രവണത കാണിക്കുന്നു. ഈ ശീർഷകങ്ങളിലെ മിച്ചം തീർപ്പാക്കേണ്ടതായതിനാൽ ഇത് സർക്കാർ കണക്കുകളുടെ കൃത്യതയെ ബാധിക്കുന്നു.

#### *4.2.4.1* പി.എ.ഒ സസ്പെൻസ്

ഈ ഉപശീർഷകത്തിന്റെ ഉദ്ദേശ്യം, മറുഭാഗത്ത് പി.എ.ഒ ഉൾപ്പെടുന്ന വിധത്തിൽ, ഒരു കേന്ദ്ര പി.എ.ഒ- യുടെയോ ഒരു കേന്ദ്ര ഭരണപ്രദേശത്തിന്റെ പ്രത്യേക അക്കൗണ്ട്സ് ഓഫീസറുടെയോ അക്കൗണ്ടന്റ് ജനറൽമാരുടെയും കണക്കു പുസ്തകങ്ങളിൽ വരുന്ന അന്തർ-സർക്കാരുകളുടെ ഇടപാടുകൾ പ്രാഥമികമായി രേഖപ്പെടുത്തുക എന്നതാണ്. തീർപ്പാക്കേണ്ട ഇടപാടുകൾ ആരുടെ പക്ഷത്താണോ വരുന്നത്, അവർ ഓരോ അക്കൗണ്ട്സ് ഓഫീസറിനായും പ്രത്യേക ഉപശീർഷകങ്ങൾ ഈ ഉപ ശീർഷ കത്തിന്റെ കീഴിൽ തുറക്കുന്നു. ഈ ശീർഷകത്തിന്റെ കീഴിൽ വരുന്ന ആകെ ഡെബിറ്റ് ബാക്കി സൂചിപ്പിക്കുന്നത്. പി.എ.ഒ മറ്റാർക്കോ വേണ്ടി വരുത്തിയതും, ഇനിയും കിട്ടാനുള്ളതുമായ പേയ്മെന്റും ക്രഡിറ്റ് ബാക്കി പ്രതിനിധാനം ചെയ്യുന്നത് ഇനിയും കൊടുക്കാനുള്ള തുകയുമാണ്. 31 മാർച്ച് 2022 പ്രകാരം കിട്ടാനുള്ള ബാക്കി തുക ₹392.72 കോടിയും ഈ തുകയിലെ ഭൂരിഭാഗവും 1980-81 മുതൽ കിട്ടാ നുള്ളതുമായിരുന്നു. പി.എ.ഒ.-കൾക്കെതിരായി ഉള്ള പ്രധാന തുകകൾ **പട്ടിക**

**4.10**ൽ കൊടുത്തിരിക്കുന്നു. കിട്ടാനുള്ള തുകകൾ തിരിച്ചു പിടിക്കാതിരിക്കുന്നത്, പൊതുപണം നിഷ്ക്രിയമായി കിടക്കുന്നതിന് ഇടയാക്കുന്നു. ഇത് തിരിച്ചു പിടിച്ചിരുന്നെങ്കിൽ മറ്റു കാര്യങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുമായിരുന്നു. സസ്പെൻസ് അക്കൗണ്ടുകളുടെ ഉദ്ദേശ്യം തന്നെ തരം തിരിക്കാത്ത ഇടപാടുകൾ താൽക്കാലികമായി സൂക്ഷിക്കുക എന്നിരിക്കെ, അവയിൽ വലിയ തുകകൾ സൂക്ഷിക്കുന്നത് സസ്പെൻസ് അക്കൗണ്ടുകളുടെ ഉദ്ദേശ്യത്തെ ഇല്ലാതാക്കുന്നു. ഈ തുകകൾ ക്ലിയർ ചെയ്യപ്പെടാതിരിക്കുമ്പോൾ, സസ്പെൻസ് ശീർഷകങ്ങളിലെ ബാക്കി തുക കുന്നു കൂടുകയും സർക്കാർ കണക്കുകളുടെ വികലമായ ഒരു ചിത്രം പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

**പട്ടിക 4.10 : പി.എ.ഒ.-യ്ക്ക് എതിരെ തീർപ്പാകാതെ നിൽക്കുന്ന തുകകൾ**

| ക്രമ നമ്പർ | മന്ത്രാലയം/ വകുപ്പിലുള്ള കുടിശ്ശിക | തുക (₹കോടിയിൽ) | കുടിശ്ശികയുമായി ബന്ധപ്പെട്ട പ്രാരംഭ കാലയളവ് |
|---|---|---|---|
| 1 | കേന്ദ്ര പി.എ.ഒ. പെൻഷൻ അക്കൗണ്ടിംഗ് ഓഫീസ്, ന്യൂഡൽഹി | 237.56 | 1990-91 |
| 2 | പി.എ.ഒ. നാഷണൽ ഹൈവേസ് | 154.43 | 1980-81 |

### *4.2.4.2* വകുപ്പിന്റെ കണക്കുകൾ ഒത്തുനോക്കി ക്രമപ്പെടുത്താത്തത്

വകുപ്പിലെ നിയന്ത്രണ ഉദ്യോഗസ്ഥർക്ക് ചെലവിനുമേൽ ഫലപ്രദമായ നിയന്ത്രണം നടപ്പാക്കുന്നതിനും ബഡ്ജറ്റ് ധനസഹായത്തിനുള്ളിൽ തന്നെ നിലനിർത്തുന്നതിനും അക്കൗണ്ടിന്റെ കൃത്യത ഉറപ്പാക്കുന്നതിനും കേരള ബഡ്ജറ്റ് മാനുവലിന്റെ 74-ാം ഖണ്ഡിക അനുസരിച്ച് ഓരോ സാമ്പത്തിക വർഷത്തിലും, രേഖപ്പെടുത്തുന്ന വരവും ചെലവും അതാതു മാസം അക്കൗണ്ടന്റ് ജനറൽ (എ & ഇ)ന്റെ ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതുമായി ഒത്തുനോക്കി ക്രമപ്പെടുത്തേണ്ടതാണ്.

നിയന്ത്രണാധികാരികൾ (സി.ഒ.മാർ) നടത്തിയ ഒത്തുനോക്കലുകളുടെ മൂന്നു വർഷത്തെ സ്ഥിതി **പട്ടിക 4.11**ലും **പട്ടിക 4.3**ലും കൊടുത്തിരിക്കുന്നു.

**പട്ടിക 4.11 : നിയന്ത്രണാധികാരികൾ വരവ്-ചെലവ് കണക്കുകൾ ഒത്തുനോക്കി ക്രമപ്പെടുത്തിയതിന്റെ സ്ഥിതി**

| വർഷം | നിയന്ത്രണ ഉദ്യോഗസ്ഥരുടെ ആകെ എണ്ണം | പൂർണ്ണമായി ഒത്തുനോക്കി ക്രമപ്പെടുത്തിയത് | ഭാഗികമായി ഒത്തുനോക്കി ക്രമപ്പെടുത്തിയത് | ക്രമപ്പെടുത്താത്തത് |
|---|---|---|---|---|
| **വരവ്** | | | | |
| 2019-20 | 65 | 65 | 0 | ഇല്ല |
| 2020-21 | 66 | 60 | 3 | 3 |
| 2021-22 | 66 | 64 | 0 | 2 |
| **ചെലവ്** | | | | |
| 2019-20 | 207 | 161 | 30 | 16 |
| 2020-21 | 208 | 179 | 15 | 14 |
| 2021-22 | 212 | 204 | 3 | 5 |

**ചാർട്ട് 4.3 – കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഒത്തുനോക്കി ക്രമപ്പെടുത്തിയതിന്റെ നില**




2021-22 കാലയളവിൽ, അക്കൗണ്ടന്റ് ജനറൽ (എ & ഇ) ബുക്ക് ചെയ്ത വരവുകളുടെ 4.6 ശതമാനവും ചെലവുകളുടെ 6.2 ശതമാനവും വകുപ്പധികാരികൾ പൊരുത്തപ്പെടുത്തിയിട്ടില്ല. ചെലവ് പൊരുത്തപ്പെടുത്താത്തതിന്റെ ശതമാനം 2019-20ലെ 3.98ൽ നിന്ന് 2021-22ൽ 6.2 ശതമാനത്തിലേയ്ക്ക് വർദ്ധിക്കുന്ന പ്രവണത കാണിച്ചു.

സംഖ്യകളുടെ പൊരുത്തപ്പെടുത്തലും പരിശോധിക്കലും സാമ്പത്തിക നിർവ്വഹണത്തിന്റെ ഒരു പ്രധാന ഉപകരണമാണ്. നിയമപരമായ വ്യവസ്ഥകൾ നടപ്പാക്കുന്നതിലെ/ പാലിക്കുന്നതിലെ വീഴ്ച കണക്കുകളുടെ തെറ്റായ വർഗ്ഗീകരണത്തിനും വരവുകളും ചെലവുകളും തെറ്റായി ബുക്ക് ചെയ്യുക മാത്രമല്ല ബഡ്ജറ്റ് നടപടികളുടെ ശരിയായ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുകയും ചെയ്തു.

### *4.2.4.3* നീക്കിയിരിപ്പ് പണത്തിന്റെ പൊരുത്തപ്പെടുത്തൽ

അക്കൗണ്ടന്റ് ജനറൽ (എ & ഇ) യുടെ കണക്കിലേയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്യുന്ന സംസ്ഥാനത്തിന്റെ മിച്ചം പണത്തിന്റെയും തുകകളിൽ വ്യത്യാസമുണ്ടാവാൻ പാടുള്ളതല്ല. എന്നാൽ, 2021-22 വർഷത്തേയ്ക്കുള്ള സാമ്പത്തിക കണക്കുകൾ പരിശോധിച്ചപ്പോൾ, മാർച്ച് 2022ന് അവസാനിച്ച വർഷത്തേയ്ക്കുള്ള കേരള സംസ്ഥാനത്തിന്റെ നീക്കിയിരിപ്പ് അക്കൗണ്ടന്റ് ജനറലിന്റെ (എ & ഇ) ബുക്കുകളിൽ ₹332.31 കോടി (ക്രെഡിറ്റ്) ആയിരുന്നപ്പോൾ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് ചെയ്ത നീക്കിയിരിപ്പ് ₹1.79 കോടി (ക്രെഡിറ്റ്) ആയിരുന്നു. അങ്ങനെ, 31 മാർച്ച് 2022 അനുസരിച്ച് ₹332.10 കോടിയുടെ (ഡെബിറ്റ്) വ്യത്യാസം ഉണ്ടായിരുന്നു. ഈ വ്യത്യാസത്തിൽ ₹192.24 കോടിയുടെ (തനി ഡെബിറ്റ്) 2021-22ൽ ക്ലിയർ ചെയ്തു. ₹139.87 കോടിയുടെ (തനി ഡെബിറ്റ്) ബാക്കിയുള്ള വ്യത്യാസം പൊരുത്തപ്പെടുത്തലിന്റെ മാർഗ്ഗത്തിലാണ്.

## വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

കണക്കുകളിലെ വെളിപ്പെടുത്തൽ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്, രേഖപ്പെടുത്തിയ ഇടപാടുകൾ ശരിയായ രീതിയിൽ വർഗ്ഗീകരിക്കുകയും ഉചിതമായ രീതിയിൽ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നാണ്. വരവുകളും ചെലവുകളും ഉചിതമായ കണക്ക് ശീർഷകത്തിലേയ്ക്കാണ് ചേർത്തിരിക്കുന്നതെന്നും കണക്കുകളിലെ കുറിപ്പുകളിലും അടിക്കുറിപ്പുകളിലുമുള്ള വെളിപ്പെടുത്തലുകൾ ഉചിതവും പര്യാപ്തവും ആണെന്നും ആണ് ഇത് സൂചിപ്പിക്കുന്നത്.

## 4.3 അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ പാലനം

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 150 അനുസരിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ഉപദേശമനുസരിച്ച് ഇന്ത്യയുടെ രാഷ്ട്രപതി, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും അക്കൗണ്ടിന്റെ രൂപം നിശ്ചയിക്കുന്നു. കൂടാതെ, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ ഉത്തരവാദിത്ത സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ അക്കൗണ്ടിംഗിനും സാമ്പത്തിക റിപ്പോർട്ടിംഗിനും വേണ്ടിയുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കാൻ 2002-ൽ ഗവൺമെന്റ് അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് അഡ്വൈസറി ബോർഡ് (ജിഎഎസ്എബി) രൂപീകരിച്ചു. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ഉപദേശങ്ങൾക്കനുസരിച്ച് ഇന്ത്യയുടെ രാഷ്ട്രപതി മൂന്ന് ഇന്ത്യൻ ഗവൺമെന്റ് അക്കൗണ്ടിംഗ് സ്റ്റാൻഡാർഡുകൾ (ഐജിഎഎസ്) ഇതുവരെ പ്രസിദ്ധീകരിച്ചു. ഈ അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ കേരള സർക്കാരിന്റെ പാലനവുമായി ബന്ധപ്പെട്ട 2021-22 കാലയളവിലെ ന്യൂനതകൾ **പട്ടിക 4.12**ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 4.12 അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ പാലനം**

| ക്രമ നമ്പർ | ഐ.ജി.എ.എസിന്റെ സംക്ഷിപ്തം | സംസ്ഥാന സർക്കാരിന്റെ പാലനം | ന്യൂനതയുടെ ഫലം |
|---|---|---|---|
| | ***ഐ.ജി.എ.എസ്-1 : സർക്കാർ നൽകുന്ന ജാമ്യം -വെളിപ്പെടുത്തൽ മാനദണ്ഡങ്ങൾ*** | | |
| 1 | ഐ.ജി.എ.എസ്.-1 ആവശ്യപ്പെടുന്നത്, സർക്കാർ കൊടുക്കുന്ന ജാമ്യങ്ങളുടെ സെക്ടർ തിരിച്ചതും വർഗ്ഗം തിരിച്ചതുമായ വെളിപ്പെടുത്തലുകൾ സാമ്പത്തിക കണക്കുകളിൽ ചേർക്കണം എന്നാണ്. | പാലിച്ചു (സാമ്പത്തിക കണക്കുകളുടെ 9-ഉം 20ഉം പത്രികകൾ) | സംസ്ഥാന സർക്കാർ ലഭ്യമാക്കിയ വിവരമനുസരിച്ച്, പത്രികകൾ 9ഉം 20ഉം ഐ.ജി.എ.എസ് -1ന്റെ വ്യവസ്ഥകൾക്കനുസൃതമായി തയ്യാറാക്കി. |

| ക്രമ നമ്പർ | ഐ.ജി.എ.എസിന്റെ സംക്ഷിപ്തം | സംസ്ഥാന സർക്കാരിന്റെ പാലനം | ന്യൂനതയുടെ ഫലം |
|---|---|---|---|
| 2 | ഐ.ജി.എ.എസ്-2 : ധനസഹായത്തിന്റെ അക്കൗണ്ടിംഗും വർഗ്ഗീകരണവും | | |
| | ഐ.ജി.എ.എസ്.-2പ്രകാരം, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ഉപദേശപ്രകാരം പ്രത്യേകമായി അനുവദിക്കുന്ന കേസുകളിലൊഴികെ, ധനസഹായവുമായി ബന്ധപ്പെട്ട ചെലവ്, അത് ആസ്തി സൃഷ്ടിക്കുന്ന കാര്യം ഉൾപ്പെടുന്നെങ്കിൽ പോലും, റവന്യൂ ചെലവ് ആയാണ് കണക്കാക്കേണ്ടത്. | പാലിച്ചില്ല (സാമ്പത്തിക കണക്കുകളുടെ പത്രിക 10) | 1) സർക്കാർ തന്ന അക്കൗണ്ടിംഗിലും ഗ്രാൻസ്-ഇൻ-എയ്ഡിലെ വർഗ്ഗീകരണത്തിലും ഐ.ജി.എ.എസ്.-2 നിബന്ധനകൾ പാലിച്ച് സ്റ്റേറ്റ്മെന്റ് 10-ലും അനുബന്ധം III ലും വിവരിച്ചിരിക്കുന്നു. എന്നാൽ, ഗ്രാന്റ്-ഇൻ-എയ്ഡിലെ ₹20 കോടി ക്യാപ്പിറ്റൽ ശീർഷകത്തിൻ കീഴിൽ ബുക്ക് ചെയ്തത്, ഐ.ജി.എ.എസ്.-2ന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായിരുന്നു.<br>2) പണമല്ലാതെയുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്നെ സംബന്ധിച്ച വിശദ വിവരങ്ങൾ സംസ്ഥാന സർക്കാർ നൽകിയിട്ടില്ല. |
| 3 | ഐ.ജി.എ.എസ്-3 : സംസ്ഥാന സർക്കാർ നൽകിയ വായ്പകളും മുൻകൂറുകളും | | |
| | പൂർണ്ണവും കൃത്യവും ഐക്യരൂപമുള്ളതുമായ അക്കൗണ്ടിംഗ് നടപടികൾക്കായി, സർക്കാർ നൽകിയ വായ്പകളുടെയും മുൻകൂറുകളുടെയും അംഗീകാരം, അളവ്, വിലയിരുത്തൽ, റിപ്പോർട്ട് ചെയ്യൽ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഈ മാനദണ്ഡത്തിൽ പറഞ്ഞിരിക്കുന്നു. തൻ വർഷം നൽകിയ പുതിയ വായ്പകളുടെയും മുൻകൂറുകളുടെയും വിവരങ്ങൾ, നിബന്ധനകൾ അന്തിമമാക്കാത്ത വായ്പകളെ സംബന്ധിച്ച വിവരങ്ങൾ, വായ്പ ലഭിക്കുന്ന സ്ഥാപനങ്ങളുടെ തിരിച്ചടവിലെ കുടിശ്ശിക തുടങ്ങിയവ ഉൾപ്പെട്ട വെളിപ്പെടുത്തലുകൾ ധനകാര്യ പത്രികയിലുണ്ടായിരിക്കേണ്ടതാണ്. | പാലിച്ചില്ല (സാമ്പത്തിക കണക്കുകളുടെ പത്രികകൾ നമ്പർ 7ഉം 18ഉം) | സർക്കാർ ജീവനക്കാർക്ക് നൽകിയ കടങ്ങളുടെയും വായ്പകളുടെയും വിവരങ്ങൾ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന് (എ & ഇ) കൊടുത്ത കണക്കുകളുടെയും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) സൂക്ഷിച്ച വിശദമായ കണക്കുകളുടെയും അടിസ്ഥാനത്തിൽ സാമ്പത്തിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് നമ്പർ 7ലും 18ലും കടങ്ങളുടെയും വായ്പകളുടെയും വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. 31 മാർച്ച് 2022 അനുസരിച്ച് സ്റ്റേറ്റ്മെന്റുകൾ 7ലും 18ലും വിവരിച്ച നീക്കിയിരിപ്പുകൾ, കടമെടുത്ത സ്ഥാപനങ്ങളുമായി/ സംസ്ഥാന സർക്കാരുമായി പൊരുത്തപ്പെടുത്തിയില്ല. സംസ്ഥാന സർക്കാർ വിശദമായ കണക്കുകൾ സൂക്ഷിക്കുന്ന ചില കടങ്ങളുമായും വായ്പകളുമായും ബന്ധപ്പെട്ട സംഖ്യകൾ സംസ്ഥാന സർക്കാർ തന്നുമില്ല. |

### 4.3.1 സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട്സിന്റെയും / പ്രത്യേക ഓഡിറ്റ് റിപ്പോർട്ടിന്റേയും സമർപ്പണം

സിഎജിയുടെ ഡിപിസി ആക്ട് അനുഛേദം 19(2) അനുസരിച്ച്, പാർലമെന്റ് നിയമാനുസരണം സ്ഥാപിച്ച കോർപ്പറേഷനുകളുടെ അക്കൗണ്ടിന്റെ ഓഡിറ്റിനെ സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കർത്തവ്യങ്ങളും അധികാരങ്ങളും അതാത് നിയമനിർമ്മാണവുമായി ബന്ധപ്പെട്ട വകുപ്പുകളനുസരിച്ചായിരിക്കും. സിഎജിയുടെ ഡിപിസി ആക്ടിലെ അനുഛേദം 19(3) അനുസരിച്ച്, ഗവർണർ/അഡ്മിനിസ്ട്രേറ്റർക്ക് പൊതുജന താൽപര്യാർത്ഥം സംസ്ഥാനത്തിന്റെയോ കേന്ദ്രഭരണപ്രദേശത്തിന്റെയോ

നിമയസഭയുണ്ടാക്കിയ നിയമങ്ങൾക്കനുസരിച്ച് സ്ഥാപിച്ച കോർപ്പറേഷനുകളുടെ അക്കൗണ്ട് ഓഡിറ്റ് ചെയ്യാൻ സിഎജിയോട് അപേക്ഷിക്കാവുന്നതും, സിഎജിയ്ക്ക് അത്തരം കോർപ്പറേഷന്റെ അക്കൗണ്ട് ഓഡിറ്റ് ചെയ്യാവുന്നതും ആ ഓഡിറ്റിനുവേണ്ടി അത്തരം കോർപ്പറേഷനുകളുടെ ബുക്കുകളും അക്കൗണ്ടുകളും പരിശോധിക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

അനുഛേദം 19 കൂടാതെ, ഏതെങ്കിലും ബോഡിയുടെയോ അതോറിറ്റിയുടെയോ അക്കൗണ്ട് ഓഡിറ്റു ചെയ്യാൻ ഒരു നിയമമനുസരിച്ചും ചുമതലപ്പെടുത്തിയിട്ടില്ലെങ്കിലും, പ്രസിഡന്റിനോ, സംസ്ഥാന ഗവർണർക്കോ, നിയമനിർമ്മാണ സഭ നിലവിലുള്ള കേന്ദ്രഭരണ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്റർക്കോ അഭ്യർത്ഥിക്കാവുന്നതും ബന്ധപ്പെട്ട സർക്കാരുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകളും ഉപാധികളുമനുസരിച്ച് അത്തരം ബോഡിയുടെയോ അതോറിറ്റിയുടെയോ അക്കൗണ്ടിന്റെ ഓഡിറ്റ് ഏറ്റെടുക്കാനാവുന്നതും അത്തരം ഓഡിറ്റിനു വേണ്ടി ആ ബോഡിയുടെയോ അതോറിറ്റിയുടെയോ ബുക്കിന്റെയും അക്കൗണ്ടിന്റെയും പരിശോധന സിഎജിയുടെ ഡിപിസി ആക്ടിന്റെ അനുഛേദം 20(1) അനുസരിച്ച് നടത്താവുന്നതുമാണ്.

ധനകാര്യ ഓഡിറ്റ് പൂർത്തിയാകുമ്പോൾ മുകളിൽ പറഞ്ഞിട്ടുള്ള സ്വയം ഭരണ സ്ഥാപനങ്ങൾക്കും അതോറിറ്റികൾക്കും സിഎജി സോൾ ഓഡിറ്റർ ആയിട്ടുള്ള സ്ഥലങ്ങളിൽ ഓഡിറ്റ് സാക്ഷ്യപത്രം നൽകാവുന്നതാണ്. ഓഡിറ്റ് സാക്ഷ്യപത്രം കൂടാതെ, അക്കൗണ്ടിന്റെ ഓഡിറ്റ് സാക്ഷ്യപത്രത്തിന്റെ ഭാഗമായി പ്രത്യേക ഓഡിറ്റ് റിപ്പോർട്ടും (എസ്എആർ) ഓഡിറ്റ് ഓഫീസ് നൽകുന്നു. ഇത്തരം പ്രത്യേക ഓഡിറ്റ് റിപ്പോർട്ടുകൾ സംസ്ഥാന നിയമസഭയിൽ സമർപ്പിക്കേണ്ടതാണ്.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (കർത്തവ്യങ്ങൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) ആക്ട് 1971ലെ അനുഛേദം 19(2), 19(3), 20(1) എന്നിവയുടെ കീഴിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനെ 29 സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട് ഓഡിറ്റ് ചെയ്യുന്നതിന് ഏൽപ്പിച്ചിട്ടുണ്ട്. ഓഡിറ്റിന് ചുമതലപ്പെടുത്തിയതിന്റെ സ്ഥിതി, അക്കൗണ്ടുകൾ ഓഡിറ്റ് പരിശോധനയ്ക്കായി കൊണ്ടുവന്നത്, പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് (എസ്എആർ) തയ്യാറാക്കിയതും അത് നിയമസഭയിൽ സമർപ്പിച്ചതും തുടങ്ങിയ വിവരങ്ങൾ **അനുബന്ധം 4.3**ൽ കാണിച്ചിരിക്കുന്നു.

അനുഛേദം 19നും 20നും കീഴിൽ ഓഡിറ്റ് വരുന്ന സ്വയം ഭരണ സ്ഥാപനങ്ങൾ എല്ലാ വർഷവും ജൂൺ 30 ന് മുമ്പ് അവരുടെ വാർഷിക കണക്കുകൾ സമർപ്പിക്കേണ്ടതാണ്. സി.എ.ജി.-യ്ക്ക് വാർഷിക കണക്കുകൾ നൽകേണ്ടിയിരുന്ന 23 സ്വയം ഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ കണക്കുകൾ സമർപ്പിക്കുന്നതിൽ, **അനുബന്ധം 4.4**ൽ കാണിച്ചിരിക്കും വിധം ഒന്നു മുതൽ എട്ട് വർഷം വരെയുള്ള കുടിശ്ശിക ഉണ്ടായിരുന്നു.

സംസ്ഥാന സർക്കാർ എല്ലാ ഭരണ വകുപ്പുകളെയും അവരവരുടെ കീഴിൽ വരുന്ന എല്ലാ സ്വയംഭരണ സ്ഥാപനങ്ങളിലേയും അക്കൗണ്ടുകളിലെ കുടിശ്ശിക തീർപ്പാക്കാൻ പ്രത്യേക നിർദ്ദേശം നൽകണം.

### 4.3.2 വകുപ്പുകളുമായി ബന്ധപ്പെട്ട വാണിജ്യ സ്ഥാപനങ്ങൾ

ചില സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട വാണിജ്യപരവും അർദ്ധവാണിജ്യ സ്വഭാവമുള്ളതുമായ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ സർക്കാരിന് അവയുടെ സാമ്പത്തിക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി നിർദ്ദിഷ്ട മാതൃകയിൽ വർഷം തോറും പ്രൊഫോർമ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടതാണ്. വകുപ്പുകൾ നിയന്ത്രിക്കുന്ന വാണിജ്യ അർദ്ധ വാണിജ്യ സ്ഥാപനങ്ങളുടെ അന്തിമമാക്കിയ അക്കൗണ്ട് മൊത്തം ധനകാര്യ അവസ്ഥയേയും പ്രവർത്തനങ്ങൾ നടത്തുന്നതിലെ കാര്യക്ഷമതയേയും പ്രതിഫലിപ്പിക്കുന്നു.

അക്കൗണ്ടുകൾ യഥാസമയം അന്തിമമാക്കാത്തതുകാരണം, സർക്കാരിന്റെ നിക്ഷേപത്തിന്റെ ഫലങ്ങൾ സംസ്ഥാന നിയമസഭയുടെ നിരീക്ഷണ പരിധിയ്ക്ക് പുറത്തുനിൽക്കുകയും ഓഡിറ്റ് പരിശോധനയിൽ നിന്നും രക്ഷപ്പെട്ടു പോകുകയും ചെയ്യുന്നു. തൽഫലമായി ഉത്തരവാദിത്തം ഉറപ്പാക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനുമാവശ്യമായ തിരുത്തൽ നടപടികൾ യഥാസമയം കൈക്കൊള്ളാൻ കഴിയുന്നില്ല. കൂടാതെ, പൊതു പണത്തിന്റെ ദുർവിനിയോഗത്തിന്റെയും വെട്ടിപ്പിന്റെയും സാധ്യത തള്ളിക്കളയാനുമാവില്ല.

സർക്കാർ വകുപ്പുകളുടെ തലവൻമാർ വകുപ്പുകളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ തയ്യാറാക്കി നിശ്ചിത സമയത്തിനുള്ളിൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)ന് സമർപ്പിക്കേണ്ടതാണ്.

ഇത്തരം നാലു സ്ഥാപനങ്ങളിൽ സർക്കാർ നടത്തിയ നിക്ഷേപങ്ങളും പ്രൊഫോർമ അക്കൗണ്ടുകൾ തയ്യാറാക്കുന്നതിലെ കുടിശ്ശികയും സംബന്ധിച്ച് വകുപ്പ് അടിസ്ഥാനത്തിലുള്ള സ്ഥിതി **പട്ടിക 4.13**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.13 : വകുപ്പുതലത്തിൽ കൈകാര്യം ചെയ്യുന്ന വാണിജ്യ, അർദ്ധ-വാണിജ്യ സംരംഭങ്ങളിലെ പ്രൊഫോർമാ അക്കൗണ്ടുകൾ അന്തിമമാക്കുന്നതിന്റെയും സർക്കാർ നിക്ഷേപത്തിന്റെയും പ്രസ്താവന**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇതുവരെ അക്കൗണ്ടുകൾ പൂർത്തീകരിച്ചത് | അന്തിമ കണക്കുകൾ പ്രകാരം സർക്കാർ നിക്ഷേപം | ലാഭം/ നഷ്ടം അന്തിമ കണക്ക് പ്രകാരം | കഴിഞ്ഞ 4 വർഷത്തെ സർക്കാർ നിക്ഷേപം (2018-19 മുതൽ 2021-22) | | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | സംസ്ഥാന ജലഗതാഗത വകുപ്പ് | 2016-17 | 498.19 | (-)50.15 | 18-19 | 70.61 | 2017-18 മുതൽ 2020-21 വരെയുള്ള അക്കൗണ്ടുകളുടെ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുന്നു |
| | | | | | 19-20 | 66.24 | |
| | | | | | 20-21 | 71.28 | |
| | | | | | 21-22 | 88.82 | |
| 2 | കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് | 2014-15 | ഇല്ല | 355.04 | അക്കൗണ്ട് ലഭിച്ചില്ല | | 2015-16ലെ പുതുക്കിയ അക്കൗണ്ട് ലഭ്യമാക്കാനുണ്ട് |

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇതുവരെ അക്കൗണ്ടുകൾ പൂർത്തീകരിച്ചത് | അന്തിമ കണക്കുകൾ പ്രകാരം സർക്കാർ നിക്ഷേപം | ലാഭം/ നഷ്ടം അന്തിമ കണക്ക് പ്രകാരം | കഴിഞ്ഞ 4 വർഷത്തെ സർക്കാർ നിക്ഷേപം (2018-19 മുതൽ 2021-22) | അഭിപ്രായം |
|---|---|---|---|---|---|---|
| 3 | ടെസ്റ്റ് ബുക്ക് ഓഫീസ് | 1986-87 | 21.26 | (-) 5.61 | ഇല്ല | പ്രൊഫോർമ അക്കൗണ്ടുകൾ 1987-88 മുതൽ അന്തിമ മാക്കാനുണ്ട് |
| 4 | നെട്ടുകാൽത്തേരിയിലെ ഓപ്പൺ പ്രിസൺ കറക്ഷണൽ ഹോമിന്റെ റബ്ബർതോട്ടങ്ങൾ | 2020-21 | മറുപടി ലഭിച്ചില്ല | 0.15 | മറുപടി ലഭിച്ചില്ല | പുതുക്കിയ അക്കൗണ്ടുകൾ ലഭ്യമാകാനുണ്ട് |

ടെസ്റ്റ് ബുക്ക് ഓഫീസിന്റെ കണക്കുകൾ 1987-88 മുതൽ കുടിശ്ശികയിലായിരുന്നു. 1975-76 മുതൽ 1986-87 വരെയുള്ള കാലയളവിലെ പ്രൊഫോർമാ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് വേണ്ടെന്നു വയ്ക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു (ഡിസംബർ 2008). 1987-88 മുതൽ 2003-04 വരെയുള്ള കാലയളവിൽ പ്രൊഫോർമാ കണക്കുകൾ തയ്യാറാക്കുന്നതിന്റെ തീരുമാനം സർക്കാർ ഇതുവരെയും എടുത്തില്ല. ഏറ്റവും പുതിയ കണക്കുകളുടെ അഭാവത്തിൽ, ടെക്സ്റ്റ് ബുക്ക് ഓഫിസിന്റെ സാമ്പത്തിക സ്ഥിതി നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

### 4.3.3 സ്ഥാപനങ്ങൾക്കും അതോറിറ്റികൾക്കും നൽകിയ ധനസഹായം/ വായ്പയുടെ വിവരങ്ങൾ സമർപ്പിക്കാത്തത്

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (സിഎജി) യുടെ കർത്തവ്യങ്ങൾ, അധികാരങ്ങൾ, സേവനവ്യവസ്ഥകൾ, ആക്ട് 1971 (ഡിപിസി ആക്ട്)ലെ അനുഛേദം 14ഉം 15ഉം വിഭാവനം ചെയ്യുന്നതനുസരിച്ചാണ് സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങളുടെ വരവിന്റെയും ചെലവിന്റെയും ഓഡിറ്റ് അവയ്ക്കു ലഭിച്ച ധനസഹായത്തിന്റെ അളവ് പരിശോധിച്ച് നടത്തുന്നത്. സിഎജിയുടെ ഡിപിസി ആക്ട്, 1971ലെ അനുഛേദം 14ഉം 15ഉം അനുസരിച്ച്, ഓഡിറ്റ് ബാധകമായ സ്ഥാപനങ്ങളെ കണ്ടെത്താൻ സർക്കാർ/വകുപ്പ് മേധാവികൾ ഓരോ വർഷവും താഴെ പറയുന്ന വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.

- വിവിധ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തികസഹായത്തെ സംബന്ധിച്ച വിശദവിവരങ്ങൾ,
- സാമ്പത്തിക സഹായം അനുവദിച്ചതിന്റെ ആവശ്യകത,
- സ്ഥാപനത്തിന്റെ മൊത്തം ചെലവ്.

കൂടാതെ ഓഡിറ്റ് ആന്റ് അക്കൗണ്ടിംഗ് റെഗുലേഷൻ, 2007 അനുസരിച്ച്, സ്ഥാപനങ്ങൾക്കും അതോറിറ്റികൾക്കും ധനസഹായം/വായ്പകൾ അനുവദിക്കുന്ന സർക്കാരും/വകുപ്പ് തലവൻമാരും ₹10 ലക്ഷത്തിൽ കൂടുതൽ മൊത്തം വായ്പയോ ധനസഹായമോ മുൻവർഷം നൽകിയിട്ടുണ്ടെങ്കിൽ, നൽകിയ ധനസഹായം,

ധനസഹായം നൽകിയതിന്റെ ഉദ്ദേശ്യം, സ്ഥാപനങ്ങളുടെ/അതോറിറ്റികളുടെ മൊത്തം ചെലവ് എന്നിവ ഉൾപ്പെടുന്ന പത്രിക ഓരോ വർഷവും ജൂലൈ അവസാനം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണമുള്ള പത്തു വകുപ്പുകളിൽ നാലെണ്ണം[36] വിവിധ സ്ഥാപനങ്ങൾക്കും അതോറിറ്റികൾക്കും 2020-21ൽ നൽകിയ ധനസഹായ ത്തിന്റെ വിവരങ്ങൾ നൽകിയിട്ടില്ല. മേൽ പറഞ്ഞ വകുപ്പുകളിൽ നിന്നുള്ള വിവര ങ്ങളുടെ അഭാവത്തിൽ, അനുവദിച്ച ധനസഹായം യഥാവിധം വിനിയോഗിച്ചുവെന്ന് നിയമസഭയ്ക്ക്/സർക്കാരിന് മതിയായ ഉറപ്പ് നൽകാനാവില്ല. ഇത് സർക്കാർ ചെലവ് സംവിധാനത്തിനു മേലുള്ള നിയമസഭയുടെ നിയന്ത്രണത്തെ കുറയ്ക്കാനിടയാ ക്കുന്നു.

### 4.3.4 ധനദുർവിനിയോഗങ്ങൾ, നഷ്ടങ്ങൾ, പണാപഹരണങ്ങൾ തുടങ്ങിയവ

കേരളാ ഫിനാൻഷ്യൽ കോഡിന്റെ 297-ാം വകുപ്പനുസരിച്ച്, പൊതുധനം, സ്റ്റാമ്പ്, സാധനങ്ങൾ, മറ്റു വസ്തുക്കൾ എന്നിവയുടെ അപഹരണവും നഷ്ടവും അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I)/ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരളത്തിനേയും വകുപ്പ് തലവൻമാരെയും അറിയിക്കേണ്ടതാണ്.

₹19.35 കോടി ഉൾപ്പെട്ട ധനദുർവിനിയോഗം, പണാപഹരണം മുതലായവയുടെ 92 കേസുകളുമായി[37] ബന്ധപ്പെട്ട അന്തിമ നടപടി സംസ്ഥാന സർക്കാരിൽ തീർപ്പാക്കാനുണ്ട്.

**പട്ടിക 4.14 ധനദുർവിനിയോഗം, നഷ്ടം, അപഹരണം തുടങ്ങിയവയുടെ വിവരങ്ങൾ**

<table>
<tr><th colspan="3">എ. തീർപ്പാക്കാനുള്ള കേസുകളുടെ കാലപ്പഴക്കം</th><th></th><th colspan="3">ബി. തീർപ്പാക്കാനുള്ള കേസുകളുടെ ഇനം</th></tr>
<tr><th>വർഷം</th><th>കേസുകളുടെ എണ്ണം</th><th>ഉൾപ്പെട്ട തുക (₹ലക്ഷത്തിൽ)</th><th></th><th>കേസുകളുടെ ഇനം/ സ്വഭാവം</th><th>കേസുകളുടെ എണ്ണം</th><th>ഉൾപ്പെട്ട തുക (₹ലക്ഷത്തിൽ)</th></tr>
<tr><td>അഞ്ച് വർഷത്തിൽ കുറവ്</td><td>20</td><td>765.24</td><td></td><td rowspan="2">മോഷണം</td><td rowspan="2">7</td><td rowspan="2">15.82</td></tr>
<tr><td>5 – 10</td><td>9</td><td>236.40</td><td></td></tr>
<tr><td>10 – 15</td><td>12</td><td>664.29</td><td></td><td rowspan="4">ധനദുർവിനിയോഗങ്ങൾ/ വസ്തുക്കൾ നഷ്ടപ്പെട്ടത്</td><td rowspan="4">85</td><td rowspan="4">1,920.15</td></tr>
<tr><td>15 – 20</td><td>11</td><td>104.58</td><td></td></tr>
<tr><td>20 – 25</td><td>16</td><td>81.32</td><td></td></tr>
<tr><td>25 വർഷവും അതിനു മുകളിലും</td><td>24</td><td>84.14</td><td></td></tr>
<tr><td>ആകെ</td><td>92</td><td>1,935.97</td><td></td><td>ആകെ തീർപ്പാക്കാനുള്ള കേസുകൾ</td><td>92</td><td>1,935.97</td></tr>
</table>

*ഉറവിടം : സംസ്ഥാന സർക്കാർ വകുപ്പുകൾ റിപ്പോർട്ടു ചെയ്ത കേസുകൾ*

തീർപ്പാക്കാത്ത കേസുകൾ അന്തിമ തീർപ്പാക്കലിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ ഓഡിറ്റ് വിശകലനം ചെയ്തത് **പട്ടിക 4.15**ൽ ക്രോഡീകരിച്ചിരിക്കുന്നു. വകുപ്പുതല വിവരങ്ങൾ **അനുബന്ധം 4.5**ൽ കാണിച്ചിരിക്കുന്നു.

[36] ധനകാര്യ വകുപ്പ്, ജലവിഭവം വകുപ്പ്, ഊർജ്ജ വകുപ്പ്, സാംസ്കാരിക വകുപ്പ്

[37] ഇതിൽ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ കേസുകളും സർക്കാർ വകുപ്പുകൾ ചട്ടപ്രകാരം റിപ്പോർട്ട് ചെയ്ത കേസുകളും ഉൾപ്പെടും

**പട്ടിക 4.15 ധനദുർവിനിയോഗങ്ങൾ, നഷ്ടങ്ങൾ, പണാപഹരണങ്ങൾ എന്നിവയിൽ തീർപ്പാക്കാത്ത കേസുകളുടെ കാരണങ്ങൾ**

| ക്രമ നമ്പർ | തീർപ്പാക്കാത്ത കേസുകളുടെ കാലതാമസത്തിനു കാരണം | കേസുകളുടെ എണ്ണം | തുക (₹ ലക്ഷത്തിൽ) |
|---|---|---|---|
| 1. | വകുപ്പുതല, ക്രിമിനൽ അന്വേഷണം നടത്തേണ്ടവ | 12 | 41.87 |
| 2. | വകുപ്പുതല നടപടി ആരംഭിച്ചത് പൂർത്തിയാക്കാത്തവ | 50 | 1,527.39 |
| 3. | പണം തിരിച്ചു പിടിക്കാനോ എഴുതിത്തള്ളാനോ ഉള്ള ഉത്തരവ് കാത്തിരിക്കുന്നത് | 18 | 18.83 |
| 4. | വിവിധ കോടതികളിൽ തീർപ്പാകാതെ കിടക്കുന്നത് | 12 | 347.88 |
| | **തുക** | **92** | **1,935.97** |

*ഉറവിടം : സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നും കിട്ടിയ വിവരങ്ങൾ*

കൃത്യവിലോപം നടത്തുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടു വരുന്നതിനും മറ്റുള്ളവരെ കൃത്യവിലോപത്തിൽ നിന്ന് തടയുന്നതിനും വേണ്ടി ദുരുപയോഗ കേസുകൾ തീർപ്പാക്കുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 4.4 സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ

ഓഡിറ്റ് റിപ്പോർട്ടിൽ വന്ന ഖണ്ഡികകൾക്ക് സ്വമേധയാൽ വിശദീകരണക്കുറിപ്പ് കേരള സംസ്ഥാന പിഎസി/ധനകാര്യ വകുപ്പിന് ബന്ധപ്പെട്ട വകുപ്പുകൾ നിയമസഭയിൽ റിപ്പോർട്ട് സമർപ്പിച്ച് രണ്ടു മാസത്തിനുള്ളിൽ നൽകേണ്ടതാണ്. റിപ്പോർട്ട് മേശപ്പുറത്തു വച്ച് രണ്ട് മാസത്തിനുള്ളിൽ വകുപ്പുകൾ മേൽ നടപടിക്കുറിപ്പ് (എടിഎൻ) എജിയ്ക്ക് (പരിശോധിച്ച് പിഎസിയ്ക്ക് അയയ്ക്കുന്നതിനുവേണ്ടി) നൽകേണ്ടതുമാണ്.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പിഎസി)യുടെ നിർദ്ദേശപ്രകാരം ധനകാര്യ വകുപ്പ് എല്ലാ വകുപ്പുകൾക്കും ഓഡിറ്റ് റിപ്പോർട്ടിൽ വന്ന എല്ലാ ഖണ്ഡികകൾക്കും അവ പിഎസി പരിശോധിച്ചോ ഇല്ലയോ എന്നു കണക്കാക്കാതെ തന്നെ സ്വമേധയാ നടപടിയെടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

2016-17 മുതൽ 2019-20 വരെയുള്ള സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള മേൽ നടപടിക്കുറിപ്പ് വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടില്ല. വിവരങ്ങൾ **പട്ടിക 4.16**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.16 : സർക്കാരിൽ നിന്നും മേൽ നടപടിക്കുറിപ്പ് ലഭിക്കാത്ത ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം**

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | മൊത്തം മേൽനടപടിക്കുറിപ്പുകളുടെ എണ്ണം |
|---|---|---|
| 1 | 2016-17 | 1 |
| 2 | 2017-18 | 7 |
| 3 | 2018-19 | 13 |
| 4 | 2019-20 | 28 |
| **ആകെ** | | **49** |

2021-22 ൽ പിഎസി സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ ഒരു തവണ മാത്രം യോഗം ചേരുകയും 2015-16 വരെയുള്ള സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിലെ I, II അദ്ധ്യായങ്ങളിലെ എല്ലാ ഖണ്ഡികകളും പൂർത്തിയാക്കുകയും ചെയ്തു.

## 4.5 നിഗമനങ്ങൾ

1. സെസ്സ്/ റോയൽറ്റി/ ഫണ്ട് എന്നിവ സംസ്ഥാന സഞ്ചിത നിധിയിൽ ചേർക്കാതിരിക്കുന്ന സ്ഥിരമായ പ്രവണത.

2. റെഗുലേറ്റർമാർ ഫണ്ട് സംസ്ഥാനത്തിന്റെ പൊതു അക്കൗണ്ടിന് പുറത്ത് സൂക്ഷിക്കുന്നത് (കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഫണ്ട്).

3. സർക്കാർ അക്കൗണ്ടുകളിൽ അത്തരം വരുമാനങ്ങൾ വരവ് വയ്ക്കാത്തത് പണത്തിന്റെ താത്ക്കാലിക ദുരുപയോഗത്തിനു കാരണം ആകും.

4. ₹1.19 കോടിയ്ക്കുള്ള ആറ് വിനിയോഗ സാക്ഷ്യപത്രങ്ങൾ എ.ജി. (എ & ഇ) യ്ക്ക് ലഭിച്ചില്ല.

5. പി.ഡി. അക്കൗണ്ടുകൾ ഒത്തുനോക്കി ക്രമപ്പെടുത്താത്തത് പൊതു പണം ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിറഞ്ഞതാണ്.

6. സ്വയം ഭരണ സ്ഥാപനങ്ങൾ (23 എണ്ണം) സി.എ.ജി.-യ്ക്ക് വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിനുള്ള കുടിശ്ശിക ഒരു വർഷം മുതൽ എട്ട് വർഷം വരെയാണ്.

7. ധനദുർവിനിയോഗം/ പൊതുപ്പണം നഷ്ടപ്പെടുത്തൽ തുടങ്ങിയ കേസുകളിൽ വകുപ്പുതല നടപടി ആരംഭിക്കുന്നതിനും ബാധ്യത നിശ്ചയിക്കുന്നതിനും തിരിച്ചുപിടിക്കൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കാലതാമസം ഉണ്ടായി.

## 4.6 ശുപാർശകൾ

1. ***ഭരണഘടനാ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സഞ്ചിത നിധിക്ക്/ പബ്ലിക് അക്കൗണ്ടിന് പുറത്ത് സൂക്ഷിക്കുന്ന എല്ലാ ഫണ്ടിനേയും സഞ്ചിത നിധി / പബ്ലിക് അക്കൗണ്ടിൽ സർക്കാർ കൊണ്ടു വരേണ്ടതാണ്.***

2. ***പ്രോമിസറി നോട്ടുകൾ വിതരണം ചെയ്യുന്നത് ഗവൺമെന്റ് അവലോകനം ചെയ്യുകയും ഗ്രാന്റിന്റെ പരിധിയ്ക്കുള്ളിൽ നിന്ന് കരാറുകാർക്ക് പണം നൽകുന്നതിന് ഉചിതമായ നടപടികൾ കൈക്കൊള്ളുകയും അതുവഴി തുടർന്നുള്ള സാമ്പത്തിക ബാധ്യതകൾ ഒഴിവാക്കുകയും വേണം.***

3. ***ധനസഹായം അനുവദിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് വകുപ്പുകൾ ധനസഹായ ഓർഡറുകളിൽ പറഞ്ഞിരിക്കുന്ന സമയപരിധി അനുസരിച്ച് വിനിയോഗ സാക്ഷ്യപത്രം ശേഖരിക്കുന്നുവെന്നും വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് വീണ്ടും ധനസഹായം അനുവദിക്കുന്നില്ലായെന്നും ധനവകുപ്പ്***

*ഉറപ്പാക്കണം. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ സർക്കാർ ഉത്തരവാദിത്വം ചുമത്തണമെന്നും ശുപാർശ ചെയ്യുന്നു. കൂടാതെ, തീർപ്പാക്കാത്ത വിനിയോഗ സാക്ഷ്യപത്രങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന് പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിൽ (പി.എഫ്.എം.എസ്) ലഭ്യമായ എക്സ്പെൻഡീച്ചർ അഡ്വാൻസ് ട്രാൻസ്ഫർ (ഇഎടി) പോലെയുള്ള ഒരു മൊഡ്യൂൾ ഗവൺമെന്റിന് സ്വീകരിക്കാവുന്നതാണ്.*

4. *സ്വയം ഭരണ സ്ഥാപനങ്ങളുടെയും വകുപ്പുതല നിയന്ത്രിത ഉപക്രമങ്ങളുടെയും സാമ്പത്തിക സ്ഥിതി വിലയിരുത്തുന്നതിനായി അവയുടെ വാർഷിക കണക്കുകളുടെ ക്രോഡീകരണവും സമർപ്പിക്കലും ആയി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു സംവിധാനം ധനകാര്യ വകുപ്പ് വികസിപ്പിക്കണം.*

5. *ധനദുർവിനിയോഗം, നഷ്ടം, മോഷണം തുടങ്ങിയ കേസുകളിൽ ശീഘ്ര നടപടി എടുക്കുന്നതിലേയ്ക്കായി സമയ ബന്ധിത ചട്ടക്കൂട് തയ്യാറാക്കുന്ന കാര്യം സർക്കാർ പരിഗണിക്കേണ്ടതും അതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കുന്നത് തടയാനായി ആന്തരിക നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതുമാണ്.*

# അദ്ധ്യായം V

## സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനം

# അദ്ധ്യായം V
# സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനം

## 5.1 ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങൾ (പി.എസ്.യു) സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളാണ്. 2022 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിൽ 150 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (പി എസ് യു) ഉണ്ട്. ഈ അദ്ധ്യായം 131[38] സംസ്ഥാന പിഎസ് യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകളിൽ നിന്ന് വെളിപ്പെട്ട സാമ്പത്തിക പ്രകടനത്തിന്റെ സംഗ്രഹം അവതരിപ്പിക്കുന്നു.

## 5.2 കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്ക്

### 5.2.1 പി എസ് യുകളുടെ സ്ഥിതി

നിയമപരമായ നിലയും ഉടമസ്ഥാവകാശത്തിന്റെ രീതിയും അടിസ്ഥാനമാക്കിയും പി എസ് യുകളെ **പട്ടിക 5.1**ൽ കാണിച്ചിരിക്കുന്നതുപോലെ വിവിധ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**പട്ടിക 5.1 : പി എസ് യുകളുടെ സ്ഥിതി**

| വിഭാഗം | നിലവിൽ ഉള്ളവ | പുതുതായി ചേർത്തവ | മൊത്തം | പ്രവർത്തന രഹിതമായവ | തനി |
|---|---|---|---|---|---|
| സർക്കാർ കമ്പനികൾ | 115 | 6 | 121 | 9 | 130 |
| സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ | 4 | 0 | 4 | 0 | 4 |
| സർക്കാർ നിയന്ത്രിത മറ്റ് കമ്പനികൾ | 6 | 0 | 6 | 10 | 16 |
| **ആകെ** | 125 | 6 | 131 | 19 | 150 |

ഈ പി എസ് യുകൾ, 34 വകുപ്പുകളുടെ നിയന്ത്രണത്തിൽ ആറ് മേഖലകളിൽ[39] പ്രവർത്തിക്കുന്നു. എന്നിരുന്നാലും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, ഗുജറാത്ത്, ഹരിയാന, തമിഴ്നാട് തുടങ്ങിയ മറ്റ് സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി, സംസ്ഥാനത്ത് ലിസ്റ്റു ചെയ്ത പി എസ് യുകളൊന്നുമില്ല.

---

38 നാല് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ ഉൾപ്പെടെ. (19 പി.എസ്.യുകൾ പ്രവർത്തനരഹിതമാണ്)

39 കൃഷിയും അനുബന്ധവും, ധനകാര്യം, പശ്ചാത്തല സൗകര്യം, ഉൽപാദനം, ഊർജ്ജം, സേവനങ്ങൾ

### 5.2.2 സംസ്ഥാനത്തിന്റെ ജിഎസ്ഡിപിയിലേയ്ക്ക് സംസ്ഥാന പി എസ് യുകളുടെ സംഭാവന

**പട്ടിക 5.2**ൽ കാണിച്ചിരിക്കുന്നതുപോലെ വിറ്റുവരവിനെ അടിസ്ഥാനമാക്കിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ജിഎസ്ഡിപിയിലേയ്ക്കുള്ള സംഭാവന ഏകദേശം നാല് ശതമാനമായിരുന്നു.

**പട്ടിക 5.2: കേരളത്തിലെ ജിഎസ്ഡിപിയുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാന പി എസ് യുകളുടെ വിറ്റുവരവ്**

***(₹കോടിയിൽ)***

| വിശദാംശങ്ങൾ | 2019-20 | 2020-21 | 2021-22 |
|---|---|---|---|
| വിറ്റുവരവ് | 33,839.65 | 34,769.57 | 35,767.90 |
| ജിഎസ്ഡിപി | 8,24,374.20 | 7,99,571.11 | 9,01,997.83 |
| വിറ്റുവരവ് ജിഎസ്ഡിപിയുടെ ശതമാനത്തിൽ | 4.10 | 4.35 | 3.97 |
| വിറ്റുവരവിന്റെ വളർച്ചയുടെ ശതമാനം | 7.41 | 2.75 | 2.87 |
| ജിഎസ്ഡിപിയുടെ വളർച്ചാ ശതമാനം | 4.58 | (-)3.01 | 12.81 |

*ഉറവിടം : 15/03/2022 ലെ സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ളിമെന്റേഷൻ മന്ത്രാലയത്തിന്റെ വെബ്സൈറ്റ് പ്രകാരമുള്ള ജിഎസ്ഡിപി കണക്കുകളും സംസ്ഥാന പി എസ് യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകളിൽ റിപ്പോർട്ട് ചെയ്ത വിറ്റുവരവും.*

## 5.3 സംസ്ഥാന പി എസ് യുകളിലെ നിക്ഷേപം

2022 മാർച്ച് 31 വരെ പ്രവർത്തനത്തിലുള്ള 131 സംസ്ഥാന പി എസ് യുകളിലെ ഇക്വിറ്റിയുടെയും വായ്പകളുടെയും തുക **പട്ടിക 5.3**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.3: സംസ്ഥാന പി എസ് യുകളിലെ നിക്ഷേപം**

***(₹കോടിയിൽ)***

| വിശദാംശങ്ങൾ | സംസ്ഥാന സർക്കാർ | കേന്ദ്ര സർക്കാർ | മറ്റുള്ളവ[40] | ആകെ |
|---|---|---|---|---|
| **31 മാർച്ച് 2021 വരെ** | | | | |
| ഇക്വിറ്റി | 9,430.95 | 135.07 | 916.15 | 10,482.17 |
| വായ്പ | 8,365.16 | 50.54 | 29,830.88 | 38,246.58 |
| **ആകെ** | 17,796.11 | 185.61 | 30,747.03 | 48,728.75 |
| ശതമാനം | 36.52 | 0.38 | 63.10 | |
| ഗ്യാരണ്ടി ലഭിച്ചത് | 22,244.31 | | | |
| **31 മാർച്ച് 2022 വരെ** | | | | |
| ഇക്വിറ്റി | 9,817.46 | 158.09 | 971.92 | 10,947.47 |
| വായ്പ | 10,621.58 | 1.11 | 33,803.65 | 44,426.34 |
| **ആകെ** | 20,439.04 | 159.20 | 34,775.57 | 55,373.81 |
| ശതമാനം | 36.91 | 0.29 | 62.80 | |
| ഗ്യാരണ്ടി ലഭിച്ചത് | 22,024.97 | | | |

[40] *സംസ്ഥാന സർക്കാർ കമ്പനികൾ, ഹോൾഡിംഗ് കമ്പനികൾ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റുള്ളവ*

| വിശദാംശങ്ങൾ | സംസ്ഥാന സർക്കാർ | കേന്ദ്ര സർക്കാർ | മറ്റുള്ളവ[40] | ആകെ |
|---|---|---|---|---|
| **2021-22ലെ മാറ്റം** | | | | |
| ഇക്വിറ്റി | 386.51 | 23.02 | 55.77 | 465.30 |
| വായ്പ | 2,256.42 | (-)49.43 | 3,972.77 | 6,179.76 |
| **ആകെ** | 2,642.93 | (-)26.41 | 4,028.54 | 6,645.06 |
| ശതമാനം | 15 | (-)14 | 13 | 14 |
| ഗ്യാരണ്ടി ലഭിച്ചത് | 219.34 | | | |

*ഉറവിടം : സംസ്ഥാന പി എസ് യുകളിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ ; താൽക്കാലിക കണക്കുകൾ ഉൾപ്പെടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾക്ക് പുറമേ.*

2021-22ൽ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളിൽ ₹37.46 കോടിയും സർക്കാർ കമ്പനികളിൽ ₹278.28 കോടിയും ജോയിന്റ് സ്റ്റോക്ക് കമ്പനികളിൽ ₹105.11 കോടിയും സഹകരണ ബാങ്കുകളിലും സൊസൈറ്റികളിലും ₹34.49 കോടിയും സർക്കാർ നിക്ഷേപിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ നിക്ഷേപം ₹7,981.81 കോടിയിൽ നിന്നും ₹1,785.67 കോടി വർദ്ധിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ ₹9,767.48 കോടിയായി.

ചുവടെയുള്ള **പട്ടിക 5.4**ൽ കാണിച്ചിരിക്കുന്നതുപോലെ 2021-22ലെ മൊത്തം നിക്ഷേപമായ ₹455.34 കോടിയിൽ ₹84.64 കോടിയും അറ്റമൂല്യം പൂർണ്ണമായും ഇല്ലാതായ രണ്ട് കോർപ്പറേഷനുകളിലും ആറ് സർക്കാർ കമ്പനികളിലുമാണ് നിക്ഷേപിച്ചത്

**പട്ടിക 5.4 : അറ്റമൂല്യം പൂർണ്ണമായും നഷ്ടപ്പെട്ട കോർപ്പറേഷൻ / കമ്പനികളിൽ നടത്തിയ നിക്ഷേപം**

***(₹ കോടിയിൽ)***

| കമ്പനിയുടെ / കോർപ്പറേഷന്റെ പേര് | കണക്കുകൾ അന്തിമമാക്കിയ വർഷം | അറ്റമൂല്യം | 2021-22 കാലയളവിൽ നടത്തിയ നിക്ഷേപം | 2022 മാർച്ച് 31ലെ സഞ്ചിത നിക്ഷേപം |
|---|---|---|---|---|
| കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ | 2018-19 | (-)4.26 | 0.25 | 7.75 |
| കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | 2015-16 | (-)5,297.62 | 37.21 | 789.55 |
| കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | 2020-21 | (-)21.07 | 14.21 | 123.06 |
| കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ | 2019-20 | (-)51.46 | 0.50 | 54.94 |
| കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | (-)1,126.02 | 22.00 | 531.84 |
| മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് | 2018-19 | (-)31.65 | 0.04 | 2.18 |
| കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | (-)3.19 | 0.20 | 8.13 |
| കെൽട്രോൺ കംപോണന്റ് കോംപ്ളക്സ് ലിമിറ്റഡ് | 2020-21 | (-)9.77 | 10.22 | 17.52 |
| **ആകെ** | | | 84.63 | 1,534.97 |

*ഉറവിടം : ഓഡിറ്റ് വിഭാഗം, സാമ്പത്തിക കണക്കുകൾ എന്നിവയിൽ നിന്ന് ശേഖരിച്ച ഡാറ്റ.*

**പട്ടിക 5.5 : നഷ്ടത്തിലായ കമ്പനികളിൽ നടത്തിയ നിക്ഷേപങ്ങൾ**

*(₹ കോടിയിൽ)*

| കമ്പനി | കണക്കുകൾ അന്തിമമാക്കിയ വർഷം വരെ | നികുതിക്കും പലിശയ്ക്കും ശേഷമുള്ള നഷ്ടം | 2021–22 കാലയളവിൽ നടത്തിയ നിക്ഷേപം | 2022 മാർച്ച് 31ലെ സഞ്ചിത നിക്ഷേപം |
|---|---|---|---|---|
| കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | (-)19.19 | 0.84 | 187.44 |
| കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് ലിമിറ്റഡ് | 2018-19 | (-)12.36 | 3.27 | 210.85 |
| കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | (-)6.10 | 3.00 | 12.27 |
| കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | (-)1.35 | 13.55 | 79.93 |
| കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | (-)4.66 | 4.52 | 83.10 |
| കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ദി വെൽഫെയർ ഓഫ് ക്രിസ്ത്യൻ കൺവെർട്സ് ഫ്രം ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ദി റെക്കമെന്റഡ് കമ്മ്യൂണിറ്റീസ് കോർപ്പറേഷൻ | 2018-19 | (-)0.14 | 5.00 | 80.55 |
| ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കേരള | 2019-20 | (-)0.67 | 22.84 | 204.47 |
| വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | (-)0.40 | 2.57 | 17.30 |
| അഴീക്കൽ തുറമുഖത്തിന്റെ വികസനം | 2019-20 | (-)0.38 | 2.26 | 56.07 |
| കേരള സ്റ്റേറ്റ് പോട്ടറി മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 2018-19 | (-)0.09 | 0.70 | 1.95 |
| ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് | 2020-21 | (-)0.24 | 2.11 | 2.11 |
| കേരള റബ്ബർ ലിമിറ്റഡ് | 2020-21 | (-)0.009 | 4.50 | 4.50 |
| കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് | 2019-20 | (-)6.10 | 10.99 | 1,394.23 |
| **ആകെ** | | | 76.15 | 2,334.77 |

*ഉറവിടം : ഓഡിറ്റ് വിഭാഗത്തിൽ നിന്നും സാമ്പത്തിക കണക്കുകളിൽ നിന്നും ശേഖരിച്ച ഡാറ്റ.*

ഈ വർഷം ₹76.15 കോടി നിക്ഷേപിച്ച 13 കമ്പനികൾ നഷ്ടത്തിലാണ്. നഷ്ടത്തിലായ ഈ കമ്പനികളിൽ 2022 മാർച്ച് 31 വരെ സർക്കാരിന്റെ മൊത്തം നിക്ഷേപം ₹2,334.77 കോടിയാണ്. നഷ്ടത്തിലായ കമ്പനികളിൽ നടത്തിയ നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ മുകളിലുള്ള **പട്ടിക 5.5**ൽ നൽകിയിരിക്കുന്നു.

പ്രവർത്തനരഹിതമായ 16 കമ്പനികളിലെ സഞ്ചിത നിക്ഷേപം ₹33.87 കോടിയാണ്.

## 5.4 അനുരഞ്ജനമില്ലായ്മ

പ്രവർത്തനത്തിലുള്ള 131 സംസ്ഥാന പി എസ് യുകളിലെ 112 എണ്ണത്തിലും **അനുബന്ധം 5.1** ൽ കാണിച്ചിരിക്കുന്നതുപോലെ സാമ്പത്തിക കണക്കുകൾ പ്രകാരവും സംസ്ഥാന പി എസ് യുകളിലെ രേഖകൾ പ്രകാരവുമുള്ള കണക്കുകളും തമ്മിൽ വ്യത്യാസമുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത്തരം വ്യത്യാസങ്ങൾ വർഷങ്ങളായി നിലനിൽക്കുന്നു.

ഈ വ്യത്യാസങ്ങൾ പരിഹരിക്കുന്ന വിഷയം കാലാകാലങ്ങളിൽ സംസ്ഥാന പി എസ് യുകളെയും ബന്ധപ്പെട്ട വകുപ്പുകളെയും അറിയിച്ചെങ്കിലും അനുരഞ്ജനം ഇതുവരെ നടന്നിട്ടില്ല.

## 5.5 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വരവ്

പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ നടത്തുന്ന നിക്ഷേപത്തിന് ന്യായമായ വരുമാനം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവർത്തനത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു.

### 5.5.1 സാമ്പത്തിക പ്രകടനത്തിന്റെ സംഗ്രഹം

2022 മാർച്ച് 31 വരെ പ്രവർത്തനത്തിലുള്ള 131 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനത്തിന്റെ സംഗ്രഹം ചുവടെയുള്ള **പട്ടിക 5.6**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.6 : ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സംസ്ഥാന പി എസ് യുകളുടെ സാമ്പത്തിക പ്രകടനത്തിന്റെ സംഗ്രഹം (സർക്കാർ കമ്പനികളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും)**

| വിശദാംശങ്ങൾ | എണ്ണം | തുക (₹ കോടിയിൽ) |
|---|---|---|
| ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ | 55 | 654.99 |
| നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ | 63 | 4,065.38 |
| ലാഭം/ നഷ്ടം പൂജ്യമായ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 4 | |
| ആദ്യ കണക്കുകൾ ലഭിക്കാത്തത്[41] | 9 | |
| ഈ അധ്യായത്തിനായി തിരഞ്ഞെടുത്ത സംസ്ഥാന പി എസ് യുകൾ | 131[42] | |
| ലാഭവിഹിതം പ്രഖ്യാപിച്ചത് / നൽകിയത് | 3 | 3.23 |

*ഉറവിടം : സംസ്ഥാന പി എസ് യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ*

മുകളിലുള്ള പട്ടികയിൽ കാണുന്നതുപോലെ, 55 സംസ്ഥാന പി എസ് യുകൾ (₹654.99 കോടി ലാഭം നേടി), 63 സംസ്ഥാന പി എസ് യുകൾ (ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ഉൾപ്പെടെ) ₹4,065.38 കോടിയുടെ നഷ്ടം രേഖപ്പെടുത്തി.

---

41 പുതുതായി രൂപീകരിച്ച ആറ് പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ

42 127 പ്രവർത്തനത്തിലുള്ള കമ്പനികളും നാല് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും

**പട്ടിക 5.7 : നഷ്ടം സംഭവിച്ച സംസ്ഥാന പി എസ് യുകളുടെ എണ്ണം**

*(₹ കോടിയിൽ)*

| വർഷം[43] | സംസ്ഥാന പി എസ് യുകളുടെ എണ്ണം | വർഷത്തെ അറ്റ നഷ്ടം | സഞ്ചിത നഷ്ടം | അടച്ചു തീർത്ത മൂലധനം | അറ്റമൂല്യം |
|---|---|---|---|---|---|
| 2019-20 | 69 | (-)2,620.46 | (-)14,197.46 | 7,487.00 | (-)6,650.90 |
| 2020-21 | 68 | (-)4,496.12 | (-)16,651.62 | 7,553.67 | (-)9,058.15 |
| 2021-22 | 63 | (-)4,065.38 | (-)18,047.00 | 7,634.10 | (-)10,412.90 |

*ഉറവിടം : അതാത് സംസ്ഥാന പി എസ് യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം.*

55 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇക്വിറ്റിയിലെ റിട്ടേൺ 10.32 ശതമാനമാണെങ്കിലും, 122[44] സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഇക്വിറ്റിയിലെ റിട്ടേൺ നെഗറ്റീവ് ആയിരുന്നു. കാരണം ഈ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള അറ്റ വരുമാനം 2021-22ൽ നെഗറ്റീവ് ആയിരുന്നു.

മൊത്തം ലാഭത്തിന്റെ 77.25 ശതമാനം സംഭാവന ചെയ്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 5.8**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 5.8 : ഏറ്റവും കൂടുതൽ ലാഭം നൽകിയ മികച്ച ആറ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ**

| മേഖല | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര് | അക്കൗണ്ടുകളുടെ കാലയളവ് | പലിശയ്ക്കും നികുതിയ്ക്കും ശേഷമുള്ള തനിലാഭം (₹ കോടിയിൽ) | മൊത്തം പി.എസ്.യുകളുടെ ലാഭത്തിന്റെ ശതമാനം |
|---|---|---|---|---|
| നിർമ്മാണം | ദി കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് | 2021-22 | 226.91 | 44.84 |
| സേവനം | കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആൻഡ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | 113.13 | 22.36 |
| ധനകാര്യം | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2018-19 | 77.62 | 15.34 |
| നിർമ്മാണം | കേരള ഫീഡ്സ് ലിമിറ്റഡ് | 2020-21 | 38.38 | 7.58 |
| | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 | 25.50 | 5.04 |
| | ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻസ്) കേരള ലിമിറ്റഡ് | 2018-19 | 24.47 | 4.84 |
| ആകെ | | | 506.01 | |

*ഉറവിടം : അതാത് സംസ്ഥാന പി എസ് യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

63 പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടമായ ₹4,065.38 കോടിയിൽ ₹3,474.65 കോടിയുടെ നഷ്ടം രേഖപ്പെടുത്തിയത് നാല് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലാണ് (രണ്ട് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ ഉൾപ്പെടെ). 2021-22

---

43 പ്രവർത്തനഫലങ്ങളിൽ എത്തിച്ചേരുന്നതിനായി അവസാനമായി ലഭ്യമായ കണക്കുകൾ നിന്നുള്ള വിവരങ്ങൾ ഈ അധ്യായത്തിൽ പരിഗണിച്ചിട്ടുണ്ട്.

44 ആദ്യ കണക്കുകൾ സമർപ്പിക്കാത്ത ഒമ്പത് പ്രവർത്തിക്കുന്ന പി എസ് യുകൾ ഒഴികെ

വർഷത്തിൽ ₹100 കോടിയിലധികം നഷ്ടമുണ്ടായ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ **പട്ടിക 5.9** കാണിക്കുന്നു.

**പട്ടിക 5.9 : 100 കോടിയിലധികം നഷ്ടമുണ്ടായ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ക്രമ നമ്പർ | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര് | കണക്കുകളുടെ കാലയളവ് | നികുതിക്കും പലിശയ്ക്കും ശേഷമുള്ള അറ്റനഷ്ടം (₹ കോടിയിൽ) |
|---|---|---|---|
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2020-21 | 1,822.35 |
| 2 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | 2015-16 | 1,007.18 |
| 3 | കേരള സ്റ്റേറ്റ് സിവിൽ സ്പ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | 403.81 |
| 4 | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | 241.31 |

*ഉറവിടം : അതാത് സംസ്ഥാന പി എസ് യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം.*

### 5.5.2 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതം

സർക്കാർ കമ്പനികളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും 2021-22ൽ നേടിയ ലാഭത്തിന്റെയും ലാഭവിഹിതത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 5.10**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.10 : നേടിയ ലാഭവും പ്രഖ്യാപിച്ച ലാഭവിഹിതവും**

***(₹ കോടിയിൽ)***

| വിശദാംശങ്ങൾ | സംസ്ഥാന പി എസ് യുകളുടെ എണ്ണം | അടച്ചു തീർത്ത മൂലധനം | അറ്റലാഭം | പ്രഖ്യാപിച്ച ലാഭവിഹിതം |
|---|---|---|---|---|
| സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ[45] | 1 | 426.50 | 13.20 | 1.07 |
| സർക്കാർ കമ്പനികൾ[46] | 1 | 1.61 | 0.48 | 0.16 |
| സർക്കാർ നിയന്ത്രിത മറ്റ് കമ്പനികൾ[47] | 1 | 0.25 | 0.93 | 2.00 |
| **ആകെ** | 3 | 428.36 | 14.61 | 3.23 |

*ഉറവിടം : അതാത് സംസ്ഥാന പി എസ് യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം.*

സംസ്ഥാന സർക്കാർ (1998 ഡിസംബർ) രൂപീകരിച്ച ലാഭവിഹിത നയപ്രകാരം എല്ലാ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും, അടച്ച ഓഹരി മൂലധനത്തിന്റെ 20 ശതമാനം അല്ലെങ്കിൽ ലഭ്യമായ ലാഭ മിച്ചത്തിന്റെ 30 ശതമാനം, ഇതിൽ, ഏത് തുകയാണ് കുറവ്, അത് ലാഭവിഹിതമായി നൽകണം. എന്നിരുന്നാലും, ലാഭം നേടിയ 51 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭവിഹിതം പ്രഖ്യാപിച്ചില്ല. അല്ലെങ്കിൽ

[45] *കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (2020-21)*
[46] *കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (2021-22)*
[47] *കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്സ് ലിമിറ്റഡ് (2020-21)*

സർക്കാർ നിർദ്ദേശിച്ച തുകയേക്കാൾ കുറവായി പ്രഖ്യാപിക്കുകയോ ചെയ്തു. ഈ കണക്കിലെ മൊത്തം അടവിലെ കുറവ് ₹226.47 കോടിയാണ്.

## 5.6 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പ്രശ്നങ്ങളുടെ അവലോകനം സിഎജിയുടെ തുടർച്ചയായ റിപ്പോർട്ടുകളിൽ ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. നഷ്ടത്തിലോടുന്ന അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, പ്ളാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്നിവയെക്കുറിച്ച് അടുത്തിടെ നടത്തിയ അവലോകനത്തിൽ, കാര്യക്ഷമമല്ലാത്ത പ്രവർത്തന മൂലധന മാനേജ്മെന്റ്, പ്രായോഗികമല്ലാത്ത പ്രോജക്ടുകളിലെ നിക്ഷേപം, ഉൽപാദനം, പ്രവർത്തനം, തൊഴിൽ എന്നിവയിലെ കാര്യക്ഷമതയില്ലായ്മ, ലഭ്യമായ ശേഷിയുടെ ഉപയോഗക്കുറവ് തുടങ്ങിയ ഘടകങ്ങളാണ് നഷ്ടത്തിന്റെ പ്രധാന കാരണമെന്ന് വെളിപ്പെട്ടു.

## 5.7 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ മൂലധന ശോഷണം

2022 സെപ്റ്റംബർ 30 വരെ സമർപ്പിച്ച ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം, പ്രവർത്തനത്തിലുള്ള 131 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ 75 എണ്ണത്തിന്റെ മൊത്തം സഞ്ചിതനഷ്ടം ₹19,169.12 കോടിയാണ്. ഇതിൽ 12 പി എസ് യുകൾ ഈ വർഷം ലാഭത്തിലാണ്. ഈ 75 പൊതുമേഖലാ സ്ഥാപനങ്ങളിൽ അറ്റമൂല്യം പൂർണ്ണമായും ഇല്ലാതായ 46 എണ്ണത്തിന്റെ ഇക്വിറ്റി നിക്ഷേപമായ ₹6,081.18 കോടിയെ അപേക്ഷിച്ച് അവയുടെ അറ്റമൂല്യം (–) ₹12,460.21 കോടി ആയിരുന്നു.

₹10,093.98 കോടി അടച്ചു തീർത്ത മൂലധനമുള്ള പ്രവർത്തനത്തിലുള്ള 131 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അറ്റമൂല്യം (–) ₹3,968.26 കോടി ആയിരുന്നു.

### 5.7.1 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇക്വിറ്റിയിലെ റിട്ടേൺ

കമ്പനികളുടെ സാമ്പത്തിക പ്രകടനത്തിന്റെ അളവുകോലായ ഇക്വിറ്റിയിലെ റിട്ടേൺ[48], കമ്പനിയുടെ അറ്റവരുമാനത്തെ ഓഹരി ഉടമകളുടെ ഇക്വിറ്റികൊണ്ട് ഹരിച്ചാണ് കണക്കാക്കുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏകീകരിച്ച ഇക്വിറ്റിയിലെ റിട്ടേൺ **പട്ടിക 5.11**ൽ നൽകിയിരിക്കുന്നു.

*[48] ഇക്വിറ്റിയിലെ റിട്ടേൺ = (നികുതിക്കും പ്രിഫറൻസ് ഡിവിഡെൻഡിനും ശേഷമുള്ള തനിലാഭം / ഇക്വിറ്റി)X100 ; ഇവിടെ ഇക്വിറ്റി = അടച്ചു തീർത്ത മൂലധനം + ഫ്രീ റിസേർവ് – സഞ്ചിത നഷ്ടം – മാറ്റിവെച്ച റവന്യൂ ചെലവ്.*

**പട്ടിക 5.11 : ഇക്വിറ്റിയിലെ റിട്ടേൺ**

*(₹ കോടിയിൽ)*

| വർഷം | സംസ്ഥാന പി എസ് യുകളുടെ എണ്ണം | നികുതിക്കും ലാഭവിഹിതത്തിനും ശേഷമുള്ള തനിലാഭം | ഓഹരി ഉടമകളുടെ ഇക്വിറ്റി | ഇക്വിറ്റിയിലെ റിട്ടേൺ (ശതമാനത്തിൽ) |
|---|---|---|---|---|
| 2019-20 | 126 | (-)2,139.05 | (-)998.35 | 0 |
| 2020-21 | 126 | (-) 4,035.68 | (-)3,290.51 | 0 |
| 2021-22 | 131 | (-)3,410.39 | (-)3,968.29 | 0 |

*ഉറവിടം : സംസ്ഥാന പി എസ് യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

2021-22ന് അവസാനിച്ച മൂന്ന് വർഷങ്ങളിൽ നികുതിക്ക് ശേഷമുള്ള തനിലാഭവും ഓഹരിയുടമയുടെ ഇക്വിറ്റിയും നെഗറ്റീവ് ആയിരുന്നു. ഇക്വിറ്റി നെഗറ്റീവ് ആയതിനാൽ ഈ കാലയളവുകളിൽ ഇക്വിറ്റിയിലെ റിട്ടേൺ കണക്കാക്കിയിട്ടില്ല. നെഗറ്റീവ് ഇക്വിറ്റി സൂചിപ്പിക്കുന്നത് ഈ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ബാധ്യതകൾ അവരുടെ ആസ്തിയേക്കാൾ കൂടുതലാണെന്നാണ്.

2021-22 അവസാനിച്ച മൂന്ന് വർഷങ്ങളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള ഇക്വിറ്റിയിലെ റിട്ടേൺ **പട്ടിക 5.12**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.12 : സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള ഇക്വിറ്റിയിലെ റിട്ടേൺ**

| ക്രമ നമ്പർ | മേഖല | ഇക്വിറ്റിയിലെ റിട്ടേൺ ശതമാനത്തിൽ | | |
|---|---|---|---|---|
| | | | 2020-21 | 2021-22 |
| 1 | കൃഷിയും അനുബന്ധവും | (-)7.89 | (-)8.70 | (-)5.00 |
| 2 | ധനകാര്യം | 6.17 | (-)7.19 | (-)6.82 |
| 3 | അടിസ്ഥാന സൗകര്യങ്ങൾ | 1.03 | 2.30 | 1.10 |
| 4 | നിർമ്മാണം | * | * | * |
| 5 | ഊർജ്ജം | * | * | * |
| 6 | സേവനം | * | * | * |

*ഉറവിടം : അതാത് വർഷങ്ങളിലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

**അറ്റവരുമാനം നെഗറ്റീവ് ആയിരുന്നു, അതിനാൽ ഇക്വിറ്റിയിലെ റിട്ടേൺ കണക്കാക്കിയിട്ടില്ല.*

മേഖല തിരിച്ചുള്ള വിശകലനം സൂചിപ്പിക്കുന്നത് ഇൻഫ്രാസ്ട്രക്ചർ മേഖലയിലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ മൂന്ന് വർഷവും പോസിറ്റീവ് ഇക്വിറ്റിയിലെ റിട്ടേൺ റിപ്പോർട്ട് ചെയ്തു എന്നാണ്. ധനകാര്യ മേഖലയിലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ 2019-20ൽ പോസിറ്റീവ് ഇക്വിറ്റിയിലെ റിട്ടേൺ റിപ്പോർട്ട് ചെയ്തുവെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ നെഗറ്റീവ് ഇക്വിറ്റിയിലെ റിട്ടേൺ റിപ്പോർട്ട് ചെയ്തു. ശേഷിക്കുന്ന മേഖലകളിലെ സംസ്ഥാന പൊതുമേഖലാ

സ്ഥാപനങ്ങളുടെ ആസ്തിയേക്കാൾ ബാധ്യതകൾ കൂടുതലായതിനാൽ മൂന്നു വർഷവും നെഗറ്റീവ് ഇക്വിറ്റിയിലെ റിട്ടേൺ റിപ്പോർട്ട് ചെയ്തു.

കമ്പനികളുടെ കുറഞ്ഞ വിൽപ്പന നിരക്ക്, ഉയർന്ന സംഭരണ നിരക്ക്, പ്രവർത്തന കാര്യക്ഷമതയില്ലായ്മ തുടങ്ങിയവയാണ് നെഗറ്റീവ് ഇക്വിറ്റി റിട്ടേൺ-ന്റെ പ്രധാന കാരണങ്ങൾ.

## 5.8 വായ്പാ ബാധ്യതകൾ നിറവേറ്റാൻ ആസ്തികളുടെ പര്യാപ്തത

മൊത്തം വായ്പയും മൊത്തം ആസ്തിയും തമ്മിലുള്ള അനുപാതം ഒരു കമ്പനിക്ക് വായ്പാ ബാധ്യതകൾ നിറവേറ്റാൻ ആസ്തികൾ പര്യാപ്തമാണോ എന്ന് നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന രീതികളിലൊന്നാണ്. വായ്പാ ബാധ്യതകൾ നിറവേറ്റാൻ ഉള്ള കഴിവ് കണക്കാക്കുന്നതിന്, ഒരു സ്ഥാപനത്തിന്റെ ആസ്തികളുടെ മൂല്യം അതിന്റെ വായ്പകളുടെ / കടങ്ങളുടെ തുകയേക്കാൾ കൂടുതലായിരിക്കണം, അതായത്, കടം ആസ്തി അനുപാതം ഒന്നിൽ കുറവായിരിക്കണം. 2022 മാർച്ച് 31 ലെ കണക്കനുസരിച്ച്, 74 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കുടിശ്ശിക വായ്പ കളുണ്ട്. മൊത്തം ആസ്തികളുടെ മൂല്യം അനുസരിച്ച് അവരുടെ ദീർഘകാല വായ്പ കളുടെ കവറേജ് **പട്ടിക 5.13**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.13 : ദീർഘകാല വായ്പാ-മൊത്തം ആസ്തികളുടെ അനുപാതം**

| വിശദാംശങ്ങൾ | കടം ആസ്തി അനുപാതം <1 ഉള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | | | | കടം ആസ്തി അനുപാതം ≥ 1 ഉള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | | | |
|---|---|---|---|---|---|---|---|---|
| | സംസ്ഥാന പി എസ് യു കളുടെ എണ്ണം | ദീർഘ കാല വായ്പ (₹ കോടിയിൽ) | ആസ്തി (₹ കോടിയിൽ) | കടം ആസ്തി അനുപാതം | സംസ്ഥാന പി എസ് യു കളുടെ എണ്ണം | ദീർഘകാല വായ്പ (₹ കോടിയിൽ) | ആസ്തി (₹ കോടിയിൽ) | കടം ആസ്തി അനുപാതം |
| സർക്കാർ കമ്പനികൾ | 63 | 24,915.99 | 91,145.89 | 0.27 | 7 | 239.88 | 115.32 | 2.08 |
| സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ | 3 | 4,199.88 | 8,748.18 | 0.48 | 1 | 4,091.37 | 1,420.42 | 2.88 |
| **ആകെ** | 66 | 29,115.87 | 99,894.07 | | 8 | 4,331.25 | 1,535.74 | |

*ഉറവിടം : സംസ്ഥാന പി എസ് യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം.*

മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് 66 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ (മൂന്ന് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ ഉൾപ്പെടെ) കടം ആസ്തി അനുപാതം ഈ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കു അനുകൂലമാണെന്ന് സൂചിപ്പിക്കുന്ന ഒന്നിൽ കുറവാണെന്ന് കാണാം. എന്നിരുന്നാലും, എട്ട് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം ആസ്തി അനുപാതം ഒന്നിൽ കൂടുതലായിരുന്നു. ഇത് ഈ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം ആസ്തികളുടെ മൂല്യം കുടിശ്ശികയുള്ള വായ്പകളേക്കാൾ കുറവായതിനാൽ അവ അനുകൂലമല്ലെന്ന് സൂചിപ്പിക്കുന്നു.

## 5.9 പലിശ വീട്ടാനുള്ള കഴിവ്

കുടിശ്ശികയുള്ള കടത്തിന് പലിശ നൽകാനുള്ള ഒരു കമ്പനിയുടെ കഴിവ് നിർണ്ണയിക്കാൻ പലിശ കവറേജ് അനുപാതം ഉപയോഗിക്കുന്നു. ഇത് കണക്കാക്കുന്നത് ഒരു കമ്പനിയുടെ പലിശയ്ക്കും നികുതികൾക്കും മുമ്പായി ഉള്ള വരുമാനം അതേ കാലയളവിലെ പലിശ ചെലവുകൾ ഉപയോഗിച്ച് വിഭജിച്ചാണ്. അനുപാതം കുറയുന്തോറും പലിശ നൽകാനുള്ള കമ്പനിയുടെ കഴിവും കുറയും. പലിശയ്ക്ക് കീഴിലുള്ള ചെലവുകൾ നിറവേറ്റാൻ കമ്പനി മതിയായ വരുമാനം ഉണ്ടാക്കുന്നില്ലെന്ന് ഒന്നിന് താഴെയുള്ള പലിശ കവറേജ് അനുപാതം സൂചിപ്പിക്കുന്നു. 2021-22 കാലയളവിൽ വായ്പ കുടിശ്ശികയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പോസിറ്റീവ്, നെഗറ്റീവ് പലിശ കവറേജ് അനുപാതത്തിന്റെ വിശദാംശങ്ങൾ **പട്ടിക 5.14**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.14 : പലിശ കവറേജ് അനുപാതം**

| വിശദാംശങ്ങൾ | പലിശ കവറേജ് അനുപാതം <1 ഉള്ള സംസ്ഥാന പി എസ് യുകൾ | | | പലിശ കവറേജ് അനുപാതം ≥1 ഉള്ള സംസ്ഥാന പി എസ് യുകൾ | | |
|---|---|---|---|---|---|---|
| | സംസ്ഥാന പി എസ് യുകളുടെ എണ്ണം | പലിശ | പലിശയ്ക്കും നികുതികൾക്കും മുമ്പായി ഉള്ള ലാഭം | സംസ്ഥാന പി എസ് യുകളുടെ എണ്ണം | പലിശ | പലിശയ്ക്കും നികുതികൾക്കും മുമ്പായി ഉള്ള ലാഭം |
| | | (₹ കോടിയിൽ) | | | (₹ കോടിയിൽ) | |
| **സർക്കാർ കമ്പനികൾ** | 39 | 2,324.41 | (-)628.97 | 27 | 142.56 | 627.81 |
| **സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ** | 1 | 495.73 | (-)511.45 | 2 | 268.60 | 291.23 |
| **ആകെ** | 40 | 2,820.14 | (-)1,140.42 | 29 | 411.16 | 919.04 |

*ഉറവിടം : സംസ്ഥാന പി എസ് യുകളുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം*

29 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് (രണ്ട് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ ഉൾപ്പെടെ) പലിശ കവറേജ് അനുപാതം ഒന്നിന് തുല്യമോ അതിൽ കൂടുതലോ ഉള്ളതായി നിരീക്ഷിച്ചു. അതുപോലെ, 40 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് (ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ഉൾപ്പെടെ) ഒന്നിൽ താഴെ പലിശ കവറേജ് അനുപാതം ഉണ്ടായിരുന്നു, ഈ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പലിശ ബാധ്യത അടയ്ക്കാൻ മതിയായ വരുമാനം സൃഷ്ടിക്കാൻ കഴിഞ്ഞില്ല എന്ന് ഇത് സൂചിപ്പിക്കുന്നു.

## 5.10 സംസ്ഥാന സർക്കാർ വായ്പകളുടെ പലിശയും കുടിശ്ശികയുള്ള പലിശയുടെ പ്രായം തിരിച്ചുള്ള വിശകലനം

2022 മാർച്ച് 31 വരെ, 131 പ്രവർത്തനത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച ഡാറ്റ അനുസരിച്ച് 36 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ സർക്കാർ നൽകിയ ദീർഘകാല വായ്പകളുടെ പലിശ കുടിശ്ശിക ₹2,395.37 കോടിയാണ്. ഇതിൽ ₹133.26 കോടി ഒരു വർഷത്തിൽ താഴെയും ₹1,217.58 കോടി ഒന്ന് മുതൽ മൂന്ന് വർഷം വരെയും, ₹1,044.53 കോടി മൂന്ന് വർഷത്തിൽ കൂടുതലും കുടിശ്ശികയിലാണ്.

## 5.11 നിഗമനങ്ങൾ

2022 മാർച്ച് 31 വരെ 131 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലായി കേരള സർക്കാരിന്റെ മൊത്തം നിക്ഷേപം ₹20,439.04 കോടിയാണ്. 2021-22 കാലയളവിൽ 22 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലായി ₹386.51 കോടിയുടെ ഓഹരി കേരള സർക്കാർ നിക്ഷേപിച്ചു. പ്രവർത്തനത്തിലുള്ള 75 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം മൊത്തം ₹19,169.12 കോടിയുടെ സഞ്ചിതനഷ്ടമുണ്ടാക്കി. 2021-22 വർഷത്തിൽ 63 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം ₹4,065.38 കോടിയുടെ അറ്റനഷ്ടമുണ്ടായി, അതിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷന്റെ (കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്‌പോർട്ട് കോർപ്പറേഷൻ) ₹1,007.18 കോടിയുടെ അറ്റനഷ്ടവും ഉൾപ്പെടുന്നു. പ്രവർത്തനത്തിലുള്ള 131 സംസ്ഥാന പി എസ് യുകളിൽ മൂന്ന് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ ആയ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഉൾപ്പെടെ) 2021-22 ൽ ₹3.23 കോടി ലാഭവിഹിതം പ്രഖ്യാപിച്ചു.

## 5.12 ശുപാർശകൾ

1. **നിഷ്ക്രിയമായ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്ക് സംഭാവന നൽകുകയോ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നിറവേറ്റുകയോ ചെയ്യുന്നില്ല. നിഷ്ക്രിയമായ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ ലിക്വിഡേഷൻ പ്രക്രിയ ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഒരു തീരുമാനം എടുക്കേണ്ടതുണ്ട്.**

**2. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ രേഖകളിലും സർക്കാർ സാമ്പത്തിക കണക്കുകളിലും പ്രത്യക്ഷപ്പെടുന്ന ഇക്വിറ്റി, വായ്പകൾ, ഗ്യാരണ്ടികൾ എന്നിവയുടെ വ്യത്യാസം പരിഹരിക്കാൻ സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.**

**ഡോ. ബിജു ജേക്കബ്**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ
(ഓഡിറ്റ് - II), കേരളം

തിരുവനന്തപുരം
09 MAY 2023

മേലൊപ്പിട്ടത്

**(ഗിരീഷ് ചന്ദ്ര മുർമു)**
കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ

ന്യൂ ഡൽഹി
10 MAY 2023

# അനുബന്ധങ്ങൾ

**അനുബന്ധം 1.1**
**കേരളത്തിന്റെ രൂപരേഖ**
**(സൂചിക : ഖണ്ഡികകൾ 1.1 : പുറം 1)**
**എ. പൊതുവിവരം**

| ക്രമ നമ്പർ | വിവരങ്ങൾ | | കണക്കുകൾ |
|---|---|---|---|
| 1. | വിസ്തീർണ്ണം | | 38,863 സ്ക്വ. കി.മീ |
| 2. | ജനസംഖ്യ | | |
| | എ. 2011-ൽ | | 3.36 കോടി |
| | ബി. 2022-ൽ | | 3.56 കോടി |
| 3. | ജനസാന്ദ്രത (2011 സെൻസസ്സ് പ്രകാരം) (അഖിലേന്ത്യാ ജനസാന്ദ്രത = 418.43 ആളുകൾ ഒരു സ്ക്വ. കി.മീ.ൽ) | | 917.15 വ്യക്തി/സ്ക്വ. കി.മീ |
| 4. | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനസംഖ്യ (ബിപിഎൽ) (അഖിലേന്ത്യാ ശരാശരി = 21.92 ശതമാനം) | | 7.05 ശതമാനം |
| 5. | സാക്ഷരതാ (2011 സെൻസസ്സ് പ്രകാരം) (അഖിലേന്ത്യാ ശരാശരി = 73.00 ശതമാനം) | | 94 ശതമാനം |
| 6. | ശിശുമരണ നിരക്ക് (ജീവനോടെ ജനിക്കുന്ന 1000 കുട്ടികൾ) (അഖിലേന്ത്യ ശരാശരി = ജീവനോടെ ജനിക്കുന്ന 1000 കുട്ടികളിൽ 28) | | 6 |
| 7. | പ്രതീക്ഷിത ജീവിത ദൈർഘ്യം (അഖിലേന്ത്യ ശരാശരി = 69.70) വർഷങ്ങൾ | | 75.20 |
| 8 | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജി.എസ്.ഡി.പി) 2021-22 നിലവിലുള്ള വിലയിൽ (₹ ൽ) | | ₹9,01,997.83 |
| 9. | പ്രതിശീർഷ ജിഎസ്ഡിപി സംയുക്ത വാർഷിക വളർച്ചാനിരക്ക് (2011 – 12 മുതൽ 2020 – 22 വരെ) | കേരളം | 8.54 |
| 10. | ജിഎസ്ഡിപി സംയുക്ത വാർഷിക വളർച്ചാനിരക്ക് (2011-12 മുതൽ 2021-22 വരെ) | കേരളം | 9.09 |
| 11. | ജനസംഖ്യ വർദ്ധനവ് (2011 മുതൽ 2022 വരെ) | കേരളം | 5.92 |
| 12. | പ്രതിശീർഷ ജിഡിപി (₹ൽ) | കേരളം | 2,30,600.81 |
| | | അഖിലേന്ത്യ | 1,46,087.25 |

## അനുബന്ധം 1.2
## കേരള സർക്കാരിന്റെ സാമ്പത്തിക നിലയെ പറ്റിയുള്ള കാലാനുക്രമ വിവരം
## (സൂചിക : ഖണ്ഡികകൾ 1.6.2 : പുറം 10)

*(₹കോടിയിൽ)*

| | ഇനങ്ങൾ | 2017-18 | | 2018-19 | | 2019-20 | | 2020-21 | | 2021-22 | |
|---|---|---|---|---|---|---|---|---|---|---|---|
| **പാർട്ട് എ: വരവുകൾ** | | | | | | | | | | | |
| 1. | **റവന്യൂ വരവുകൾ** | 83,020.14 | | 92,854.47 | | 90,224.67 | | 97,616.83 | | 1,16,640.24 | |
| (i) | **നികുതി വരുമാനം** | 46,459.61 | (56) | 50,644.10 | (55) | 50,323.14 | (56) | 47,660.84 | (48) | 58,340.52 | (50) |
| | വിൽപ്പന, വ്യാപാര നികുതികൾ | 24,577.82 | (53) | 19,225.75 | (38) | 19,649.64 | (39) | 17,689.17 | (37) | 22,487.42 | (39) |
| | സംസ്ഥാന എക്സൈസ് | 2,240.42 | (5) | 2,521.40 | (5) | 2,255.28 | (4) | 2,329.22 | (5) | 2,032.23 | (3) |
| | വാഹന നികുതി | 3,662.85 | (8) | 3,708.61 | (7) | 3,721.14 | (7) | 3,386.28 | (7) | 4,037.10 | (7) |
| | മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 3,452.56 | (7) | 3,693.17 | (7) | 3,615.01 | (7) | 3,489.59 | (7) | 4,857.33 | (8) |
| | ഭൂനികുതി | 162.17 | | 202.78 | | 332.42 | | 493.35 | | 470.84 | |
| | മറ്റു നികുതികൾ | 256.52 | | 240.11 | | 263.39 | | 196.12 | | 229.75 | |
| | സംസ്ഥാന ചരക്കു സേവന നികുതി | 12,007.69 | (26) | 21,014.71 | (42) | 20,446.95 | (41) | 20,028.31 | (42) | 24,169.81 | (41) |
| | ചരക്കുകളുടെയും സേവനങ്ങളുടെയും മറ്റ് നികുതികളും തീരുവകളും | 99.58 | | 37.57 | | 39.31 | | 48.80 | | 56.04 | |
| (ii) | **നികുതിയേതര വരുമാനം** | 11,199.61 | (14) | 11,783.24 | (13) | 12,265.22 | (14) | 7,327.31 | (8) | 10,462.51 | (9) |
| (iii) | **കേന്ദ്ര നികുതികളിലേയും തീരുവകളിലേയും സംസ്ഥാന വിഹിതം** | 16,833.08 | (20) | 19,038.17 | (20) | 16,401.05 | (18) | 11,560.40 | (12) | 17,820.09 | (15) |
| (iv) | **കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായം** | 8,527.84 | (10) | 11,388.96 | (12) | 11,235.26 | (12) | 31,068.28 | (32) | 30,017.12 | (26) |
| 2. | **പലവക മൂലധന വരവുകൾ** | 29.28 | | 46.50 | | 27.48 | | 34.15 | | 60.27 | |
| 3. | **വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചടവ്** | 350.98 | | 210.54 | | 295.32 | | 263.82 | | 479.24 | |
| 4. | **മൊത്തം വരവും കടം ഒഴികെയുള്ള മൂലധന വരവുകളും (1+2+3)** | 83,400.40 | | 93,111.51 | | 90,547.47 | | 97,914.80 | | 1,17,179.75 | |
| 5. | **പൊതുകടം വരവുകൾ** | 30,233.77 | | 33,445.92 | | 60,407.05 | | 69,735.36* | | 64,932.14 | |
| | **ആഭ്യന്തര കടം (ഓവർഡ്രാഫ്റ്റും വേയ്സ് ആന്റ് മീൻസ് മുൻകൂറുകളും ഒഴികെ)** | 23,453.50 | (78) | 2,32,965.63 | (70) | 22,511.19 | (37) | 33,493.87 | (48) | 32,592.64 | (50) |
| | ഓവർഡ്രാഫ്റ്റ് ഒഴികെ വേയ്സ് ആന്റ് മീൻസ് മുൻകൂറുകൾക്ക് കീഴിലെ തനി ഇടപാടുകൾ | 6,335.50 | (21) | 9,698.12 | (29) | 35,745.17 | (59) | 29,222.75 | (42) | 22,874.48 | (35) |
| | ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | 444.77 | (1) | 452.17 | (1) | 2,150.69 | (4) | 7,018.74** | (10) | 9,465.02 | (15) |
| 6. | **സഞ്ചിതനിധിയിലെ മൊത്തം വരവുകൾ (4+5)** | 1,13,634.17 | | 1,26,557.43 | | 1,50,954.52 | | 1,67,650.16 | | 1,82,111.89 | |
| 7. | **ആകസ്മിക നിധി വരവുകൾ** | .. | | .. | | .. | | .. | | .. | |
| 8. | **പൊതുകണക്ക് വരവുകൾ** | 2,15,992.46 | | 2,54,069.02 | | 2,61,788.85 | | 3,50,861.93 | | 3,55,961.24 | |
| 9. | **സംസ്ഥാനത്തിന്റെ ആകെ വരവ് (6+7+8)** | 3,29,626.63 | | 3,80,626.45 | | 4,12,743.37 | | 5,18,512.09 | | 5,38,073.13 | |
| **പാർട്ട് ബി: ചെലവ്/വിതരണം** | | | | | | | | | | | |
| 10. | **റവന്യൂ ചെലവ്** | 99,948.35 | (91) | 1,10,316.39 | (92) | 1,04,719.92 | (92) | 1,23,446.33 | (89) | 1,46,179.51 | (90) |
| | പദ്ധതി | 16,182.00 | (16) | 13,890.00 | (13) | 12,036.00 | (11) | 17,939.54 | (15) | 18,433.01 | (13) |
| | പദ്ധതിയേതരം | 83,766.00 | (84) | 96,426.00 | (87) | 92,684.00 | (88) | 1,05,506.79 | (85) | 1,27,746.49 | (87) |
| | പൊതുസേവനങ്ങൾ (പലിശ കൊടുക്കൽ ഉൾപ്പെടെ) | 45,523.77 | (46) | 50,827.13 | (46) | 55,504.03 | (53) | 50,360.72 | (41) | 70,110.00 | (48) |
| | സാമൂഹ്യ സേവനങ്ങൾ | 35,876.27 | (36) | 38,210.77 | (35) | 34,044.77 | (33) | 44,832.44 | (36) | 50,695.61 | (35) |
| | സാമ്പത്തിക സേവനങ്ങൾ | 11,351.08 | (11) | 12,379.77 | (11) | 9,107.25 | (9) | 18,760.72 | (15) | 15,713.81 | (11) |
| | സഹായധനങ്ങളും സംഭാവനകളും | 7,197.23 | (7) | 8,898.72 | (8) | 6,063.87 | (6) | 9,492.45 | (8) | 9,660.09 | (7) |
| 11. | **മൂലധന ചെലവ്** | 8,748.87 | (8) | 7,430.54 | (6) | 8,454.80 | (7) | 12,889.65 | (9) | 14,191.73 | (9) |
| | പദ്ധതി | 7,994.00 | (91) | 6,779.00 | (91) | 7,953.00 | (94) | 11,935.76 | (93) | 13,207.69 | (93) |
| | പദ്ധതിയേതരം | 755.00 | (9) | 652.00 | (9) | 502.00 | (6) | 953.89 | (7) | 984.04 | (7) |
| | പൊതുസേവനങ്ങൾ | 268.01 | (3) | 197.96 | (3) | 157.42 | (2) | 259.84 | (2) | 268.26 | (2) |
| | സാമൂഹ്യ സേവനങ്ങൾ | 1,405.89 | (16) | 1,784.29 | (24) | 1,090.64 | (13) | 2,277.90 | (18) | 3,342.63 | (24) |
| | സാമ്പത്തിക സേവനങ്ങൾ | 7,074.97 | (81) | 5,448.29 | (73) | 7,206.74 | (85) | 10,351.91 | (80) | 10,580.84 | (74) |
| 12. | **വായ്പകളും മുൻകൂറുകളും നൽകിയത്** | 1,540.59 | (1) | 2,322.89 | (2) | 1,210.22 | (1) | 2,548.51 | (2) | 2,854.29 | (2) |
| 13. | **ആകെ (10+11+12)** | 1,10,237.81 | | 1,20,069.82 | | 1,14,384.94 | | 1,38,884.49 | | 1,63,225.53 | |

*ബ്രാക്കറ്റിലെ കണക്കുകൾ ഓരോ ഉപശീർഷകങ്ങളുടെ ആകെ തുകയുടെ ശതമാനത്തിനെ (പൂർണ്ണമായി) പ്രതിനിധീകരിക്കുന്നു*

## അനുബന്ധം 1.2 തുടരുന്നു

(₹ കോടിയിൽ)

| | ഇനങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| **പാർട്ട് ബി : ചെലവ്/ വിതരണം** | | | | | | |
| 14. | **പൊതുകടം തിരിച്ചടവ്** | 13,132.10 | 18,195.99 | 44,001.28 | 38,927.85 | 35,900.00 |
| | ആഭ്യന്തരകടം (ഓവർഡ്രാഫ്റ്റും വെയ്സ് ആന്റ് മീൻസ് മുൻകൂറുകളും ഒഴികെ) | 6,221.69 | 7,805.12 | 8,072.02 | 8,449.99 | 12,275.14 |
| | ഓവർഡ്രാഫ്റ്റ് ഒഴികെ വേയ്സ് ആന്റ് മീൻസ് മുൻകൂറുകൾക്കു കീഴിലെ തനി ഇടപാടുകൾ | 6,335.50 | 9,698.12 | 35,215.35 | 29,752.57 | 22,874.48 |
| | ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | 574.91 | 692.75 | 713.91 | 725.29 | 750.38 |
| 15. | **ആകസ്മിക നിധിയിലേക്കുള്ള ധനവിനിയോഗം** | … | … | … | … | … |
| 16. | **സഞ്ചിതനിധിയിൽ നിന്നുള്ള ചെലവുകൾ (13+14+15)** | 1,23,369.91 | 1,38,265.81 | 1,58,386.22 | 1,77,812.33 | 1,99,125.53 |
| 17. | **ആകസ്കമിക നിധിയിൽ നിന്നുള്ള ചെലവുകൾ** | … | … | 75.00 | - | - |
| 18. | **പൊതുകണക്കിൽ നിന്നുള്ള ചെലവുകൾ** | 2,07,174.17 | 2,42,890.37 | 2,54,475.08 | 3,37,817.00 | 3,36,440.12 |
| 19. | **സംസ്ഥാനത്തിന്റെ ആകെ ചെലവ് (16+17+18)** | 3,30,544.08 | 3,81,156.18 | 4,12,936.30 | 5,15,629.33 | 5,35,565.65 |
| **പാർട്ട് സി : മറ്റു കമ്മികൾ** | | | | | | |
| 20. | **റവന്യൂ കമ്മി (1 - 10)** | 16,928.21 | 17,461.92 | 14,495.25 | 25,829.50 | 29,539.27 |
| 21. | **ധനകമ്മി (4 - 13)** | 26,837.41 | 26,958.31 | 23,837.47 | 40,969.69 | 46,045.78 |
| 22. | **പ്രാഥമിക കമ്മി (21 - 23)** | 11,717.48 | 10,210.39 | 4,622.77 | 19,994.33 | 22,742.96 |
| **പാർട്ടി ഡി: മറ്റു ഡാറ്റകൾ** | | | | | | |
| 23. | പലിശ ചെലവ് (റവന്യൂ ചെലവിൽ ഉൾപ്പെട്ടത്) | 15,119.93 | 16,747.92 | 19,214.70 | 20,975.36 | 23,302.82 |
| 24. | തദ്ദേശ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കുള്ള ധനസഹായം | 19,553.60 | 19,382.62 | 12,132.04 | 20,504.85 | 19,112.84 |
| 25 | വേയ്സ് ആന്റ് മീൻസ് മുൻകൂറുകൾ എടുത്തത്/ പ്രത്യേക ഡ്രോയിംഗ് സൗകര്യം (ദിവസങ്ങൾ) | 50.00 | 67.00 | 234.00 | 195.00 | 110.00 |
| 26. | ഓവർഡ്രാഫ്റ്റ് എടുക്കൽ (ദിവസങ്ങൾ) | ഇല്ല | ഇല്ല | 57.00 | 35.00 | 14.00 |
| 27. | വേയ്സ് ആന്റ് മീൻസ്/ഓവർ ഡ്രാഫ്റ്റിനുള്ള പലിശ | 1.54 | 3.55 | 28.21 | 26.95 | 13.90 |
| 28. | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജിഎസ്ഡിപി) നിലവിലെ വിലയിൽ[49] | 7,01,588.26 | 7,88,285.58 | 8,24,374.20 | 7,99,571.11 | 9,01,997.83 |
| 29. | നിലവിലുള്ള സാമ്പത്തിക ബാധ്യതകൾ (വർഷാവസാനം) | 2,14,518.00 | 2,41,614.51 | 2,65,362.36 | 3,08,386.01[50] | 3,57,392.76 |
| 30. | നിലവിലുള്ള ഗ്യാരന്റികൾ (വർഷാവസാനം) | 17,356.00 | 26,834.65 | 27,757.01 | 31,714.27 | 44,369.85 |
| 31. | ഗ്യാരന്റി നൽകിയ ഉയർന്ന തുക (വർഷത്തിൽ) | 25,104.00 | 46,796.00 | 43,433,30 | 49,076.88 | 60,604.04 |
| 32. | പൂർത്തീകരിക്കാത്ത പദ്ധതി/ പണികളുടെ എണ്ണം | 300.00 | 270.00 | 295.00 | 354.00 | 274.00 |
| 33. | പൂർത്തീകരിക്കാത്ത പദ്ധതി/പണികളിൽ തടയപ്പെട്ട മൂലധനം | 1,208 | 1,292.00 | 1,302.00 | 1,362.35 | 1,199.78 |

[49] 15 മാർച്ച് 2022ലെ സ്ഥിതിവിവരക്കണക്ക് പ്രോഗ്രാം ഇംപ്ലിമെന്റുകൾ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ നിന്നുള്ള ജിഎസ്ഡിപി കണക്കുകൾ.

[50] ധനകാര്യകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഏതൊരു മാനദണ്ഡം കണക്കാക്കുന്നതിനും ജിഎസ്ടി നഷ്ടപരിഹാരമായി ഭാരതസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് കടംവരവുകളുടെ കീഴിൽ നൽകിയിട്ടുള്ള ₹14,505.31 കോടിയുടെ ബാക്ക് ടു ബാക്ക് ലോൺ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ചെലവ് വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ ഫലത്തിലുള്ള സാമ്പത്തിക ബാധ്യതകൾ ₹3,68,761.84 കോടിയാവുന്നതാണ്.

## അനുബന്ധം 1.2 തുടരുന്നു

(₹കോടിയിൽ)

| | ഇനങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| **പാർട്ട് ഇ : സാമ്പത്തികാരോഗ്യ സൂചകങ്ങൾ** | | | | | | |
| I | **വിഭവ സമാഹരണം** | | | | | |
| | തനതു നികുതി വരുമാനം/ ജിഎസ്ഡിപി | 6.62 | 6.42 | 6.10 | 5.96 | 6.47 |
| | തനതു നികുതിയേതര വരുമാനം/ ജിഎസ്ഡിപി | 1.60 | 1.49 | 1.49 | 0.92 | 1.16 |
| | കേന്ദ്ര സഹായങ്ങൾ/ ജിഎസ്ഡിപി | 3.61 | 3.86 | 3.35 | 5.33 | 5.30 |
| II | **ചെലവിന്റെ പരിപാലനം** | | | | | |
| | മൊത്തം ചെലവ്/ ജിഎസ്ഡിപി | 15.71 | 15.23 | 13.88 | 17.37 | 18.10 |
| | മൊത്തം ചെലവ്/ റവന്യൂ വരവുകൾ | 132.78 | 129.31 | 126.78 | 142.28 | 139.94 |
| | റവന്യൂ ചെലവ്/ മൊത്തം ചെലവ് | 90.67 | 91.88 | 91.55 | 88.88 | 89.56 |
| | സാമൂഹ്യ സേവനങ്ങൾക്കുള്ള റവന്യൂ ചെലവ്/ മൊത്തം ചെലവ് | 32.54 | 31.82 | 29.76 | 32.28 | 31.06 |
| | സാമ്പത്തിക സേവനങ്ങൾക്കുള്ള റവന്യൂ ചെലവ്/ മൊത്തം ചെലവ് | 10.30 | 10.31 | 7.96 | 13.51 | 9.63 |
| | മൂലധനചെലവ്/ മൊത്തം ചെലവ് | 7.94 | 6.19 | 7.39 | 9.28 | 8.69 |
| | സാമൂഹ്യ സാമ്പത്തിക സേവനങ്ങൾക്കുള്ള മൂലധന ചെലവ്/ മൊത്തം ചെലവ് | 7.69 | 6.02 | 7.25 | 9.09 | 8.53 |
| III | **സാമ്പത്തിക അസന്തുലിതാവസ്ഥയുടെ പരിപാലനം** | | | | | |
| | റവന്യൂ കമ്മി/ജിഎസ്ഡിപി | (-)2.41 | (-)2.22 | (-)1.76 | (-)3.23 | (-)3.28 |
| | ധനകമ്മി/ജിഎസ്ഡിപി | (-)3.83 | (-)3.42 | (-)2.89 | (-)5.12 | (-)5.10 |
| | പ്രാഥമിക കമ്മി/ ജിഎസ്ഡിപി | (-)1.67 | (-)1.30 | (-)0.56 | (-)0.25 | (-)2.52 |
| | റവന്യൂ കമ്മി/ധനകമ്മി | 63.08 | 64.77 | 60.81 | 63.05 | 64.18 |
| IV | **സാമ്പത്തിക ബാധ്യതകളുടെ പരിപാലനം** | | | | | |
| | സാമ്പത്തിക ബാധ്യതകൾ/ ജിഎസ്ഡിപി | 30.58 | 30.65 | 32.19 | 38.57 | 39.62 |
| | സാമ്പത്തിക ബാധ്യതകൾ/ റവന്യൂ വരവുകൾ | 258.39 | 260.21 | 294.11 | 315.91 | 306.41 |
| V | **മറ്റു സാമ്പത്തികാരോഗ്യ സൂചകങ്ങൾ** | | | | | |
| | മുതൽമുടക്കിൽ നിന്നുള്ള ആദായം (ശതമാനം) | 1.54 | 1.59 | 1.13 | 1.10 | 2.17 |
| | സാമ്പത്തിക ആസ്തികളും /ബാധ്യതകളും | 0.4 | 0.4 | 0.4 | 0.4 | 0.4 |

**അനുബന്ധം 1.3**
**ആസ്തികളും/ഫണ്ടുകളുടെ നടത്തിപ്പിന്റെ സംഗ്രഹിത സ്ഥിതി**
**(സൂചിക : ഖണ്ഡിക 1.6.4 പുറം. 13)**

*(₹കോടിയിൽ)*

| ക്രമ നമ്പർ | 2021 മാർച്ച് 31ന് | ബാധ്യതകൾ/ഫണ്ടുകളുടെ സ്രോതസ്സ് | 2022 മാർച്ച് 31ന് | വർദ്ധനവ് (+)/ കുറവ് (-) | ശതമാനം |
|---|---|---|---|---|---|
| **1** | **2,05,447.73** | **സഞ്ചിത നിധി** | **2,34,479.86** | **29,032.13** | **14.13** |
| a | 1,90,474.09 | ആഭ്യന്തര കടം | 2,10,791.59 | 20,317.50 | 10.67 |
| | 1,65,402.04 | വിപണി വായ്പകൾ | 1,83,522.04 | 18,120.00 | 10.96 |
| | 25,072.05 | മറ്റുള്ളവ | 27,269.55 | 2,197.50 | 8.76 |
| b | 14,973.64 | ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള വായ്പകളും അഡ്വാൻസുകളും* | 23,688.27 | 8,714.63 | 58.20 |
| **2** | **100.00** | **ആകസ്മിക നിധി** | **100.00** | **0.00** | **0.00** |
| **3** | **1,05,829.38** | **പൊതു അക്കൗണ്ട് ബാധ്യതകൾ** | **1,25,780.44** | **19,951.06**** | **18.85** |
| a | 97,219.13 | ലഘുസമ്പാദ്യങ്ങൾ, പ്രൊവിഡന്റ് ഫണ്ടുകൾ എന്നിവ | 1,15,666.6 | 18,447.47 | 18.98 |
| b | 4,632.88 | നിക്ഷേപങ്ങൾ | 6,419.34 | 1,786.46 | 38.56 |
| c | 3,457.91 | കരുതൽ നിധികൾ | 3,372.47 | (-)85.44 | (-)2.47 |
| d | 519.46 | സസ്പെൻസും പലവകകളും | 322.03 | (-)197.43 | (-)38.01 |
| | **3,11,377.11** | **ആകെ ബാധ്യതകൾ** | **3,60,360.30** | **48,983.19** | **15.73** |

## അനുബന്ധം 1.3

## പാർട്ട് ബി: ആസ്തികളും/ഫണ്ടുകളുടെ നടത്തിപ്പിന്റെ സംഗ്രഹിത സ്ഥിതി

*(₹കോടിയിൽ)*

| ക്രമ നമ്പർ | 2021 മാർച്ച് 31ന് | ബാധ്യതകൾ/ഫണ്ടുകളുടെ സ്രോതസ്സ് | 2022 മാർച്ച് 31ന് | വർദ്ധനവ് (+)/ കുറവ് (-) | ശതമാനം |
|---|---|---|---|---|---|
| **1** | **1,13,301.05** | **സഞ്ചിത നിധി** | **1,29,807.55** | **16,506.50** | **14.57** |
| a | 93,575.66 | മൊത്തം മൂലധന മുതൽമുടക്ക് | 1,07,707.11 | 14,131.45 | 15.10 |
| b | 19,725.39 | സർക്കാർ നൽകിയ വായ്പകളും അഡ്വാൻസുകളും | 22,100.44 | 2,375.05 | 12.04 |
| **2** | **6,072.44** | **പൊതുകണക്ക്** | **9,009.06** | **2,936.62** | **48.36** |
| a | 62.27 | വകുപ്പുതല മുൻകൂറുകൾ | 60.29 | (-)1.98 | (-)3.18 |
| b | 1,042.19 | പണം ഒടുക്ക് നീക്കിയിരിപ്പുകൾ | 1,473.31 | 431.12 | 41.37 |
| c | 4,967.98 | ക്യാഷ് ബാലൻസും ക്യാഷ് ബാലൻസുകളുടെ നിക്ഷേപവും | 7,475.46 | 2,507.48 | 50.47 |
| **3** | **1,19,373.49** | **ആകെ** | **1,38,816.61** | **19,443.14** | |
| **4** | **1,92,003.62** | **രസീതുകളേക്കാൾ ചെലവിന്റെ സഞ്ചിത ആധിക്യം** | **2,21,543.69** | **29,540.07** | **15.39** |
| | **3,11,377.11** | **ആകെ ആസ്തികൾ** | **3,60,360.30** | **48,983.19** | **15.73** |

** *ധനകാര്യ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഏതൊരു മാനദണ്ഡം കണക്കാക്കുന്നതിനും ജിഎസ്ടി നഷ്ടപരിഹാരമായി ഭാരതസർക്കാരിൽ നിന്നും സംസ്ഥാനത്തിന് കടം വരവുകളുടെ കീഴിൽ നൽകിയിട്ടുള്ള ₹14,145.31 കോടിയുടെ ബാക്ക് ടു ബാക്ക് ലോൺ സംസ്ഥാനത്തിന്റെ കടമായി പരിഗണിക്കേണ്ടതില്ലെന്ന് ഭാരത സർക്കാരിന്റെ ചെലവ് വകുപ്പ് തീരുമാനിച്ചിട്ടുള്ളതിനാൽ, ഫലത്തിൽ ഭാരത സർക്കാരിൽ നിന്നുള്ള 2021-22 വർഷത്തെ വായ്പകളും മുൻകൂറുകളും ₹9,182.96 കോടിയാവുന്നതാണ്. (₹23,688.27 കോടി - ₹5,766 കോടി (2020-21) - ₹8,379.31 (2021-22) കോടി). 2020-21 വർഷത്തിൽ ഭാരതസർക്കാരിൽ നിന്നും കടം വരവുകളുടെ കീഴിൽ ലഭിച്ചത് ₹9,207.64 കോടിയും ജിഎസ്ടി നഷ്ടപരിഹാരമായി ലഭിച്ചത് ₹5,766 കോടിയുമാണ്.*

* *മൊത്തം പബ്ലിക് അക്കൗണ്ട് ബാധ്യതകൾ ₹17,014.44 കോടിയാണ്. (പബ്ലിക് അക്കൗണ്ട് ബാധ്യതകൾ ₹19,951.06 കോടി - പബ്ലിക് അക്കൗണ്ട് ആസ്തികൾ ₹2,936.62 കോടി). മേജർ ഹെഡ് 8680-00-102 "അക്കൗണ്ട് ഹെഡ് ക്ലോസ്സിംഗ് റ്റു ബാലൻസിൽ നിന്നും എഴുതിത്തള്ളിയതിന്" കീഴിൽ ബുക്ക് ചെയ്ത ₹0.81 കോടിയും ₹0.02 കോടിയുടെ റൗണ്ടിംഗ് ഓഫ് വ്യത്യാസവും കാരണം ഇത് **ചാർട്ട് 1.4**ലെ ₹17,013.65 കോടിയിൽ നിന്നും വ്യത്യസ്തമാണ്.*

## അനുബന്ധം 1.4
## കേരള സർക്കാരിന്റെ സംഗ്രഹിത സാമ്പത്തിക സ്ഥിതി 2022 മാർച്ച് 31 വരെ
## (സൂചിക : ഖണ്ഡിക 1.7.3 പുറം. 14)

*(₹കോടിയിൽ)*

| 2021 മാർച്ച് 31ന് | ബാധ്യതകൾ | | 2022 മാർച്ച് 31ന് |
|---|---|---|---|
| 1,90,474.09 | ആഭ്യന്തര കടം | | 2,10,791.59 |
| 1,65,402.00 | പലിശ വാഹക വിപണി വായ്പകൾ | 1,83,522.00 | |
| 0.04 | പലിശ രഹിത വിപണി വായ്പകൾ | 0.04 | |
| 647.91 | ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നുള്ള വായ്പകൾ | 447.83 | |
| 135.19 | ജനറൽ ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നുള്ള വായ്പകൾ | 117.79 | |
| 3,103.71 | നബാർഡിൽ നിന്നുള്ള വായ്പകൾ | 2,973.45 | |
| 523.60 | ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പകൾ | 495.97 | |
| 827.05 | മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ | 667.09 | |
| 19,833.71 | കേന്ദ്ര സർക്കാരിന്റെ ദേശീയ ലഘു സമ്പാദ്യ നിധിയിലേക്ക് പ്രത്യേകം നൽകിയത് | 22,566.54 | |
| 0.88 | നഷ്ടപരിഹാരങ്ങളും മറ്റ് ബോണ്ടുകളും | 0.88 | |
| 0 | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഓവർഡ്രാഫ്റ്റുകൾ ഒഴികെയുള്ള വേയ്സ് ആന്റ് മീൻസ് മുൻകൂറുകൾ | - | |
| 0 | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള ഓവർഡ്രാഫ്റ്റുകൾ | - | |
| 14,973.64 | കേന്ദ്ര ഗവൺമെന്റിന്റെ വായ്പകളും മുൻകൂറുകളും | | 23,688.27 |
| **1.16** | **1984-85 ന് മുമ്പുള്ള വായ്പകൾ** | **1.16** | |
| **10.63** | **പദ്ധതിയേതര വായ്പകൾ** | **8.84** | |
| **6,382.00** | **സംസ്ഥാന പദ്ധതി സ്കീമുകൾക്കുള്ള വായ്പകൾ** | **6,023.76** | |
| **(*)** | **കേന്ദ്ര പദ്ധതി സ്കീമുകൾക്കുള്ള വായ്പകൾ** | **(*)** | |
| **8,579.85** | **മറ്റു വായ്പകൾ** | **17,654.51** | |
| 100.00 | ആകസ്മിക നിധി (തനി തുക) | | 100.00 |
| 97,219.13 | ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ എന്നിവ | | 1,15,666.60 |
| 4,632.88 | നിക്ഷേപങ്ങൾ | | 6,419.34 |
| 3,457.91 | കരുതൽ നിധികൾ | | 3,372.47 |
| 519.46 | സസ്പെൻസും പലവകകളും | | 322.03 |
| 3,11,377.11 | ആകെ | | 3,60,360.30 |

(*) ₹ 7,000 മാത്രം

**അനുബന്ധം 1.4 തുടരുന്നു**

(₹കോടിയിൽ)

| 2021 മാർച്ച് 31ന് | ബാധ്യതകൾ | | 2022 മാർച്ച് 31ന് |
|---|---|---|---|
| 93,575.66[51] | **നിശ്ചിത ആസ്തികളിലെ മൊത്തം മൂലധന മുതൽമുടക്ക്** | | 1,07,707.11 |
| 9,988.05 | കമ്പനികൾ, കോർപ്പറേഷനുകൾ എന്നിവയിലെ ഓഹരി നിക്ഷേപങ്ങൾ | 10,481.95 | |
| 83,587.61 | മറ്റു മൂലധന മുതൽമുടക്കുകൾ | 97,225.16 | |
| 19,725.39[52] | **വായ്പകളും മുൻകൂറുകളും** | | 22,100.44 |
| 2,755.36 | ഊർജ്ജപദ്ധതികൾക്കായുള്ള വായ്പകൾ | 2,812.04 | |
| 16,168.94 | മറ്റു വികസന വായ്പകൾ | 18,643.36 | |
| 801.09 | സർക്കാർ ജീവനക്കാർക്കായുള്ള വായ്പകളും മറ്റു പലവക വായ്പകളും | 645.04 | |
| 0 | **ആകസ്മിക നിധി** | | 0 |
| 62.27 | **മുൻകൂറുകൾ** | | 60.29 |
| 0 | **സസ്പെൻസും പലവകകളും ബാലൻസുകളും** | | 0 |
| 1,042.19 | **പണം ഒടുക്കു നീക്കിയിരിപ്പുകൾ** | | 1,473.31 |
| 331.93 | **വിരമിക്കലും/വിറ്റഴിക്കലും മൂലമുണ്ടായ ക്രമീകരണങ്ങൾ** | | 392.20 |
| 4,967.98 | **ക്യാഷ്** | | 7,475.46 |
| 38.00 | ട്രഷറിയിലെ പണവും പ്രാദേശിക പണം ഒടുക്കലുകളും | 36.46 | |
| (-)244.42 | റിസർവ്വ് ബാങ്കിലെ നിക്ഷേപങ്ങൾ | (-)330.31 | |
| (-)7.63 | വകുപ്പുതല പണം നീക്കിയിരിപ്പുകൾ | (-)7.63 | |
| 0.53 | സ്ഥിരം മുൻകൂറുകൾ | 1.13 | |
| 2,809.86 | പണം നീക്കിയിരിപ്പ് നിക്ഷേപങ്ങൾ | 5,230.30 | |
| 2,371.64 | കരുതൽ ഫണ്ട് നിക്ഷേപങ്ങൾ | 2,545.51 | |
| 1,91,671.69[53] | **സർക്കാർ കണക്കിലെ കമ്മി** | | 2,21,151.49 |
| 1,65,855.95 | വർഷാരംഭത്തിൽ കൂടികിടക്കുന്ന കമ്മി | 1,91,671.69 | |
| 25,829.50 | അധികം : (i) നടപ്പുവർഷത്തെ റവന്യൂ കമ്മി | 29,539.27 | |
| 20.39 | (ii) പലവക സർക്കാർ കണക്ക് | 0.80 | |
| 34.15 | കിഴിവ് : പലവക മൂലധന വരവുകൾ | 60.27 | |
| 3,11,377.11 | **ആകെ** | | 3,60,360.30 |

[51] 2021 മാർച്ച് 31ലെ നീക്കിയിരിപ്പ് മുൻവർഷത്തെ കണക്കുകളിൽ കാണിച്ചിരിക്കുന്നതുമായി വ്യത്യാസപ്പെട്ടിരിക്കുന്നത് സാമ്പത്തിക കണക്കുകൾ 2021-22ലെ സ്റ്റേറ്റ്മെന്റ് നമ്പർ 1ലെ അടിക്കുറിപ്പ് (ബി)യിൽ വിശദീകരിച്ചിരിക്കുന്ന പ്രൊഫോർമ അഡ്ജസ്റ്റ്മെന്റ് മൂലമാണ്.

[52] 2021 മാർച്ച് 31ലെ നീക്കിയിരിപ്പ് മുൻവർഷത്തെ കണക്കുകളിൽ കാണിച്ചിരിക്കുന്നതുമായി വ്യത്യാസപ്പെട്ടിരിക്കുന്നത് സാമ്പത്തിക കണക്കുകൾ 2021-22ലെ സ്റ്റേറ്റ്മെന്റ് നമ്പർ 1ലെ അടിക്കുറിപ്പ് (സി)യിൽ വിശദീകരിച്ചിരിക്കുന്ന പ്രൊഫോർമ അഡ്ജസ്റ്റ്മെന്റ് മൂലമാണ്.

[53] 2021 മാർച്ച്31ലെ നീക്കിയിരിപ്പ് മുൻവർഷത്തെ കണക്കുകളിൽ കാണിച്ചിരിക്കുന്നതുമായി വ്യത്യാസപ്പെട്ടിരിക്കുന്നത് സാമ്പത്തിക കണക്കുകൾ 2021-22ലെ സ്റ്റേറ്റ്മെന്റ് നമ്പർ 1ലെ അടിക്കുറിപ്പ് (ഡി)യിൽ വിശദീകരിച്ചിരിക്കുന്ന പ്രൊഫോർമ അഡ്ജസ്റ്റ്മെന്റ് മൂലമാണ്.

## അനുബന്ധം 1.5
## മിതകാല സാമ്പത്തിക പദ്ധതി 2021-22
## (സൂചിക : ഖണ്ഡിക 1.7.5 പുറം. 18)

(₹കോടിയിൽ)

| ഇനം | 2017-18 കണക്കുകൾ | 2017-18 കണക്കുകൾ | 2017-18 കണക്കുകൾ | 2020-21 പുതുക്കിയ എസ്റ്റിമേറ്റുകൾ | 2021-22 ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ | ഫോർവേഡ് എസ്റ്റിമേറ്റുകൾ | |
|---|---|---|---|---|---|---|---|
| | | | | | | 2022-23 | 2023-24 |
| റവന്യൂ വരവുകൾ (എ) | 83,020.14 | 92,854.47 | 90,224.67 | 93,115.11 | 1,30,981.06 | 1,45,209.99 | 1,58,757.59 |
| സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം | 46,459.61 | 50,644.10 | 50,323.14 | 45,272.15 | 71,833.28 | 81,889.94 | 93,354.53 |
| നികുതിയേതര വരുമാനം | 11,199.61 | 11,783.24 | 12,265.22 | 9,121.27 | 14,335.79 | 16,486.16 | 18,959.08 |
| കേന്ദ്രവിഭവങ്ങൾ | 25,360.92 | 30,427.13 | 27,636.31 | 38,721.69 | 44,811.99 | 46,833.89 | 46,443.98 |
| റവന്യൂ ചെലവുകൾ (ബി) | 99,948.35 | 1,10,316.39 | 1,04,719.92 | 1,17,321.54 | 1,47,891.18 | 1,59,029.89 | 1,73,829.75 |
| പലിശയിതര റവന്യൂ ചെലവ് | 84,828.42 | 93,568.47 | 85,505.22 | 97,035.27 | 1,25,950.98 | 1,33,689.19 | 1,46,163.75 |
| പലിശ | 15,119.93 | 16,747.92 | 19,214.70 | 20,286.27 | 21,940.20 | 25,340.71 | 27,666.01 |
| ശമ്പളം | 31,905.92 | 31,405.69 | 31,774.87 | 28,108.94 | 39,837.34 | 43,233.27 | 46,714.11 |
| പെൻഷനുകൾ | 19,938.41 | 19,011.94 | 19,064.29 | 19,412.45 | 23,105.98 | 26,376.58 | 29,974.24 |
| നോൺ എസ് പി ഐ റവന്യൂ ചെലവ് | 32,984.09 | 43,150.84 | 34,666.06 | 49,513.88 | 63,007.66 | 64,079.33 | 69,475.40 |
| സബ്സിഡികൾ | 1,583.79 | 1,663.01 | 1,378.19 | 4,124.12 | 2,084.55 | 2,050.00 | 2,000.00 |
| തദ്ദേശ സ്ഥാപനങ്ങൾക്ക് മാറ്റി വെച്ചത് | 8,470.23 | 10,278.46 | 6,861.97 | 8,289.15 | 12,398.23 | 12,436.06 | 13,914.67 |
| മറ്റു റവന്യൂ ചെലവുകൾ | 22,930.07 | 31,209.37 | 26,425.90 | 37,100.61 | 48,524.88 | 49,593.28 | 53,560.74 |
| റവന്യൂ കമ്മി (-)/ മിച്ചം (+) | (-)16,928.21 | (-)17,461.92 | (-)14,495.25 | (-)24,206.43 | (-)16,910.12 | 13,819.90 | (-)15,072.16 |
| മൂലധന ചെലവുകൾ | 10,289.46 | 9,753.43 | 9,665.02 | 11,061.08 | 14,141.21 | 16,126.08 | 18,089.21 |
| മൂലധന ചെലവ് | 8,748.87 | 7,430.54 | 8,454.80 | 9,390.93 | 12,596.27 | 14,503.89 | 16,385.91 |
| വായ്പാ വിതരണം | 1,540.59 | 2,322.89 | 1,210.22 | 1,670.15 | 1,544.94 | 1,622.19 | 1,703.30 |
| കടമിതര മൂലധന വരവുകൾ | 380.25 | 257.04 | 322.80 | 318.02 | 353.74 | 371.43 | 390.00 |
| ധന കമ്മി (-)/ മിച്ചം (+) | (-)26,837.42 | (-)26,958.31 | (-)23,837.47 | (-)34,949.50 | (-)30,697.59 | (-)29,574.55 | (-)32,771.37 |
| പ്രാഥമിക ധന കമ്മി (-) / മിച്ചം (+) | (-)11,717.49 | (-)10,210.39 | (-)4,622.77 | (-)14,663.23 | (-)8,757.39 | (-)4,233.85 | (-)5,105.36 |
| കാലാവസാന കടം | 1,98,608.13 | 2,23,196.94 | 2,47,971.44 | 2,78,564.52 | 3,12,236.19 | 3,42,441.98 | 3,73,864.94 |
| കടം തിരിച്ചടവ് | 15,119.93 | 16,747.92 | 19,214.70 | 20,286.27 | 21,940.20 | 25,340.71 | 27,666.01 |
| ശമ്പളം + പെൻഷൻ + പലിശ | 66,964.26 | 67,165.55 | 70,053.86 | 67,807.66 | 84,883.52 | 94,950.56 | 1,04,354.35 |
| നിലവിലുള്ള കടം | 2,10,762.37 | 2,35,631.50 | 2,60,311.37 | 2,96,817.67 | 3,27,654.70 | 3,57,229.25 | 3,90,500.62 |
| സർക്കാർ ഗ്യാരന്റികൾ | 17,356.46 | 26,834.65 | 27,757.01 | | | | |
| പലിശ/റവന്യൂ വരവുകൾ (ശതമാനത്തിൽ) | 18.21 | 18.04 | 21.30 | 21.79 | 16.75 | 17.45 | 17.43 |
| കടം/ റവന്യൂ വരവുകൾ (ശതമാനത്തിൽ) | 253.87 | 253.76 | 288.51 | 318.76 | 250.15 | 246.01 | 245.97 |
| ശമ്പളം + പെൻഷൻ + പലിശ)/ റവന്യൂ (ശതമാനത്തിൽ) | 80.66 | 72.33 | 77.64 | 72.82 | 64.81 | 65.39 | 65.73 |
| ശമ്പളം + പെൻഷൻ + പലിശ)/ ജിഎസ്ഡിപി (ശതമാനത്തിൽ) | 9.54 | 8.50 | 8.20 | 8.25 | 9.69 | 9.63 | 9.41 |
| ശമ്പളം + പെൻഷൻ)/ ജിഎസ്ഡിപി (ശതമാനത്തിൽ) | 7.39 | 6.38 | 5.95 | 5.78 | 7.18 | 7.06 | 6.91 |
| റവന്യൂ കമ്മി/ റവന്യൂ വരവുകൾ (ശതമാനത്തിൽ) | 20.39 | 18.81 | 16.07 | 26.00 | 12.91 | 9.52 | 9.49 |
| റവന്യൂ കമ്മി/ ജിഎസ്ഡിപി (ശതമാനത്തിൽ) | 2.41 | 2.21 | 1.70 | 2.94 | 1.93 | 1.40 | 1.36 |
| ധന കമ്മി/ ജിഎസ്ഡിപി (ശതമാനത്തിൽ) | 3.83 | 3.41 | 2.79 | 4.25 | 3.50 | 3.00 | 2.95 |
| നിലവിലുള്ള കടം/ ജിഎസ്ഡിപി (ശതമാനത്തിൽ) | 30.04 | 29.82 | 30.46 | 36.11 | 37.39 | 36.24 | 35.21 |
| ജിഎസ്ഡിപി | 7,01,588.00 | 7,90,302.00 | 8,54,689.00 | 8,22,023.00 | 8,76,283.00 | 9,85,818.00 | 11,09,046.00 |
| നോമിനൽ ജിഎസ്ഡിപി വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 10.51 | 12.64 | 8.15 | -3.82 | 6.60 | 12.50 | 12.50 |
| ശരാശരി പലിശനിരക്ക് (ശതമാനത്തിൽ) | 7.61 | 7.50 | 7.75 | 7.28 | 7.03 | 7.40 | 7.40 |

**അനുബന്ധം 2.1**

**മൂല്യനിർണ്ണയത്തിലെ കുടിശ്ശിക**

**(സൂചിക : ഖണ്ഡിക 2.3.3.2 പുറം. 32)**

| റവന്യൂ ഹെഡ് | തുടക്ക സംഖ്യ | 2020-21 കാലയളവിൽ മൂല്യനിർണ്ണയത്തിനുള്ള പുതിയ കേസുകൾ | ആകെ മൂല്യ നിർണ്ണയത്തിന് ഉള്ളവ (col.2+3) | 2020-21 കാലയളവിൽ തീർപ്പാക്കിയ കേസുകൾ | വർഷാവസാനത്തെ ബാക്കി (col. 46) | നിർമ്മാർജ്ജനത്തിന്റെ ശതമാനം (col. 5 to 4) |
|---|---|---|---|---|---|---|
| **റവന്യൂ ദുരന്ത നിവാരണ വകുപ്പ്** | | | | | | |
| 1) കെട്ടിട നികുതി | 12,711 | 1,07,325 | 1,20,036 | 97,024 | 23,012 | 80.83 |
| 2) തോട്ടം നികുതി | 1,257 | 100 | 1,357 | 69 | 1,288 | 5.08 |
| **ആർ & ഡി എം വകുപ്പ് ആകെ** | **13,968** | **1,07,425** | **1,21,393** | **97,093** | **24,300** | **79.98** |
| **എസ് ജി എസ് ടി വകുപ്പ്** | | | | | | |
| 1) ജിഎസ്ടി | 155 | 1,480 | 1,635 | 775 | 860 | 47.40 |
| 2) എ. വിൽപ്പന നികുതി | 936 | 621 | 1,557 | 724 | 833 | 46.50 |
| ബി. മോട്ടോർ സ്പിരിറ്റ് നികുതി | 140 | 73 | 213 | 39 | 174 | 18.31 |
| സി. ആഡംബര നികുതി | 504 | 1,804 | 2,308 | 2,161 | 147 | 93.63 |
| ഡി. മരാമത്തു കരാർ നികുതി | 56 | 7 | 63 | 35 | 28 | 55.56 |
| ഇ. മറ്റുള്ളവ | 11,391 | 10,724 | 22,115 | 21,085 | 1,030 | 95.34 |
| 2) കാർഷിക വരുമാനത്തിന്റെ നികുതി | 24 | 4 | 28 | 20 | 8 | 71.43 |
| **എസ് ജി എസ് ടി വകുപ്പ് ആകെ** | **13,206** | **14,713** | **27,919** | **24,839** | **3,080** | **88.97** |

**അനുബന്ധം 2.2**
**2020–21 നെ അപേക്ഷിച്ച് 2021–22ലെ മൂലധനചെലവ്**
**(സൂചിക : ഖണ്ഡിക 2.4.3.1 പുറം. 54)**

*(₹കോടിയിൽ)*

| മേജർ അക്കൗണ്ട് ഹെഡുകൾ | | 2021-22 | 2020-21 | വർദ്ധനവ് (+) കുറവ് (-) |
|---|---|---|---|---|
| 4202 | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം സംബന്ധിച്ച മൂലധന ചെലവ് | 488.32 | 386.30 | 102.02 |
| 4215 | ശുദ്ധജലവിതരണം, ശുചീകരണവും സംബന്ധിച്ച മൂലധന ചെലവ് | 2,149.01 | 1,146.16 | 1,002.85 |
| 4217 | നഗരവികസനം സംബന്ധിച്ച മൂലധന ചെലവ് | 19.19 | 110.11 | (-)90.92 |
| 4225 | പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച മൂലധന ചെലവ് | 199.77 | 130.40 | 69.37 |
| 4235 | സാമൂഹ്യസുരക്ഷിതത്വം സംബന്ധിച്ച മൂലധന ചെലവ് | 16.95 | 34.70 | (-)17.75 |
| 4402 | മണ്ണ്-ജല സംരക്ഷണം സംബന്ധിച്ച മൂലധന ചെലവ് | 49.69 | 76.07 | (-)26.38 |
| 4405 | മത്സ്യബന്ധനം സംബന്ധിച്ച് മൂലധന ചെലവ് | 281.11 | 223.83 | 57.28 |
| 4408 | ഭക്ഷ്യം, സംഭരണം വെയർഹൗസിംഗ് സംബന്ധിച്ച മൂലധന ചെലവ് | 80.39 | 54.18 | 26.21 |
| 4425 | സഹകരണം സംബന്ധിച്ച മൂലധന ചെലവ് | 17.81 | 59.11 | (-)41.30 |
| 4515 | മറ്റ് ഗ്രാമ വികസന പരിപാടികൾ സംബന്ധിച്ച മൂലധന ചെലവ് | 1,194.05 | 1,712.44 | (-)518.39 |
| 4700 | വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ് | 112.35 | 83.47 | 28.88 |
| 4702 | ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ് | 165.83 | 117.25 | 48.58 |
| 4711 | വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധന ചെലവ് | 97.49 | 36.49 | 61.00 |
| 4860 | ഉപഭോക്തൃ വ്യവസായങ്ങൾക്കുള്ള മൂലധന ചെലവ് | 37.10 | 77.13 | (-)40.03 |
| 4885 | ധാതുവ്യവസായങ്ങൾക്കുള്ള മറ്റ് മൂലധന ചെലവ് | 244.97 | 195.61 | 49.36 |
| 5051 | തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയുടെ മൂലധന ചെലവ് | 39.36 | 126.32 | (-)86.96 |
| 5053 | സിവിൽ ഏവിയേഷൻ സംബന്ധിച്ച മൂലധന ചെലവ് | 10.99 | 128.50 | (-)117.51 |
| 5054 | റോഡുകളെയും പാലങ്ങളെയും സംബന്ധിച്ച മൂലധന ചെലവ് | 3,270.99 | 2,703.93 | 567.06 |
| 5055 | റോഡ് ഗതാഗതം സംബന്ധിച്ച മൂലധന ചെലവ് | 47.18 | 7.28 | 39.90 |
| 5056 | ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ് | 93.13 | 119.06 | (-)25.93 |
| 5075 | മറ്റു ഗതാഗത സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ് | 757.51 | 716.30 | 41.21 |
| 5452 | വിനോദ സഞ്ചാരത്തിനുള്ള മൂലധന ചെലവ് | 152.52 | 239.76 | (-)87.24 |
| 5465 | പൊതു ധനകാര്യ സ്ഥാപനങ്ങളിലുള്ള മുതൽമുടക്ക് | 94.12 | 400.00 | (-)305.88 |
| 5475 | മറ്റു പൊതു സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ് | 3,373.66 | 2,854.59 | 519.07 |

*ഉറവിടം : ബന്ധപ്പെട്ട വർഷങ്ങളിലെ സാമ്പത്തിക അക്കൗണ്ടുകൾ*

## അനുബന്ധം 2.3
## പാർട്ട് എ: കിഫ്ബി ഉപയോഗിച്ച വായ്പകളുടെ 31 മാർച്ച് 2022 വരെയുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ
### (സൂചിക : ഖണ്ഡിക 2.9.1 പുറം. 70)

*(₹കോടിയിൽ)*

| ക്രമ നമ്പർ | വായ്പയെടുത്ത സ്ഥാപനത്തിന്റെ പേര് | 31 മാർച്ച് 2022 വരെ വായ്പ യെടുത്ത ആകെ തുക | 31 മാർച്ച് 2022 ന് ബാക്കിയുള്ള മുത ലിന്റെ തുക |
|---|---|---|---|
| 1. | മസാല ബോണ്ട് | 2,150.00 | 2,150.00 |
| 2. | നബാർഡ് | 1,365.00 | 1,230.74 |
| 3. | എസ്.ബി.ഐ | 1,000.00 | 875.00 |
| 4. | യു.ബി.ഐ | 500.00 | 427.09 |
| 5. | ഇന്ത്യൻ ബാങ്ക് | 1,000.00 | 941.20 |
| 6. | സിൻഡിക്കേറ്റ് ബാങ്ക് | 200.00 | 190.00 |
| 7. | കോർപ്പറേഷൻ ബാങ്ക് | 250.00 | 247.92 |
| 8. | ബാങ്ക് ഓഫ് ബറോഡ | 1,650.00 | 1,650.00 |
| 9. | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികൾക്കുള്ള കിഫ്ബി ബോണ്ടുകൾ | 646.80 | 646.79 |
| 10. | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും എടുത്ത വായ്പ | 291.34 | 291.34 |
| 11. | ബാങ്ക് ഓഫ് ഇന്ത്യ | 525.00 | 525.00 |
| 12. | ബാങ്ക് ഓഫ് മഹാരാഷ്ട്ര | 890.00 | 890.00 |
| 13. | കാനറാ ബാങ്ക് | 500.00 | 500.00 |
| 14. | ആർ ഇ സി ലിമിറ്റഡ് | 2,001.10 | 2,001.10 |
| 15. | ഹഡ്കോ | 500.00 | 500.00 |
| | **ആകെ** | 13,469.24 | 13,066.18 |

## പാർട്ട് ബി: 2021-22 കാലയളവിൽ കിഫ്ബി എടുത്ത വായ്പകളുടെ വിശദാംശങ്ങൾ
### (സൂചിക : ഖണ്ഡിക 2.9.1.1 പുറം. 70)

| ക്രമ നമ്പർ | വായ്പയെടുത്ത സ്ഥാപനത്തിന്റെ പേര് | 2021-22 കാലയളവിൽ സമാഹരിച്ച തുക (₹ കോടിയിൽ) |
|---|---|---|
| 1. | നബാർഡ് | 800.00 |
| 2. | ഇന്ത്യൻ ബാങ്ക് | 500.00 |
| 3. | ബാങ്ക് ഓഫ് ബറോഡ | 1,650.00 |
| 4. | ബാങ്ക് ഓഫ് ഇന്ത്യ | 525.00 |
| 5. | ബാങ്ക് ഓഫ് മഹാരാഷ്ട്ര | 890.00 |
| 6. | കാനറാ ബാങ്ക് | 500.00 |
| 7. | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടികൾക്കുള്ള കിഫ്ബി ബോണ്ടുകൾ | 286.48 |
| 8. | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും എടുത്ത വായ്പ | 110.20 |
| 9. | ആർ ഇ സി ലിമിറ്റഡ് | 2,001.10 |
| 10. | ഹഡ്കോ | 500.00 |
| | **ആകെ** | 7,762.78 |

## അനുബന്ധം 2.4
## കെ.എസ്.എസ്.പി.എൽ. ഉപയോഗിച്ച വായ്പകളുടെയും വായ്പാകുടിശ്ശികയുടെയും 31 മാർച്ച് 2022 വരെയുള്ള സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ
(സൂചിക : ഖണ്ഡിക 2.9.1 പുറം. 70)

(₹കോടിയിൽ)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 2018-19 മുതൽ 2021-22 വരെ | | 31 മാർച്ച് 2022 വരെയുള്ള വായ്പ കുടിശ്ശിക |
|---|---|---|---|---|
| | | ആകെ ഉപ യോഗിച്ച വായ്പകൾ | തിരിച്ചടച്ച വായ്പ കൾ | |
| 1. | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ (കെ.എസ്.ബി.സി) | 5,250.00 | 4,250.00 | 1,000.00 |
| 2. | കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ) | 12,270.69 | 8,150.00 | 4,120.69 |
| 3. | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (പി.എ.സി.എസ്) | 10,020.97 | 6,435.17 | 3,585.80 |
| 4. | കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (കെ.റ്റി.ഡബ്ല്യൂ.ഡബ്ല്യൂ.ബി) | 2,000.00 | 0 | 2,000.00 |
| 5. | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) | 500.00 | 0 | 500.00 |
| ആകെ | | **30,041.66** | **18,835.17** | **11,206.49** |

## 2021-22 വർഷത്തിൽ കെ.എസ്.എസ്.പി.എൽ ഉപയോഗിച്ച വായ്പകളുടെ സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ

(സൂചിക : ഖണ്ഡിക 2.9.1.2 പുറം. 70)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക (₹കോടിയിൽ) |
|---|---|---|
| 1. | പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ (പി.എ.സി.എസ്) | 2,000.00 |
| 2. | കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ) | 4,050.00 |
| 3. | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) | 500.00 |
| | ആകെ | 6,550.00 |

## അനുബന്ധം 2.5
## ഗ്യാരന്റി കമ്മീഷൻ നൽകാൻ വീഴ്ച വരുത്തിയവർ
**(സൂചിക : ഖണ്ഡിക 2.9.2 പുറം. 73)**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | 103.25 |
| 2 | കേരള നഗര ഗ്രാമീണ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് | 43.01 |
| 3 | കെൽട്രോൺ | 17.09 |
| 4 | കശുവണ്ടി വികസന കോർപ്പറേഷൻ | 12.00 |
| 5 | ട്രാവൻകൂർ റയോൺസ് ലിമിറ്റഡ് | 15.51 |
| 6 | കേരള വാട്ടർ അതോറിറ്റി | 42.18 |
| 7 | കേരള സംസ്ഥാന സഹകരണ ആശുപത്രി കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസ് ലിമിറ്റഡ് | 13.49 |

**അനുബന്ധം 3.1**
**ബഡ്ജറ്റ് രേഖകളുടെ പട്ടിക**
**(സൂചിക : ഖണ്ഡിക 3.1.2 പുറം. 88)**

| ക്രമ നമ്പർ | ബഡ്ജറ്റ് രേഖകൾ | വിവരണം |
|---|---|---|
| 1. | വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റ് | ദി ബഡ്ജറ്റ് |
| 2. | ബഡ്ജറ്റ് ചുരുക്കത്തിൽ | സംഗ്രഹ രേഖകൾ |
| 3. | ബഡ്ജറ്റ് ഒറ്റനോട്ടത്തിൽ | |
| 4. | ബഡ്ജറ്റ്പ്രസംഗം | |
| 5. | ധനകാര്യബിൽ/ആക്ട് | ബന്ധപ്പെട്ട രേഖകൾ |
| 6. | റവന്യൂ ബഡ്ജറ്റ് | |
| 7. | ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള ചെലവുകൾക്കായുള്ള വോട്ട് ഓൺ അക്കൗണ്ട് | ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ |
| 8. | ധനാഭ്യർത്ഥനകൾ വാല്യം I | |
| 9. | ധനാഭ്യർത്ഥനകൾ വാല്യം II | |
| 10. | ധനാഭ്യർത്ഥനകൾ വാല്യം III | |
| 11. | കട ബഡ്ജറ്റ് | |
| 12. | ഗ്രാന്റുകൾക്കുള്ള അനുബന്ധ ആവശ്യങ്ങൾ | |
| 13. | മരാമത്തുപണികളുടെ അനുബന്ധം II വാല്യം I | |
| 14. | മരാമത്തുപണികളുടെ അനുബന്ധം II വാല്യം II | |
| 15. | മിതകാല സാമ്പത്തിക നയവും സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും | കെഎഫ്ആർ ആക്റ്റുമായി ബന്ധപ്പെട്ട രേഖ |
| 16. | വാർഷിക പദ്ധതി വാല്യം - I | മറ്റ് അനുബന്ധ രേഖകൾ |
| 17. | സ്റ്റാഫ് അനുബന്ധം (അനുബന്ധം I ജീവനക്കാരുടെ വിശദാംശങ്ങൾ | |
| 18. | സംഗ്രഹ രേഖ - XIII പഞ്ചവത്സര പദ്ധതി (2017-22) പദ്ധതികളും നടപ്പാക്കുന്ന ഏജൻസികളും | |
| 19. | ബഡ്ജറ്റിനെക്കുറിച്ചുള്ള വിശദീകരണ മെമ്മോറാണ്ടം | |
| 20. | ജെൻഡർ ബഡ്ജറ്റ് & ചൈൽഡ് ബഡ്ജറ്റ് | പ്രത്യേക ബഡ്ജറ്റ് രേഖകൾ |
| 21. | പെർഫോമൻസ് ബഡ്ജറ്റ് | |
| 22. | സ്കീമുകളുടെ സമകാലിക വിലയിരുത്തലും നിരീക്ഷണവും | |
| 23. | അനുബന്ധം IV (എൽഎസ്ജിഡി സ്ഥാപനങ്ങൾക്കുള്ള വ്യവസ്ഥകൾ) | |

**അനുബന്ധം 3.2**
**സപ്ലിമെന്ററി വിഹിതങ്ങൾ ആവശ്യമില്ലെന്ന് തെളിയിക്കപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ**
**(സൂചിക : ഖണ്ഡിക 3.3.2(എ) പുറം. 96)**

*(₹കോടിയിൽ)*

| ക്രമ നം. | ഗ്രാന്റിന്റെ/വിനിയോഗ ത്തിന്റെ പേര് | വിഭാഗം* | ചീഫ് കൺട്രോളിംഗ് ഓഫീസർ | ഒറിജിനൽ | അനു ബന്ധം | മൊത്തം ബഡ്ജറ്റ് | യഥാർത്ഥ ചെലവ് | വകയിരു ത്തലിലെ മിച്ചം |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (4) | (5) | (4+5=6) | (7) | (8) |
| 1 | I - സംസ്ഥാന നിയമസഭ | ആർ (വി) | സെക്രട്ടറി, കേരള നിയമസഭ സെക്രട്ട റിയേറ്റ് | 160.00 | 16.03 | 176.03 | 154.16 | 21.88 |
| | | ആർ(സി) | | 0.78 | 0.08 | 0.86 | 0.63 | 0.23 |
| 2 | II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ആർ (വി) | പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പ ത്തികകാര്യ വകുപ്പ് | 793.00 | 52.88 | 845.88 | 787.76 | 58.12 |
| 3 | VI- - ഭൂനികുതി | ആർ (വി) | കമ്മീഷണർ ഭൂനികുതി | 896.02 | 41.00 | 937.02 | 876.84 | 60.17 |
| 4 | XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണ പരമായ സർവ്വീസു കളും | സി(വി) | സർക്കാർ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് | 8.88 | 2.00 | 10.88 | 4.52 | 6.36 |
| 5 | XV - പൊതുമരാമത്ത് | ആർ (വി) | ചീഫ് എഞ്ചിനീ യർ, കെട്ടിടങ്ങളും പ്രാദേശിക ജോലി കളും, പി. ഡബ്ല്യൂ.ഡി | 3,711.23 | 256.03 | 3,967.26 | 3,419.19 | 548.07 |
| 6 | XXI - ഭവന നിർമ്മാണം | ആർ (വി) | സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 111.07 | 20.29 | 131.36 | 108.95 | 22.40 |
| | | സി(വി) | ചീഫ് എഞ്ചിനീ യർ, കെട്ടിടങ്ങളും പ്രാദേശിക ജോലി കളും | 36.21 | 8.90 | 45.11 | 21.84 | 23.28 |
